# ദൈവത്തിൽ ആശ്രയിക്കുക

## പ്രഭാത പ്രാർത്ഥനാസമയ പരമ്പര

ഇന്ത്യൻ ചർച്ച് ഓഫ് ക്രൈസ്റ്റ് - കേരളാ റീജിയൻ

ജനുവരി 2026

# ആമുഖം

ബന്ധങ്ങൾക്കു വിലകല്പിക്കുന്ന ഒരു വ്യക്തിത്വമാണ് ദൈവത്തിന്റേത്. “സ്വർഗ്ഗീയനായ നമ്മുടെ പിതാവ്” എന്ന് അവിടുന്നു സ്വയം വെളിപ്പെടുത്തുന്നു. ഇസ്രായേൽ ജനതയെ തന്റെ സ്വന്തം ജനമെന്ന് ദൈവം വിശേഷിപ്പിക്കുന്നു, അവരുടെ ഭർത്താവാണു താനെന്നും. മാംസം ധരിച്ച ദൈവമായ യേശു തന്റെ അപ്പസ്തോലന്മാരെ സുഹൃത്തുക്കൾ എന്നാണ് അഭിസംബോധന ചെയ്തത്. സഭയെ മണവാട്ടിയെന്നു കല്പിക്കുമ്പോൾ, മണവാളൻ എന്നാണ് യേശു തന്നെ വിളിക്കുന്നത്. ദൈവം ഇച്ഛിക്കുന്ന രീതിയിൽ ഈ ബന്ധങ്ങൾ എല്ലാം പ്രവർത്തനസജ്ജമാകേണ്ടതിന് ഒരു കാര്യം നമ്മുടെ ഭാഗത്തുനിന്നും നിറവേറേണ്ടതാണ് - പൂർണ്ണഹൃദയത്തോടെ ദൈവത്തിൽ ആശ്രയം വയ്ക്കുക എന്നതാണത്. ഏതു ബന്ധത്തിലായാലും പരസ്പരമുള്ള ആത്മബന്ധവും അടുപ്പവും ശക്തിപ്പെടാൻ ആശ്രയം ആവശ്യമാണ്. പരസ്പരാശ്രയത്തിന്റെ അപര്യാപ്തത എതൊരു ബന്ധവും തേഞ്ഞുമാഞ്ഞുപോകാൻ ഇടയാക്കും.

നാം ഹൃദയത്തിൽ സൂക്ഷിക്കുകയും വളർത്തി വലുതാക്കുകയും ചെയ്യേണ്ട ഏറ്റവും വലിയ ബന്ധം സർവ്വശക്തനായ ദൈവവുമായുള്ള നമ്മുടെ ആത്മബന്ധമാണ്.

അത്യധികമായി നമ്മെ സ്നേഹിക്കുന്ന പിതാവെന്ന നിലയിൽ നമ്മെ അനുഗ്രഹിക്കുവാനാണ് ദൈവം എപ്പോഴും ആഗ്രഹിക്കുന്നത്. എന്നാൽ നീതിമാനായ ദൈവം എന്ന നിലയ്ക്ക് നമ്മെ വിധിക്കുവാനുള്ള അവകാശവും അധികാരവും ദൈവത്തിനുണ്ട്. ദൈവത്തിനുമുന്നിൽ അനുഗ്രഹിക്കപ്പെട്ടവരാകുവാനും അവിടുത്തേക്ക് ഏറെ ഇഷ്ടമുള്ള ഒരു വ്യക്തിയാകുവാനുമായി ദൈവം തന്റെ വഴികൾ നമ്മെ പഠിപ്പിക്കുന്നു. ദൈവത്തിന്റെ അതൃപ്തി നമ്മുടെ മേൽ ഉണ്ടാവുകയും, ദൈവത്താൽ ശപിക്കപ്പെട്ടവരാവുകയും ചെയ്തേക്കാവുന്ന ചെയ്തികളെക്കുറിച്ച് നമുക്കു മുന്നറിയിപ്പു നല്കുകയും ചെയ്യുന്നു. യിരമ്യാ പ്രവാചകനിലൂടെ ദൈവം ഇപ്രകാരം അറിയിക്കുന്നു:

**യിരമ്യ 17:5–8**

*“5യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: മനുഷ്യനിൽ ആശ്രയിച്ച് ജഡത്തെ തന്റെ ഭുജമാക്കി ഹൃദയത്തിൽ യഹോവയെ വിട്ടകലുന്ന മനുഷ്യൻ ശപിക്കപ്പെട്ടവൻ. 6അയാൾ മരുഭൂമിയിലെ ചൂരൽച്ചെടി പോലെയായിത്തീരും. നന്മവരുമ്പോൾ അതു കാണാതെ മരുഭൂമിയിലെ വരണ്ടപ്രദേശങ്ങളിലും നിവാസികളില്ലാത്ത ഉപ്പു നിലങ്ങളിലും അയാൾ പാർക്കും. 7യഹോവയിൽ ആശ്രയിക്കുകയും യഹോവയെത്തന്നേ ആശ്രയമാക്കി യിരിക്കയും ചെയ്യുന്ന മനുഷ്യൻ ഭാഗ്യവാൻ; 8അയാൾ വെള്ളത്തിനരികെ നട്ടിരിക്കുന്നതും ആറ്റരികത്തു വേരൂന്നിയിരിക്കുന്നതുമായ വൃക്ഷം പോലെയാകും. ഉഷ്ണം വരുമ്പോൾ അതു പേടിക്കുകയില്ല. അതിന്റെ ഇല എപ്പോഴും പച്ചയായിരിക്കും. വരൾച്ചയുള്ള വത്സരത്തിലും അത് വാട്ടം തട്ടാതെ ഫലം കായിച്ചുകൊണ്ടിരിക്കും.”*

ദൈവം മനുഷ്യരെ അനുഗ്രഹിക്കുകയോ ശപിക്കുകയോ ചെയ്യുന്നതിന്റെ കാരണം ഈ വേദഭാഗം വ്യക്തമാക്കിത്തരുന്നു. നമ്മുടെ ആശ്രയം നാം ആരിൽ അർപ്പിക്കുന്നു എന്നതിനെ അടിസ്ഥാനമാക്കിയാണ് ഇതു സംഭവിക്കുന്നത്. ദൈവത്തിൽ ആശ്രയിക്കാനും അനുഗ്രഹിക്കപ്പെടുവാനുമാണ് യിരമ്യ നമ്മോട് ആവശ്യപ്പെടുന്നത്. അത്തരത്തിൽ അനുഗ്രഹിക്കപ്പെടുന്ന ഒരുവ്യക്തിയുടെ മനോഹരമായ ഒരു ചിത്രം ഇവിടെ വരച്ചുകാണിക്കുകയും ചെയ്യുന്നു. യഹോവയിൽ ആശ്രയം വയ്ക്കുന്ന ഒരു വ്യക്തി: *“വെള്ളത്തിനരികെ നട്ടിരിക്കുന്നതും ആറ്റരികത്തു വേരൂന്നിയിരിക്കുന്നതുമായ വൃക്ഷം പോലെയാകും. ഉഷ്ണം വരുമ്പോൾ അതു പേടിക്കുകയില്ല. അതിന്റെ ഇല എപ്പോഴും പച്ചയായിരിക്കും. വരൾച്ചയുള്ള വത്സരത്തിലും അത് വാട്ടം തട്ടാതെ ഫലം കായിച്ചുകൊണ്ടിരിക്കും;”*

നമ്മുടെ ജീവിതത്തെസംബന്ധിച്ച ഒരു ചിത്രമായിരുന്നു ഇതെങ്കിൽ എത്രമനോഹരമായ

ഈ പരമ്പരയിൽ നല്കിയിട്ടുള്ള എല്ലാവചനങ്ങളും എടുത്തുപയോഗിച്ചിരിക്കുന്നത് “The Holy Bible”, New International Bible Version; printed and published by: International Bible Society, India എന്ന വിശുദ്ധവേദപുസ്തകത്തിന്റെ മലയാളം പരിഭാഷയിൽനിന്നുമാണ്, വേറെ സൂചനകൾ നല്കിയിട്ടില്ലെങ്കിൽ. (NIBV, 2000) എന്ന് പരിഭാഷാസൂചന.

ചിത്രമാകുമായിരുന്നു അത്! ഇത്തരം ഒരു ജീവിതം നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ? അതിനുവേണ്ടത് ഒരേ ഒരു കാര്യം മാത്രമാണ് - യഹോവയിൽ ആശ്രയം വച്ചു ജീവിക്കുക.

എന്നാൽ മറിച്ചുള്ള ജീവിതത്തെക്കുറിച്ച് യിരമ്യ ഇപ്രകാരം പറയുന്നു: *"അയാൾ മരുഭൂമിയിലെ ചൂരൽച്ചെടി പോലെയായിത്തീരും. നന്മവരുമ്പോൾ അതു കാണാതെ മരുഭൂമിയിലെ വരണ്ടപ്രദേശങ്ങളിലും നിവാസികളില്ലാത്ത ഉപ്പു നിലങ്ങളിലും അയാൾ പാർക്കും."*

സർവ്വശക്തനായ ദൈവത്തിൽ നിന്നും ഇത്തരമൊരു ശാപം വരുത്തിവയ്ക്കാൻ നാം ആരും ആഗ്രഹിക്കുന്നില്ല എന്ന് എനിക്ക് ഉറപ്പുണ്ട്. എന്നാൽ ഇക്കാര്യത്തിൽ ഒരു തീരുമാനം എടുക്കേണ്ടത് നാം ഓരോരുത്തരുമാണ്. ഏറ്റവും ശ്രേഷ്ഠമായി നമ്മെ സ്നേഹിക്കുന്ന ദൈവത്തിൽ ആശ്രയം വയ്ക്കുക എന്നതിൽ ബദ്ധശ്രദ്ധമായ ഒരു തീരുമാനം നാം കൈക്കൊള്ളണം. നാം ആരെയാണ് ആശ്രയിക്കുന്നത് എന്നത് നമ്മുടെ ജീവിതത്തിൽ ഉടനീളം പരീക്ഷിക്കപ്പെടുന്ന ഒരു കാര്യവുമായിരിക്കും. ജീവിതത്തിലെ ഉയർച്ചകളിലും താഴ്ചകളിലുമെല്ലാം നമ്മുടെ ആശ്രയകേന്ദ്രമെന്ത് എന്നത് നിരന്തരം പരിശോധനയ്ക്കു വിധേയമാകും. ദൈവത്തിൽ ആശ്രയിക്കുക എന്നത് അത്രമാത്രം ദൂരവ്യാപക പ്രത്യാഘാതം സൃഷ്ടിക്കുന്ന ഒരു കാര്യമാകയാൽ, വചനങ്ങളിലേക്ക് ആഴത്തിൽ ഇറങ്ങി ദൈവത്തിൽ ആശ്രയം വയ്ക്കേണ്ടത് എപ്രകാരമെന്ന് നാം പഠിക്കേണ്ടതുണ്ട്. വിശ്വാസത്തിലെ അടിസ്ഥാനഘടകമായ ഇക്കാര്യത്തെക്കുറിച്ചുള്ള ഒരു പ്രഭാത പ്രാർത്ഥനാ പരമ്പര ഈ പുതുവർഷത്തിൽ നമുക്കായി തയ്യാറാക്കാൻ ഞങ്ങൾക്ക് സന്തോഷമുണ്ട്. ദൈവത്തിന്റെ നന്മയെ മനസ്സിലാക്കാനും ദൈവത്തിലുള്ള ആശ്രയത്തിൽ എന്നെന്നും വളരുന്നതിനെക്കുറിച്ചു പഠിക്കുവാനുമായി പരിശുദ്ധാത്മാവു നിങ്ങളെ ഓരോരുത്തരെയും ശക്തീകരിക്കട്ടെ. ആറ്റരികത്തു നട്ട വൃക്ഷത്തോടു സമമായുള്ള അനുഗ്രഹീതമായ ഒരു ജീവിതം നിങ്ങൾക്കുണ്ടാകുവാൻ സകലസമയത്തും ദൈവത്തിൽ ആശ്രയം വയ്ക്കാൻ നിങ്ങൾക്കു സാധിക്കട്ടെ. ഈ പരമ്പര നിങ്ങൾക്ക് ഒരു അനുഗ്രഹമായിത്തീരട്ടെയെന്നും, ദൈവത്തിലുള്ള നിങ്ങളുടെ ആശ്രയം വളർന്ന് എന്നെന്നും വർദ്ധിച്ചുവരുന്ന രീതിയിൽ ക്രിസ്തുസമാനമായി നിങ്ങൾ ഓരോരുത്തരും രൂപാന്തരപ്പെടുകയും ചെയ്യട്ടെ.

ദിനം 1

# ആശ്രയം എന്നപദത്തിന്റെ നിർവ്വചനം
## (Defining Trust)

**ആശ്രയിക്കുക എന്നവാക്കിന്റെ അർത്ഥമെന്താണ്?**

ബൈബിൾവാക്കുകളുടെ അർത്ഥം വ്യക്തമാക്കുന്ന എൻസൈക്ലോപീഡിയ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: "ഒരു വ്യക്തിയുടെ (അല്ലെങ്കിൽ ഒരു കാര്യത്തിന്റെ) ആശ്രയയോഗ്യതയിലും, സത്യസന്ധതയിലും, കഴിവുകളിലും, കരുത്തിലുമുള്ള ദൃഢമായ വിശ്വാസമാണ് ബൈബിൾ സംബന്ധമായി പറയുമ്പോൾ ആശ്രയം എന്നു പറയുന്നത്. വിശ്വാസത്തിന്റെ ഏറ്റവും അടിസ്ഥാനമായ ഒരു ഘടകമാണിത്. ദൈവത്തിലും ദൈവവാഗ്ദാനങ്ങളിലുമുള്ള ആത്മവിശ്വാസവും ദൃഢമായ ഉറപ്പും പ്രതിനിധീകരിക്കുന്ന ഒരു കാര്യമാണിത്. ആശ്രയം എന്നത് ഒരു മനോഭാവവും ഒരു പ്രവൃത്തിയുമാണ്. ദൈവത്തിന്റെ സ്വഭാവത്തിലും അവിടുത്തെ വചനത്തിലുമുള്ള ആഴത്തിൽ വേരൂന്നിയ ഉറപ്പിനെ പ്രതിഫലിപ്പിക്കുന്ന ഒരു കാര്യം തന്നെയാണിത്."

എബ്രായർക്കുള്ള ലേഖനത്തിൽ വിശ്വാസത്തിനു കല്പിക്കുന്ന അർത്ഥതലം ഇതാണ്: *"വിശ്വാസം എന്നതോ പ്രത്യാശിക്കുന്നവയുടെ ഉറപ്പും അദൃശ്യകാര്യങ്ങളുടെ നിശ്ചയവും ആകുന്നു."* (എബ്രായർ 11:1)

ആശ്രയം വിശ്വാസവുമായി ബന്ധപ്പെട്ടിരിക്കുന്നുവെങ്കിലും ഇതിൽ ചെറിയ വ്യത്യാസമുണ്ട്. വിശ്വാസത്താൽ നാം യേശുവിനെ നമ്മുടെ കർത്താവായി സ്വീകരിക്കുന്നു. അതിനുശേഷം യേശുവിന്റെ വിശ്വസ്തതയിലുള്ള ആത്മവിശ്വാസം നിമിത്തം നാം അവിടുത്തെ വാഗ്ദാനങ്ങളിൽ ആശ്രയമർപ്പിക്കുന്നു. അവിടുന്ന് തന്റെ വാഗ്ദാനങ്ങളിൽ ഒരിക്കലും ലംഘനം കാണിക്കുകയില്ല. 2 കൊരിന്ത്യർ 1:20ൽ പൗലോസ് അപ്പസ്തോലൻ ഇപ്രകാരം എഴുതിയിരിക്കുന്നു: *"ദൈവത്തിന്റെ വാഗ്ദാനങ്ങൾ എത്ര ഉണ്ടായിരുന്നാലും അവയെല്ലാം ക്രിസ്തുവിൽ ഉവ്വ് എന്നുതന്നേ. അതുകൊണ്ടത്രേ ഞങ്ങൾ ദൈവമഹത്ത്വത്തിനായി*

*ക്രിസ്തുവിലൂടെ ആമേൻ പറയുന്നത്"*. ദൈവത്തിന്റെ വാഗ്ദാനങ്ങൾ അക്ഷരാർത്ഥത്തിൽ തന്നെ എടുക്കുന്നതിനെയാണ് ദൈവത്തിലുള്ള ആശ്രയം എന്നു പറയുന്നത്, കാരണം നാം അവിടുത്തെ വിശ്വസ്തതയിൽ വിശ്വാസമർപ്പിക്കുന്നു. ജീവിതത്തിൽ എല്ലാക്കാര്യങ്ങളും നല്ലരീതിയിൽ പോകുമ്പോൾ മാത്രമല്ല, ബുദ്ധിമുട്ടേറിയ സമയങ്ങളിലൂടെ കടന്നുപോകുമ്പോഴും നാം ഈ ആശ്രയം കൈവിടുന്നില്ല.

"ഹൃദയവഴികളിലുള്ള സഞ്ചാരം" എന്ന പുസ്തകത്തിൽ ഡോ. സ്റ്റീവ് കിന്നാർഡ് എഴുതിയ വാക്കുകൾ നമുക്കു നോക്കാം: *"ജീവിതത്തിലെ ഏറ്റവും ഇരുൾനിറഞ്ഞ നിമിഷങ്ങളിലൂടെ നടന്നുപോകുമ്പോഴും കർത്താവു നിങ്ങളോടൊപ്പം നടക്കുന്നു എന്നും, അവിടുന്ന് ക്രിസ്തുവിനെ നിങ്ങളുടെ ഹൃദയങ്ങളിൽ ഉരുവാക്കിക്കൊണ്ടിരിക്കുന്നു എന്നുമുള്ള തിരിച്ചറിവാണ് ആശ്രയമെന്നത്"*.

"നിർദ്ദയമായ ആശ്രയം" എന്ന തന്റെ പുസ്തകത്തിൽ ബ്രെന്നൻ മാന്നിഗ് എഴുതിയിരിക്കുന്നത് ഇപ്രകാരമാണ്: *"കർത്താവ് എന്ന രീതിയിൽ യേശുവിനെ വ്യക്തിപരമായി അനുഭവപ്പെടുമ്പോഴാണ് വിശ്വാസം ഉടലെടുക്കുന്നത്. യേശുവിന്റെ വാഗ്ദാനങ്ങൾ നിറവേറപ്പെടുമെന്ന പ്രതീക്ഷയോടെ ആ വാഗ്ദാനങ്ങളിൽ ആശ്രയമർപ്പിക്കുന്നതിനെയാണ് പ്രത്യാശയെന്നു പറയുന്നത്. വിശ്വാസവും പ്രത്യാശയും ചേർന്നുള്ള വിജയകരമായ വിവാഹമാണ് ആശ്രയം"*.

അദ്ദേഹം തന്റെ ഉൾക്കാഴ്ചകൾ ഇപ്രകാരം സംഗ്രഹിക്കുന്നു: *"വിശ്വാസം + പ്രത്യാശ = ദൈവാശ്രയം"*

വിശ്വാസത്തിലും പ്രത്യാശയിലുമാണ് ആശ്രയം പണിയപ്പെടുന്നത്. *"വിശ്വാസവും പ്രത്യാശയും ഒത്തൊരുമിച്ചു പ്രവർത്തിക്കുമ്പോഴാണ് ദൈവത്തിൽ ആശ്രയിക്കുന്ന ഒരു ശിഷ്യൻ രൂപപ്പെടുന്നത്"* - മാന്നിഗ് തുടർന്നെഴുതുന്നു. വേറെ ഒരു രീതിയിൽ പറഞ്ഞാൽ, ഗുരുതരമായ മോശം ഭവിഷ്യത്തുകൾ നേരിടേണ്ടിവരും എന്നു മനസ്സിലാക്കിയിട്ടും, ദൈവത്തിന്റെ പ്രകൃതത്തിലും ദൈവവാഗ്ദാനങ്ങളുടെ നിശ്ചയത്തിലും വിശ്വാസമർപ്പിച്ചുകൊണ്ട് ഒരു വ്യക്തി ദൈവീകമായി പ്രവർത്തിക്കാനുള്ള തീരുമാനങ്ങൾ എടുക്കുമ്പോഴാണ് ആ വ്യക്തിയുടെ ആശ്രയം പ്രകടമാകുന്നത്.

ചിലവ്യക്തികൾ വ്യക്തിപരമായി ദൈവത്തിൽ ആശ്രയമർപ്പിച്ചതിനെ ദൈവം മാനിച്ച് അതിനു തക്ക പ്രതിഫലം നല്കിയ ഒന്നു രണ്ട് ഉദാഹരണങ്ങൾ നമുക്കു നോക്കാം.

ദാവീദ് ഒരു ആട്ടിടയബാലൻ മാത്രമായി കഴിയുന്ന കാലത്താണ് ഫിലിസ്ത്യദേശത്തുനിന്നുമുള്ള മല്ലനായ ഗോലിയാത്ത് ശൗൽ രാജാവിന്റെ സൈന്യത്തെ ഒന്നടങ്കം വെല്ലുവിളിച്ചത്. വിജാതീയനായ ഒരുവൻ ദൈവത്തെയും ദൈവത്തിന്റെ സൈന്യത്തെയും തുച്ഛീകരിക്കുന്നതിൽ ദാവീദ് കോപാകുലനായി. മല്ലനായ ഗോലിയാത്തിനെതിരെ പോരാടുവാനും ദൈവത്തിനു മഹത്വം കരേറ്റുവാനുമായി ചെറുപ്പക്കാരനായ ദാവീദ് മുന്നോട്ടുവന്നു. എന്നാൽ അവനെക്കൊണ്ട് അതു സാധിക്കുമെന്ന് ആരും വിശ്വസിച്ചില്ല. ദാവീദാകട്ടെ തന്റെ കയ്യിലുണ്ടായിരുന്ന ആയുധത്തെക്കാളും, തന്റെ വൈദഗ്ധ്യത്തെക്കാളും കരുത്തിനെക്കാളുമുപരിയായി തന്നോടൊപ്പമുള്ള ദൈവത്തിൽ ആശ്രയിച്ചു. പിന്നീട് എന്തു സംഭവിച്ചുവെന്ന് വായിക്കുക:

**1 ശമുവേൽ 17:42-47**
*"42അയാൾ ദാവീദിനെ ആകമാനം ഒന്നുനോക്കി; അവൻ ബാലനെന്നും, പവിഴനിറമുള്ളവനെന്നും കോമളരൂപനെന്നും കണ്ടിട്ട് അവനെ നിന്ദിച്ചു. 43അയാൾ ദാവീദിനോടു ചോദിച്ചു: "നീ എന്റെ നേരെ വടിയുമായി വരാൻ ഞാൻ ഒരു പട്ടിയോ?" ആ ഫെലിസ്ത്യൻ തന്റെ ദേവന്മാരുടെ നാമത്തിൽ ദാവീദിനെ ശപിച്ചു. 44എന്നിട്ട് അയാൾ - "വരൂ! ഇങ്ങുവരൂ! ഞാൻ നിന്റെ മാംസം ആകാശത്തിലെ പറവകൾക്കും കാട്ടിലെ മൃഗങ്ങൾക്കും തീറ്റയാക്കും" എന്നു പറഞ്ഞു. 45ദാവീദ് ഫെലിസ്ത്യനോടു പറഞ്ഞു: "നീ വാളും വേലും കുന്തവുമായി എന്റെ നേരേ വരുന്നു; ഞാനോ നീ നിന്ദിച്ച യിസ്രായേൽ നിരകളുടെ ദൈവമായ സൈന്യങ്ങളുടെ യഹോവയുടെ നാമത്തിൽ നിനക്കെതിരെ വരുന്നു. 46ഇന്ന് യഹോവ നിന്നെ എന്റെ കയ്യിൽ ഏല്പിക്കും; ഞാൻ നിന്നെ വീഴ്ത്തി നിന്റെ തല ഛേദിച്ചുകളയും. ഇന്നു ഞാൻ ഫെലിസ്ത്യ സൈന്യത്തിന്റെ ശവങ്ങൾ ആകാശത്തിലെ പറവകൾക്കും ഭൂതലത്തിലെ മൃഗങ്ങൾക്കും ഇരയാക്കും. യിസ്രായേലിൽ ഒരു ദൈവമുണ്ടെന്നു സകല ലോകവും ഇന്നറിയും. 47വാളുകൊണ്ടും കുന്തംകൊണ്ടുമല്ല യഹോവ രക്ഷിക്കുന്നത് എന്ന് ഇവിടെ വന്നുകൂടിയിരിക്കുന്നവരെല്ലാം അറിയും. യുദ്ധം യഹോവയ്ക്കുള്ളത്; അവൻ നിങ്ങളെയെല്ലാം ഞങ്ങളുടെ കൈകളിൽ ഏല്പിക്കും.""*

- തന്റെ കവിണയിൽ നിന്നും പുറപ്പെട്ട ഒരൊറ്റ കല്ലുകൊണ്ട് ചെറുപ്പക്കാരനായ ദാവീദ് മല്ലന്റെ ജീവനെടുത്തു. അതിശക്തരായ ഫെലിസ്ത്യസൈന്യത്തെ പരാജയപ്പെടുത്തി ദൈവത്തിനുമഹത്വം കൊണ്ടുവന്നത് പെട്ടെന്നായിരുന്നു. സകലതും അപകടപ്പെടുത്തിക്കൊണ്ടാണ് ദാവീദ് ദൈവത്തിൽ പൂർണ്ണമായി ആശ്രയിച്ചത്.

സെദെക്യാ രാജാവ് യൂദാ ദേശത്ത് വാഴുന്ന കാലഘട്ടത്തിൽ, മാനസാന്തരത്തിലേക്ക് സകലരെയും വിളിച്ചുകൊണ്ടിരുന്ന യിരമ്യാ പ്രവാചകനെ അവിടത്തെ രാജ്യനേതാക്കളും ദൈവാലയാധികൃതരും ഒരുപോലെ വെറുത്തുവന്നു. യിരമ്യാവിനെ നിശ്ശബ്ദനാക്കാനായി അവർ അവനെ ഒരു പൊട്ടക്കിണറിൽ എറിഞ്ഞു, അവിടെക്കിടന്ന് മരിക്കട്ടെയെന്ന കണക്കുകൂട്ടലിൽ. എന്നാൽ രാജാവിന്റെ ഭൃത്യനും എത്യോപ്യക്കാരനുമായ എബെദ്മേലെക്ക്, തന്റെ ജീവൻ പണയം വച്ചുകൊണ്ട് രാജാവിനുമുന്നിൽ യിരമ്യാവിനുവേണ്ടി അപേക്ഷിച്ചു, ആ മരണക്കെണിയിൽനിന്നും പ്രവാചകനെ രക്ഷിക്കാനുള്ള അനുമതിയും നേടിയെടുത്തു. ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് അയാൾ ചെയ്ത പ്രവൃത്തിയെ ദൈവം പരിഗണിച്ചു, യിരമ്യാവിലൂടെ ദൈവം അരുളിച്ചെയ്തത് വായിക്കുക:

**യിരമ്യ 39:15-18**

*"15യിരെമ്യാവ് കാവൽപ്പുരതളത്തിൽ തടവിലായിരുന്ന കാലത്ത് യഹോവയുടെ അരുളപ്പാട് ഇപ്രകാരം അദ്ദേഹത്തിന് ഉണ്ടായിരുന്നു. 16നീ പോയി എത്യോപ്യനായ എബെദ്മേലെക്കിനോട് ഇപ്രകാരം സംസാരിക്കുക: യിസ്രായേലിന്റെ ദൈവമായ സൈന്യങ്ങളുടെ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു. ഞാൻ എന്റെ വചനങ്ങളെ ഈ നഗരത്തിന്റെ ക്ഷേമത്തിനായിട്ടല്ല, വിനാശത്തിനായിത്തന്നെ നിറവേറ്റും; ആ ദിവസത്തിൽ നിന്റെ മുമ്പിൽ അവ സംഭവിക്കും. 17എന്നാൽ ആ നാളിൽ നിന്നെ ഞാൻ വിടുവിക്കും; നീ ഭയപ്പെടുന്ന മനുഷ്യരുടെ കൈയിൽ നീ ഏല്പിക്കപ്പെടുകയുമില്ല എന്ന് യഹോവ അരുളിച്ചെയ്യുന്നു. 18ഞാൻ നിശ്ചയമായും നിന്നെ വിടുവിക്കും; നീ വാളാൽ വീഴുകയില്ല; നീ എന്നിൽ വിശ്വസിച്ചതുകൊണ്ട് നിന്റെ ജീവൻ നിനക്ക് കൊള്ള കണ്ടുകിട്ടിയതുപോലെ ആയിരിക്കും എന്നു യഹോവയുടെ അരുളപ്പാട്."*

- ദൈവത്തിൽ ആശ്രയിക്കുകയും ദൈവത്തിനു മഹത്വം നല്കാൻ ഏതൊരു ചുവടും എടുക്കുകയും ചെയ്യുന്ന സകലരെയും ദൈവം കാണുന്നു. അത്തരത്തിലുള്ള വ്യക്തികളെ ദൈവം ശക്തിപ്പെടുത്തുകയും അതിശയകരമായ രീതിയിൽ അവർക്കു പ്രതിഫലം നല്കുകയും ചെയ്യുന്നു.

- നാം ദൈവത്തിൽ ആശ്രയിക്കുമ്പോൾ, ദൈവീകമായ ഒരു ആത്മവിശ്വാസത്താൽ നാം ശക്തിപ്പെടുകയും, ജീവിതം അപകടത്തിൽപ്പെടുന്ന സന്ദർഭമാണെങ്കിൽപോലും ദൈവഹിതം നിറവേറ്റാൻ പര്യാപ്തപ്പെടുകയും ചെയ്യുന്നു. ദൈവത്തിൽ ആശ്രയിക്കുക എന്നാൽ നമ്മുടെ ജീവിതം പൂർണ്ണമായി ദൈവത്തിനു വിട്ടുകൊടുക്കുക എന്നാണർത്ഥം. സജീവമായ ഒരു ചുവടുവയ്പ്പാണിത് - ദൈവഹിതം നിറവേറുന്നതിലേക്ക് ആത്മവിശ്വാസത്തോടും ആനന്ദത്തോടും കൂടി ദൈവാശ്രയം നമ്മെ നയിക്കുന്നു.

- **2 ദിനവൃത്താന്തം 16:9a** മനഃപാഠമാക്കുക:
  *"യഹോവയുടെ കണ്ണ്, തന്നിൽ ഏകാഗ്രചിത്തരായവരെ ശക്തിയോടെ പിന്താങ്ങുന്നതിനുവേണ്ടി ഭൂതലത്തിലുടനീളം സഞ്ചരിച്ചുകൊണ്ടിരിക്കുന്നു;"*

- പൂർണ്ണഹൃദയത്തോടെ ദൈവത്തെ ആശ്രയിക്കാൻ നിങ്ങളെ നിർബ്ബന്ധിക്കുന്ന കാരണങ്ങൾ എഴുതുക.

- ദൈവത്തിൽ ആശ്രയിക്കാൻ നിങ്ങൾ സമർപ്പിതരാകുമ്പോൾ നിങ്ങളുടെ ജീവിതം ഏതൊക്കെ രീതിയിൽ വ്യത്യസ്തമാകും എന്നും എഴുതുക.

ദിനം 2

# ദൈവം ആശ്രയയോഗ്യനാണ്

## (God is Trustworthy)

**2 തിമോത്തി 2:13**

*"നാം അവിശ്വസ്തരായിത്തീർന്നാലും അവിടുന്ന് വിശ്വസ്തനായിത്തന്നേ ജീവിക്കുന്നു. തന്റെ സ്വഭാവം ത്യജിപ്പാൻ അവിടുത്തേക്കു സാധ്യമല്ല. ഈ വചനം വിശ്വാസയോഗ്യം തന്നേ."*

ദൈവത്തോടും സഹോദരങ്ങളോടും കൊടുത്ത വാക്ക് പാലിക്കാൻ പലസമയങ്ങളിലും എനിക്കു പറ്റിയിട്ടില്ല. ചിലപ്പോൾ പലവിധ തിരക്കുകളിൽപ്പെട്ട് സമയം കണ്ടെത്താൻ സാധിക്കാതെ വരുന്നതിനാലാണ്. ചിലപ്പോൾ ഞാൻ മറന്നുപോകുന്നതുകൊണ്ടാണ്. ചില സമയങ്ങളിൽ താത്പര്യം

നഷ്ടപ്പെടുന്നതിനാലും, മറ്റുചിലസമയങ്ങളിൽ അതേക്കുറിച്ചുള്ള എന്റെ അഭിപ്രായത്തിൽ മാറ്റം വരുന്നതിനാലുമാണ്.

അവിശ്വസ്തരാകാനുള്ള ഒരു ചായ്‌വ് മനുഷ്യർക്കു സഹജമാണ്. അതിനാൽതന്നെ ദൈവവും അവിശ്വസ്തനാണ് എന്ന നിഗമനത്തിൽ നാം എത്തുകയും ചെയ്യും. എന്നാൽ ഈ നിഗമനം തീർച്ചയായും തെറ്റാണ്.

**സംഖ്യ 23:19**
*"വ്യാജം പറവാൻ ദൈവം മനുഷ്യനല്ല, തന്റെ മനം മാറ്റുവാൻ മനുഷ്യപുത്രനുമല്ല. അരുളിച്ചെയ്തിട്ട് അവിടുന്നു പ്രവർത്തിക്കാതിരിക്കുമോ? വാക്കു പറഞ്ഞിട്ട് നിറവേറ്റാതിരിക്കുമോ?"*

**ആവർത്തനം 7:9**
*"അതുകൊണ്ട് നിന്റെ ദൈവമായ യഹോവയാകുന്നു ദൈവം. അവിടുന്നു മാത്രമാണ് സത്യദൈവം എന്നു നീ അറിയണം. അവിടുത്തെ സ്നേഹിക്കുകയും അവിടുത്തെ കല്പനകൾ അനുസരിക്കുകയും ചെയ്യുന്നവർക്ക് ആയിരം തലമുറവരെ നിയമവും ദയയും പാലിക്കും."*

**എബ്രായർ 13:8**
*"യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നേക്കും മാറ്റമില്ലാത്തവൻതന്നേ."*

**1 കൊരിന്ത്യർ 1:9**
*"തന്റെ പുത്രനും നമ്മുടെ കർത്താവുമായ യേശുക്രിസ്തുവിന്റെ കൂട്ടായ്മയിലേക്കു നിങ്ങളെ വിളിച്ചിരിക്കുന്ന ദൈവം വിശ്വസ്തൻ."*

വിശ്വസ്തത എന്നത് ദൈവത്തിന്റെ പ്രകൃതം തന്നെയാണ്. അവിടുന്ന് വിശ്വാസയോഗ്യനാണ്. മനുഷ്യരെക്കുറിച്ച് ചിന്തിക്കുന്നതുപോലെതന്നെ ദൈവത്തെക്കുറിച്ചും നാം ചിന്തിക്കുന്നതിനാലാണ് നാം അവിടുത്തെ സംശയിക്കുന്നത്. എന്നാൽ അവിടുന്ന് ദൈവമാണ്. മനുഷ്യരെപ്പോലെ അവിടുന്ന് വ്യാജം പറയുന്നില്ല, അവിടുന്ന് വാഗ്ദാനങ്ങളിൽ ലംഘനം കാണിക്കാറുമില്ല.

ബാബിലോൻ ദേശക്കാർ വന്ന് ജെറുസലേം ദേവാലയം നശിപ്പിച്ചതിനോടുചേർന്ന കാലഘട്ടത്തിലാണ് യിരമ്യ പ്രവാചകൻ വിലാപങ്ങൾ എന്ന പുസ്തകം എഴുതിയത് (ബിസി 586ൽ).

ഇസ്രായേൽ ദേശം ദൈവക്രോധത്തിനു പാത്രമായി, പലപ്രാവശ്യം മുന്നറിപ്പുകൊടുത്തിട്ടും ദൈവത്തെ അനുസരിക്കാതിരുന്നതിന്റെ അനന്തരഫലമെന്നരീതിയിൽ. ദേശത്തെ മികച്ച യഹൂദരെയെല്ലാം തടവുകാരാക്കി ബാബിലോണിലേക്കു കടത്തിക്കൊണ്ടുപോയി. അവിടെ അവർ പീഡിപ്പിക്കപ്പെടുകയും, വിച്ഛേദിതരാക്കപ്പെടുകയും, ആക്രമിക്കപ്പെടുകയും, ദുരുപയോഗിക്കപ്പെടുകയും, കഠിനമായ രീതിയിൽ അടിമപ്പണിക്കു വിധേയരാക്കപ്പെടുകയും ചെയ്തു. അവരുടെ ജന്മദേശവും അവകാശങ്ങളും അവരുടെ അന്തസ്സും അന്തഃസത്തയും കവർന്നെടുക്കപ്പെട്ടു. അതികഠിനമായ ക്ഷാമത്താലും വിശപ്പിനാലും സ്ത്രീകൾ അവരുടെ കുഞ്ഞുങ്ങളുടെ ശരീരം ഭക്ഷിക്കുന്ന അവസ്ഥയിലേക്കുപോലും കടക്കുകയും ചെയ്തു. അവർ നേരിട്ട ശിക്ഷാവിധിയിൽ അവർ ദുഃഖിച്ചു. വ്യക്തിപരമായും ദേശമെന്ന രീതിയിലും അവർക്കു നേരിട്ട നഷ്ടങ്ങളിൽ അവരുടെ വിലാപം ഹൃദയപൂർവ്വകമായിരുന്നു. ഇത്തരം സഹനങ്ങളിലൂടെ കടന്നുപോയി അവയെ അതിജീവിച്ചവരുടെ ആത്മവിലാപം പ്രതിഫലിപ്പിക്കുന്ന പുസ്തകമാണ് വിലാപങ്ങൾ. ഇത്തരമൊരു ദുർഘടസാഹചര്യത്തിലും, തന്റെ ജനം അവിശ്വസ്തരായി തനിക്കെതിരെ തിരിഞ്ഞിട്ടും ദൈവത്തിന്റെ വിശ്വസ്തതയിൽ പ്രത്യാശയർപ്പിക്കുന്ന പ്രവാചകനെ നമുക്കിവിടെ കാണാൻ കഴിയും.

**വിലാപങ്ങൾ 3:21–26**

*21 എങ്കിലും ഞാൻ ഇത് ഓർക്കും; അതുകൊണ്ട് എനിക്കു പ്രത്യാശയുണ്ട്.*
*22 യഹോവയുടെ മഹാസ്നേഹം നിമിത്തം ഞാൻ നശിപ്പിക്കപ്പെട്ടില്ല. അവന്റെ കരുണകൾ തീർന്നു പോകുന്നില്ല.*
*23 അവ പ്രഭാതംതോറും പുതിയതാകുന്നു; അവിടുത്തെ വിശ്വസ്തത വലിയതും ആകുന്നു.*
*24 ഞാൻ എന്നോടുതന്നെ, യഹോവ എന്റെ ഓഹരി; അതുകൊണ്ട് ഞാൻ അവിടുത്തെ തന്നെ കാത്തിരിക്കും എന്നു പറയുന്നു.*
*25 തന്നിൽ പ്രത്യാശവച്ചിരിക്കുന്നവർക്കും, തന്നെ അന്വേഷിക്കുന്നവർക്കും യഹോവ നല്ലവൻ;*
*26 യഹോവയുടെ രക്ഷയ്ക്കായി ക്ഷമയോടെ കാത്തിരിക്കുന്നതു നല്ലത്.*

നാം സഹനങ്ങളിലൂടെ കടന്നുപോകുമ്പോൾ പോലും, അതു നമ്മുടെ പാപങ്ങളുടെ അനന്തരഫലമായിട്ടായാലും അല്ലെങ്കിലും, ദൈവം നമ്മെ കൈവിടുന്നില്ല. തന്റെ അനുകമ്പയിലും സ്നേഹത്തിലും ദൈവം വിശ്വസ്തനാണ്. ദൈവത്തിനായി ക്ഷമയോടെ കാത്തിരിക്കുന്നവർക്കായി അവിടുന്ന് രക്ഷ കൊണ്ടുവരും.

**1 കൊരിന്ത്യർ 10:13**
*"മനുഷ്യർക്കു സാധാരണമല്ലാത്ത പ്രലോഭനങ്ങൾ നിങ്ങൾക്ക് ഉണ്ടായിട്ടില്ല. ദൈവം വിശ്വസ്തൻ; നിങ്ങളുടെ ശക്തിക്കതീതമായ പ്രലോഭനം അവിടുന്ന് അനുവദിക്കുകയില്ല. പ്രലോഭനം ഉണ്ടാകുമ്പോൾ നിങ്ങൾക്കു സഹിക്കുവാൻ കഴിയേണ്ടതിനു അവിടുന്ന് അതോടൊപ്പം പോംവഴിയും ഉണ്ടാക്കിത്തരും."*

നാം ജീവിതത്തിൽ നേരിടുന്ന പ്രലോഭനങ്ങളിലും ദുർഘടങ്ങളിലും നമുക്കായൊരു വഴി കാണിച്ചുതരുമെന്ന് ദൈവം വാഗ്ദാനം ചെയ്തിരിക്കുന്നു. ആ വാഗ്ദാനത്തിൽ അവിടുന്നു വിശ്വസ്തനുമാണ്. വിശ്വസ്തതയോടെ ദൈവത്തെ സ്നേഹിക്കുന്നവർക്കായി അവിടുന്ന് അവർണ്ണനീയമായ ദാനങ്ങൾ വാഗ്ദാനം ചെയ്തിരിക്കുന്നു – *"തന്നെ സ്നേഹിക്കുന്നവർക്കായി ദൈവം ഒരുക്കിയിട്ടുള്ളതു കണ്ണു കണ്ടിട്ടില്ല, ചെവി കേട്ടിട്ടില്ല, ഒരു മനുഷ്യന്റെയും മനസ്സിൽ തോന്നിയിട്ടുമില്ല എന്ന് എഴുതപ്പെട്ടിരിക്കുന്നുവല്ലോ"* (1 കൊരിന്ത്യർ 2:9)

*"മരണപര്യന്തം വിശ്വസ്തനായിരിക്ക; എന്നാൽ ഞാൻ ജീവകിരീടം നിനക്കു തരും."* (വെളിപാട് 2:10c)

ആകയാൽ നമുക്ക് വിശ്വസ്തനായ നമ്മുടെ ദൈവത്തിൽ ആശ്രയവും പ്രത്യാശയും അർപ്പിക്കാം.

**പ്രതിഫലനം:**

- നിങ്ങളുടെ ജീവിതത്തിലെ പ്രതിസന്ധിഘട്ടങ്ങളിൽ/പ്രലോഭനങ്ങളിൽ എപ്രകാരമൊക്കെയാണ് ദൈവത്തിന്റെ വിശ്വസ്തത അനുഭവച്ചറിഞ്ഞത്?

- **1 കൊരിന്ത്യർ 4:2**ൽ ഇപ്രകാരം എഴുതിയിരിക്കുന്നു: *"ഗൃഹവിചാരകരെപ്പറ്റിയുള്ള പ്രതീക്ഷ, അവർ വിശ്വസ്തരായിരിക്കണം എന്നതാണ്"*. വിശ്വസ്തനായ ദൈവം നമ്മിൽനിന്നും വിശ്വസ്തത ആവശ്യപ്പെടുന്നു. നിങ്ങളെ ദൈവം അനുഗ്രഹിച്ച സംഗതികളിൽ കൂടുതൽ വിശ്വസ്തപൂർണ്ണമായി കാര്യസ്ഥത വഹിക്കേണ്ട രണ്ടു മേഖലകളെങ്കിലും തിരഞ്ഞെടുക്കുക (കഴിവുകളാകാം, പണമാകാം, സമയമാകാം, വരങ്ങളാകാം, ഉത്തരവാദിത്വമാകാം). മെച്ചമായ രീതിയിൽ കാര്യസ്ഥം വഹിക്കുക.

- **2 തിമോത്തി 2:13** മനഃപാഠമാക്കുക.

## ദിനം 3
# ദൈവത്തിന്റെ കരുതൽ
## (God's Provision)

**ഫിലിപ്യർ 4:19**
*"എന്റെ ദൈവമോ നിങ്ങളുടെ ബുദ്ധിമുട്ടൊക്കെയും തന്റെ മഹിമാധനത്തിനൊത്തവണ്ണം ക്രിസ്തുയേശുവിൽ സമ്പൂർണ്ണമായി തീർത്തുതരും."*

മതിയായ അത്രയും വിഭവങ്ങൾ കൈവശമില്ല എന്ന ഭയം ഓരോ മനുഷ്യന്റെയും കൂടെയുള്ള ഒന്നാണ് – പ്രായഭേദമെന്യേ. പണത്തിന്റെ കാര്യത്തിലും, വൈകാരിക കരുത്തിന്റെ കാര്യത്തിലും, ആത്മീകമായ സഹനശേഷിയിലും, ഭാവിയെസംബന്ധിച്ച ദിശാബോധത്തിലുമെല്ലാം നാം അഭിമുഖീകരിക്കുന്ന കാര്യങ്ങൾ നിറവേറ്റാൻ തക്കവിധത്തിലുള്ള വിഭവശേഷി നമുക്കില്ല എന്ന തോന്നൽ പലസമയങ്ങളിലും നമുക്കുണ്ടാകാറുണ്ട്.

നമ്മുടെ ഭയങ്ങളെ തകർക്കാൻ ശേഷിയുള്ള വാക്കുകളാണ് പൗലോസ് നല്കുന്നത്: **ദൈവം നിങ്ങളുടെ ബുദ്ധിമുട്ടൊക്കെയും സമ്പൂർണ്ണമായി നിറവേറ്റിത്തരും.**

എന്നാൽ, മറ്റേതൊരു ദൈവവാഗ്ദാനവും പോലെ, ഇക്കാര്യത്തിലും വിശ്വാസവും അനുസരണയും കീഴടങ്ങലും നമ്മുടെ ഭാഗത്തുനിന്നും പ്രകടമാക്കേണ്ടതുണ്ട്. ഈ വ്യവസ്ഥകളെല്ലാം മനോഹരമായി നിറവേറ്റിക്കൊണ്ടിരുന്ന ഒരു സഭയോടാണ് പൗലോസ് ഈ വാക്കുകൾ എഴുതുന്നത്. യേശുവിന്റെ ഭൗതികജീവിതദിവസങ്ങളിൽ നടന്ന ഒരു സംഭവം നമുക്കൊന്നു സന്ദർശിക്കാം.

**വിധവയുടെ കാഴ്ച: ആശ്രയത്തിന്റെ സുന്ദരചിത്രം**

ദേവാലയഭണ്ഢാരത്തിലേക്ക് രണ്ടു ചെറിയനാണയങ്ങൾ നിക്ഷേപിക്കുന്ന ഒരു വിധവയെ ഒരിക്കൽ യേശു ശ്രദ്ധിച്ചു (ലൂക്കോസ് 21:1-4). വലിയ സംഭാവനകൾ നല്കുന്ന ധാരാളം പേർ അവിടെയുണ്ടായിരുന്നു, എന്നാൽ ഈ വിധവയാകട്ടെ തനിക്കുണ്ടായിരുന്നതെല്ലാമാണ് ദേവാലയത്തിലേക്കു നല്കിയത്. അവൾക്ക് ഇന്നത്തേക്കു വേണ്ടിയിരുന്നതെല്ലാം അവൾ ദൈവത്തിനായി നല്കി, അവളുടെ നാളെയ്ക്കായി ദൈവം കരുതിവയ്ക്കുമെന്ന ആശ്രയചിന്തയാൽ.

ഈ വിധവയുടെ സാമ്പത്തിക അടിത്തറയെക്കുറിച്ചോ, അവളുടെ വരുമാനത്തെക്കുറിച്ചോ, സാമ്പത്തികസുരക്ഷയെക്കുറിച്ചോ ഒന്നും നമുക്കറിയില്ല. എന്നാൽ ഇന്നെയോളം പുലർത്തിയദൈവം തന്നെ നാളെയും താങ്ങുമെന്ന വിശ്വാസം അവൾക്കുണ്ടായിരുന്നു. അവളുടെ സംഭാവനയുടെ വലുപ്പമല്ല യേശു ഉയർത്തിക്കാണിച്ചത്, പകരം അവളുടെ ഹൃദയത്തിന്റെ വലുപ്പമായിരുന്നു. ദൈവത്തിന്റെ കരുതൽഭണ്ഢാരത്തിന്റെ പൂട്ടുതുറക്കാനുള്ള വ്യവസ്ഥകളിൽ ഒന്നാണ് അവൾ നിറവേറ്റിയത് - അനുസരണത്തിലൂടെ പ്രകടിപ്പിക്കുന്ന ദൈവത്തിലുള്ള തീവ്രമായ ആശ്രയവും, ദൈവത്തോടുള്ള ത്യാഗഭരിതമായ സ്നേഹവും.

അവളുടെ മാതൃകയും പൗലോസിന്റെ വാക്കുകളും ദൃഢമായി ചേർന്നു നില്ക്കുന്നതു നമുക്കു കാണാം: *ദൈവത്തിനുനല്കാൻ മതിയായവിധത്തിൽ നാം അവിടുത്തെ ആശ്രയിക്കുമ്പോൾ, നമ്മുടെ ആവശ്യങ്ങളുടെമേൽ ദൈവം ഉത്തരവാദിത്വം ഏറ്റെടുക്കും.*

**ഫിലിപ്യർ 4:19ന്റെ പശ്ചാത്തലം:**

ഫിലിപ്പിയിൽനിന്നുമുള്ള സഹോദരങ്ങൾ ത്യാഗഭരിതമായി സംഭരിച്ചുനല്കിയ പണത്തെക്കുറിച്ച് അവരെ പ്രശംസിച്ചതിനുശേഷമാണ് പൗലോസ് ഈ വാക്യം എഴുതുന്നത് (ഫിലിപ്യർ 4:15-18). അവർ നല്കിയ സംഭാവന സാധാരണയായി നല്കുന്നതുപോലെയായിരുന്നില്ല, പകരം വലിയവില നല്കിയ ഒന്നായിരുന്നു. കാരണം, അവർ ദൈവത്തിന്റെ ദൗത്യത്തിലും ദൈവത്തിന്റെ കരുതലിലും വിശ്വസിച്ചിരുന്നു. പൗലോസ് അവർക്കുനല്കുന്ന ഉറപ്പ് അദ്ദേഹത്തിന്റെ വാക്കുകളിൽ നമുക്കു കാണാം - നിങ്ങൾ എന്റെ ആവശ്യങ്ങൾ വിശ്വാസത്താൽ നിറവേറ്റിയതിനാൽ, ദൈവം ക്രിസ്തുവിലൂടെ നിങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റിത്തരും. ദൈവത്തിൽനിന്നും അവർക്കു ലഭിക്കേണ്ടിയിരുന്ന കാര്യങ്ങൾ പൗലോസിന് അറിയാമായിരിക്കും എന്നു ഞാൻ കരുതുന്നു - ഈ അനുഗ്രഹവാക്കുകൾ അദ്ദേഹത്തിന്റെ പേനയിൽനിന്നു പുറപ്പെടുമ്പോൾ.

**ദൈവത്തിന്റെ കരുതൽ ലഭിക്കുന്നതിലേക്ക് ഉൾപ്പെടുന്ന വ്യവസ്ഥകൾ**

ദൈവം നമുക്ക് രക്ഷനല്കുന്നത് ദാനമായിട്ടാണ്, എന്നിരുന്നാലും ദൈവത്തിന്റെ വാഗ്ദാനങ്ങൾ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് നല്കപ്പെടുന്നത്. ദൈവീകകരുതലിന് ആധാരമായ പ്രധാന വ്യവസ്ഥകൾ നമുക്കു നോക്കാം:

**1. ആദ്യം ദൈവത്തെ തേടുക**

**മത്തായി 6:33**
*"മുമ്പേ അവിടുത്തെ രാജ്യവും നീതിയും അന്വേഷിക്കുവിൻ; അതോടുകൂടെ ഇതൊക്കെയും നിങ്ങൾക്കു നല്കപ്പെടും."*

നമ്മുടെ ജീവിതത്തിലെ പ്രഥമസ്ഥാനമെന്ത് എന്നതിനെ പിന്തുടർന്നാണ് ദൈവത്തിന്റെ കരുതൽ സ്ഥാനം പിടിക്കുന്നത്.

**2. ഉദാരത ഒരു ശീലമാക്കുക**

**ലൂക്കോസ് 6:38**
*"കൊടുക്കുവിൻ, നിങ്ങൾക്കു കിട്ടും. അമർത്തി കുലുക്കി കവിയുന്നൊരു നല്ല അളവ് നിങ്ങളുടെ മടിയിൽ*

*തരും. നിങ്ങൾ ഉപയോഗിക്കുന്ന അളവുകൊണ്ടു നിങ്ങൾക്കും അളന്നു കിട്ടും."*

ദൈവത്തിന്റെ സമ്പന്നതയിലേക്കു തുറക്കുന്ന വാതിൽ ഉദാരമായ ഒരു ഹൃദയമാണ്.

**3. സംതൃപ്ത മനോഭാവത്തോടെയുള്ള ജീവിതം**

**ഫിലിപ്യർ 4:11**
*"ബുദ്ധിമുട്ടിലായിരിക്കുന്നതുകൊണ്ടല്ല ഞാനിതു പറയുന്നത്. ഏതു സാഹചര്യത്തിലും സംതൃപ്തനായിരിക്കുവാൻ ഞാൻ ശീലിച്ചിരിക്കുന്നു."*

ദൈവം പ്രദാനം ചെയ്യുന്ന കാര്യങ്ങൾ കാണാൻ നമ്മുടെ ഹൃദയം സജ്ജമാകുന്നത് നമ്മുടെ ഹൃദയം തൃപ്തമായിരിക്കുമ്പോഴാണ്.

**4. അനുസരണമനോഭാവത്തോടെയുള്ള ജീവിതയാത്ര**

**ഉല്പത്തി 22:14**
*"അബ്രാഹാം ആ സ്ഥലത്തിന് "യഹോവ യിരേ" എന്നു പേരിട്ടു. "യഹോവയുടെ പർവ്വതത്തിൽ അവിടുന്ന് കരുതിക്കൊള്ളും" എന്ന് ഇന്നുവരെയും പറഞ്ഞു പോരുന്നു."*

തന്റെ ഏകമകനെ ദൈവത്തിനായി ബലിനല്കാൻ തക്കവിധത്തിലുള്ള ദൈവാശ്രയം അബ്രാഹാമിനുണ്ടായിരുന്നു. എന്നാൽ പകരമായി ബലിനല്കാൻ ദൈവം ഒരു ആടിനെ നല്കി അബ്രാഹാമിന്റെ ദൈവാശ്രയത്തെയും അനുസരണമനോഭാവത്തെയും ആദരിച്ചു.

ദരിദ്രയായ വിധവ ഇക്കാര്യങ്ങൾക്ക് വ്യക്തിഗത മാനം നല്കുന്നു, അതുപോലെതന്നെ ഫിലിപ്യയിലെ സഭയും - ദൈവം ഇവരെ രണ്ടുപേരെയും ആദരിച്ചു.

മിനിസ്ട്രിയിൽ എനിക്കു ഹൃദയവേദന നല്കിയ ഒരു സാഹചര്യം മാറാനായി ഞാൻ ഏറെക്കാലമായി പ്രാർത്ഥിച്ചു വരികയായിരുന്നു. കുറച്ചു സമയം എടുത്തെങ്കിലും, തക്കസമയത്ത് ദൈവം ഇടപെടുകയും പ്രാർത്ഥനയ്ക്ക് ഉത്തരം നല്കുകയും ചെയ്തു. ദൈവം എനിക്കു നല്കിയ സമാശ്വാസം വലുതായിരുന്നു.

വിശ്വാസ ജീവിതത്തിൽ ഏറെ വർഷങ്ങളുടെ പരിചയമുള്ള ശിഷ്യന്മാരും ഇക്കാര്യം പറയുന്നതു ഞാൻ ധാരാളമായി കേട്ടിട്ടുണ്ട് - "മുപ്പതുവർഷമായി ഞാൻ ദൈവത്തിലാണ്, ഒരു കാലത്തും ദൈവം നല്കാതിരുന്നിട്ടില്ല - ഒരിക്കൽപ്പോലും".

നിങ്ങളുടെ കഴിഞ്ഞകാല ജീവിതത്തിലേക്കു നോക്കിയിട്ട് ഇതു പറയാൻ സാധിക്കുന്നുണ്ടോ?

**പ്രായോഗികതലത്തിൽ പരിഗണിക്കാൻ:**
- നിങ്ങളുടെ ജീവിതത്തിൽ ഏറ്റവും പ്രധാനമായ ഒരു കാര്യം തിരഞ്ഞെടുക്കുക, ഫിലിപ്യർ 4:19 അടിസ്ഥാനമാക്കി എല്ലാദിവസവും അതിനായി പ്രാർത്ഥിക്കുക. (ദൈവത്തിന്റെ കരുതൽ നമുക്കുവേണ്ടത് ഭൗതിക വസ്തുക്കളെസംബന്ധിച്ചോ പണത്തെസംബന്ധിച്ചോ മാത്രമല്ല, ഹൃദയ സമാധാനത്തിലും സൗഖ്യത്തിലും, ബന്ധങ്ങളിലുള്ള വിള്ളലിലും, ബുദ്ധിമുട്ടേറിയ സമയങ്ങളിലുള്ള മാർഗ്ഗനിർദ്ദേശങ്ങളിലുമൊക്കെയാകാം)

- വിധവയുടെ വിശ്വാസം പ്രാവർത്തികമാക്കുക, ഈ ആഴ്ചയിൽത്തന്നെ എന്തെങ്കിലും ത്യാഗപൂർണ്ണമായി നല്കുക.

- ഫിലിപ്യർ 4:19 മനഃപാഠമാക്കുക.

**എഴുതിവയ്ക്കാനായി:**

- ദൈവത്തിന്റെ കരുതലിനായി നിറവേറ്റേണ്ട നിബന്ധനകളിൽ ഏതിലാണ് ഞാൻ കൂടുതലായി വളരേണ്ടത് എന്ന് ചിന്തിച്ച് എഴുതുക (ആശ്രയത്തിലാണോ, അനുസരണയിലാണോ, ഉദാരതയിലാണോ, സംതൃപ്തിയിലാണോ, ദൈവത്തെ ആദ്യം തേടുന്നതിലാണോ?)

- ദൈവം എനിക്കായി കരുതി നല്കിയത് ഏതൊക്കെ രീതിയിലാണെന്നു ചിന്തിച്ച് എഴുതുക, നാളെയെ സംബന്ധിച്ച് ഇതെപ്രകാരമായിരിക്കും?

ദിനം 4

# ദൈവവചനത്തിന്റെ ശക്തി

## (Power of God's Word)

ദൈവത്തിൽ നമുക്കുള്ള ആശ്രയം വളരുന്നതിനു സഹായകമായ പ്രധാനപ്പെട്ട ഒരു ഘടകമെന്നു പറയുന്നത് ദൈവവചനത്താൽ ശക്തീരിക്കപ്പെട്ടവരാകുക എന്നതാണ്.

ദൈവവചനം നമുക്കു നല്കുന്നത്:

**1. ജീവിതത്തിനു മാർഗ്ഗനിർദ്ദേശം**

**സങ്കീർത്തനം 119:105**
*"അങ്ങയുടെ വചനം എന്റെ പാദങ്ങൾക്ക് ദീപവും എന്റെ പാതയ്ക്കു പ്രകാശവും ആകുന്നു."*

ഇരുട്ടിൽ നടക്കുന്നവർക്ക് അവർ എവിടേക്കുപോകുന്നു എന്ന് അറിയാൻ കഴിയുന്നില്ല. ആശയക്കുഴപ്പം മാത്രമാണ് ഉണ്ടാകുന്നത്, വ്യക്തതയുണ്ടാവുകയില്ല. *"നിങ്ങൾ തെറ്റി ഉഴലുന്ന ആടുകളെപ്പോലെ ആയിരുന്നു. ഇപ്പോഴോ നിങ്ങളുടെ ആത്മാക്കളുടെ ഇടയനും അദ്ധ്യക്ഷനും ആയവന്റെ അടുക്കൽ മടങ്ങി വന്നിരിക്കുന്നു"* (1 പത്രോസ് 2:25). എന്നാൽ വെളിച്ചം നമ്മുടെ പാതയെ വ്യക്തതയുള്ളതാക്കുന്നു, സുരക്ഷിതത്വവും ആത്മവിശ്വാസവും നല്കാൻ വെളിച്ചത്തിനു കഴിയുന്നു.

ഒരാൾ ദൈവവചനം പഠിച്ച്, പ്രതിഫലനംചെയ്ത്, ഓർമ്മയിൽ സൂക്ഷിച്ചുവച്ച് ആനന്ദിക്കുമ്പോൾ, വചനം അയാളുടെ പാതയ്ക്കു പ്രകാശവും പാദത്തിനു വിളക്കുമായിത്തീരുന്നു. ദൈവവചനം നമ്മുടെ പാതയ്ക്കു പ്രകാശമാകുമ്പോൾ, മികച്ച രീതിയിൽ ദൈവത്തെ കാണാനും ജീവിതത്തിൽ മാർഗ്ഗനിർദ്ദേശം വ്യക്തമാകാനും സാധിക്കുന്നു; കാരണം ജീവന്റെ നാഥന്റെ ജീവൻ നല്കുന്ന വാക്കുകൾ തന്നെയാണിത്.

**മത്തായി 7:13-15**
*"13ഇടുങ്ങിയ വാതിലിലൂടെ അകത്തു പ്രവേശിക്കുവിൻ. നാശത്തിലേക്കു നയിക്കുന്ന വാതിൽ വീതിയുള്ളതും വഴി വിശാലവും ആണ്; അനേകർ അതിലൂടെ പ്രവേശിക്കുന്നു. 14എന്നാൽ ജീവനിലേക്കു നയിക്കുന്ന വാതിൽ ഇടുക്കവും വഴി ഞെരുക്കവും ഉള്ളതാണ്; വളരെ ചുരുക്കംപേർ മാത്രമേ അതു കണ്ടെത്തുന്നുള്ളൂ."*

നമുക്കു സ്വീകരിക്കാൻ ധാരാളം വഴികൾ നമ്മുടെ മുന്നിലുണ്ട്, ധാരാളം തീരുമാനങ്ങളും നാം എടുക്കേണ്ടതുണ്ട്. ഈ ലോകത്തിൽ ജീവിക്കുന്നതുകൊണ്ടുതന്നെ അതിന്റേതായ വഴികളുടെ സ്വാധീനത്തിനു വഴങ്ങി, ലോകത്തിന്റെ തത്വചിന്തകളും ഉപദേശങ്ങളും മുൻഗണനാക്രമങ്ങളുമെല്ലാം സ്വീകരിക്കാൻ വളരെ എളുപ്പവുമാണ്. നാശത്തിലേക്കു പതിക്കുന്ന വിശാലവഴിയിലേക്ക് അതു നമ്മെ നയിക്കുന്നു. അതുകൊണ്ടുതന്നെ ദൈവത്തെക്കുറിച്ചും നമ്മെക്കുറിച്ചും ഈ ലോകത്തെക്കുറിച്ചും ദൈവവചനം നമ്മെ പഠിപ്പിക്കുന്നു. നിത്യജീവിതത്തിലേക്കു നമ്മെ നയിക്കുന്ന ഇടുങ്ങിയവഴി കണ്ടെത്താൻ ദൈവവചനം നമ്മെ പഠിപ്പിക്കുന്നു. ആ ഇടുങ്ങിയ വഴി ഞെരുക്കത്തിന്റേതായാലും ദൈവവചനം നമുക്കു നല്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ നമ്മെ ലക്ഷ്യസ്ഥാനത്ത് സുരക്ഷിതമായി എത്താൻ സഹായിക്കുന്നു. ജീവിതത്തിൽ തീരുമാനങ്ങൾ എടുക്കുമ്പോൾ അതു ദൈവവചനത്തിന് അനുയോജ്യമായ രീതിയിലാണോ?

**2. ആത്മരക്ഷയിലേക്കുള്ള മാർഗ്ഗം**

**മത്തായി 7:21-23**
*"21എന്നാടു 'കർത്താവേ, കർത്താവേ' എന്നു പറയുന്ന ഏതൊരുവനുമല്ല, സ്വർഗ്ഗത്തിലുള്ള എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ മാത്രമാണു സർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നത്. 22അന്ന്, പലരും എന്നോട്, 'കർത്താവേ, കർത്താവേ, ഞങ്ങൾ അങ്ങയുടെ നാമത്തിൽ പ്രവചിക്കുകയും അങ്ങയുടെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുകയും വളരെ അത്ഭുതങ്ങൾ പ്രവർത്തിക്കുകയും ചെയ്തില്ലേ?' എന്നു പറയും. 23അപ്പോൾ ഞാൻ അവരോട്, 'ഞാൻ നിങ്ങളെ ഒരിക്കലും അറിഞ്ഞിട്ടില്ല, അധർമ്മം പ്രവർത്തിക്കുന്നവരേ, എന്നെ വിട്ടുപോകുവിൻ' എന്നു തീർത്തു പറയും."*

ദൈവവചനത്തോടുള്ള അനുസരണം നമ്മുടെ ആത്മാക്കളെ നിത്യരക്ഷയിലേക്കു നയിക്കുന്നു.

**സങ്കീർത്തനം 119:1**
*"യഹോവയുടെ ന്യായപ്രമാണം അനുസരിച്ചു നിഷ്കളങ്കമാർഗ്ഗത്തിൽ നടക്കുന്നവർ ഭാഗ്യവാന്മാർ"*

**3. അനുസരണയും അനുഗ്രഹവും**

യഹോവയുടെ ന്യായപ്രമാണം അനുസരിച്ചു നാം നടക്കുമ്പോൾ നമുക്കു ലഭിക്കുന്ന അനുഗ്രഹങ്ങളെക്കുറിച്ച് ധാരാളം ദൈവവാഗ്ദാനങ്ങളുണ്ട്. അവയിൽ ചിലത് ഇവിടെ നല്കുന്നു:

- ക്ഷീണിതമായ നമ്മുടെ ആത്മാവിനെ ദൈവവചനം ശക്തിപ്പെടുത്തുന്നു (119:28)
- നമ്മുടെ ജീവനു സുരക്ഷയൊരുക്കാനുള്ള ശക്തി ദൈവവചനത്തിനുണ്ട് (119:93)
- അനർത്ഥവും ആധിയുമെല്ലാം നേരിടുമ്പോൾ ദൈവവചനം നമുക്കു കരുത്തു നല്കുന്നു (119:143)
- ദൈവവചനം നമുക്ക് വലിയ സമാധാനം നല്കുന്നു (119:165)
- നാം വഴിതെറ്റിപ്പോയാലും ദൈവവചനം നമ്മെ തിരിച്ചുകൊണ്ടുവരുന്നു (119:176)

**4. ഓരോ ചുവടിനും മാർഗ്ഗനിർദ്ദേശം**

ദൈവവചനം നമ്മുടെ പാതയ്ക്കു വെളിച്ചമാകുമ്പോൾ, നമ്മുടെ ഓരോ ചുവടിനും വെളിച്ചമായി ദൈവവചനം നിലനില്ക്കുന്നു. നിരന്തരമായി ദൈവവചനത്തിൽ ധ്യാനിക്കുകയും, പ്രാർത്ഥനാപൂർണ്ണമായി ദൈവകല്പനകൾ നമ്മുടെ ഹൃദയത്തിൽ സംഗ്രഹിക്കുകയും ചെയ്യേണ്ടത് ഇതിന് ആവശ്യമാണ്. അനുസരണയുടെ ഓരോ ചെറിയ ചുവടുവയ്പ്പും നേർപാതയിൽ നിലകൊള്ളാൻ നമ്മെ സഹായിക്കും.

അനുസരണയുടെ ചുവടുവയ്പ്പുകൾക്ക് കുറച്ച് ഉദാഹരണങ്ങൾ നോക്കുക:
- ദൈവവചനം വേറെ ഒരാളുമായി പങ്കുവയ്ക്കുന്നത്. (മത്തായി 28:18-20)
- കോപപ്പെടുന്ന ഒരാളോടു ക്ഷമയോടെ പെരുമാറുന്നത് (എഫേസ്യർ 4:2)
- പാപം ചെയ്ത സമയത്ത് അതു തുറന്നു സമ്മതിക്കുന്നത് (യാക്കോബ് 5:16)
- നന്മ ചെയ്ത ഒരാളെ പ്രോത്സാഹിപ്പിക്കുന്നത് (എബ്രായർ 3:12-13)
- ഒരാൾ പാപം ചെയ്യുന്നതു കാണുമ്പോൾ അയാൾക്ക് അതു ചൂണ്ടിക്കാണിച്ചു കൊടുക്കുന്നത് (മത്തായി 18:15-18)
- ബന്ധത്തിൽ വിള്ളലുണ്ടാകുമ്പോൾ സമാധാന സംസാരത്തിനായി മുൻകൈ എടുക്കുന്നത് (മത്തായി 5:9)
- നിങ്ങളെ മുറിവേല്പിച്ച ഒരാളോടു പൊറുക്കുന്നത് (കൊലോസ്യർ 3:13)

**5. പ്രലോഭനങ്ങളിൽ സുരക്ഷ**

സാത്തന്റെ നിരന്തരമായ ആക്രമണങ്ങളോടു പൊരുതിനില്ക്കാൻ നമ്മെ സഹായിക്കുന്ന ആയുധമാണ് ദൈവവചനം എന്ന വാൾ

**എഫേസ്യർ 6:17**
*"രക്ഷയെന്ന ശിരസ്ത്രവും ദൈവവചനം എന്ന ആത്മാവിന്റെ വാളും എടുത്തുകൊൾവിൻ."*

**സദൃശവാക്യം 119:11**
*"അങ്ങേയ്ക്കെതിരായി പാപം ചെയ്യാതിരിക്കുവാൻ അങ്ങയുടെ വചനം ഞാൻ എന്റെ ഹൃദയത്തിൽ സൂക്ഷിച്ചിരിക്കുന്നു."*

**പ്രതിഫലന ചിന്തകൾ:**

- മാർഗ്ഗനിർദ്ദേശം ലഭിക്കാനായി ദൈവവചനത്തെ നിരന്തരമായി ധ്യാനിക്കുന്നുണ്ടോ?

- ദൈവവചനം പഠിക്കുന്നത് നിങ്ങൾ ആസ്വദിക്കുന്നുണ്ടോ?

- ദൈവവചനം ഹൃദയത്തിൽ സൂക്ഷിക്കാൻ നിങ്ങൾ ഏന്തൊക്കെ രീതിയിൽ പ്രയത്നിക്കുന്നുണ്ട്?

- വ്യത്യസ്തമായ ഒരു പാത സ്വീകരിക്കണമെന്ന് ദൈവവചനം നിങ്ങളെ പ്രചോദിപ്പിക്കുന്ന ഏതെങ്കിലും മേഖലകൾ ഉണ്ടോ?

**പ്രാർത്ഥന: സങ്കീർത്തനം 119:133**

*"അവിടുത്തെ വചനത്തിൽ എന്റെ ചുവടുകളെ ഉറപ്പിക്കണമേ.*
*ഒരു അകൃത്യവും എന്റെമേൽ വാഴരുതേ."*

## ദിനം 5

# ദൈവത്തിന്റെ വിശ്വസ്തത

## (God's Faithfulness)

തന്റെ വിശ്വസ്തതയ്ക്കു പേരുകേട്ടവനാണ് നമ്മുടെ ദൈവം; പ്രത്യേകിച്ച് ദൈവത്തെക്കുറിച്ച് ഹൃദയത്തിൽ ചിന്തയുള്ളവരോടും ദൈവത്തെ നന്ദിയോടെ ഓർക്കുന്നവരോടും - അവിടുത്തെ വഴികളും, അവിടുത്തെ കല്പനകളും നിലപാടുകളും, അവിടുത്തെ വീര്യപ്രവൃത്തികളും വിശ്വസ്തവാഗ്ദാനങ്ങളുമെല്ലാം ഓർക്കുന്നവരോടുംതന്നെ.

ദൈവസ്വഭാവത്തിന്റെ അന്തസത്തയാണ് അവിടുത്തെ വിശ്വസ്തത. അതുകൊണ്ടുതന്നെ നമുക്ക് അവനെക്കുറിച്ച് വലിയ ഉറപ്പ് കൈവശംവയ്ക്കാം. തന്റെ വിശ്വസ്തതയിൽ ഇളകാത്തവനാണ് നമ്മുടെ ദൈവം, ഈ മൂലസ്വഭാവത്തിൽനിന്നും തന്നെ തിരിക്കാൻ ആർക്കും സാദ്ധ്യവുമല്ല.

**സങ്കീർത്തനം 77:11-12**

11 *യഹോവയുടെ പ്രവൃത്തികളെ ഞാൻ ഓർക്കും; അതേ, പൂർവ്വകാലത്തെ അത്ഭുതങ്ങൾ ഞാൻ ഓർക്കും.*
12 *അവിടുത്തെ എല്ലാ പ്രവൃത്തികളും ഞാൻ ധ്യാനിക്കും അവിടുത്തെ വീര്യപ്രവൃത്തികളെല്ലാം ചിന്തിക്കും.*

സങ്കീർത്തകനായ ആസാഫിന് തന്റേതായ വീഴ്ചയുടെ നിമിഷങ്ങൾ ഉണ്ടായിരുന്നു, നമുക്കോരോരുത്തർക്കും ഉണ്ടാകുന്നതുപോലെ, ദൈവത്തിൽ ആശ്രയം കണ്ടെത്താൻ വിഷമിക്കുന്ന സമയങ്ങൾ. തന്റെ ഈ വിഷമതയെക്കുറിച്ച് ഈ സങ്കീർത്തനത്തിൽ അദ്ദേഹം സൂചിപ്പിക്കുന്നു. ആസാഫ് ദൈവത്തോടു കരഞ്ഞപേക്ഷിച്ചു, അവിടുത്തെ കാംക്ഷിച്ചു, പ്രാർത്ഥനയിൽ മണിക്കൂറുകൾ ചിലവിട്ടു, എന്നിട്ടും സ്വാസ്ഥ്യം കണ്ടെത്താൻ കഴിഞ്ഞില്ല (വാക്യം 1-3). ഇത്തരം സമയങ്ങൾ നമുക്കും ഉണ്ടാകാറുണ്ട്, ദൈവവുമായി ബന്ധത്തിലാകാൻ ബുദ്ധിമുട്ടുന്ന സമയങ്ങൾ; ദൈവത്തിൽ ശ്രദ്ധകേന്ദ്രീകരിക്കാൻ പറ്റാത്ത സമയങ്ങൾ, ദൈവത്തിൽ ആശ്രയിക്കാൻ ബുദ്ധിമുട്ടനുഭവിക്കുന്ന സമയങ്ങൾ.

തന്നെ അസ്വസ്ഥപ്പെടുത്തുന്ന ദുർചിന്തകൾക്കു നടുവിലും ഒരു "സേലാ" നിമിഷം ആസാഫിനു കൈവരുന്നു (വാക്യം 10). 11-12 വാക്യങ്ങൾ കുറിച്ചപ്പോൾ അദ്ദേഹം ഉപയോഗിക്കുന്ന ചില പ്രധാനവാക്കുകൾ ശ്രദ്ധിക്കുക: ഞാൻ ഓർക്കും, ധ്യാനിക്കും, ചിന്തിക്കും. ദൈവത്തിന്റെ ഇടയകരങ്ങളുടെ പുഃനരുറപ്പ് കൈവരുന്നതോടെയാണ് ഈ സങ്കീർത്തനം അവസാനിക്കുന്നത്.

ഇതൊരു അതിശയമാണ് അല്ലേ? ഭൂമിയിലുള്ള നമ്മുടെ ബന്ധങ്ങളിലും ഈ സിദ്ധാന്തം വളരെ നന്നായി പ്രവർത്തിക്കുന്നതു നമുക്കു കാണാനാകും. എന്റെ ഭാര്യയോടു കലഹിച്ചിരിക്കുന്ന ചില സമയങ്ങളിൽ ഞാൻ ഞങ്ങളുടെ കഴിഞ്ഞ കാലങ്ങളെ ഓർക്കും, പ്രത്യേകിച്ച് മക്കളുടെ ജനനത്തോടനുബന്ധിച്ചു നടന്ന കാര്യങ്ങൾ. അതു ഓർക്കുമ്പോൾ എന്റെ ഉള്ളിലെ കോപവും കലഹവും അലിഞ്ഞില്ലാതെയാകും.

കഴിഞ്ഞകാലങ്ങളിൽ ദൈവം കരുണ പ്രവർത്തിച്ചതിനെക്കുറിച്ച് നാം ഓർക്കുമ്പോൾ ദൈവം ഉത്സാഹപ്പെടുന്നു. അബ്രാഹാമിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും ദൈവം എന്നല്ലേ അവിടുന്ന് സ്വയം പരിചയപ്പെടുത്തുന്നത്? ഈജിപ്തിൽവച്ചു താൻ പ്രവർത്തിച്ച വീര്യപ്രവൃത്തകളും, തുടർന്നുള്ള മരുഭൂയാത്രയിൽ ചെയ്തകാര്യങ്ങളും, ഇസ്രായേൽമക്കൾക്കെതിരെ പാളയമടിച്ചിറങ്ങിയ ശത്രുക്കൾക്കെതിരെ ചെന്ന് അവരോടു പൊരുതിയതും, പരാക്രമശാലിയായ ഒരു പടയാളിയെപ്പോലെ അവർക്കുവേണ്ടി പോരാടിയതുമെല്ലാം ദൈവം നിരന്തരം ഓർമ്മിപ്പിക്കുന്നു.

പോയകാലങ്ങളിൽ ദൈവം പ്രവർത്തിച്ച വീര്യപ്രവൃത്തികളെയും കരുണയെയും ഓർത്തുകൊണ്ട് ദൈവത്തെ അത് ഓർമ്മിപ്പിക്കുമ്പോൾ, ദൈവത്തിന്റെ ഹൃദയം അലിയുന്നതും, പുതുതായുള്ള കരുണപ്രവൃത്തികൾ ചെയ്യാൻ ദൈവം പെട്ടെന്നു വഴങ്ങുന്നതും നമുക്കു കാണാൻ സാധിക്കും. അതിനുള്ള ഉദാഹരണങ്ങൾ വേദപുസ്തകത്തിൽ ധാരാളമായി നിരത്തിയിട്ടുണ്ട്. എന്നാലും ഇന്നു നമുക്ക് യൂദാ ദേശം വാണിരുന്ന യെഹോശഫാത്ത് രാജാവിന്റെ ജീവിതത്തിലെ ഒരു സാഹചര്യത്തിലേക്കു നോക്കാം.

**2 ദിനവൃത്താന്തം 20:1-28**

ദൈവത്തെ അന്വേഷിക്കുകയും, അവിടുത്തെ വഴികളിൽ സ്വയം സമർപ്പിക്കുകയും ചെയ്തവൻ എന്ന പേരു സമ്പാദിച്ച ഒരു രാജാവാണ് യെഹോശഫാത്ത്. വളരെ നന്നായി നാടുഭരിച്ചിരുന്ന അദ്ദേഹത്തിന് ഒരു പിഴവുപറ്റി. ഇസ്രായേൽ രാജാവായ ആഹാബിനെ യുദ്ധത്തിൽ പിന്തുണയ്ക്കാനായി അദ്ദേഹം ഒരുമ്പെട്ടു. ആഹാബാകട്ടെ ദൈവത്തെ മാനിക്കാത്ത ഒരുവനുമായിരുന്നു. ആ യുദ്ധത്തിനിടയിൽ ജീവൻ പോകുമെന്ന അവസ്ഥയിൽ യെഹോശഫാത്ത് എത്തിപ്പെട്ടു, യുദ്ധമുഖത്തുവച്ച് കർത്താവിനോടു കരഞ്ഞപേക്ഷിച്ച രാജാവിന്റെ മുറവിളി ദൈവം കേട്ടു, രാജാവിനെ അപകടത്തിൽ നിന്നു രക്ഷിക്കുകയും ചെയ്തു.

പിന്നീട് ശത്രുരാജാക്കന്മാർ ഒരുമിച്ചുകൂടി യൂദാദേശത്തിനെതിരെ പാളയമടിച്ചു. എന്നാൽ ഇത്തവണ യെഹോശഫാത്ത് രാജാവ് യാതൊരു വിട്ടുവീഴ്ചയ്ക്കും വശംവദനായില്ല. സുരക്ഷിതനും ഉറപ്പുള്ളവനുമായ തന്റെ സഖ്യകക്ഷിയെ തിരഞ്ഞെടുക്കുന്ന കാര്യത്തിൽ അബദ്ധമൊന്നും കാണിച്ചുമില്ല - സർവ്വശക്തനായ ദൈവത്തെ തിരഞ്ഞെടുക്കുന്നതിൽ.

ദൈവത്തെ ഉൾപ്പെടുത്താനായി അദ്ദേഹം പ്രാർത്ഥിച്ചതു നോക്കുക, വാക്യം 5-12:
*"5യഹോവയുടെ ആലയത്തിൽ പുതിയ തിരുമുറ്റത്തിനു മുമ്പിൽ യെഹൂദ്യ-യെരുശലേം നിവാസികൾ ഒന്നിച്ചുകൂടി. ആ മഹാസഭയിൽ യെഹോശഫാത്ത് എഴുന്നേറ്റുനിന്ന് ഇപ്രകാരം പറഞ്ഞു: 6"ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ യഹോവേ! സ്വർഗ്ഗസ്ഥനായ ദൈവം നീയല്ലോ! ജനതകളുടെ ഭരണകൂടങ്ങളെയെല്ലാം നീ ഭരിക്കുന്നു. കരുത്തും പ്രബലതയും നിന്റെ കരങ്ങളിലാകുന്നു. നിന്നോടെതിർത്തു നില്ക്കാൻ ഒരുത്തനും സാദ്ധ്യമല്ലല്ലോ! 7ഞങ്ങളുടെ ദൈവമേ! നിന്റെ ജനമായ യിസ്രായേലിന്റെ മുമ്പിൽ നിന്നും ഈ ദേശത്തിലെ പൂർവ്വ നിവാസികളെ നീ തുരത്തുകയും ദേശത്തെ നിന്റെ സ്നേഹിതനായ അബ്രാഹാമിന്റെ സന്തതികൾക്ക് ശാശ്വതാവകാശമായി കൊടുക്കുകയും ചെയ്തല്ലോ! 8അവർ ഇവിടെ വസിച്ചു; തിരുനാമത്തിന് ഒരു വിശുദ്ധമന്ദിരം ഇവിടെ നിർമ്മിക്കുകയും ചെയ്തു. അന്ന് അവർ പറഞ്ഞു: 9"ഞങ്ങൾക്ക് അത്യാപത്തുകൾ വന്നു ഭവിച്ചാൽ - ന്യായവിധിയുടെ വാളോ, മഹാമാരിയോ, ക്ഷാമമോ, ഏതുവിധത്തിലുള്ളതായാലും - ഞങ്ങൾ നിന്റെ സന്നിധിയിൽ തിരുനാമം വഹിക്കുന്ന ഈ ആലയത്തിനുമുമ്പിൽ, നില്ക്കുകയും ഞങ്ങളുടെ കഷ്ടതയിൽ നിന്നോടു നിലവിളിക്കുകയും ചെയ്യും; നീ ഞങ്ങളുടെ നിലവിളികേട്ട് ഞങ്ങളെ രക്ഷിക്കും". 10"എന്നാൽ ഇപ്പോൾ ഇവിടെയിതാ അമ്മോന്യരും മോവാബ്യരും സേയിർപർവ്വതനിവാസികളുമായ ജാതികൾ! യിസ്രായേൽ മക്കൾ ഈജിപ്റ്റിൽനിന്നു വരുമ്പോൾ ഇവരുടെ ദേശങ്ങളെ ആക്രമിക്കുവാൻ നീ അനുവദിച്ചിരുന്നില്ലല്ലോ! അതിനാൽ യിസ്രായേൽ ഇവരെ നശിപ്പിക്കാതെ ഒഴിഞ്ഞുപോരുന്നു. 11നീ ഞങ്ങൾക്ക് അവകാശമായിത്തന്ന സമ്പത്തിൽനിന്ന് ഞങ്ങളെ തുരത്തുവാനായി ഇവർ വന്നിരിക്കുന്നതുകൊണ്ട് ഇവർ എപ്രകാരം പ്രത്യുപകാരം ചെയ്യുന്നു എന്നു കാണേണമേ! 12ഞങ്ങളുടെ ദൈവമേ! ഇവരെ വിധിക്കയില്ലേ? എന്തെന്നാൽ ഞങ്ങളെ ആക്രമിക്കുന്ന ഈ മഹാസൈന്യത്തെ നേരിടുവാനുള്ള ശക്തി ഞങ്ങൾക്കില്ല. യഹോവേ, ഞങ്ങൾ എന്തു ചെയ്യേണ്ടൂ എന്നറിയുന്നില്ല. എന്നാൽ ഞങ്ങൾ നിങ്കലേക്ക് കണ്ണുകൾ ഉയർത്തിയിരിക്കുന്നു"".*

സകലരാഷ്ട്രങ്ങളുടെയും അധിപനായ ശക്തനായ ഭരണാധികാരിയായി യെഹോശെഫാത്ത് യഹോവയെ വാഴ്ത്തുന്നു; അബ്രാഹാമിനോടുള്ള അവിടുത്തെ സുഹൃദ്ബന്ധത്തെ ഓർമ്മിപ്പിക്കുന്നു, തന്റെ വിശുദ്ധനാമത്താൽ ദൈവം ചെയ്തവാഗ്ദാനങ്ങൾ അവിടുത്തെ ഓർമ്മിപ്പിക്കുന്നു. ഇപ്പോൾ തങ്ങൾക്കെതിരെ യുദ്ധവെറിയുമായി വരുന്ന ദേശങ്ങളോടു കഴഞ്ഞകാലങ്ങളിൽ ദൈവം പ്രവർത്തിച്ച നന്മയെയും ചൂണ്ടിക്കാണിക്കുന്നു (വാക്യം 10), അവർ പ്രവർത്തിക്കുന്ന നീതികേടിനെയും ചൂണ്ടിക്കാണിക്കുന്നു. "എലോഹിം" എന്ന നാമമാണ് യെഹോശഫാത്ത് രാജാവ് ദൈവത്തെ വിളിക്കാനായി പ്രാർത്ഥനയിൽ ഉപയോഗിക്കന്നത്, "ശക്തനായവൻ" എന്നാണ് ഈ നാമത്തിന്റെ അർത്ഥം. ശക്തനായ ദൈവത്തിന്റെ പങ്കുചേരലിനും ന്യായപാലനത്തിനുമായി രാജാവ് യാചിക്കുന്നു.

യെഹോശഫാത്തിന്റെ ഈ നിലപാടും പ്രാർത്ഥനയും ദൈവത്തെ പ്രസാദിപ്പിച്ചു, ശക്തമായ അത്ഭുതത്തിലൂടെ തന്നെ പ്രാർത്ഥനയ്ക്കു മറുപടിയും നല്കി. യുദ്ധം തന്റേതാണെന്ന് ദൈവം പ്രസ്താവിച്ചു. യൂദാ ദേശത്തിനുവേണ്ടി ദൈവം പടയൊരുക്കം നടത്തി, ശത്രുമുന്നണിയിൽ ആശയക്കുഴപ്പം വിതച്ചും അവരെ തമ്മിൽ അടിപ്പിച്ചും പരസ്പരം നശിപ്പിച്ചും ദൈവം യുദ്ധവിജയം

നേടിക്കൊടുത്തു. ശത്രുസൈന്യം ഉപേക്ഷിച്ചിട്ടു പോയ മഹാധനം ചുറ്റിനടന്നു വാരിക്കൂട്ടുക എന്നൊരു ജോലിയേ രാജാവിനും പരിവാരങ്ങൾക്കും ഉണ്ടായുള്ളൂ, ഒരിക്കൽപോലും വാളുവീശേണ്ടിവരികയോ അസ്ത്രം എയ്യുകയോ ചെയ്യേണ്ടിവന്നില്ല. എന്നാൽ അവരുടെ ജൈത്രയാത്രയിലുടനീളം ഈ രണ്ടുവരികൾ അവരുടെ അധരഫലമായി അർപ്പിച്ചുകൊണ്ടിരുന്നു: *"യഹോവയ്ക്കു സ്തോത്രം ചെയ്വിൻ! അവിടുത്തെ കരുണ എന്നേക്കും നിലനില്ക്കുന്നു".*

യഹോവയെ ഓർക്കുക, കഴിഞ്ഞകാലങ്ങളിൽ അവിടുന്നു കാണിച്ച കരുണകളെ ഓർക്കുക, വചനങ്ങളിൽ നിരത്തിവച്ചിരിക്കുന്ന അവിടുത്തെ അതിശയകരമായ വീര്യപ്രവൃത്തികൾ ഓർക്കുക, നിങ്ങളുടെ ജീവിതത്തിൽ ഉടനീളം അവിടുന്നു പ്രവർത്തിച്ച മഹദ്പ്രവൃത്തികൾ ഓർക്കുക. ഇക്കാലത്തിൽ നിങ്ങൾക്കുള്ള ദൈവാശ്രയത്തെ ഇതു ശക്തവും ഉറപ്പുള്ളതുമാക്കും.

**പ്രതിഫലന ചിന്തകൾ:**

- ദൈവം നിങ്ങളോടു കാണിച്ച കരുണയെ ഓർത്ത് എഴുതി സൂക്ഷിച്ചു വയ്ക്കുക. ദൈവവും നിങ്ങളുമായി ഒരു ആശ്രയ ഉടമ്പടി എഴുതി ചേർക്കുക.

- അവർ പാടിയ ഈരടികൾക്ക് ഈണം നല്കാൻ ശ്രമിക്കുക, വ്യക്തിപരമായി നിങ്ങൾക്കും ഇതു പാടിക്കൊണ്ടുനടക്കാൻ സാധിക്കുന്നതിനായി:
  *"യഹോവയ്ക്കു സ്തോത്രം ചെയ്വിൻ!*
  *അവിടുത്തെ കരുണ എന്നേക്കും നിലനില്ക്കുന്നു".*

ദിനം 6

# നമ്മുടെ പാറയും കോട്ടയുമായ ദൈവം
## (God Our Rock and Fortress)

സന്തോഷത്തിന്റെയും സുസ്ഥിരതയുടെയും സമയങ്ങളിലൂടെ മാത്രമല്ല നമ്മുടെ ജീവിതം കടന്നുപോകുന്നത്, ബുദ്ധിമുട്ടുകളുടെയും അനിശ്ചിതത്തിന്റെയും സമയങ്ങളിലൂടെയുമാണ്. പൊതുവായി നാം വരുത്തുന്ന ഒരു അബദ്ധം ഇതാണ്: നല്ലസമയങ്ങളിൽ ദൈവത്തോട് അടുക്കാനുള്ള തോന്നൽ നമുക്കുണ്ടാവുകയില്ല, എന്നാൽ കഠിനസമയങ്ങളിൽ നാം അവിടുത്തെ സാമീപ്യം അന്വേഷിക്കും, അവനോട് അടുത്തിരിക്കണമെന്ന് ആശിക്കും. എന്നാൽ സകലസമയങ്ങളിലും ദൈവമാണു നമ്മുടെ അടിസ്ഥാനമെന്ന് വചനം നമ്മെ പഠിപ്പിക്കുന്നു. സങ്കീർത്തനം 62ൽ ദാവീദ് ഇക്കാര്യം സുന്ദരമായി അവതരിപ്പിക്കുന്നു:

**സങ്കീർത്തനം 62:1–2**
1. *എന്റെ ആത്മാവ് ദൈവത്തെ നോക്കി മൗനമായിരിക്കുന്നു. എന്റെ രക്ഷ അവിടെനിന്നു വരുന്നു.*
2. *അവിടുന്നു മാത്രമാണ് എന്റെ പാറയും രക്ഷയും; അവിടുന്ന് എന്റെ കോട്ട; ഞാൻ കുലുങ്ങിപ്പോകയില്ല.*

തന്റെ ജീവിതം കീഴ്മേൽ മറിക്കുന്ന ജീവിതസാഹചര്യങ്ങൾ നേരിട്ടപ്പോൾ, ദൈവത്തിന്റെ പ്രാധാന്യവും ദൈവസാന്നിദ്ധ്യവും താൻ മനസ്സിലാക്കിയത് എപ്രകാരമാണെന്ന ചോദ്യത്തിന്റെ ഉത്തരമാണിത്.

അസ്ഥിരസാഹചര്യങ്ങളുടെ യാഥാർത്ഥ്യത്തെ ദാവീദ് യഥാംവണ്ണം മനസ്സിലാക്കിയിരുന്നു:
- തന്റെ അഭിഷേകത്തിനുശേഷം നടന്ന സംഭവങ്ങൾ
- തന്റെ മരുഭൂവാസം, ജീവനെടുക്കാനായി പിന്തുടർന്ന ശൗൽ രാജാവിൽനിന്നുമുള്ള മരണപ്പാച്ചിൽ
- ബേത്ശേബായുമായും ഉറിയാവുമായുമുള്ള തന്റെ വീഴ്ചാകാലഘട്ടം
- അനേകം പേരിൽ നിന്നുമുള്ള ഒറ്റൽ, സ്വന്തം മകനായ അബ്ശലോമിൽനിന്നു പോലുമുള്ളത്

വേദന നല്കിയ ഇത്തരം കാലഘട്ടങ്ങളിലെല്ലാം തന്റെ ആത്മാവിനെ യഹോവയുടെ പരമാധികാരത്തിൽ ആശ്രയിച്ചു നങ്കൂരമിടാൻ ദാവീദ് കാംക്ഷിച്ചു.

**എൽ ത്സൂരി – എന്റെ പാറയായ ദൈവം**

ശക്തമായ ഒരു ആലങ്കാരിക സങ്കല്പമാണ് പാറയ്ക്ക് ബൈബിൾ നല്കുന്നത്. സങ്കീർത്തനങ്ങളിൽ അതു പതിവായി കാണുന്നു, ദാവീദും പതിവായി ഇങ്ങനെ ഉപയോഗിക്കുന്നു. കരുത്തിന്റെയും ദൃഢതയുടെയും പര്യായമാണ് കൂറ്റൻ പാറ. പാറയെ കുലുക്കാൻ പറ്റില്ല, മാറ്റാനും പറ്റില്ല, പാറ കരുത്തുറ്റതാണ്. ദൈവത്തെ പാറയെന്ന രീതിയിൽ ദാവീദ് സങ്കൽപ്പിക്കുമ്പോൾ ഇത്തരത്തിലുള്ള ദൈവീക സ്വഭാവസവിശേഷതകളെയാണ് ദാവീദ് ഉയർത്തിക്കാട്ടുന്നത്.

ദാവീദിന്റെ ജീവിതത്തിൽ വിജയങ്ങൾ ഉണ്ടായിട്ടുണ്ട്, സന്തോഷത്തിന്റെ സമയങ്ങളും സമാധാനത്തിന്റെ വത്സരങ്ങളുമെല്ലാം തന്റെ ജീവിതത്തിൽ ഉണ്ടായിരുന്നു. അത്തരം സമയങ്ങളിലും ദാവീദ് ദൈവത്തോടു ചേർന്നുതന്നെ നടന്നു; ദൈവത്തെക്കുറിച്ചു ചിന്തിച്ചു, ധ്യാനിച്ചു, അതിശയകരമായ അവിടുത്തെ ഗുണകണങ്ങളെക്കുറിച്ച് അറിഞ്ഞു, അവിടുത്തെ സാന്നിധ്യവും കരുത്തും സ്വന്തം ജീവിതത്തിൽ രുചിച്ചറിഞ്ഞു. ഇതുകൊണ്ടൊക്കെത്തന്നെയാണ് ദൈവത്തെക്കുറിച്ച് ഇത്തരത്തിൽ ശക്തമായ ഒരു സങ്കല്പചിത്രം വരയ്ക്കാൻ ദാവീദിനു കഴിഞ്ഞതും, അതെല്ലാം ശ്രേഷ്ഠമായ കവിതാരൂപത്തിൽ അവതരിപ്പിക്കാൻ സാധിച്ചതും.

പാറയിലൂടെ പ്രതിനിധീകരിക്കുന്ന ദൈവത്തിന്റെ സുപ്രധാന സ്വഭാവസവിശേഷതകൾ ഇവയാണ്:

- **സംരക്ഷണം:** മണൽക്കാറ്റുകളിൽ പാറക്കെട്ടുകൾ ഒരു സുരക്ഷിത സങ്കേതമാണ്, തന്നെ പിന്തുടരുന്ന ശത്രുക്കളിൽനിന്നും രക്ഷനേടുന്നതിനും ഇതൊരു രക്ഷാസങ്കേതമാണ്.

- **ആശ്രയയോഗ്യത:** കൂറ്റൻ പാറക്കെട്ടുകൾ അനങ്ങാത്തതായി നിലകൊള്ളുന്നതുപോലെ, ദൈവവും മാറുകയോ പരാജയപ്പെടുകയോ ചെയ്യുന്നില്ല, മനുഷ്യർക്കു വിപരീതമായ രീതിയിൽ.

- **രക്ഷ:** ഉപദ്രവങ്ങളിൽ നിന്നു രക്ഷപ്പെടാനും ശക്തി നേടാനുമുള്ള ഒരു സങ്കേതമാണ് പാറക്കെട്ടുകൾ.

ദൈവത്തിന്റെ സുസ്ഥിരതയും മനുഷ്യരുടെ നശ്വരതയും തമ്മിൽ ദാവീദ് താരതമ്യപ്പെടുത്തുന്നത് നമുക്കു പിന്നീടു കാണാനാകും. മനുഷ്യനിലനിൽപ്പ് താത്കാലികമാണ്, അസ്ഥിരവുമാണ്; കേവലം ഒരു ശ്വാസം മാത്രമാണ്; എന്നാൽ ദൈവം നമുക്കുള്ള സങ്കേതമാണ്, അവിടുന്ന് ഇളകാത്തവനും ആശ്രയയോഗ്യനുമാണ് (സങ്കീർത്തനം 62:9)

ഇക്കാരണങ്ങളാൽ ദൈവത്തിൽ ആശ്രയിക്കുന്ന കാര്യത്തിൽ അവിഭജിതമായ ഒരു ഹൃദയം തന്നിൽ വളർത്തിയെടുക്കൻ ദാവീദിനു സാധിച്ചു, തന്റെ ഹൃദയം പൂർണ്ണമായും ദൈവത്തിലേക്കു ചൊരിയാനും കഴിഞ്ഞു (സങ്കീർത്തന 62:8).

നമുക്കെതിരെ വരുന്ന ഗോലിയാത്തുകൾ നമ്മുടെ ജീവിതത്തിലുമുണ്ട്: ജോലിയില്ലായ്മയും, സാമ്പത്തിക പരാധീനതകളും, ആരോഗ്യപ്രശ്നങ്ങളും, ബന്ധങ്ങളിലെ ബുദ്ധിമുട്ടുകളും, ഉറ്റവരുടെ വേർപാടു നല്കുന്ന ഒറ്റപ്പെടലും വേദനയും, അന്യായമായ വിധിപ്രസ്താവനകളും, അസ്ഥിരതയും, ഭയവും അങ്ങനെ മറ്റനേകം കാര്യങ്ങളുമൊക്കെ. മാറ്റമില്ലാത്ത ദൈവത്തിന്റെ പ്രകൃതത്തിൽ നമുക്ക് ആശ്രയം വയ്ക്കാം, ഏതു കൊടുങ്കാറ്റിനെയും വകവയ്ക്കാത്ത ഇളകാത്ത പാറയായ ദൈവത്തിൽതന്നേ. ജീവിതവെല്ലുവിളികളിലും അസ്ഥിരസാഹചര്യങ്ങളിലുമെല്ലാം എന്നെന്നും നിലനില്ക്കുന്ന അടിസ്ഥാനമാണ് ദൈവം. ദാവീദിനെപ്പോലെ നമുക്കും ദൈവത്തിങ്കലേക്കു പോകാം, ഇന്നു നമുക്ക് സ്വസ്ഥമായ ഒരു ഇടം കണ്ടുപിടിച്ച് നമ്മുടെ ഹൃദയത്തെ പൂർണ്ണമായും ചൊരിയാം, നമുക്കു പറയാനുള്ളതെല്ലാം പറയാം. അതുനമുക്കൊരു ശീലവുമാക്കാം.

ഈ ഗാനത്തിന്റെ വരികൾ ശ്രദ്ധയോടെ പാടാം, ഓരോ വരികളും ഹൃദയത്തിൽ ഉൾക്കൊണ്ടുതന്നെ അതു ചെയ്യാം:

*എന്തു നല്ലോർ സഖി യേശു*
*പാപ ദുഃഖം വഹിക്കും*
*എല്ലാം യേശുവോടു ചെന്നു*
*ചൊല്ലീടുമ്പോൾ താൻ കേൾക്കും*
*നൊമ്പരമേറെ സഹിച്ചു*
*സമധാനങ്ങൾ നഷ്ടം*
*എല്ലാം യേശുവോടു ചെന്നു*
*ചൊല്ലീടായ്ക നിമിത്തം.*

**പ്രായോഗിക നിർദ്ദേശം:**

- അസ്ഥിരമെന്നു തോന്നുന്ന ജീവിതമേഖലകൾ ഏതെന്ന് എഴുതുക

- ഈ സാഹചര്യങ്ങളിൽ എന്റെ തോന്നലുകളുടെയും സാഹചര്യസമ്മർദ്ദങ്ങളുടെയും പിറകെപ്പോകാതെ ദൈവത്തിൽ ആശ്രയിക്കാൻ എനിക്കെങ്ങനെ കഴിയും എന്നു സ്വയം പരിശോധിക്കുക.

- **സങ്കീർത്തനം 62:1–2** മനഃപാഠമാക്കുക:
  1. *എന്റെ ആത്മാവ് ദൈവത്തെ നോക്കി മൗനമായിരിക്കുന്നു. എന്റെ രക്ഷ അവിടെനിന്നു വരുന്നു.*
  2. *അവിടുന്നു മാത്രമാണ് എന്റെ പാറയും രക്ഷയും; അവിടുന്ന് എന്റെ കോട്ട; ഞാൻ കുലുങ്ങിപ്പോകയില്ല.*

## ദിനം 7
# പരാജയപ്പെടാത്ത ദൈവസ്നേഹം
## (God's Unfailing Love)

ദൈവത്തിന്റെ പരാജയപ്പെടാത്ത സ്നേഹത്തെക്കുറിച്ചു ചിന്തിക്കുമ്പോൾ, അതെക്കുറിച്ചുള്ള നിങ്ങളുടെ അനുഭവം എന്താണ്?

നിങ്ങളുടെ കുറച്ച് അനുഭവങ്ങൾ എഴുതിയതിനുശേഷം നമുക്കു മുന്നോട്ടു പോകാം.

ദൈവസ്നേഹത്തെ രുചിച്ചറിയാൻ കഴിഞ്ഞ അനുഭവങ്ങൾ നമുക്കെല്ലാവർക്കും പറയാനുണ്ടെങ്കിലും, പരാജയപ്പെടാത്ത ദൈവസ്നേഹമാണ് ഇത് എന്ന് തോന്നാത്തരീതിയിലുള്ള അനുഭവങ്ങളും നമുക്കുണ്ടായേക്കാം.

**റോമർ 8:38–39** വാക്യങ്ങൾ നമുക്കിന്നു നോക്കാം:

38 *മരണത്തിനോ ജീവനോ, ദൂതന്മാർക്കോ വാഴ്ചകൾക്കോ അധികാരങ്ങൾക്കോ, ഇപ്പോഴുള്ളതിനോ വരുവാനുള്ളതിനോ,*

39 *ഉയരത്തിനോ ആഴത്തിനോ, സൃഷ്ടിയിലുള്ള മറ്റെന്തിനെങ്കിലുമോ നമ്മുടെ കർത്താവായ ക്രിസ്തുയേശുവിലുള്ള ദൈവസ്നേഹത്തിൽ നിന്നു നമ്മെ വേർപിരിക്കുവാൻ സാധ്യമല്ല എന്ന് എനിക്കു പൂർണ്ണബോധ്യമുണ്ട്.*

(കുറച്ചുനേരം നമുക്ക് ഈ വചനം വായിക്കാം, വചനം നമ്മുടെ മനസ്സിലേക്കു കടന്നുവരുന്നതുവരെ)

പൗലോസിന്റെ *'എനിക്കു പൂർണ്ണബോധ്യമുണ്ട്'* എന്ന പ്രസ്താവനയാണ് ഈ വേദഭാഗത്തിലെ ഏറ്റവും ബുദ്ധിമുട്ടേറിയ ഭാഗം.

ഈ വേദഭാഗത്തിലെ മറ്റു വാക്കുകൾ സന്തോഷം നല്കുന്നതും പ്രചോദനം നല്കുന്നതുമാണ്, എന്നാൽ അതെക്കുറിച്ചു 'ബോധ്യമുള്ളയാളാകുക' എന്നത് എന്നെസംബന്ധിച്ച് ബുദ്ധിമുട്ടേറിയ ഒരു കാര്യമായി തോന്നാറുണ്ട്, അതിനായി ഞാൻ കഠിനമായി യത്നിക്കേണ്ടിയും പൊരുതേണ്ടിയും വരുന്നു.

ഈ വചനഭാഗത്തേക്കു പ്രവേശിക്കുന്നതിനുമുമ്പ്, ക്ലേശങ്ങളെയും കഷ്ടതകളെയും പീഡനത്തെയും പട്ടിണിയെയും നഗ്നതയെയും ആപത്തിനെയും വാളിനെയുമൊക്കെയാണ് പൗലോസ് പ്രതിപാദിക്കുന്നത് (35–36 വാക്യങ്ങളിൽ). ഇത്തരം കാര്യങ്ങൾ ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്നും നമ്മെ അകറ്റുമോ എന്ന ചോദ്യം പൗലോസ് ചോദിക്കുന്നു. ഇത്തരം കാര്യങ്ങളും ഇതുപോലെയുള്ള മറ്റനേകം കാര്യങ്ങളിലുമാണ് നാം കടന്നുപോകുന്നത്, അതുകൊണ്ടുതന്നെയാണ് ഇക്കാര്യങ്ങൾ ദൈവത്തിന്റെ സ്നേഹത്തിൽ നിന്നും നമ്മെ അകറ്റുകില്ല എന്ന കാര്യത്തിൽ ബോധ്യമുള്ളവരാകാൻ നമുക്കു പ്രയാസമാകുന്നത്. പലസമയങ്ങളിലും എന്റെ സാഹചര്യങ്ങൾ വാക്യം 36ൽ പൗലോസ് പറയുന്നതിനെ അർത്ഥവത്താക്കുന്നവയാണ് (സങ്കീർത്തനം 44:22 വാക്യമാണ് പൗലോസ് ഇവിടെ എടുത്തിരിക്കുന്നത്): *"അങ്ങേയ്ക്കുവേണ്ടി ഞങ്ങൾ ദിവസം മുഴുവൻ മരണത്തെ നേരിടുന്നു; അറുക്കപ്പെടുവാനുള്ള ആടുക*

*ളായി ഞങ്ങൾ എണ്ണപ്പെടുന്നു".*

എനിക്കു ചോദിക്കാനുള്ളത് ഇതാണ്, ഞാൻ നേരിടുന്ന ക്ലേശങ്ങളെയും കഷ്ടതകളെയും പീഡനങ്ങളെയും പട്ടിണിയെയും നഗ്നതയെയും ആപത്തിനെയും വാളിനെയും, വ്യാജ ആരോപണങ്ങളെയും കുറ്റപ്പെടുത്തലുകളെയും വിധിപ്രസ്താവനകളെയും ലജ്ജിപ്പിക്കലുകളെയുമൊക്കെ ശരിയായരീതിയിൽ മനസ്സിലാക്കാൻ സാധിക്കുന്നത് ആർക്കാണ്? ഈ ചോദ്യത്തിനുള്ള ഉത്തരം നിങ്ങളുടെ കൈവശമുണ്ടോ? കാരണം, ഈ ചോദ്യത്തിനുള്ള ഉത്തരം എന്റെ കൈവശമുണ്ടെങ്കിൽ മാത്രമേ എന്നിൽ ബോധ്യം ഉറവെടുക്കാൻ തുടങ്ങുകയുള്ളൂ.

വാക്യം 32ലാണ് എനിക്ക് ഈ ചോദ്യത്തിന്റെ ഉത്തരം കണ്ടെത്താൻ കഴിയുന്നത്: *"സ്വന്തപുത്രനെ ഒഴിവാക്കാതെ, നമുക്കെല്ലാവർക്കുംവേണ്ടി ഏല്പിച്ചുതന്നവൻ, പുത്രനോടൊപ്പം സകലവും കൃപയാൽ നമുക്കു നല്കാതിരിക്കുമോ?"*

ഈ വാക്യത്തിൽ കാണുന്ന "സകലവും" എന്നവാക്കും, വാക്യം 31ൽ കാണുന്ന "ഇതിനെ" എന്ന വാക്കും അർത്ഥമാക്കുന്നത് എന്താണ്? വാക്യം 28-30ൽ പരാമർശിക്കുന്ന കാര്യങ്ങളുടെ പട്ടികയാണോ?

> 28 *എന്നാൽ, ദൈവത്തെ സ്നേഹിക്കുന്നവർക്കുവേണ്ടി, അവിടുത്തെ ഉദ്ദേശ്യപ്രകാരം വിളിക്കപ്പെട്ടവർക്കുവേണ്ടിത്തന്നേ, എല്ലാക്കാര്യങ്ങളിലും അവിടുന്നു നന്മയ്ക്കായി പ്രവർത്തിക്കുന്നുവെന്നു നാം അറിയുന്നു.*
> 29 *ദൈവം മുൻകൂട്ടി അറിഞ്ഞവരെ, തന്റെ പുത്രന്റെ സാദൃശ്യത്തോട് അനുരൂപരാകുവാൻ അവിടുന്നു മുൻനിയമിച്ചിരിക്കുന്നു. അത് അവിടുത്തെ പുത്രൻ അനേകം സഹോദരരിൽ ആദ്യജാതനാകേണ്ടതിനാണ്.*
> 30 *അവിടുന്ന് മുൻ നിയമിച്ചവരെ വിളിച്ചു; വിളിച്ചവരെ നീതീകരിച്ചു; നീതീകരിച്ചവരെ തേജസ്കരിക്കുകയും ചെയ്തിരിക്കുന്നു.*

ദൈവം മുൻകൂട്ടി അറിഞ്ഞവർ... മുൻനിയമിച്ചവർ... വിളിച്ചവർ... നീതീകരിക്കപ്പെട്ടവർ (നാം നിതീമാനെന്നു ദൈവം പ്രഖ്യപിച്ചു)... തേജസ്കരിക്കപ്പെട്ടവർ.

എത്ര ശ്രേഷ്ഠമാണെന്ന് ആലോചിച്ചുനോക്കുക! ദൈവം തന്റെ പുത്രനെ വെറുതെവിട്ടില്ല, പകരം, അവനെ നമുക്കായി ബലിനല്കി എന്നാണ് വചനം ഇവിടെ പറയുന്നത്. അങ്ങനെയാകുമ്പോൾ, ദൈവം മുൻകൂട്ടി അറിയാനും, അറിഞ്ഞതിനാൽ മുൻനിയമിക്കാനും, മുൻനിയമിക്കപ്പെട്ടതിനാൽ വിളിക്കാനും, വിളിക്കപ്പെട്ടവരായതിനാൽ നീതീകരിക്കാനും, നീതീകരിക്കപ്പെട്ടവരായതിനാൽ മഹത്വപ്പെടുത്താനും തക്കവണ്ണം ദൈവം നമ്മിൽ പ്രസാദിതനല്ലേ? ഇക്കാര്യങ്ങളെ വിളിക്കുന്നത് "സ്വർണ്ണ ചങ്ങല" എന്ന പദപ്രയോഗത്താലാണ്. നോക്കുക, ഈ സ്വർണ്ണചങ്ങലയെ പൗലോസ് വിവരിക്കുന്നത് നടപ്പിലായ കാര്യങ്ങൾ എന്ന രീതിയിലാണ് (അത്തരത്തിലുള്ള വ്യാകരണ പ്രയോഗത്തിലാണ്). ദൈവത്തിനുമുന്നിൽ ഇക്കാര്യങ്ങളെല്ലാം നിറവേറപ്പെട്ട കാര്യങ്ങളാണ്, ദൈവം ഇവയെല്ലാം നമുക്കുവേണ്ടി ചെയ്തു പൂർത്തീകരിച്ച കാര്യങ്ങളാണ്.

നമ്മെ പൊതിഞ്ഞു നില്ക്കുന്ന അനിതരസാധാരണമായ ഒരു സ്നേഹത്താലല്ലാതെ ഇക്കാര്യങ്ങളൊന്നും സാധ്യമല്ല. പരാജയപ്പെടാൻ കഴിയാത്ത ഒരു സ്നേഹം.

വാക്യം 28ലെ വാഗ്ദാനത്തിൽ നമുക്ക് ഉറപ്പുകണ്ടെത്താം: *"എന്നാൽ, ദൈവത്തെ സ്നേഹിക്കുന്നവർക്കുവേണ്ടി, അവിടുത്തെ ഉദ്ദേശ്യപ്രകാരം വിളിക്കപ്പെട്ടവർക്കുവേണ്ടിത്തന്നേ, എല്ലാക്കാര്യങ്ങളിലും അവിടുന്നു നന്മയ്ക്കായി പ്രവർത്തിക്കുന്നുവെന്നു നാം അറിയുന്നു."*

"നാം അറിയുന്നു" എന്ന പ്രസ്താവന പൗലോസിൽനിന്നും വരുന്നത് എന്തുകൊണ്ടാണ്? പൗലോസിന്റെ ലേഖനത്തിന്റെ സ്വീകർത്താക്കളിൽ പലർക്കും ഇതൊരു ജീവിതാനുഭവമായിരുന്നു എന്നാണ് എനിക്കു മനസ്സിലാകുന്നത്. തുടക്കത്തിൽ നാം എഴുതിവച്ച കാര്യങ്ങൾ നമുക്കും അനുഭവഭേദ്യമായിട്ടുണ്ടാകാം, ആകയാൽ നമുക്കും ഈ വാഗ്ദാനങ്ങളിൽ ഉറപ്പുള്ളവരും ആശ്രയം വയ്ക്കുന്നവരുമാകാം. നമുക്കു വേണ്ടി യേശുവിനെ ക്രൂശിനുവിട്ടുകൊടുത്ത, പരാജയപ്പെടാത്ത ആ ദൈവസ്നേഹത്തിൽ നമുക്ക് ആശ്രയം വയ്ക്കാം, അങ്ങനെ നമുക്കും സ്വർഗ്ഗത്തിൽ അവനോടൊപ്പം പങ്കുചേരാം. ഈ സ്നേഹം നമ്മെ മുൻകൂട്ടി അറിഞ്ഞു, നമ്മെ മുൻനിശ്ചയിച്ചു, നമ്മെ വിളിച്ചു, നമ്മെ നീതീകരിച്ചു, നമ്മെ മഹത്വപ്പെടുത്തി.

- ഇക്കാര്യങ്ങളെക്കുറിച്ചു നാം ധ്യാനിക്കുമ്പോൾ, റോമർ 8:38-39 വാക്യങ്ങളിലൂടെ നമുക്കു പ്രാർത്ഥിക്കാം, ഈ വാക്യങ്ങൾ ഹൃദ്യസ്ഥമാക്കാം.

*38 മരണത്തിനോ ജീവനോ, ദൂതന്മാർക്കോ വാഴ്ചകൾക്കോ അധികാരങ്ങൾക്കോ, ഇപ്പോഴുള്ളതിനോ വരുവാനുള്ളതിനോ,*
*39 ഉയരത്തിനോ ആഴത്തിനോ, സൃഷ്ടിയിലുള്ള മറ്റെന്തിനെങ്കിലുമോ നമ്മുടെ കർത്താവായ ക്രിസ്തു യേശുവിലുള്ള ദൈവസ്നേഹത്തിൽ നിന്നു നമ്മെ വേർപിരിക്കുവാൻ സാധ്യമല്ല എന്ന് എനിക്കു പൂർണ്ണബോധ്യമുണ്ട്.*

- ക്രിസ്തുവിന്റെ സ്നേഹത്തിൽനിന്നും നിങ്ങളെ വേർതിരിക്കാൻ യാതൊന്നിനും സാധ്യമല്ല എന്ന ബോധ്യം നിങ്ങൾക്കുണ്ടോ?

- ഇല്ലെങ്കിൽ, ഈ ബോധ്യത്തിൽ വേരൂന്നാൻ നിങ്ങൾ എന്തൊക്കെ ചുവടുകൾ എടുക്കും?

- ക്രിസ്തുവിന്റെ സ്നേഹം അനുഭവിച്ചറിഞ്ഞതിനെക്കുറിച്ച് എല്ലാ ദിവസവും എഴുതിവയ്ക്കുന്നത് നല്ല ഒരു തുടക്കമാകും.

### ദിനം 8

# ദൈവത്തിന്റെ സംരക്ഷണം
## (God's Protection)

**സങ്കീർത്തനം 91:1–4**

*1 അത്യുന്നതന്റെ സങ്കേതത്തിൽ വസിക്കുന്നവൻ സർവ്വശക്തന്റെ നിഴലിൽ വിശ്രമിക്കും.*
*2 ഞാൻ യഹോവയോട്: അവിടുന്ന് എന്റെ സങ്കേതവും എന്റെ കോട്ടയും ഞാൻ ആശ്രയിക്കുന്ന ദൈവവുമത്രേ എന്നു പറയും.*
*3 അവിടുന്നു നിന്നെ വേട്ടക്കാരന്റെ കെണിയിൽനിന്നും വിനാശകരമായ പകർച്ചവ്യാധിയിൽനിന്നും വിടുവിക്കും;*
*4 തന്റെ തൂവലുകൾകൊണ്ട് അവിടുന്നു നിന്നെ മറയ്ക്കും. അവിടുത്തെ ചിറകിൻകീഴിൽ നീ ശരണം പ്രാപിക്കും. അവിടുത്തെ വിശ്വസ്തത നിനക്കു പരിചയും സംരക്ഷണ കവചവുമായിരിക്കും.*

ഒരു തള്ളപ്പക്ഷിക്കു സമാനമായ രീതിയിൽ സങ്കീർത്തകൻ ഇവിടെ ദൈവത്തെ ചിത്രീകരിക്കുന്നു, ചിറകുകൾ വിടർത്തിപ്പിടിച്ച്, ബലഹീനമായവയ്ക്കും എളുപ്പം കീഴടക്കപ്പെടാൻ സാധിക്കുന്നവയ്ക്കും സുരക്ഷ നല്കി സംരക്ഷിക്കുന്ന തീക്ഷ്ണനയനങ്ങളുള്ള ഒരു തള്ളപ്പക്ഷിയോടുതന്നെ.

**എഫേസ്യർ 6:16**

*"എല്ലാറ്റിലും മീതേ ദുഷ്ടന്റെ എല്ലാ തീയമ്പുകളെയും കെടുത്തുവാൻ തക്ക വിശ്വാസം എന്ന പരിച എടുത്തുകൊണ്ട് നില്ക്കുവിൻ"*

പ്രായോഗിക തലത്തിലുള്ള മറ്റൊരു ചിത്രമാണ് പൗലോസ് വരയ്ക്കുന്നത്. വിശ്വാസത്തെ പരിചയോട് ഉപമിച്ചിരിക്കുന്നു. റോമാപടയാളികൾ കയ്യിലേന്തുന്ന വലിയ ഒരു പരിച, അതുവച്ച് അവരുടെ മുഴുവൻ ശരീരത്തിനും സുരക്ഷയൊരുക്കാൻ അവർക്കു സാധിക്കുന്നു – ശത്രുവിന്റെ തീയമ്പുകൾ ശരീരത്തിൽ ഏല്ക്കാതെ തെറിപ്പിച്ചു കളയുന്ന ശക്തമായ പരിചയാണ് അത്.

സംശയവും ഭയവും പ്രലോഭനവുമെല്ലാം കത്തിജ്വലിച്ചു നമുക്കുനേരെ പാഞ്ഞടുക്കുമ്പോൾ, നമുക്കു രക്ഷയാകുന്ന പരിചയെന്നത് ദൈവവചനവും ദൈവവാഗ്ദാനങ്ങളും ദൈവത്തിന്റെ സ്വഭാവ സവിശേഷതകളും ഓർത്തുകൊണ്ട്, നമ്മുടെ ബലഹീനതകളിൽ അവിടുത്തെ ബലത്തിൽ ആശ്രയിക്കുക എന്നതാണ്.

ഈ രണ്ടു ചിത്രങ്ങളിലൂടെയും ദൈവത്തിന്റെ സംരക്ഷണം ഒരു മറയിടമായും (ചിറകിൻ കീഴ്) ഒരു സ്വഭാവപ്രത്യേകതയായും (നാം അനുദിനം വഹിക്കുന്ന പരിച) നമ്മുടെ കൂടെയിരുന്ന് സുരക്ഷയേകുന്ന കാഴ്ച നമുക്കു നല്കുന്നു. അവിടുത്തെ സാന്നിദ്ധ്യത്തിൽ വസിക്കുകയും, അവിടുത്തോടു ചേർന്ന് ഉറച്ചു നില്ക്കുകയും, നമ്മെ ചൂഴ്ന്നു നില്ക്കുന്ന അവിടുത്തെ വിശ്വസ്തതയിൽ ആശ്രയിക്കുകയും ചെയ്തുകൊണ്ട്, ശത്രു നമുക്കുനേരെ വർഷിക്കുന്ന തീയമ്പുകൾ വിശ്വാസത്താൽ കെടുത്തിക്കളയാൻ ഈ ആശയങ്ങൾ നമ്മെ പ്രചോദിപ്പിക്കുന്നു.

**പ്രതിഫലന ചിന്തകൾ:**

- എന്തു തരത്തിലുള്ള തീയമ്പുകളാണ് നിങ്ങൾ ഇപ്പോൾ നേരിട്ടുകൊണ്ടിരിക്കുന്നത്?

- ദൈവത്തിന്റെ ചിറകുകളും, വിശ്വാസമാകുന്ന പരിചയും നിങ്ങൾക്കുണ്ടെന്ന ധാരണയിൽ നിങ്ങൾ ഈ അമ്പുകളോടു പ്രതികരിക്കുന്നതിൽ എന്തു മാറ്റം വരുത്താൻ സാധിക്കും?

- ഇത്തരത്തിലുള്ള ഒരു പരിചയേന്തി ഒരു നിലപാടെടുത്ത് ഉറച്ചുനിൽക്കുന്നതിൽ നിങ്ങൾക്കു സഹായകമാകുന്ന ഒരു ചുവട് എന്തായിരിക്കും? (ചിലപ്പോൾ ഒരു പ്രാർത്ഥനയാകാം, വചനവാഗ്ദാനം മനഃപാഠമാക്കുന്നതാകാം, നന്ദിയോടെ ദൈവത്തെ സ്മരിക്കുന്ന ഒരു നിമിഷമാകാം...)

മനഃപാഠമാക്കുക: **എഫേസ്യർ 6:16**
*"എല്ലാറ്റിലും മീതേ ദുഷ്ടന്റെ എല്ലാ തീയമ്പുകളെയും കെടുത്തുവാൻ തക്ക വിശ്വാസം എന്ന പരിച എടുത്തുകൊണ്ട് നില്ക്കുവിൻ"*

**പ്രാർത്ഥന:**
പിതാവേ, നീയാണ് എന്റെ അഭയകേന്ദ്രവും എന്റെ കോട്ടയും. നിന്റെ ചിറകിൻ കീഴിൽ എനിക്കു നല്കുന്ന അഭയത്തിന് ഞാൻ നന്ദിപറയുന്നു. ശത്രുവായ സാത്താൻ നിരന്തരം തൊടുക്കുന്ന തീയമ്പുകളെ ചെറുക്കാൻ നീയെനിക്കു നല്കിയിരിക്കുന്ന വിശ്വസമെന്ന പരിചയ്ക്കും ഞാൻ നന്ദിപറയുന്നു. നിന്റെ സാന്നിധ്യത്തിൽ ജീവിക്കുവാനും, നിന്റെ വാഗ്ദാനങ്ങൾ എപ്പോഴും ഓർത്തുവയ്ക്കാനും, നീ നല്കുന്ന സംരക്ഷണത്തിൽ ആത്മവിശ്വാസത്തോടെ ഉറച്ചു നില്ക്കാനും നീ എന്നെ സഹായിക്കേണമേ. നിന്റെ സ്നേഹത്താൽ എന്നെ പൊതിയണമേ. വിശ്വാസമെന്ന പരിചയുമേന്തിക്കൊണ്ട് നിന്റെ ചിറകിൻകീഴിൽ ഞാൻ നടക്കുമ്പോൾ സകല അറിവിനെയും കവിയുന്ന ദൈവീക സമാധാനം എന്നിൽ നീ നിറയ്ക്കേണമേ. യേശുവിൻ നാമത്തിൽ ഞാൻ പ്രാർത്ഥിക്കുന്നു, ആമേൻ

ദിനം 9

# നിയന്ത്രണമനോഭാവം കൈവെടിയൽ
## (Letting Go of Control)

ആത്മനിയന്ത്രണ ശീലത്തെക്കുറിച്ചു ബൈബിൾ നമ്മെ പഠിപ്പിക്കുന്നുണ്ട്, അതുപോലെതന്നെ നിയന്ത്രണമനോഭാവശീലം ഉപേക്ഷിച്ച് നിയന്ത്രണമെല്ലാം ദൈവത്തിൽ ഭരമേൽപ്പിക്കുന്നതിനെ കുറിച്ചും വേദപുസ്തകം പഠിപ്പിക്കുന്നുണ്ട്.

ആത്മഫലത്തിൽ ഒന്നാണ് ആത്മനിയന്ത്രണമെന്ന് ഗലാതൃർ 5:23 നമ്മെ പഠിപ്പിക്കുന്നു. ജീവിതസാഹചര്യങ്ങളിൽ നിയന്ത്രണമേറ്റെടുക്കുക വഴി നാം ചെയ്യുന്നത് ദൈവത്തെ മാറ്റിസ്ഥാപിക്കലാണ്.

എന്തുകൊണ്ടാണ് നിയന്ത്രിതാവിന്റെ സ്ഥാനം നമുക്ക് അത്രമേൽ ഇഷ്ടമാകുന്നത്? മനുഷ്യവംശത്തിന്റെ വീഴ്ചയുടെ പ്രകൃതത്തിന്റെ ഒരു പ്രധാന ഭാഗമാണത്. സ്വാർത്ഥതയും അഹങ്കാരവും ഉൾപ്പെടുന്ന നമ്മിലെ പാപപ്രകൃതി, ജീവിത സാഹചര്യങ്ങൾ നമ്മുടെ നിയന്ത്രണത്തിൽ കൊണ്ടുവരണമെന്ന് സങ്കൽപ്പിക്കുന്നു; മുന്നോട്ടുപോകുമ്പോൾ നമുക്കു ചുറ്റുമുള്ളവരുടെ നിയന്ത്രണവും.

വേറെ ആരെങ്കിലും ഓടിക്കുന്ന വാഹനത്തിൽ ഞാൻ ഇരിക്കുമ്പോൾ, പലപ്പോഴും ഞാൻ ഭയപ്പെടാറുണ്ട്. ഓടിക്കുന്ന വ്യക്തി ശ്രദ്ധയോടെയല്ല അതു ചെയ്യുന്നതെന്നും, അപകടത്തിൽ പെടാൻ സാദ്ധ്യതയുണ്ടെന്നുമുള്ള മനോവികാരത്താലാണ് ഞാൻ ഇതു ചെയ്യുന്നത്.

ദൈവത്തിൽ ആശ്രയിക്കുകയും ദൈവനിയന്ത്രണത്തിനു വിധേയമാകാതിരിക്കുകയും ചെയ്യുമ്പോൾ, "ദൈവത്തെക്കാൾ മികച്ച അറിവു നമുക്കുണ്ട്" എന്ന മനോവ്യാപാരമാണ് നമ്മെ ഭരിക്കുന്നത്. മറ്റുവാക്കുകളിൽ ഇതേകാര്യം പറയുമ്പോൾ: "എന്റെ സ്വന്തം ജീവിതം മുന്നോട്ടു കൊണ്ടുപോകാൻ എനിക്കുള്ള പാടവമെത്രയെന്ന് ദൈവത്തിന് അറിയില്ല" എന്ന വാക്കുകൾ ഉപയോഗിക്കാനാകും. "തന്റെ തന്നെ അറിവിൽ ആശ്രയിക്കുന്ന ഒരു വ്യക്തി"യെന്ന് ബൈബിൾ വിളിക്കുന്നത് ഇത്തരക്കാരെയാണ്.

**സദൃശവാക്യം 3:5-6** ജീവിതത്തിലെ അടിസ്ഥാനശിലയാകുന്ന ഒരു മൂല്യത്തെക്കുറിച്ചു പഠിപ്പിക്കുന്നു:
5 *പൂർണ്ണഹൃദയത്തോടെ യഹോവയിൽ ആശ്രയം വയ്ക്കുക; സ്വന്തവിവേകത്തിൽ ആശ്രയിക്കരുത്.*
6 *നിന്റെ എല്ലാവഴികളിലും അവിടുത്തെ അംഗീകരിക്കുക; അവിടുന്ന് നിന്റെ പാതകളെ നേരെയാക്കും.*

ആശ്രയം കൂടാതെ മനുഷ്യരായ നമുക്ക് നിലനിൽപ്പില്ല. ഒന്നുകിൽ നമ്മെ, അല്ലെങ്കിൽ മറ്റാരെയെങ്കിലും അല്ലെങ്കിൽ എന്തിനെയെങ്കിലും. എന്നാൽ പൂർണ്ണഹൃദയത്തോടെ ദൈവത്തിൽ ആശ്രയിക്കാൻ ദൈവവചനം നമ്മെ ഉദ്ബോധിപ്പിക്കുന്നു, കാരണം സകലതും നിറവേറ്റാൻ കഴിവുള്ളവനും, ആശ്രയയോഗ്യനും, വിശ്വസ്തനും, നമ്മെ ഒരിക്കലും വഴിതെറ്റിക്കാത്ത നല്ലപിതാവും, നമ്മുടെ ഭാവിയെ സുരക്ഷിതമായി കയ്യാളുന്നവനുമായവൻ ഒരേ ഒരാൾ മാത്രമാണ് - യഹോവയായ ദൈവം.

ദൈവത്തിലുള്ള നാമമാത്രമായ ഒരു വിശ്വാസം മാത്രമല്ല ദൈവാശ്രയം എന്നത്, പിതാവായ ദൈവത്തിനു പൂർണ്ണഹൃദയത്തോടെ കീഴടങ്ങാനും വിധേയപ്പെടാനുള്ള മനസ്സൊരുക്കം കൂടിയാണ്. ദൈവാശ്രയവും ദൈവത്തോടുള്ള കീഴടങ്ങലും ഒരേ നാണയത്തിന്റെ രണ്ടുവശങ്ങൾ മാത്രമാണ്, വേർപിരിക്കുന്നത് അസാദ്ധ്യമായ രണ്ടു കാര്യങ്ങൾ.

പ്രകൃതിയിലേക്കു നാം നോക്കുമ്പോൾ, വഴങ്ങിക്കൊടുക്കുന്ന തരം തണ്ടുള്ള സസ്യങ്ങൾ എത്രവലിയ കൊടുങ്കാറ്റിൽ വീണാലും വീണ്ടും എഴുന്നേറ്റു ശക്തിപ്പെടുന്നതു കാണാം. എന്നാൽ ദൃഢമായ തടിയുള്ള മരങ്ങളാകട്ടെ അത്തരം കാറ്റിൽ കടപുഴകുകയോ ഒടിഞ്ഞുവീഴുകയോ ചെയ്യുന്നതും കാണാം. കൊടുങ്കാറ്റിൽ വളയുന്നതും വലിച്ചുനീട്ടുന്നതുമെല്ലാം സമയക്രമത്തിൽ ആ സസ്യത്തെയും അതിന്റെ വേരുകളെയും ശക്തിപ്പെടുത്തുന്നു. പിന്നീടു വരുന്ന ആകസ്മികതകളെ കരുത്തോടെ നേരിടാൻ ഇതു സഹായിക്കുന്നു.

നമ്മുടെ കഠിനതകളിൽ ദൈവത്തിൽ ആശ്രയിക്കേണ്ടതിന്റ ആവശ്യകത ഇതു കാണിച്ചു തരുന്നു. പകുതി ദൈവത്തിൽ ആശ്രയിക്കുകയും മറ്റേപകുതി നമ്മിലോ മറ്റുള്ള എന്തിലെങ്കിലുമോ ആശ്രയിക്കുകയും ചെയ്യുന്നത് ദൈവത്തെ ആശ്രയിക്കുന്നതിലുള്ള പരാജയമാണ്. കാരണം ദൈവാശ്രയം പൂർണ്ണഹൃദയത്തോടെയാകണം, നിയന്ത്രണങ്ങളെല്ലാം വിട്ടുകൊടുത്ത്, നിയന്തണമെല്ലാം ഏറ്റെടുത്തു പ്രവർത്തിക്കാൻ ദൈവത്തെ അനുവദിക്കണം. ജീവിതത്തിന്റെ സകലവ്യപാരങ്ങളിലും സകലസമയത്തും നാം സ്വായത്തമാക്കേണ്ട ഒരു സംഗതിയാണിത്.

ഇതുപോലെ നാം ദൈവത്തെ സകലകാര്യങ്ങളും ഭരമേൽപ്പിക്കുമ്പോൾ, നമ്മുടെ ജീവിതത്തെ മുന്നോട്ടുകൊണ്ടുപോകാൻ ദൈവത്തിനു കഴിവുണ്ട് എന്നും സകല കാര്യങ്ങളിലും ദൈവത്തിനുള്ള അറിവു പൂർണ്ണമാണെന്നും നാം ഏറ്റുപറയുന്നു. അങ്ങനെയാകുമ്പോൾ അവിടുന്ന് നമ്മുടെ പാതകളെ തിരുഹിതപ്രകാരം നയിക്കുന്നു, അതുതന്നെയാണ് യോഹന്നാൽ 10:10ൽ യേശു വാഗ്ദാനം ചെയ്യുന്ന "സമൃദ്ധമായ ജീവൻ"

പൂർണ്ണഹൃദയത്തോടെ നിങ്ങൾ ദൈവത്തിൽ ആശ്രയിക്കുന്നുണ്ടോ?

ഇതുപോലെയുള്ള ഒരു ജീവിതം നമുക്കു മുന്നിൽ കാഴ്ചവച്ച ഏക മനുഷ്യവ്യക്തി യേശുമാത്രമാണ്, നമുക്ക് അനുകരിക്കാൻ അവിടുന്ന് ഒരു മാതൃക വച്ചിട്ടുപോയിരിക്കുന്നു. ജീവിതത്തിൽ ഉടനീളം പിതാവിനെ ആശ്രയിച്ചിരുന്ന യേശുവിന്റെ ചില വാക്യങ്ങൾ നമുക്കു നോക്കാം:

**യോഹന്നാൻ 4:34** *യേശു പറഞ്ഞു, "എന്നെ അയച്ചവന്റെ ഇഷ്ടം ചെയ്ത് അവിടുത്തെ പ്രവൃത്തി തികയ്ക്കുന്നതാണ് എന്റെ ആഹാരം".*

**യോഹന്നാൻ 19:30** *അതു കുടിച്ചശേഷം യേശു "എല്ലാം പൂർത്തിയായി" എന്നുപറഞ്ഞു തല ചായ്ച്ചു തന്റെ ആത്മാവിനെ ഏല്പിച്ചുകൊടുത്തു.*

**യോഹന്നാൻ 8:29** *എന്നെ അയച്ചവൻ എന്റെ കൂടെയുണ്ട്, അവിടുന്ന് എന്നെ ഏകനായി വിട്ടിട്ടില്ല; ഞാൻ എപ്പോഴും അവിടുത്തേക്ക് ഇഷ്ടമുള്ളതു പ്രവർത്തിക്കുന്നു.*

**ലൂക്കോസ് 22:42** *"പിതാവേ, തിരുവിഷ്ടമെങ്കിൽ ഈ പാനപാത്രം എന്നിൽനിന്നു നീക്കേണമേ; എങ്കിലും എന്റെ ഇഷ്ടമല്ല, അവിടുത്തെ ഇഷ്ടംതന്നേ ആകട്ടെ" എന്നു പ്രാർത്ഥിച്ചു.*

മരണത്തോളംതന്നെ യേശു പിതാവിങ്കൽ സ്വയം ഭരമേൽപ്പിച്ചു, സകലകാര്യത്തിലും. ഇതെല്ലാം നോക്കുമ്പോൾ പുറമേയുള്ള നമ്മുടെ കാര്യങ്ങളിലല്ല, പകരം നമ്മുടെ അകമേയുള്ള വ്യാപാരങ്ങളിലാണ് നമ്മുടെ ജീവിതത്തിന്റെ കടിഞ്ഞാൺ ആരുടെ കയ്യിലാണെന്ന മൽപ്പിടുത്തം നടക്കുന്നത്. "ഞാൻ ഇതു

കൈകാര്യം ചെയ്യണം" എന്ന മനോവ്യാപാരത്തിൽനിന്നും "ദൈവത്താൽ ഇതു സാദ്ധ്യമാണ്" എന്ന നിഗമനത്തിലേക്കു വരുന്നതാണ്.

പ്രശ്നങ്ങൾ ഇല്ലാതെയാകുമ്പോഴല്ല നാം സമാധാനം കണ്ടെത്തുന്നത്, പ്രശ്നങ്ങളിലൂടെ ദൈവസാന്നിദ്ധ്യം നമ്മെ നയിക്കുമ്പോഴാണ്.

- സദൃശവാക്യം 3:5-6ലൂടെ ധ്യാനിക്കുകയും, ഈ വാക്യം മനഃപാഠമാക്കുകയും ചെയ്യുക:
  *5 പൂർണ്ണഹൃദയത്തോടെ യഹോവയിൽ ആശ്രയം വയ്ക്കുക;*
  *സ്വന്തവിവേകത്തിൽ ആശ്രയിക്കരുത്.*
  *6 നിന്റെ എല്ലാവഴികളിലും അവിടുത്തെ അംഗീകരിക്കുക;*
  *അവിടുന്ന് നിന്റെ പാതകളെ നേരെയാക്കും.*

- നിങ്ങളുടെ ജീവിതത്തെ നിയന്ത്രിക്കുന്ന പ്രധാന ചിന്തയെന്തെന്ന് ആരെങ്കിലുമായും പങ്കുവയ്ക്കുക.

## ദിനം 10

# ദൈവത്തിന്റെ പദ്ധതികളിലുള്ള ആശ്രയം
## (Trusting in God's Plan)

**റോമർ 8:28**
*"എന്നാൽ, ദൈവത്തെ സ്നേഹിക്കുന്നവർക്കുവേണ്ടി, അവിടുത്തെ ഉദ്ദേശ്യപ്രകാരം വിളിക്കപ്പെട്ടവർക്കു വേണ്ടിത്തന്നേ, എല്ലാക്കാര്യങ്ങളിലും അവിടുന്നു നന്മയ്ക്കായി പ്രവർത്തിക്കുന്നുവെന്നു നാം അറിയുന്നു."*

ഈ വചനം പരമാവധി തവണ വായിച്ച് അതേക്കുറിച്ചു ധ്യാനിക്കുക.

ആശ നഷ്ടപ്പെട്ടു മനസ്സുകലങ്ങിയിരിക്കുന്ന സമയങ്ങളിൽ നമുക്കു പ്രോത്സാഹനവും സമാശ്വാസവും നല്കുന്ന ഒരു വചനമാണിത്. വിശ്വാസ സമൂഹത്തിനു നല്കിയിരിക്കുന്ന വലിയൊരു വാഗ്ദാനവുമാണിത്. നല്ല കാര്യങ്ങളിൽ മാത്രമല്ല, സകല കാര്യങ്ങളിലും (സാഹചര്യങ്ങളിലും, വികാരങ്ങളിലും, അവസ്ഥകളിലും, അവസരങ്ങളിലുമെല്ലാം), ദൈവം സകലകാര്യങ്ങളും ദൈവപദ്ധതിയനുസരിച്ചുതന്നേ നമ്മുടെ നന്മയ്ക്കായി തീർക്കുന്നു എന്ന് എഴുതിയിരിക്കുന്നു.

ആദ്യമായി നാം മനസ്സിലാക്കേണ്ടത്, ഈ വാഗ്ദാനം നല്കിയിരിക്കുന്നത് ലോകത്തിലെ സകലജനത്തിനുമല്ല എന്നതാണ്, ഒരു പ്രത്യേകവിഭാഗക്കാരെ ഉദ്ദേശിച്ചാണ് ഈ വാഗ്ദാനം നല്കിയിരിക്കുന്നത്. ഏതാണ് ഈ വിഭാഗം? *ദൈവത്തെ സ്നേഹിക്കുന്നവർ..., അവിടുത്തെ ഉദ്ദേശ്യപ്രകാരം വിളിക്കപ്പെട്ടവർ...* ഈ വാക്കുകളിൽനിന്നും ഈ വിഭാഗത്തെക്കുറിച്ചു വ്യക്തത ലഭിക്കുന്നു. ഈ വിഭാഗത്തെ തിരഞ്ഞെടുത്തത് എന്തിനുവേണ്ടിയാണ്? തൊട്ടുപിന്നാലെ വരുന്ന വാക്യങ്ങളിൽ നമുക്കുള്ള ഉത്തരമുണ്ട്. *"29ദൈവം മുൻകൂട്ടി അറിഞ്ഞവരെ, തന്റെ പുത്രന്റെ സാദൃശ്യത്തോട് അനുരൂപരാകുവാൻ അവിടുന്നു മുൻനിയമിച്ചിരിക്കുന്നു. അത് അവിടുത്തെ പുത്രൻ അനേകം സഹോദരരിൽ ആദ്യജാതനാകേണ്ടതിനാണ്. 30അവിടുന്ന് മുൻ നിയമിച്ചവരെ വിളിച്ചു; വിളിച്ചവരെ നീതീകരിച്ചു; നീതീകരിച്ചവരെ തേജസ്ക്കരിക്കുകയും ചെയ്തിരിക്കുന്നു"* (റോമർ 8:29-30)

ദൈവം തിരഞ്ഞെടുത്ത, വേർതിരിച്ച, തന്നെ സ്നേഹിക്കുന്ന, തന്റെ ജനമായ ശിഷ്യന്മാര സംബന്ധിച്ച് അവിടുത്തേക്ക് ഒരു ലക്ഷ്യമുണ്ട്: *"തന്റെ പുത്രന്റെ സാദൃശ്യത്തോട് അനുരൂപരാകുക"*. ദൈവത്തിന്റെ ഈ ലക്ഷ്യം മനസ്സിലാക്കാതെ, പരിശുദ്ധാത്മാവ് പൗലോസിലൂടെ വിനിമയം ചെയ്യുന്ന ഈ ആശയം ഗ്രഹിക്കാൻ നമുക്കു കഴിയുകയില്ല.

ദൈവീകമായി ഈ ലക്ഷ്യം മനസ്സിലാക്കാതെ, ദുർഘടസമയങ്ങളിലൂടെ കടന്നുപോകുമ്പോൾ, ഈ വചനം നമുക്ക് ദുർഗ്രഹമായിത്തീരും. എല്ലാക്കാര്യങ്ങളും എന്റെ നന്മയ്ക്കായാണു ദൈവം ഉപയോഗിക്കുന്നത് എന്നു പറയുന്നതിന്റെ അർത്ഥമെന്താണ്? വേദനയും മരണവും നിരാശയും പരാജയവും അപമാനപ്പെടുത്തലും സഹനങ്ങളുമെല്ലാം ദൈവം എനിക്കു നന്മയാക്കുന്നതെങ്ങനെയാണ്?

എന്നാൽ എന്നെന്നും വർദ്ധിച്ചുവരുന്ന തന്റെ മഹത്വത്തിലേക്കു (2 കൊരിന്ത്യർ 3:18) നമ്മെ രൂപാന്തരപ്പെടുത്തുകയാണ് ദൈവത്തിന്റെ പ്രാഥമിക ലക്ഷ്യം എന്നു നാം മനസ്സിലാക്കുമ്പോൾ, ഈ ലക്ഷ്യത്തിലേക്കു ദൈവം നമ്മെ നയിക്കുന്ന പദ്ധതികൾ എന്തെന്നു മനസ്സിലാക്കാനും നമുക്കു സാധിക്കുന്നു. ജീവിതത്തിലെ സന്തോഷകരമായതും ദുഃഖകരമായതുമായ സകല കാര്യങ്ങളും ഉൾപ്പെടുന്ന ഒരു പദ്ധതിയാണിത്,

എന്നെന്നും വർദ്ധിച്ചുകൊണ്ടിരിക്കുന്ന തന്റെ മഹത്വത്തിനു നമ്മെ അനുരൂപമാക്കുക എന്നതാണ് ദൈവത്തിന്റെ പ്രാഥമികവും പ്രധാനവുമായ പദ്ധതിയെന്ന് നിങ്ങൾ ശരിക്കും ഓർത്തു വയ്ക്കുന്നുണ്ടോ?

“മാനസിക ആഘാതത്തിനുശേഷമുള്ള വളർച്ച” എന്ന ഒരു അവസ്ഥയെക്കുറിച്ച് മനഃശാസ്ത്രം പ്രതിപാദിക്കുന്നുണ്ട്. മാനസികമായ വലിയ ആഘാതമുണ്ടാക്കിയ ഒരു സംഭവത്തിനുശേഷം ആളുകളിൽ പ്രകടമാകുന്ന സദ്പ്രേരകമായ വളർച്ചയെക്കുറിച്ചാണ് ഇവിടെ പ്രതിപാദിക്കുന്നത്. വൈകാരികമായ ഒരു ഉലച്ചിലിലൂടെ കടന്നുപോകുമ്പോൾ, നമ്മുടെ ജീവിതത്തിലേക്കു തിരിഞ്ഞുനോക്കുവാൻ അതു നമുക്കു കാരണമാകും, സാധാരണമായ നമ്മുടെ രീതികൾക്കു മുകളിൽ എത്താൻ അതു നമ്മെ സഹായിക്കുകയും ചെയ്യും. ആ ആഘാതത്തെ നാം മറികടക്കുമ്പോൾ, ജീവിതത്തെക്കുറിച്ചും ബന്ധങ്ങളുടെ ആഴത്തെക്കുറിച്ചും വലിയരീതിയിൽ വ്യക്തിപരമായി വളരുന്നതിനെക്കുറിച്ചും ഒരു പുതിയതാത്പര്യവും വിലമതിപ്പും നമ്മിലേക്കു കടന്നുവരുന്നു.

നിങ്ങൾക്കു ചിന്തിക്കാനുള്ള ഒരു വിഷയമിതാണ്: നിങ്ങൾ കടന്നുപോയ ദുർഘടസാഹചര്യങ്ങളിലൂടെ ദൈവം നിങ്ങളുടെ ജീവിതം മികച്ചതാക്കിയത് എങ്ങനെയൊക്കെയാണ്?

ഒരു ക്രിസ്മസ് കേക്കുണ്ടാക്കാനായി പലവിധ വിഭവങ്ങൾ തിരഞ്ഞെടുത്ത് ആവശ്യമായ അളവിൽ ചേർത്തു കൂട്ടിച്ചേർക്കുന്നതുപോലെ, നമ്മുടെ ജീവിതത്തിലൂടെ പ്രവർത്തിച്ചുകൊണ്ട് രക്ഷകനായ യേശുവിനോടു സാദൃശമുള്ളവരാകാൻ വേണ്ടി ദൈവം നമ്മെ രൂപപ്പെടുത്തുന്നു. കേക്കുണ്ടാക്കുന്ന വ്യക്തി ഉപയോഗിക്കുന്ന ചേരുവകൾ ഓരോന്നുമെടുത്തു രുചിച്ചുനോക്കിയാൽ, ധാരാളം ചേരുവകൾക്ക് അരുചിയുള്ളതായി നമുക്കു തോന്നും, എന്നാൽ കേക്കിലൂടെ അതു കഴിക്കുമ്പോൾ അതിന്റെ രുചി വേറൊന്നു തന്നെയാണ്. അതുപോലെതന്നെയാണ് ജീവിതത്തിലെ പല ചേരുവകളെ സംബന്ധിച്ചുമുള്ള ദൈവഹിതത്തിന്റെ യാഥാർത്ഥ്യം. നമുക്കത് ഇഷ്ടപ്പെട്ടില്ലെന്നു വരാം, നമുക്കതു മനസ്സിലായില്ലെന്നു വരാം, ദൈവം നമുക്കായി കരുതിവച്ചിരിക്കുന്നതെന്താണെന്നു ഗ്രഹിക്കാൻ കഴിയാതെവരാം; എന്നിരുന്നാലും ദൈവത്തിന്റെ മനസ്സിൽ നമ്മെക്കുറിച്ചു വിഭാവനം ചെയ്യുന്ന കാര്യങ്ങൾ നമുക്കു ലഭിക്കാവുന്ന ഏറ്റവും മികച്ച കാര്യങ്ങളാണ്. ദൈവത്തിന്റെ സമയത്തികവിൽ പരിപൂർണ്ണത കാണാൻ കഴിയുന്ന തന്റെ പദ്ധതികൾ അവിടുന്നു നിറവേറ്റും.

ആകയാൽ, ദൈവത്തിൽ ആശ്രയിച്ച് അവനിൽ ചാരിനില്ക്കാൻ നമുക്കു പഠിക്കാം. നമ്മിൽത്തന്നെ ആശ്രയിക്കാനും, നമ്മുടെ ചുറ്റും താങ്ങായുള്ള കാര്യങ്ങളിൽ ആശ്രയിക്കാനുമുള്ള പ്രലോഭനം നമുക്കുണ്ടാകാം, എന്നിരുന്നാലും നമ്മുടെ ജീവിതത്തെക്കുറിച്ചുള്ള ദൈവീകപദ്ധതികളിൽ നമുക്ക് ആശ്രയം വയ്ക്കാം.

നമ്മുടെ പദ്ധതികളും ആശയങ്ങളുമെല്ലാം നമുക്ക് ദൈവത്തിനു കീഴടക്കാം, തന്റെ ലക്ഷ്യങ്ങൾക്കും ഹിതത്തിനും അനുരൂപമായി ദൈവം സകലതും നമ്മുടെ നന്മയ്ക്കായി തീർക്കും എന്ന കാര്യത്തിൽ പൂർണ്ണമായി ആശ്രയിക്കുകയും ചെയ്യാം. ദൈവസ്വരൂപത്തിന് നമ്മെ അനുരൂപമാക്കാൻ വേണ്ടി ഇപ്പോൾ നാം കടന്നുപോകുന്ന സാഹചര്യങ്ങളെ ദൈവം എപ്രകാരം ഉപയോഗിക്കുന്നുവെന്നും നമുക്കു പരിശോധിക്കാം. നാം കടന്നുപോകുന്നതിനു സമാനമായ കാര്യത്തിലൂടെ യേശു കടന്നുപോയിട്ടുണ്ടോ എന്നും, അത്തരം സാഹചര്യങ്ങളെ യേശു കൈകാര്യം ചെയ്തത് എപ്രകാരമാണ് എന്നും പരിശോധിക്കാം. നമ്മുടെ നായകനായ യേശുവിൽനിന്നും നമുക്കു പഠിക്കാം, അവിടുത്തെ കാലടികൾ പിന്തുടരാം, അപ്പോൾ മാത്രമാണ് നാം യേശുവിന്റെ ശിഷ്യരാകുന്നത്.

നാം ശ്രദ്ധയർപ്പിച്ചുകൊണ്ടിരുന്ന വാക്യത്തിനു തൊട്ടുമുകളിലുള്ള വചനഭാഗം കൂടി നമുക്കു പരിഗണിക്കാം. *“നാം മക്കളെങ്കിൽ അവകാശികളുമാണ്; ദൈവത്തിന്റെ അവകാശികളും ക്രിസ്തുവിനോടുകൂടെ കൂട്ടവകാശികളും തന്നേ. നാം ക്രിസ്തുവിനോടുകൂടെ അവിടുത്തെ കഷ്ടതയിൽ പങ്കാളികളാകുന്നുവെങ്കിൽ അവിടുത്തെ മഹത്ത്വത്തിന്റെയും പങ്കാളികളായിത്തീരും”* (**റോമർ 8:17**)

എന്തിൽ പങ്കാളികളാകാനാണ് നാം ആഗ്രഹിക്കുന്നത്? അവിടുത്തെ മഹത്വത്തിലോ അതോ അവിടുത്തെ സഹനത്തിലോ? അവിടുത്തെ സഹനത്തിൽ പങ്കാളിയാകാൻ ആഗ്രഹിക്കുന്നത് ആരാണ്? സഹനങ്ങളുടെ ഭാഗഭാഗത്വം കൂടാതെയുള്ള മഹത്വമാണ് നാം ആഗ്രഹിക്കുന്നത്. അതു നടപ്പുള്ള കാര്യമല്ല. ദൈവത്തിന്റെ പദ്ധതി ഇതാണ്: ക്രിസ്തുവിന്റെ കൂട്ടവകാശികളായി നമ്മെ തിരഞ്ഞെടുത്തിരിക്കയാൽ, അവിടുത്തെ

മഹത്വത്തിന്റെ ഭാഗമാകാൻ വേണ്ടി അവിടുത്തെ സഹനങ്ങളിലും നാം പങ്കാളികളാകേണ്ടതാണ്. ക്രിസ്തുവിന്റെ സഹനങ്ങളിൽ പങ്കാളികളാകാൻ നാം തയ്യാറായില്ലെങ്കിൽ എന്തു സംഭവിക്കും? മഹത്വത്തിലേക്കുള്ള ഒരു കുറുക്കുവഴി നമ്മുടെ മുന്നിലുണ്ടോ? ഇല്ല! വില്ല്യം പെൻ എഴുതിയിരിക്കുന്നതുപോലെ, "കുരിശില്ലെങ്കിൽ കിരീടവുമില്ല".

ദൈവത്തിന്റെ പദ്ധതിയിലേക്കു നമുക്ക് ദൃഷ്ടികൾ ഉറപ്പിക്കാം: "എന്നെന്നും വർദ്ധിച്ചുവരുന്ന അവിടുത്തെ മഹത്വത്തിലേക്കു നമ്മെ രൂപാന്തരപ്പെടുത്തുക".

നമ്മെ സൃഷ്ടിച്ചവനു നമ്മെക്കുറിച്ച് അതിശയകരമായ പദ്ധതികൾ ഉണ്ട് എന്നതിൽ നമുക്ക് നന്ദിയുള്ളവരാകാം, അത്തരമൊരു ശ്രേഷ്ഠജീവിതത്തെക്കുറിച്ചു നാം ചിന്തിച്ചിട്ടേയില്ലെങ്കിൽപോലും. അതിലേക്കു നമ്മെ നയിക്കാനായി ദൈവം ഉപയുക്തമാക്കുന്ന പ്രക്രിയകളെയും നമുക്ക് ആശ്രയിക്കാം. *"ദൈവത്തെ സ്നേഹിക്കുന്നവർക്കുവേണ്ടി, അവിടുത്തെ ഉദ്ദേശ്യപ്രകാരം വിളിക്കപ്പെട്ടവർക്കു വേണ്ടിത്തന്നേ, എല്ലാക്കാര്യങ്ങളിലും അവിടുന്നു നന്മയ്ക്കായി പ്രവർത്തിക്കുന്നു"* എന്നത് നമ്മുടെ ആശ്രയവാക്യമാക്കാം.

- യേശുവിനോടു സമമായി നിങ്ങൾ രൂപാന്തരപ്പെട്ടിരിക്കുന്നതായി സ്വയം സങ്കൽപ്പിക്കുക.

- ക്രിസ്തു തിരികെ വരുമ്പോൾ അവിടുത്തെ മഹത്വത്തിൽ നിങ്ങളും പങ്കാളികളായിരിക്കുന്നതിനെക്കുറിച്ചു സങ്കൽപ്പിക്കുക.

- നിങ്ങളുടെ ജീവിതത്തിൽ വിവിധങ്ങളായ സാഹചര്യങ്ങൾ നേരിടുമ്പോൾ ദൈവത്തിന്റെ ഈ വാഗ്ദാനം പ്രായോഗികമായി ഓർത്തിരിക്കാൻ എന്തു ചെയ്യാൻ സാധിക്കും?

**റോമർ 8:28 മനഃപാഠമാക്കുക:**

> *"എന്നാൽ, ദൈവത്തെ സ്നേഹിക്കുന്നവർക്കുവേണ്ടി, അവിടുത്തെ ഉദ്ദേശ്യപ്രകാരം വിളിക്കപ്പെട്ടവർക്കുവേണ്ടിത്തന്നേ, എല്ലാക്കാര്യങ്ങളിലും അവിടുന്നു നന്മയ്ക്കായി പ്രവർത്തിക്കുന്നുവെന്നു നാം അറിയുന്നു."*

## ദിനം 11

# സംശയം മറികടന്ന് ദൈവത്തിൽ ആശ്രയിക്കൽ

## (Choosing to Trust, Overcome Doubt)

ജീവിതത്തിൽ നാം ഓരോരുത്തരും തിരഞ്ഞെടുക്കേണ്ടതായ പ്രധാനപ്പെട്ട ഒരു സംഗതിയാണിത് – ദൈവത്തിൽ ആശ്രയിക്കാനുള്ള തീരുമാനം. സംശയാലുവായ ഒരു വ്യക്തിയായി നമുക്കു കഴിയാം, അല്ലെങ്കിൽ ദൈവത്തിൽ ആശ്രയം വയ്ക്കുന്ന ഒരു വ്യക്തിയാകാൻ തീരുമാനിക്കാം.

**സങ്കീർത്തനം 56:3-4**

3 *എനിക്കു ഭയം നേരിടുമ്പോൾ ഞാൻ അങ്ങയിൽ ആശ്രയിക്കും*
4 *ദൈവത്തിന്റെ വചനത്തെ ഞാൻ പ്രകീർത്തിക്കുന്നു; ദൈവത്തിൽ ഞാൻ ആശ്രയിക്കുന്നു.*
*ഞാൻ ഭയപ്പെടുകയില്ല. മനുഷ്യന് എന്നോട് എന്തുചെയ്യുവാൻ കഴിയും?*

ഗത്ത് ദേശത്തുവച്ച് ഫിലിസ്ത്യർ ദാവീദിനെ പിടികൂടിയ സമയത്ത് എഴുതിയ സങ്കീർത്തനമാണിതെന്ന് ആമുഖമായി എഴുതിയിരിക്കുന്നതു നമുക്കു കാണാം. **1 ശമുവേൽ 21:10-15** വാക്യങ്ങളിൽ ഈ സംഭവ വികാസങ്ങൾ നമുക്കു വായിക്കാൻ കഴിയും.

ഇസ്രായേലിലെ ഭാവി രാജാവായി ശമുവേൽ ദാവീദിനെ അഭിഷേകം ചെയ്തിരുന്നു. ദാവീദിന്റെ ജീവിതത്തിൽ നടന്ന കാര്യങ്ങൾ അതിശയകരമായിരുന്നു; ഗോലിയാത്തിനെ കീഴടക്കിയതുപോലുള്ള കാര്യങ്ങൾ. എന്നാൽ അധികം താമസിക്കുന്നതിനുമുമ്പുതന്നേ, കാര്യങ്ങളുടെ പോക്ക് കീഴ്മേൽ മറിഞ്ഞതുപോലെയായിത്തീർന്നു. ശൗൽ രാജാവിന് ദാവീദിനോടു അസൂയതോന്നിത്തുടങ്ങി. ദാവീദ് തനിക്കൊരു ഭീഷണിയാണെന്ന് അവൻ കരുതി. അവിടെ നിന്നും ഓടിപ്പോവുകമാത്രമാണു

ദാവീദിനുമുന്നിലെ ഏകപോംവഴിയെന്ന രീതിയിൽ കാര്യങ്ങൾ തിരിഞ്ഞു. ഒരു അഭയാർത്ഥിയെന്ന പോലെ ഗുഹകളിൽ ജീവിക്കേണ്ട അവസ്ഥ ദാവീദിനുണ്ടായി. സന്തോഷം ഉണ്ടാക്കുന്ന ഒരു സാഹചര്യമല്ലായിരുന്നു അത്. തനിക്കു പിടിവള്ളിയായി ഉണ്ടായിരുന്ന സകലതും പറിച്ചുമാറ്റപ്പെട്ടപ്പോഴും ദാവീദ് ദൈവത്തിലേക്കു തിരിഞ്ഞു. മറ്റൊരു സങ്കീർത്തനത്തിൽ ദാവീദിന്റെ മുറവിളി നമുക്കു കാണാനാകും: *"യഹോവേ, ഞാൻ അങ്ങയോടു നിലവിളിക്കുന്നു; അങ്ങാണ് എന്റെ ശരണമെന്നും ജീവനുള്ളവരുടെ ദേശത്ത് എന്റെ ഓഹരിയെന്നും ഞാൻ പറയുന്നു"*. (സങ്കീർത്തനം 142:5)

ബാല്യക്കാരനായിരുന്ന കാലത്തുതൊട്ടേ ദാവീദ് ധീരനായിരുന്നു എന്ന് നാം പലപ്പോഴും വായിക്കുന്നുണ്ട്. സിംഹത്തോടും കരടിയോടുമെല്ലാം മല്ലടിച്ചു തന്റെ ആട്ടിൻ പറ്റത്തെ രക്ഷിക്കുന്ന ദാവീദിനെ നമുക്കുറിയാം. ശൗൽ രാജാവടക്കം ഇസ്രായേൽ സൈന്യം മുഴുവനും ജീവനെപേടിച്ചു വിറച്ചു കഴിഞ്ഞ സമയത്ത് ധീരതയോടെ ഗോലിയാത്തിനെ നേരിട്ട ദാവീദിനെയും നമുക്കറിയാം.

എന്നാൽ സങ്കീർത്തനം 56ൽ ദാവീദ് ഭയചകിതനായി നില്ക്കുന്ന ഒരു സാഹചര്യമാണു നാം കാണുന്നത്. നമ്മെ ഭയത്തിലേക്കു തള്ളിവിടുന്ന സാഹചര്യങ്ങൾ നമ്മുടെ ജീവിതത്തിലും കടന്നുവരാം. ആ ഭയങ്ങളോടു നാം പ്രതികരിക്കുന്നത് എപ്രകാരമാണ്? ദാവീദിനെപ്പോലെ, ദൈവത്തിൽ പൂർണ്ണാശ്രയം വയ്ക്കാൻ നമുക്കു കഴിയുന്നുണ്ടോ? വാക്യം 4ൽ, *"ദൈവത്തിൽ ഞാൻ ആശ്രയിക്കുന്നു. ഞാൻ ഭയപ്പെടുകയില്ല"* എന്ന് പറയുന്ന ദാവീദിനെപ്പോലെ.

ഭയവും നിരാശയുമെല്ലാം തന്നെ കീഴടക്കുന്ന സമയത്ത് പ്രത്യേകമായി ദൈവത്തിൽ ആത്മവിശ്വാസവും ആശ്രയവുമർപ്പിക്കുന്ന വാക്കുകളാണ് ദാവീദിൽനിന്നുമുണ്ടാകുന്നത് (സങ്കീർത്തനം 56:3-4). ഭയം ജനിപ്പിക്കുന്ന ഒരു സാഹചര്യത്തിലാണു താനുള്ളതെന്ന് വാക്യം 3ൽ ദാവീദ് സമ്മതിക്കുന്നു. എന്നിരുന്നാലും ഭയത്തിനു കീഴടങ്ങാതെ ദൈവത്തിൽ ആശ്രയിക്കാനുള്ള തീരുമാനമാണ് ദാവീദ് തിരഞ്ഞെടുത്തത്.

ദൈവത്തിന്റെ ശക്തിയിലും, വഴിനടത്തിപ്പിലും, സംരക്ഷണത്തിലുമെല്ലാം ബോധപൂർവ്വമായ ഒരു ആശ്രയം വയ്ക്കലാണ് ദാവീദ് ഇവിടെ ചെയ്യുന്നത്, ഭയത്തിന് അടിമയാകാൻ അനുവദിക്കുന്നതിലല്ല. ദാവീദ് നല്കുന്ന ഈ പാഠം നാം ശ്രദ്ധാപൂർവ്വം പരിഗണിക്കേണ്ടതാണ്.

വാക്യം 4ൽ ദൈവത്തിലുള്ള തന്റെ ആശ്രയവും ദൈവവചനത്തിലുള്ള തന്റെ ഉറപ്പും ദാവീദ് പങ്കുവയ്ക്കുന്നു. ദൈവവചനത്തെ പ്രകീർത്തിക്കുന്നതിലൂടെ ദൈവവാഗ്ദാനങ്ങളിലുള്ള ഉറപ്പും വിശ്വാസ്യതയും ദാവീദ് ഉയർത്തിക്കാണിക്കുന്നു. ദൈവം തന്റെ പക്ഷത്തായതിനാൽ ഭയപ്പെടേണ്ടകാര്യമില്ലെന്ന് ദാവീദ് പ്രഖ്യാപിക്കുന്നു.

മനുഷ്യരുടെ ശക്തിയുടെ അപര്യാപ്തതയെക്കുറിച്ച് വാക്യം 4ന്റെ അവസാനഭാഗത്ത് ദാവീദ് അടിവരയിട്ടു കാണിക്കുന്നു - *മനുഷ്യന് എന്നോട് എന്തുചെയ്യുവാൻ കഴിയും?*

ദൈവവുമായി താരതമ്യപ്പെടുത്തുമ്പോൾ, മർത്യനായ ഒരുവന്റെ ഭീഷണിയും പ്രവൃത്തികളും എത്രമാത്രം നിസ്സാരമാണ് എന്നാണ് ഇവിടെ വിവക്ഷിക്കുന്നത്. മനുഷ്യരിൽ നിന്നും ഉണ്ടാകുന്ന ഉപദ്രവവും എതിർപ്പുമെല്ലാം ദൈവത്തിന്റെ പരമാധികാരത്തിനുമുന്നിൽ പരിഗണനയ്ക്കു യോഗ്യമല്ലായെന്ന ചിന്ത ദൈവത്തിലുള്ള ദാവീദിന്റെ ആശ്രയത്തെ ബലപ്പെടുത്തി.

**കർത്താവിൽ ഞാൻ ആശ്രയം വയ്ക്കും**

*"എനിക്കു ഭയം നേരിടുമ്പോൾ ഞാൻ അങ്ങയിൽ ആശ്രയിക്കും"* എന്നു നമുക്ക് ദൈവത്തോടു പറയുവാൻ സാധിക്കുന്നുണ്ടോ?

ഭയം നമ്മെ കീഴടക്കുന്ന സാഹചര്യങ്ങൾ ഉണ്ടാകുമ്പോൾ, അവയെ നേരിടുവാനുള്ള പ്രധാന ചേരുവയെന്നത് സർവ്വശക്തനായ ദൈവത്തിൽ നിങ്ങളുടെ ആശ്രയമർപ്പിക്കുക എന്നതാണ്. അതിനായി ദൈവവചനത്തിലൂടെ നമുക്കു മുന്നിൽ വെളിപ്പെടുന്ന ദൈവപ്രകൃതം നാം അനുഭവിച്ചറിയുക എന്നതുമാണ്.

ദൈവത്തിന്റെ സാന്നിധ്യത്തിനുമുന്നിൽ സമർപ്പിതരായി സമയം ചിലവഴിക്കുന്നതിലൂടെ ശാന്തമായ അവിടുത്തെ സാന്നിധ്യത്തിന്റെ ഉറപ്പു നമുക്കു മനസ്സിലാകും. ഈ പ്രക്രിയയിലൂടെ നാം കടന്നുപോകുമ്പോൾ നമ്മുടെ ജീവിതത്തിൽ ഇടപെടാനും മാറ്റം വരുത്തുവാനുമുള്ള ദൈവത്തിന്റെ കഴിവിൽ ആത്മവിശ്വാസം കണ്ടെത്താനും നമുക്കാകും.

ഏദെൻ തോട്ടത്തിൽ വച്ചു സാത്താൻ തുടങ്ങിവച്ച തന്ത്രത്തിലൂടെ നമ്മുടെ ഹൃദയത്തിൽ സംശയം ജനിപ്പിച്ച് നമ്മെ ബലഹീനരാക്കാനും, ദൈവത്തിൽനിന്നും നമ്മെ പിൻവലിക്കാനും അവൻ മുതിരുന്നു.

അക്കാരണത്താൽ തന്നെയാണ് **ഫിലിപ്യർ 4:6-7**ൽ പൗലോസ് ഇപ്രകാരം എഴുതിയത്: *"6ഒന്നിനെക്കുറിച്ചും വ്യാകുലപ്പെടരുത്. എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടുകൂടെ ദൈവത്തിനു സമർപ്പിക്കയത്രേ വേണ്ടത്. 7അങ്ങനെയെങ്കിൽ സകല അറിവിനെയും കവിയുന്ന ദൈവികസമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും മനസ്സുകളെയും ക്രിസ്തുയേശുവിൽ കാത്തുകൊള്ളും".*

ഗലീല തടാകത്തിനു കുറുകെ രാത്രിയിൽ അക്കരെകടക്കാൻ തുഴഞ്ഞുകൊണ്ടിരുന്ന ശിഷ്യന്മാരുടെ അടുക്കലേക്കു വെള്ളത്തിനുമീതെ നടന്നുവന്ന യേശുവിനെ കണ്ടപ്പോൾ പത്രോസിനുണ്ടായ ഉത്സാഹം യേശുവിനെപ്പോലെ വെള്ളത്തിനുമീതെ നടക്കണമെന്നതായിരുന്നു. വെള്ളത്തിനുമീതെ നടന്ന് യേശുവിനടുക്കലേക്കു തിരിച്ച പത്രോസ് കാറ്റും കോളും കണ്ടപ്പോൾ സംശയത്തിൽ അകപ്പെട്ട്, യേശുവിൽനിന്നും ദൃഷ്ടി മാറി, മുങ്ങാൻ തുടങ്ങി; കർത്താവേ എന്നെ രക്ഷിക്കണേയെന്ന് വിളിച്ചപേക്ഷിച്ചു. യേശു അവനെ രക്ഷിക്കുകയും ചെയ്തു.

ദാവീദിന്റെ ജീവിതത്തിലും ഇതുപോലെ കല്പിതമായ കാറ്റും കോളും ധാരാളമായി ഉണ്ടായിട്ടുണ്ട്. പീഡനവും, പ്രയാസവും, അപകടവും, നിരാശയും, കുറ്റപ്പെടുത്തലുമെല്ലാം ദാവീദിന്റെ സങ്കീർത്തനങ്ങളിൽ നിറഞ്ഞുനിൽക്കുന്നതു നമുക്കു കാണാം. തന്റെ ശത്രുക്കളുടെ വാക്കുകളെ കൂരമ്പിനോടും ചെളിക്കുണ്ടിനോടും മുക്കിക്കളയുന്ന പെരുവെള്ളത്തോടുമെല്ലാം ദാവീദ് ഉപമിക്കുന്നു.

പത്രോസ് ചെയ്തതുതന്നെയാണ് ദാവീദും ചെയ്തത് - രക്ഷിക്കാനായി ദൈവത്തെ വിളിച്ച് അപേക്ഷിച്ചു.

**പ്രതിഫലനത്തിന്:**

- ദൈവത്തിലുള്ള ആശ്രയം കൈമോശംവന്ന് സംശയത്തിന്റെ ചുഴിയിൽ വീണുപോയ സന്ദർഭങ്ങൾ നിങ്ങളുടെ ജീവിതത്തിൽ ഏതൊക്കെയാണ്?

- പ്രയാസഘട്ടങ്ങളിലൂടെ കടന്നുപോകുമ്പോൾ, സംശയത്തെ മറികടക്കാനും ദൈവാശ്രയത്തിൽ വളരാനും നിങ്ങളെ സഹായിക്കുന്ന ചില വചനങ്ങൾ ഏവയാണ്?

- സംശയങ്ങളെ മറികടന്ന് ദൈവാശ്രയത്തിൽ വളരാൻ ഏതൊക്കെ വഴികൾ നിങ്ങൾക്കു സ്വീകരിക്കാൻ കഴിയും?

- സങ്കീർത്തനം 56ലൂടെ ധ്യാനിക്കുകയും, ദാവീദ് പ്രാർത്ഥിച്ചതുപോലെ പ്രാർത്ഥിക്കുകയും ചെയ്യുക.

## ദിനം 12

# ദൈവത്തോടുള്ള സത്യസന്ധത

## (Honesty with God)

ദൈവത്തോടുള്ള ബന്ധത്തിന്റെ കാര്യം പരിഗണിക്കുമ്പോൾ സത്യസന്ധത അതിൽ സത്തയായ/ അടിസ്ഥാനമായ ഒരു കാര്യമാണ്. പ്രാർത്ഥനയിൽ നാം തുറന്നഹൃദയമുള്ളവരും ആത്മാർത്ഥത പുലർത്തുന്നവരുമാകണമെന്ന് ബൈബിൾ ഓർമ്മിപ്പിക്കുന്നു. ബന്ധത്തിന്റെ കാര്യത്തിലും സത്യസന്ധത ഒരു നിർണ്ണായക ഘടകമാണ് - ദൈവത്തോടും മനുഷ്യരോടുമുള്ള ബന്ധത്തിൽ. നാം കടന്നുപോകുന്ന വികാരങ്ങളും, വേദനയും, നിരാശയും, നിരുത്സാഹവും, ദുഃഖവുമെല്ലാം സത്യസന്ധമായി നാം പങ്കുവയ്ക്കണം. നിരാശയും നിരുത്സാഹവും ഇച്ഛാഭംഗവുമെല്ലാം വിടാതെ നിങ്ങളെ പിടികൂടിയ സന്ദർഭം ജീവിതത്തിൽ ഉണ്ടായിട്ടുണ്ടോ? നിങ്ങൾ പ്രാർത്ഥിച്ചതുപോലെയും ആഗ്രഹിച്ചതുപോലെയും പദ്ധതിയൊരുക്കിയതുപോലെയും കാര്യങ്ങൾ നടക്കാതെ പ്രതീക്ഷിക്കാത്ത ഇടത്തിലേക്കു കാര്യങ്ങൾ കൈവിട്ടു പോയ സമയങ്ങൾ?

**സങ്കീർത്തനം 41:5-9**

5 *"അവൻ മരിച്ച് അവന്റെ നാമം ഇല്ലാതാകും?" എന്ന് എന്റെ ശത്രുക്കൾ ദ്വേഷത്തോടെ എന്നെപ്പറ്റി സംസാരിക്കുന്നു.*

6 *ഒരുവൻ എന്നെ സന്ദർശിക്കുവാൻ വരുമ്പോൾ അവൻ കാപട്യത്തോടെ നല്ല വാക്കു പറയുന്നു; ഹൃദയത്തിലോ അവൻ ദോഷം നിരൂപിക്കുന്നു. അനന്തരം അവൻ പുറത്തുപോയി അതു പറഞ്ഞു പരത്തുന്നു*

7 *എന്റെ എല്ലാ ശത്രുക്കളും എനിക്കെതിരേ തമ്മിൽ മന്ത്രിക്കുന്നു; അവർ എന്നെപ്പറ്റി ദോഷം ചിന്തിക്കുന്നു.*

8 *"ഒരു മാരകവ്യാധി അവനു പിടികൂടിയിരിക്കുന്നു; ഈ കിടപ്പിൽനിന്ന് അവൻ ഇനി എഴുന്നേല്ക്കുകയില്ല" എന്നാണ് അവർ പറയുന്നത്.*

9 *ഞാൻ വിശ്വസിച്ചവനും എന്റെ അപ്പത്തിൽ പങ്കുകാരനുമായിത്തീർന്ന പ്രാണസ്നേഹിതൻപോലും എന്റെ നേരേ കുതികാൽ ഉയർത്തിയിരിക്കുന്നു.*

തന്റെ ശത്രുക്കളുടെ ചതിയും ശത്രുതയും ദാവീദ് അനുഭവിക്കുന്നത് നാം കാണുന്നു. അവന്റെ മരണം അവർ ആഗ്രഹിക്കുന്നു, അവനു ബാധിച്ച രോഗം അവന്റെമേലുള്ള ശിക്ഷാവിധിയായി കണക്കുകൂട്ടുന്നു, അവൻ ഇനി എഴുന്നേൽക്കുകയില്ല എന്നും അവർ പറഞ്ഞുപരത്തുന്നു. തന്റെ അപ്പം പങ്കുവച്ച ഉറ്റചങ്ങാതിപോലും തനിക്കെതിരെ കുതികാലുയർത്തിയത് ദാവീദിനെ വേദനിപ്പിക്കുന്നു.

പ്രവചനപ്രധാനമായ ഒരു വചനമായിട്ടാണ് സങ്കീർത്തനം 41നെ പരിഗണിക്കുന്നത്. യേശു ഈ സങ്കീർത്തനത്തിൽനിന്നും പങ്കുവയ്ക്കുകയും ചെയ്യുന്നുണ്ട് (സങ്കീർത്തനം 41:9, യോഹന്നാൻ 13:18), യൂദാസിന്റെ ഒറ്റിനെക്കുറിച്ചു പരാമർശിക്കുമ്പോൾ.

**ദുഃഖവും നിരാശയും പങ്കുവയ്ക്കുന്നത്**

**വിലാപം:** ദുഃഖവും വേദനയും പ്രകടിപ്പിക്കാനും ഉൾക്കൊള്ളാനുമുള്ള ആരോഗ്യകരമായ ഒരു വഴിയായി വിലാപത്തെ വേദപുസ്തകം ചൂണ്ടിക്കാണിക്കുന്നു, അവയെല്ലാം ഉള്ളിൽ അടക്കിപ്പിടിക്കുന്നതിനു പകരം (സങ്കീർത്തനം 39:2)

**പ്രാർത്ഥന:** നിങ്ങൾ കടന്നുപോകുന്ന സംഘർഷങ്ങളെല്ലാം പ്രാർത്ഥനയിലൂടെ ദൈവതിരുമുന്നിൽ കൊണ്ടുവരുന്നതും വചനം ശുപാർശചെയ്യുന്നു (സങ്കീർത്തനം 13)

**പ്രത്യാശ:** വേദനയുടെ ഘട്ടങ്ങളിൽ പോലും പ്രത്യാശയെ മുറുകെപ്പിടിക്കാൻ ബൈബിൾ നമ്മെ പ്രോത്സാഹിപ്പിക്കുന്നു; നാം കടന്നുപോകുന്ന താത്കാലികമായ ഒരു ദുർഘടപാതയാണിത്, സ്ഥിരമായി നിലനില്ക്കാൻ പോകുന്ന അവസ്ഥയല്ല എന്നു തിരിച്ചറിയാനും (സങ്കീർത്തനം 23:4)

വളരെ ആഴത്തിലുള്ള ദുഃഖവും നിരാശയുമെല്ലാം നേരിട്ട ചില വ്യക്തികളെ നമുക്കു നോക്കാം:

**ഇയ്യോബ്:** തന്റെ ജീവിതത്തിലേക്കു കടന്നുവന്ന വിനാശങ്ങളുടെ ഒരു പരമ്പര ഇയ്യോബിനെ എത്തിച്ചത് അത്യഗാധമായ ദുഃഖത്തിന്റെയും നിരാശയുടെയും ഒരു അവസ്ഥയിലേക്കാണ്.

**മറിയം:** യേശുവിന്റെ മരണത്തിനു ദൃക്സാക്ഷിയാകേണ്ടി വന്നതിലുള്ള ഹൃദയതകർച്ചയും ആശയക്കുഴപ്പവും പ്രത്യാശയില്ലായ്മയും നമുക്കു മനസ്സിലാക്കാം - യേശുവിന്റെ പുനരുത്ഥാനത്തിലൂടെ അവയെല്ലാം മറികടന്നെങ്കിലും.

**യേശു:** ഗെദ്സെമെൻ തോട്ടത്തിൽ വച്ച് എല്ലാവരാലും ഉപേക്ഷിക്കപ്പെട്ടപ്പോഴുണ്ടായ ഹൃദയവേദന

**പൗലോസ്:** നിരന്തരമായി നിരാശപ്പെടുന്ന അവസ്ഥ നേരിട്ടു, താൻ അറിയിച്ച സുവിശേഷത്തിൽനിന്നും മാറിപ്പോയ ഗലാത്യയിലെ സഭയിലെ സാഹചര്യമടക്കമുള്ളത്.

ഹൃദയത്തിലും ആത്മാവിലും തകർച്ചനേരിടുന്നവരുടെ സമീപത്ത് ദൈവം ഉണ്ടെന്ന സത്യം ബൈബിൾ നമ്മെ നിരന്തരമായി ഓർമ്മിപ്പിക്കുന്നു (സങ്കീർത്തനം 34:18). മനുഷ്യരുടെ ദുഃഖം കാണുമ്പോൾ ദൈവത്തിന്റെ ഹൃദയം അലിയുന്നു, അവിടുന്ന് അവരെ വേദനയിൽ ഉപേക്ഷിക്കുന്നില്ല. അതുപോലെതന്നെ, ദുഃഖത്തിലൂടെ കടന്നുപോകുന്നവരെ സമാശ്വസിപ്പിക്കാനായി, പ്രത്യാശയും ഉറപ്പും നല്കുന്ന സമാശ്വാസകനായ പരിശുദ്ധാത്മാവ് അവരോടൊപ്പമുണ്ട്.

നിങ്ങളുടെ സഹനങ്ങളിൽ ദൈവസാന്നിധ്യം ദർശിക്കാൻ നിങ്ങൾക്കു കഴിയുന്നുണ്ടോ?

**2 കൊരിന്ത്യർ 4:8-9**

*"8ഞങ്ങൾ എല്ലാ വശത്തുനിന്നും ഞെരുക്കം അനുഭവിക്കുന്നുണ്ട്. എങ്കിലും തകർന്നുപോകുന്നില്ല; ആശങ്കാകുലർ എങ്കിലും നിരാശപ്പെടുന്നില്ല; 9പീഡിതർ എങ്കിലും ഉപേക്ഷിക്കപ്പെടുന്നില്ല; അടിയേറ്റുവീഴുന്നുണ്ട്, എങ്കിലും നശിച്ചുപോകുന്നില്ല."*

**സങ്കീർത്തനം 27:13-14**

*13 ജീവനുള്ളവരുടെ ദേശത്ത് യഹോവയുടെ നന്മ ദർശിക്കുമെന്ന് ഞാൻ വിശ്വസിക്കാതിരുന്നുവെങ്കിൽ അതെത്ര കഷ്ടം!*

*14 യഹോവയ്ക്കായി കാത്തിരിക്കുക; ധൈര്യപ്പെടുക; നിന്റെ ഹൃദയം ഉറച്ചിരിക്കട്ടെ. അതേ, യഹോവയ്ക്കായി കാത്തിരിക്കുക.*

ഈ ധ്യാനഭാഗം തയ്യാറാക്കാൻ എന്നോട് ആവശ്യപ്പെട്ടസമയത്ത് വലിയ ഒരു നിരാശയിലൂടെ ഞാൻ കടന്നു പോകുന്നുണ്ടായിരുന്നു. ഒരുദിവസം എനിക്ക് ശക്തമായ പനിയും തലവേദനയുമുണ്ടായി. ആശുപത്രിയിൽ ചെന്നപ്പോൾ എന്റെ രക്തത്തിൽ അണുബാധയുണ്ടെന്ന് ഡോക്ടർ പറഞ്ഞു, എന്റെ ബ്ലഡ് കൗണ്ട് താഴോട്ടുപൊയ്ക്കൊണ്ടിരിക്കുകയായിരുന്നു. പത്തു ദിവസം ഞാൻ ആശുപത്രിയിൽ ചികിത്സയിലായിരുന്നു. എന്റെ കുടുംബാംഗങ്ങളും അസുഖബാധിതരായിരുന്നു, ബലഹീനമായ എന്റെ അവസ്ഥയെപ്രതി അവർ എന്നെ സന്ദർശിക്കുന്നത് ഡോക്ടർ വിലക്കിയിരുന്നു. ആശുപത്രിയിൽനിന്നും വീട്ടിൽ വന്നപ്പോൾ പൈൽസ് എന്നെ ബാധിച്ചു. വീട്ടിൽ വന്നുകഴിഞ്ഞാൽ മെച്ചപ്പെടുമെന്നു വിചാരിച്ചെങ്കിലും കൂടുതൽ മോശമാവുകയാണുണ്ടായത്, പ്രഭാതകൃത്യങ്ങൾ ഒരു പേടിസ്വപ്നമായിത്തീർന്നു. ഞാൻ സങ്കടപ്പെട്ടു, നിരാശപ്പെട്ടു, സന്തോഷം എന്നെ വിട്ടകന്നു; ഞാൻ കരഞ്ഞതിനു കണക്കില്ല.

അതിനുശേഷം ദൈവത്തിലേക്കു തിരിഞ്ഞ് എന്തിനാണ് എന്നെ ഈ അവസ്ഥയിലൂടെ കടത്തിവിടുന്നത് എന്നു ചോദിക്കാനും എന്റെ ഹൃദയഭാരം മുഴുവനും പ്രകടിപ്പിക്കാനും തുടങ്ങി. എന്റെ അവസ്ഥ നീ കാണുന്നില്ലേ, എത്രകാലം ഞാൻ ഇതിലൂടെ കടന്നുപോകണം, ഇങ്ങനെയെല്ലാം കടന്നുപോകാൻ ഞാൻ എന്തു തെറ്റാണു ചെയ്തത്, എന്തു പാപത്താലാണ് എനിക്ക് ഈ കഷ്ടതസഹിക്കേണ്ടി വരുന്നത് എന്നെല്ലാം ഞാൻ ചോദിച്ചു. മൂന്നു ദിവസത്തോളം ഞാൻ ദൈവത്തിനുമുന്നിൽ വിലപിച്ചു, അതിനുശേഷം ഞാൻ വൈദ്യശുശ്രൂഷ എടുത്തു, എന്റെ വേദന കുറയുകയും ചെയ്തു. എനിക്കു പറയാനുള്ളതെല്ലാം സത്യസന്ധതയോടും ആത്മാർത്ഥതയോടും കൂടെ ദൈവമുന്നിൽ പറഞ്ഞപ്പോൾ എനിക്കുണ്ടായ സന്തോഷം പറഞ്ഞറിയിക്കാൻ കഴിയില്ല. ദുഃഖവും നിരാശയുമൊന്നും വിശ്വാസക്കുറവിന്റെ ലക്ഷണമല്ല എന്നും എനിക്കു മനസ്സിലായി.

നമ്മുടെ ജീവിതത്തിനും ഭക്തിക്കും ആവശ്യമായതെല്ലാം ദൈവം തന്നുകഴിഞ്ഞു എന്ന വചനവാഗ്ദാനത്തിൽ എനിക്ക് നന്ദിയുണ്ട് (2 പത്രോസ് 1:3). നിരാശയും നിരുത്സാഹവുമെല്ലാം നമ്മിലേക്കു കടന്നുവരുമ്പോൾ, ശരിയായ കാഴ്ചപ്പാടിനായി നമുക്കു ദൈവവചനത്തിലേക്കു നോക്കാം. ദൈവത്തിൽനിന്നും നമ്മെ അകറ്റുന്ന കാര്യങ്ങളിൽ ശ്രദ്ധകേന്ദ്രീകരിച്ചു നാം കഴിയണമെന്നത് ശത്രുവിന്റെ താത്പര്യമാണ്; എന്നാൽ ദൈവത്തിലേക്കു ശ്രദ്ധയർപ്പിക്കുമ്പോൾ നമ്മുടെ മനോഭാവം പുനർനവീകരിക്കപ്പെടുമെന്നത് ഉറപ്പാണ്.

**പ്രതിഫലന ചിന്തകൾ:**

- നിങ്ങൾ കടന്നുപോകുന്ന അവസ്ഥയെക്കുറിച്ച് സത്യസന്ധമായി ദൈവമുന്നിൽ ഏറ്റുപറയാറുണ്ടോ?
- ദൈവത്തിനു മുമ്പിൽ വിലാപം ആചരിക്കേണ്ട ആവശ്യമുള്ള ചില ജീവിത സാഹചര്യങ്ങൾ ഇപ്പോൾ ഏതാണ്?
- പ്രയാസഘട്ടങ്ങളിലൂടെ കടന്നുപോകുമ്പോൾ സമാധാനം കണ്ടെത്താനായി യേശുവിൽനിന്നും നിങ്ങൾ പഠിക്കേണ്ട ചില കാര്യങ്ങൾ ഏവയാണ്?

ദിനം 13

# മുറിവേറ്റ ജീവിതത്തിലുമുള്ള ദൈവാശ്രയം

## (Trusting when Life Hurts)

**മത്തായി 5:4**
*"വിലപിക്കുന്നവർ അനുഗ്രഹീതർ; അവർക്ക് ആശ്വാസം ലഭിക്കും."*

യേശുകർത്താവിന്റെ സമാശ്വാസദായകമായ ഉപദേശങ്ങളിൽ മുന്നിൽ നിൽക്കുന്ന ഒന്നാണ് ഈ വചനം. പല കാരണങ്ങൾകൊണ്ടും നാം വിലപിക്കാറുണ്ട്; വ്യക്തിപരമായി വേദനാജനകമായ അവസ്ഥകളിലൂടെ കടന്നുപോകുമ്പോഴും, അടുത്തബന്ധമുള്ളവരുടെ വേർപാടിലുമൊക്കെ. നമ്മുടെ പാപം നമ്മിൽ ഭാരം കൂട്ടുമ്പോഴും, യേശു ആ ഭാരത്തിനു നല്കിയ വിലയെ ഓർക്കുമ്പോഴും നാം വിലപിക്കാറുണ്ട്.

ദൈവത്തിന്റെ സ്വന്തം ഹൃദയമുള്ളവൻ എന്നു പേരുകേട്ട ദാവീദും തന്റെ ജീവിതത്തിലെ ദുർഘടഘട്ടങ്ങളിൽ വിലപിക്കുന്നതു നമുക്കു കാണാം; ദൈവത്തിന്റെ പാദത്തിൽ ഇരുന്നുകൊണ്ട്, തന്റെ ഹൃദയഭാരത്തിന് ശബ്ദം നല്കിക്കൊണ്ട്, ദാവീദ് ഉറക്കെ കരഞ്ഞു. ഹൃദയത്തിൽ നിന്നും പുറപ്പെട്ട ആ നിലവിളികളാണ് നാമിന്ന് സങ്കീർത്തനങ്ങൾ എന്നു പേർ വിളിച്ചു സൂക്ഷിക്കുന്നത്.

**സങ്കീർത്തനം 6:2–3**

2 *യഹോവേ, എന്നോടു ദയ കാണിക്കണമേ; ഞാൻ തളർന്നിരിക്കുന്നു; യഹോവേ, എന്നെ സൗഖ്യമാക്കണമേ; എന്റെ അസ്ഥികൾ അതിവേദനയനുഭവിക്കുന്നു.*
3 *എന്റെ പ്രാണൻ യാതനയിലായി; യഹോവേ, ഇനിയും എത്ര നാൾ?*

**സങ്കീർത്തനം 6:6–7**

6 *ഞരക്കംകൊണ്ടു ഞാൻ തളർന്നിരിക്കുന്നു; രാത്രി മുഴുവൻ കണ്ണുനീർകൊണ്ട് എന്റെ കട്ടിലിനെ നനച്ച്, എന്റെ കിടക്കയെ ഒഴുക്കുന്നു.*
7 *ദുഃഖത്താൽ എന്റെ കണ്ണുകൾ കുഴിഞ്ഞു; സകല ശത്രുക്കളും നിമിത്തം എന്റെ കാഴ്ച മങ്ങിയുമിരിക്കുന്നു.*

**സങ്കീർത്തനം 13:1–2**

1 *യഹോവേ, എത്രത്തോളം? അവിടുന്ന് എന്നെ എന്നേക്കും മറന്നുകളയുമോ? എത്രത്തോളം തിരുമുഖം എനിക്കു മറയ്ക്കും?*
2 *എത്രത്തോളം എന്റെ ചിന്തകളുമായി മല്ലുപിടിച്ച്, ഞാൻ ദിവസംതോറും ഹൃദയവ്യഥ സഹിക്കും?*

തകർന്ന തന്റെ ഹൃദയം ദാവീദ് ദൈവത്തിനുമുന്നിൽ പകരുന്ന കാഴ്ചയാണ് ഈ വചനങ്ങളിൽ നാം കാണുന്നത്. കയ്പ്പോടെയുള്ള കരച്ചിലാണിത്. തന്നെ രക്ഷിക്കാനായി ദൈവത്തോട് അവൻ യാചിക്കുന്നു. തന്റെ ഹൃദയവികാരങ്ങൾ തന്നെ കീഴടക്കുമ്പോഴും ദൈവം മാത്രമാണ് തന്റെ അഭയസ്ഥാനമെന്ന പൂർണ്ണമായ ധാരണ ദാവീദിനുണ്ടായിരുന്നു.

സങ്കീർത്തനം 22ന്റെ തുടക്കവും ഇതുപോലെ സകലരാലും ത്യജിക്കപ്പെട്ട തന്റെ ഹൃദയം പങ്കുവയ്ക്കുന്ന ഒന്നാണ്.

എന്റെ ജീവിതത്തിലെ ഏറ്റവും ദുർഘടം പിടിച്ച കാലഘട്ടമായിരുന്നു 2024. ഒരു വീഴ്ചയിൽ എന്റ കാലിന്റെ ലിഗമെന്റ് പൊട്ടി, അതിൽനിന്നും പുറത്തുവരുന്നതിനുമുമ്പുതന്നെ എന്റെ പിതാവിന്റെ മരണം നടന്നു. മാനസികാരോഗ്യത്തിൽ വെല്ലുവിളി നേരിടുന്ന എന്റെ അമ്മയ്ക്ക് ആ വേർപാട് സഹിക്കാൻ കഴിയാതെവന്നു, എന്റെ കൂടെ കഴിയുകയായിരുന്നെങ്കിലും അമ്മയുടെ അവസ്ഥ വളരെ പെട്ടെന്ന് ക്ഷയിച്ചുവന്നു. വിഷാദവും ഉത്ക്കണ്ഠയുമെല്ലാം അധികമായി വർദ്ധിച്ച് ഞങ്ങളുടെ പരിധിക്ക് മുകളിലായി.

അമ്മയുടെ ഡോക്ടറെ ഞാൻ നിരന്തരം വിളിച്ചു ശല്യം ചെയ്യുമായിരുന്നു, അമ്മ കഴിച്ചുകൊണ്ടിരുന്ന മരുന്നുകൾ ഒന്നുംതന്നെ ഫലപ്രദമാകുന്നില്ല എന്ന കാരണത്താൽ. രാവും പകലും ഞാൻ കർത്താവിന്റെ പാദത്തിൽ അമ്മയുടെ തിരിച്ചുവരവിനുവേണ്ടി പ്രാർത്ഥിക്കുമായിരുന്നു. എനിക്ക് ഉത്തരമൊന്നും ലഭിക്കുന്നുമില്ലായിരുന്നു. പ്രാർത്ഥനയിൽ ഞാൻ കയ്പോടെ കണ്ണുനീരൊഴുക്കുമായിരുന്നു. ദൈവം എന്നെ കയ്യൊഴിഞ്ഞു എന്ന തോന്നൽ ഞാൻ യേശുവിനു മുമ്പിൽ നിരത്തുമായിരുന്നു. രാത്രികൾ പേടിസ്വപ്നങ്ങളായി മാറി, ചിലപ്പോഴൊക്കെ ഞാൻ മരവിച്ചിരിക്കുമായിരുന്നു, ഞാൻ കുറേക്കാലത്തേക്കു

കാത്തിരിക്കാനാണ് ദൈവം ഇച്ഛിക്കുന്നത് എന്ന തോന്നൽ ചിലപ്പോൾ എന്നെ ആശയക്കുഴപ്പത്തിൽ ആക്കിയിരുന്നു. 'യേശുവേ, എന്റെ ശക്തിയെല്ലാം ക്ഷയിച്ചു, നീ ഇടപെട്ടില്ലെങ്കിൽ ഈ സഹനങ്ങൾ എന്നെ കീഴടക്കിക്കളയും' എന്നു ഞാൻ വേദനയോടെ കരഞ്ഞു പ്രാർത്ഥിച്ചു.

മുകളിൽ നല്കിയ സങ്കീർത്തനങ്ങളിലെല്ലാം പൊതുവേകാണുന്ന ഒരു കാര്യമെന്തെന്നാൽ, സങ്കടത്തോടെ തന്റെ വിലാപം തുടങ്ങുന്ന സങ്കീർത്തകൻ, ദൈവത്തിൽ സമാശ്വാസം കണ്ടെത്തി അത് അവസാനിപ്പിക്കുന്ന കാഴ്ചയാണ്. കഴിഞ്ഞ കാലങ്ങളിൽ ദൈവം തന്നോടു കാണിച്ച വിശ്വസ്തതയെ ഓർക്കുകയും സമാശ്വാസം നേടുകയും ചെയ്യുന്നതും കാണാം. തന്റെ ജീവിതസാഹചര്യങ്ങൾ അസഹനീയമായി തുടരുമ്പോഴും ദൈവത്തിന്റെ അചഞ്ചലസ്നേഹത്തിൽ ആശ്രയംവച്ച് പ്രത്യാശയെ പുതുക്കുന്ന രീതിയിലാണ് ദാവീദിന്റെ പ്രാർത്ഥന പലപ്പോഴും അവസാനിക്കുന്നതായി കാണുന്നത്.

**സങ്കീർത്തനം 13:5-6**

5 *അവിടുത്തെ ആർദ്രകരുണയിൽ ഞാൻ ആശ്രയിക്കുന്നു; എന്റെ ഹൃദയം അവിടുത്തെ രക്ഷയിൽ ആനന്ദിക്കുന്നു.*

6 *ഞാൻ യഹോവയ്ക്കും പാടും; അവിടുന്ന് എനിക്കു നന്മ നല്കിയിരിക്കുന്നു.*

**സങ്കീർത്തനം 22:25**

25 *മഹാസഭയിൽ എനിക്കു പുകഴ്ച അങ്ങയിൽനിന്നു വരുന്നു. അങ്ങയെ ഭയപ്പെടുന്നവരുടെ മുമ്പിൽ ഞാൻ എന്റെ നേർച്ചകൾ കഴിക്കും.*

ഞാൻ കടന്നുപോയ ദുഖത്തിന്റെ ആഴം വാക്കുകളിലേക്കു കൊണ്ടുവരാൻ എനിക്കു കഴിഞ്ഞിരുന്നില്ല, എന്നാൽ സങ്കീർത്തനങ്ങൾ അതിന് എന്നെ സഹായിച്ചു, ഞാൻ സങ്കീർത്തനങ്ങളിലൂടെ പ്രാർത്ഥിച്ചു. സങ്കീർത്തനങ്ങളിലൂടെ ധ്യാനിക്കുകയും ദൈവമുന്നിൽ ഹൃദയം ചൊരിയുകയും ചെയ്തു കൊണ്ടിരുന്നപ്പോൾ ഓരോ ദിവസവും ചെല്ലുന്തോറും എന്റെ മുന്നിൽ പ്രത്യാശയുടെ കിരണങ്ങൾ വിരിയുന്നത് എനിക്കു കാണാൻ കഴിഞ്ഞു. സഭയിലെ സുഹൃത്തുക്കളെ വിളിച്ച് അവരോടൊപ്പവും പ്രാർത്ഥിച്ചു. ദൈവത്തിന്റെ സമാശ്വാസം അവരിലൂടെയും എനിക്ക് അനുഭവിക്കാൻ സാധിച്ചു. കഴിഞ്ഞകാലങ്ങളിൽ ദൈവം എനിക്കായി ചെയ്ത വലിയ കാര്യങ്ങൾ ഓർത്തുവയ്ക്കാനും ഞാൻ ശ്രദ്ധിച്ചു.

ഇതിലെല്ലാം ഉപരിയായി നാം കടന്നുപോകുന്ന കണ്ണീർ ദിവസങ്ങളിൽ നമുക്കു ചേർത്തുവയ്ക്കാൻ സാധിക്കുന്ന ഒരു വാഗ്ദാനവും വേദപുസ്തകത്തിൽ കാണാം:

**വെളിപാട് 21:4**

*"അവിടുന്ന് അവരുടെ കണ്ണിൽനിന്നു കണ്ണുനീരെല്ലാം തുടച്ചുകളയും; മരണം ഇനിയില്ല, വിലാപമോ കരച്ചിലോ വേദനയോ മേലാൽ ഉണ്ടാകയില്ല; ഒന്നാമത്തേതു കഴിഞ്ഞുപോയി."*

നിത്യമായ ഈ ഉറപ്പ് ഓരോ ദൈവപൈതലിന്റെയും സ്വന്തമാണ്. ഈ ജീവിതത്തിൽ നാം കടന്നുപോകുന്ന യാതനകളെല്ലാം ക്ഷണനേരത്തേക്കുള്ളതു മാത്രമാണ്. കരച്ചിലും വിലാപവുമില്ലാത്ത ഒരു നിത്യജീവിതം നമുക്കായി കാത്തിരിക്കുന്നുണ്ട്. തേജസ്സിന്റെ മഹത്വത്തിൽ അവിടുത്തെ മുഖം നാം കാണുമ്പോൾ സകല വേദനയും ദുഖവും നമ്മെവിട്ട് അകന്നുപോകും. ഭൂമിയിലെ നമ്മുടെ നിലവിളികൾ നിത്യമായ നൃത്താഘോഷമായി രൂപാന്തരം പ്രാപിക്കും. ആ നിമിഷം യേശുകർത്താവ് അരുളിച്ചെയ്ത *"വിലപിക്കുന്നവർ അനുഗ്രഹീതർ; അവർക്ക് ആശ്വാസം ലഭിക്കും"* എന്ന വാക്കുകളുടെ അർത്ഥം പൂർണ്ണമായും ഗ്രഹിക്കാൻ അന്നു നമുക്കു കഴിയും.

**പ്രതിഫലന ചിന്തകൾ:**

- നിങ്ങളുടെ ജീവിതത്തിലെ പരീക്ഷണങ്ങൾ നിങ്ങൾ നേരിടുന്നത് എപ്രകാരമാണ്?

- വേദനകളുടെയും വേർപാടുകളുടെയും സമയത്ത് ദൈവത്തിലുള്ള നിങ്ങളുടെ ആശ്രയം അവിടുന്ന് ശക്തിപ്പെടുത്തിയത് എപ്രകാരമെല്ലാമാണ്?

- സങ്കീർത്തനം 16:8 മനഃപാഠമാക്കുക:
  *"ഞാൻ യഹോവയെ എപ്പോഴും എന്റെ മുമ്പിൽ വച്ചിരിക്കുന്നു; അവിടുന്ന് എന്റെ വലതുഭാഗത്തുള്ളതുകൊണ്ട് ഞാൻ കുലുങ്ങുകയില്ല".*

ദിനം 14

# കാണാൻകഴിയാത്ത ദൈവത്തിലുള്ള ആശ്രയം

## (Trusting the Unseen God)

**2 കൊരിന്ത്യർ 5:7**
*"കാഴ്ചയാലല്ല, വിശ്വാസത്താലത്രേ ഞങ്ങൾ ജീവിക്കുന്നത്."*

പുനഃരുത്ഥാനത്തിനുശേഷം നാം പിന്തുടരുന്ന പുതുജീവിതത്തെക്കുറിച്ചാണ് പൗലോസ് ഈ വേദഭാഗത്തു സംസാരിക്കുന്നത്. കുരിശിലെ മരണത്തിനുശേഷം കല്ലറയിൽ അടക്കപ്പെട്ട യേശു കർത്താവ് പുതുക്കപ്പെട്ട ശരീരവുമായി മൂന്നാം ദിനം ഉയിർത്തെഴുന്നേറ്റു. യേശുക്രിസ്തുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു സ്നാനം സ്വീകരിച്ച സമയത്ത്, പുതുജീവിതത്തിലേക്കു നാമും ഉയിർപ്പിക്കപ്പെടുമെന്ന ഉറപ്പ് നമുക്കും ലഭിച്ചു.

**റോമർ 6:4**ൽ പൗലോസ് ഇപ്രകാരം പറയുന്നു:
*"അതുകൊണ്ട്, നാം സ്നാനം മുഖേന ക്രിസ്തുവിനോടുകൂടെ, മരിക്കയും കുഴിച്ചിടപ്പെടുകയും ചെയ്തു. ക്രിസ്തു പിതാവിന്റെ മഹത്വത്താൽ മരിച്ചവരിൽനിന്നും ഉയർപ്പിക്കപ്പെട്ടതുപോലെ നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിനുതന്നേ".*

നമ്മുടെ ആത്മാവു കുടികൊള്ളുന്ന ഈ ശരീരം ധാരാളം പ്രയാസങ്ങൾക്ക് വിധേയമാണ് - പ്രായം, അസുഖം, പിരിമുറുക്കം, ആകുലതകൾ മുതലായ കാര്യങ്ങൾക്ക് ഈ ശരീരത്തെ ബലഹീനമാക്കാൻ സാധിക്കും. പാപഭാരവും നമ്മിൽ ഭാരം നിറയ്ക്കും.

വിശ്വാസത്തിനു വേണ്ടി കഠിനമായ യാതനകൾ അനുഭവിച്ച പൗലോസിന് ഭൗതികമായ തന്റെ ഈ ശരീരം അഴിഞ്ഞുപോയാൽ മഹത്വമേറിയ പുതിയ ഒരു സ്വർഗ്ഗീയ ശരീരം ലഭിക്കുമെന്ന ഉറപ്പുണ്ടായിരുന്നു. ക്രിസ്തുവിലുള്ള നിത്യജീവിതത്തെക്കുറിച്ച് തനിക്കുണ്ടായ ആത്മവിശ്വാസം, കാഴ്ചയാൽ ജീവിക്കാതെ വിശ്വാസത്തിൽ ജീവിക്കാൻ പൗലോസിനെ സഹായിച്ചു.

പൗലോസിനെപ്പോലെയുള്ള, കാഴ്ചയിൽ അധിഷ്ഠിതമല്ലാത്ത വിശ്വാസമാണോ നമുക്കുള്ളത്? ഓരോ നിമിഷവും ദൈവത്തിൽ ആശ്രയം വയ്ക്കാനും, അടുത്ത ചുവട് എന്തെന്നു വ്യക്തമാകാത്ത സന്ദർഭങ്ങളിൽപോലും ദൈവത്തിന്റെ വഴിനടത്തിപ്പിൽ ധൈര്യപ്പെടാനും ഇത്തരമൊരു വിശ്വാസം നമ്മെ നയിക്കും.

യേശുവിന്റെ വാഗ്ദാനങ്ങളിൽ ആശ്രയം വയ്ക്കുന്നതും വിശ്വാസത്തിൽ ജീവിക്കാൻ നമ്മെ സഹായിക്കും. എന്നാൽ കാഴ്ചയിൽ അധിഷ്ഠിതമായ ജീവിതം നാം ഇടറിപ്പോകാൻ ഇടയാക്കും.

നമ്മുടെ പ്രശ്നങ്ങൾ വലുതാണെന്ന ധാരണയാണ് കാഴ്ച നമുക്കു നല്കുന്നത്, എന്നാൽ ദൈവത്താൽ എല്ലാം സാദ്ധ്യമാണെന്ന് വിശ്വാസം നമ്മോടു സംസാരിക്കും.

നാം ആരുമല്ല എന്ന ആശയമാണ് കാഴ്ച നമുക്കു നല്കുന്നത്, എന്നാൽ ദൈവത്തിലുള്ള ആശ്രയം നമ്മെ ബോധ്യപ്പെടുത്തുന്നത് നാം അവിടുത്തെ വിലയേറിയ നിധിയാണെന്നാണ്.

സാഹചര്യങ്ങൾ പ്രത്യാശാരഹിതമാണെന്ന് കാഴ്ച നമ്മോടു പറയും, എന്നാൽ ദൈവം സകലതിന്റെയും നിയന്ത്രണത്തിലുണ്ടെന്നും, അതിനാൽ നമുക്കു പ്രത്യാശയുണ്ടെന്നും വിശ്വാസം നമ്മോടു പറയും.

എന്റെ ഭാര്യ വലിയ ഒരു വാഹനാപകടത്തിൽ പെട്ടപ്പോൾ, ദൈവത്തിന്റെ വാഗ്ദാനങ്ങളിൽ ഞാൻ ഉറച്ചു വിശ്വസിച്ചു, എനിക്ക് അവളെ തിരിച്ചുകിട്ടുമെന്ന് മുഴുവൻ ഹൃദയത്തോടെ വിശ്വസിച്ചു - അവളെ ചികിത്സിച്ച ഡോക്ടർമാർക്ക് അക്കാര്യത്തിൽ ഉറപ്പില്ലായിരുന്നിട്ടും. നെഗറ്റീവായ ചിന്തകൾ എന്റെ മനസ്സിനെ നിയന്ത്രിക്കാതെ, ദൈവത്തിന്റെ സാന്നിധ്യം സദാസമയവും അനുഭവിക്കാൻ ഞാൻ ശ്രമിച്ചു. കാണപ്പെടാത്തവനിൽ വിശ്വസിക്കുകയും ആശ്രയം വയ്ക്കുകയും ചെയ്തതിനാൽ, ആ ദുർഘടഘട്ടത്തെ ആത്മവിശ്വാസത്തോടെ നേരിടാൻ എനിക്കു കഴിഞ്ഞു.

പന്തിരുവരിൽ ഒരുവനായ തോമസ് യേശുവിനെ കണ്ടാലേ വിശ്വസിക്കൂ എന്നു ശഠിച്ച വ്യക്തിയായിരുന്നു, എന്നാൽ **യോഹന്നാൻ 20:29**ൽ യേശു അവനെ കണ്ടു പറഞ്ഞത് ഇപ്രകാരമാണ്:

*"നീ കണ്ടതുകൊണ്ടു വിശ്വസിച്ചു. കാണാതെ വിശ്വസിച്ചവർ ഭാഗ്യവാന്മാർ".*

**യോഹന്നാൻ 20:31**ലാകട്ടെ ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു:
*"എന്നാൽ യേശു ദൈവപുത്രനായ ക്രിസ്തു എന്നു നിങ്ങൾ വിശ്വസിക്കേണ്ടതിനും വിശ്വസിച്ച് അവിടുത്തെ നാമത്തിൽ ജീവൻ പ്രാപിക്കേണ്ടതിനുമായി ഇവ എഴുതപ്പെട്ടിരിക്കുന്നു".*

ഇന്നു നിങ്ങളുടെ ജീവിതം എപ്രകാരമാണ്? വിശ്വാസത്താലാണോ അതോ കാഴ്ചയാലാണോ? യേശുവിന്റെ വാഗ്ദാനങ്ങളിൽ ഉറച്ചുനില്ക്കുക, വിശ്വാസത്തിൽ ജീവിക്കാൻ അതു നിങ്ങളെ സഹായിക്കും.

**വെളിപാട് 3:5**
*"ജയിക്കുന്നവൻ അപ്രകാരം വെള്ളവസ്ത്രം ധരിക്കും. ജീവന്റെ പുസ്തകത്തിൽനിന്ന് അവന്റെ പേര് ഞാൻ മായിച്ചുകളയാതെ എന്റെ പിതാവിന്റെയും അവിടത്തെ ദൂതന്മാരുടെയും മുമ്പാകെ അവന്റെ നാമം ഏറ്റുപറയും".*

**മത്തായി 28:20b**
*"ഞാനോ യുഗാന്ത്യംവരെയും എപ്പോഴും നിങ്ങളോടുകൂടെ ഉണ്ടായിരിക്കും"*

മത്തായി 11:28
*"ക്ഷീണിതരും അദ്ധ്വാനിക്കുന്നവരുമായ ഏവരുമേ, നിങ്ങൾ എന്റെ അടുക്കൽ വരുവിൻ, ഞാൻ നിങ്ങൾക്ക് ആശ്വാസം നല്കും".*

നമ്മുടെ അടുത്തേക്കു തിരിച്ചുവരുമെന്നും നമ്മെ അവിടുത്തോടൊപ്പം കൊണ്ടുപോകുമെന്നും യേശു വാഗ്ദാനം ചെയ്തിരിക്കുന്നു.

**യോഹന്നാൻ 14:1-3**
*"1നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുത്; ദൈവത്തിൽ വിശ്വസിക്കുക, എന്നിലും വിശ്വസിക്കുക. 2എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ ഉണ്ട്. ഇല്ലെങ്കിൽ ഞാൻ നിങ്ങളോടു പറയുമായിരുന്നു. ഞാൻ നിങ്ങൾക്കു സ്ഥലമൊരുക്കുവാൻ പോകുന്നു. 3ഞാൻ പോയി സ്ഥലം ഒരുക്കിയാൽ ഞാൻ ആയിരിക്കുന്നേടത്തു നിങ്ങളും ആയിരിക്കേണ്ടതിന്, മടങ്ങിവന്നു നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും".*

കാഴ്ചയാൽ നടക്കാതെ വിശ്വാസത്താൽ നടക്കാൻ യേശുക്രിസ്തു നമ്മെ അനുഗ്രഹിക്കട്ടെ. നമ്മുടെ വഴികൾ വ്യക്തമാകാത്ത സന്ദർഭങ്ങളിലും നമുക്ക് അവനിൽ ആശ്രയിക്കാം. അവിടുത്തെ വാഗ്ദാനങ്ങളിലും, അവിടുത്തെ ജ്ഞാനത്തിലും, അവിടുത്തെ സമയക്രമത്തിലും നമുക്ക് പ്രതീക്ഷ അർപ്പിക്കാം.

**യോഹന്നാൻ 14:1-3 വാക്യങ്ങൾ മനഃപാഠമാക്കുക**

- വ്യക്തിപരമായ നിങ്ങളുടെ ജീവിതത്തിൽ വിശ്വാസത്താൽ നടക്കുക എന്ന പദത്തിന് എന്ത് അർത്ഥമാണുള്ളത്?

- നിങ്ങളുടെ ജീവിതത്തിലെ ഏതു കോണിലാണ് ആഴത്തിലുള്ള വിശ്വാസത്തിന്റെ ആവശ്യമുള്ളത്? കുടുംബബന്ധത്തിലോ/ആരോഗ്യമേഖലയിലോ/ജോലിക്കാര്യത്തിലോ/സാമ്പത്തികകാര്യങ്ങളിലോ/ബന്ധങ്ങളിലോ ഒക്കെ...?

ദിനം 15

# പ്രാർത്ഥനയിലൂടെ വളർത്തിയെടുക്കുന്ന ആശ്രയം
## (Building Trust Through Prayer)

**1 തെസ്സലോനിക്യർ 5:17**
*"എല്ലായ്പ്പോഴും പ്രാർത്ഥിപ്പിൻ"*

- വളരെവേഗത്തിൽ ചലിക്കുന്ന ഈ ലോകത്തിൽ - ജോലിഭാരവും, കുടുംബഭാരവും, പരീക്ഷകളും, ട്രാഫിക് തടസ്സങ്ങളും, ചെയ്തുതീർക്കാനുള്ള അവസാന തീയതിയുടെ സമ്മർദ്ദങ്ങളും, നിരന്തരമായ ശബ്ദശല്യവും നിറഞ്ഞ ഈ ലോകത്തിൽ - ദൈവത്തിലുള്ള നമ്മുടെ ആശ്രയത്തെ വളരെ എളുപ്പം ആകുലതകൾ വന്നു മറയ്ക്കും.

- എന്നിരുന്നാലും, നിരന്തരമായി പ്രാർത്ഥനയിൽ ജാഗരിക്കുന്ന ഒരു ജീവിതമാണ് നമുക്കുണ്ടാകേണ്ടത് എന്ന് വേദപുസ്തകം നമ്മെ ഉദ്ബോധിപ്പിക്കുന്നു, സമയാസമയങ്ങളിൽ നമുക്കുണ്ടാകേണ്ട ഒരു കാര്യമല്ല ദൈവാശ്രയം എന്നത്, പകരം നിരന്തരമായുണ്ടാകേണ്ട ഒന്നാണ്.

- നിരന്തരമായി നാം ദൈവത്തോടു പ്രാർത്ഥിക്കുമ്പോൾ, നാം ദൈവത്തോടു സംസാരിക്കുക മാത്രമല്ല ചെയ്യുന്നത്, ദൈവവുമായുള്ള നമ്മുടെ ബന്ധം ശക്തിപ്പെടുത്തുകയുമാണ്.

**1. ദൈവത്തിൽ അനുദിനം ആശ്രയിക്കാൻ പ്രാർത്ഥന കളമൊരുക്കുന്നു**

- ശക്തമായ കുടുംബബന്ധങ്ങളും സാമൂഹ്യബന്ധങ്ങളുമുള്ള ഒരു സാംസ്കാരിക പശ്ചാത്തലമാണ് നമുക്കുള്ളത്. ആകയാൽ, ചിലസമയങ്ങളിൽ ദൈവത്തിൽ ആശ്രയിക്കുന്നതിനുപകരം ചുറ്റുമുള്ളവരിൽ ആശ്രയിക്കാനുള്ള ഒരു പ്രവണത ഇതു നമ്മിൽ ഉണ്ടാക്കുന്നു.

- നിരന്തരമായുള്ള പ്രാർത്ഥന മാനുഷിക കരുത്തിൽ ആശ്രയം വയ്ക്കാതെ ദൈവകരത്തിൽ ആശ്രയം വയ്ക്കുന്നതിലേക്ക് നമ്മുടെ ശ്രദ്ധയെ മാറ്റി സ്ഥാപിക്കും.

- വിശേഷദിവസങ്ങളിലോ, ഞായറാഴ്ചയോ ഒക്കെ നാം പരിഗണിക്കുന്ന ഒരു സംഗതിയല്ല ദൈവം എന്നു പ്രാർത്ഥന നമ്മെ ഓർമ്മിപ്പിക്കുന്നു; നമ്മുടെ ഭവനത്തിലും, ജോലിസ്ഥലത്തും, പഠനസ്ഥലത്തും, വാഹനങ്ങളിലും, തെരുവിലുമെല്ലാം എല്ലാ ദിവസവും നമ്മോടൊപ്പം ദൈവം വേണം.

**പ്രധാന വചനങ്ങൾ:**

**സദൃശവാക്യം 3:5-6**
*5 പൂർണ്ണഹൃദയത്തോടെ യഹോവയിൽ ആശ്രയം വയ്ക്കുക; സ്വന്തവിവേകത്തിൽ ആശ്രയിക്കരുത്.*
*6 നിന്റെ എല്ലാവഴികളിലും അവിടുത്തെ അംഗീകരിക്കുക; അവിടുന്ന് നിന്റെ പാതകളെ നേരെയാക്കും.*

**ഫിലിപ്യർ 4:6-7**
*"6ഒന്നിനെക്കുറിച്ചും വ്യാകുലപ്പെടരുത്. എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടുകൂടെ ദൈവത്തിനു സമർപ്പിക്കയത്രേ വേണ്ടത്. 7അങ്ങനെയെങ്കിൽ സകല അറിവിനെയും കവിയുന്ന ദൈവികസമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും മനസ്സുകളെയും ക്രിസ്തുയേശുവിൽ കാത്തുകൊള്ളും."*

**സങ്കീർത്തനം 20:7**
*"ചിലർ രഥങ്ങളിലും ചിലർ കുതിരകളിലും ആശ്രയം വയ്ക്കുന്നു; ഞങ്ങളോ ഞങ്ങളുടെ ദൈവമായ യഹോവയുടെ നാമത്തിൽ ആശ്രയിക്കുന്നു".*

**പ്രതിഫലനത്തിന്:**

- നമ്മിൽ മിക്കവരും ചായയിലോ കാപ്പിയിലോ പ്രഭാതം തുടങ്ങുന്നതുപോലെ, ദിവസത്തിലെ പ്രഥമപ്രാധാന്യം പ്രാർത്ഥനയ്ക്കു നല്കുന്നത് നമുക്കു ശീലമാക്കാം. ദിവസങ്ങൾ കഴിയുമ്പോൾ ഈ

ശീലം ദൈവാശ്രയത്തിലേക്കു നമ്മെ നയിക്കും.

**2. അനിശ്ചിതാവസ്ഥകളിൽ ദൈവാശ്രയത്തിലേക്ക് പ്രാർത്ഥന നമ്മുടെ ഹൃദയത്തെ ഒരുക്കുന്നു.**

- ധാരാളം അനിശ്ചിതാവസ്ഥകൾ നേരിടുന്ന ഒരു സമൂഹത്തിലും കാലഘട്ടത്തിലും കൂടിയാണ് നാം ജീവിക്കുന്നത് - കുട്ടികളുടെ പരീക്ഷയായിട്ടും, ജോലിക്കാര്യത്തിലായിട്ടും, സാമ്പത്തിക വെല്ലുവിളികളായിട്ടും, ആരോഗ്യവെല്ലുവിളികളായിട്ടും, സാമൂഹ്യപ്രതിബദ്ധതകളായിട്ടുമെല്ലാം.

- പ്രാർത്ഥനയുടെ അഭാവം നമ്മിലുള്ളപ്പോൾ, ഭയം ആ ശൂന്യതകളിൽ കയറി നിറയും. നിരന്തരമായി നാം പ്രാർത്ഥിക്കുമ്പോൾ, വിശ്വാസം നമ്മുടെ ഹൃദയത്തിൽ നിറയുകയും ചെയ്യും.

- നമ്മുടെ ജീവിതസാഹചര്യങ്ങളെ ക്ഷണനേരത്തിൽ മാറ്റുന്ന ഒരു സംഗതയല്ല പ്രാർത്ഥന, എന്നാൽ പ്രാർത്ഥന നമ്മിൽ ദൈവാശ്രയം നിറക്കും.

**പ്രധാന വചനങ്ങൾ:**

**ഏശയ്യ 26:3**
*"സ്ഥിരമാനസൻ അങ്ങയിൽ ആശ്രയിച്ചിരിക്കയാൽ അങ്ങ് അവനെ പൂർണ്ണസമാധാനത്തിൽ കാക്കും".*

**യാക്കോബ് 1:6**
*"എന്നാൽ അയാൾ തെല്ലും സംശയിക്കാതെ വിശ്വാസത്തോടെ യാചിക്കണം; സംശയിക്കുന്നവൻ കാറ്റിൽ ഇളകി മറിയുന്ന കടൽത്തിരയ്ക്കു തുല്യൻ".*

**സങ്കീർത്തനം 56:3**
*"എനിക്കു ഭയം നേരിടുമ്പോൾ ഞാൻ അങ്ങയിൽ ആശ്രയിക്കും".*

**പ്രതിഫലനത്തിന്:**

- വിത്തുവിതച്ചതിനുശേഷം മഴ പ്രതീക്ഷിച്ചിരിക്കുന്ന കർഷകരെപ്പോലെ, മറുപടി ലഭിക്കുന്നതിനു മുമ്പേതന്നെ ദൈവത്തിൽ ആശ്രയിക്കാൻ പ്രാർത്ഥന നമ്മെ പഠിപ്പിക്കുന്നു.

**3. ദൈവവുമായുള്ള ബന്ധത്തെ പ്രാർത്ഥന ശക്തിപ്പെടുത്തുന്നു.**

- ബന്ധമില്ലാത്തിടത്ത് ആശ്രയം വളരുകയില്ല. നമ്മുടെ കുടുംബത്തിലായാലും പരസ്പരമുള്ള വിശ്വാസവും ആശ്രയവും വളരുന്നത് അനുദിന സംസാരത്തിലൂടെയും, ഒരുമിച്ചു ഭക്ഷണം കഴിക്കുന്നതിലൂടെയും, ഒരുമിച്ചു സമയം ചിലവഴിക്കുന്നതിലൂടെയുമൊക്കെയാണ്. ഇതുപോലെതന്നെയാണ് ദൈവത്തെ സംബന്ധിച്ചും - പ്രാർത്ഥന എന്നത് ഒരു ബന്ധമാണ്.

- നമ്മുടെ അനുദിചര്യയായി പ്രാർത്ഥന ശക്തിപ്പെടുമ്പോൾ, ദൂരെയുള്ള ഒരു ബിംബമായി മാറാതെ ദൈവസാന്നിധ്യം നമ്മോടൊപ്പമുള്ളതായി വരുന്നു. ദൈവം നമ്മുടെ പിതാവും, ഇടയനും, അനിദിന നായകനുമായിത്തീരുന്നു.

**പ്രധാന വചനങ്ങൾ:**

**യോഹന്നാൻ 15:7**
*"നിങ്ങൾ എന്നിലും എന്റെ വചനം നിങ്ങളിലും വസിച്ചാൽ, നിങ്ങൾ ഇച്ഛിക്കുന്നതെന്തും അപേക്ഷിച്ചു കൊള്ളുക; അതു നിങ്ങൾക്കു ലഭിക്കും."*

**എബ്രായർ 4:16**
*"അതുകൊണ്ടു കരുണ ലഭിക്കുവാനും യഥാസമയം സഹായത്തിനുള്ള കൃപ പ്രാപിക്കുവാനും നമുക്കു ധൈര്യത്തോടെ കൃപാസനത്തിങ്കലേക്ക് അടുത്തുചെല്ലാം."*

**യിരമ്യ 33:3**
*"എന്നെ വിളിച്ചപേക്ഷിക്കുക, ഞാൻ നിനക്ക് ഉത്തരമരുളും; നീ അറിയാത്ത മഹത്തും അഗോചരവുമായ കാര്യങ്ങൾ ഞാൻ നിന്നെ അറിയിക്കും."*

**പ്രതിഫലനം:**

- ഭയംകൂടാതെ ഒരു കുട്ടി അമ്മാ, അപ്പാ എന്നൊക്കെ വിളിക്കുന്നതുപോലെ, ആത്മവിശ്വാസത്തോടെയും ആശ്രയത്തോടെയും കൂടെ ദൈവത്തെ വിളിക്കാനായി ദൈവം നമ്മെ ക്ഷണിക്കുന്നു.

**പ്രതിഫലനത്തിനായുള്ള കൂടുതൽ ചോദ്യങ്ങൾ:**

- ജീവിതം വളരെയധികം തിരക്കുപിടിച്ചതാകുമ്പോൾ, നിങ്ങളുടെ പ്രാർത്ഥനാസമയത്തെ കൈവശപ്പെടുത്തുന്നത് എന്തു കാര്യമാണ്? എങ്ങനെ ഇതു തിരിച്ചു പിടിക്കാം?

- നിങ്ങളുടെ ജീവിതത്തിൽ, ദൈവത്തിൽ ആശ്രയിക്കാൻ ഏറ്റവും ബുദ്ധിമുട്ടു തോന്നുന്ന മേഖല ഏതാണ്, (കുടുംബമോ, ജോലിയോ, ആരോഗ്യമോ, ഉത്തരവാദത്വങ്ങളോ...); ഇക്കാര്യത്തെക്കുറിച്ച് നിരന്തരമായി പ്രാർത്ഥനയിൽ ജാഗരിക്കാൻ എപ്രകാരം സാധിക്കും?

- നിങ്ങളുടെ എല്ലാ പ്രാർത്ഥനയും ദൈവം കേൾക്കുന്നുണ്ട് എന്ന വിശ്വാസത്തിൽ ജീവിക്കുമ്പോൾ, അനുദിനം നിങ്ങൾ എടുക്കുന്ന തീരുമാനങ്ങളിൽ എന്തു വ്യത്യാസമുണ്ടാകും?

- *"എല്ലായ്പ്പോഴും പ്രാർത്ഥിപ്പിൻ"* എന്ന കൽപ്പനയെ അടിസ്ഥാനമാക്കിയ ഒരു ജീവിതചര്യ നിങ്ങൾ രൂപപ്പെടുത്തിയെടുക്കുവാനായി എന്തൊക്കെ ചുവടുകൾ ഈ ആഴ്ചയിൽ സ്വീകരിക്കാൻ സാധിക്കും?

**1 തെസ്സലോനിക്യർ 5:16–18** വാക്യങ്ങൾ മനഃപാഠമാക്കുക
*"16എപ്പോഴും സന്തോഷിപ്പിൻ, 17എല്ലായ്പ്പോഴും പ്രാർത്ഥിപ്പിൻ; 18എല്ലാറ്റിലും സ്തോത്രം ചെയ്യുവിൻ; ഇതാകുന്നു ക്രിസ്തുയേശുവിൽ നിങ്ങളെക്കുറിച്ചുള്ള ദൈവേഷ്ടം"*

**പ്രാർത്ഥന:** സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, ഇടതടവില്ലാതെ പ്രാർത്ഥിക്കാൻ നീ ഞങ്ങളെ പഠിപ്പിക്കേണമേ. ശബ്ദകോലാഹലങ്ങളുടെയും നിരന്തരമായ സമ്മർദ്ദത്തിന്റെ ഈ ദേശത്ത് നിന്റെ സ്വരം കേൾക്കാൻ ഞങ്ങളെ സഹായിക്കണമേ. ഞങ്ങളുടെ ഹൃദയത്തിൽനിന്നു വരുന്ന ഓരോ പ്രാർത്ഥനയിലൂടെയും നിന്നിലുള്ള ആശ്രയം ഞങ്ങളിൽ വളർത്തണമേ. നിന്നിലുള്ള ആശ്രയത്തെ നീ ശക്തിപ്പെടുത്തണമേ, ഞങ്ങളുടെ ഹൃദയത്തെ ശാന്തമാക്കേണണേ, നിന്നിലേക്കു ഞങ്ങളെ കൂടുതലായി അടുപ്പിക്കേണമേ. യേശുവിന്റെ നാമത്തിൽ, ആമേൻ.

## ദിനം 16

# പ്രാർത്ഥനയ്ക്ക് ഉത്തരമില്ലാതെ വരുമ്പോൾ

## (When Prayer Seem Unanswered)

നമ്മുടെ വിശ്വാസപ്രയാണത്തിൽ ദൈവത്തിനായി കാത്തിരിക്കുക എന്നു പറയുമ്പോൾ, 'എത്രകാലം നാം കാത്തിരിക്കണം' എന്നതുമാത്രമല്ല 'എങ്ങനെ കാത്തിരിക്കണം' എന്നതും പരിഗണിക്കേണ്ട കാര്യമാണ്. ദൈവത്തോടൊപ്പമുള്ള നമ്മുടെ പ്രയാണം ഒരു ദിവസം നീണ്ടതായാലും ഒരു യുഗം നീണ്ടതായാലും ദൈവത്തിന്റെ വിശ്വസ്തതയിൽ ഒരിക്കലും മാറ്റം വരുന്നില്ല. പലവചനങ്ങളിലൂടെയും ദൈവത്തിനു നമ്മോടുള്ള അചഞ്ചലസ്നേഹത്തെക്കുറിച്ച് ബോധ്യം വരുത്തുന്നുണ്ട് – തന്റെ ഏകപുത്രനെ സമ്മാനിച്ചതിലൂടെ (യോഹന്നാൻ 3:16), പ്രയാസഘട്ടങ്ങളിൽ നമുക്കു കരുത്തു നല്കുന്നതിലൂടെ (സങ്കീർത്തനം 18), നമ്മുടെ ഹൃദയാഭിലാഷങ്ങൾ സാധിച്ചുതരുന്ന സൗമ്യവഴികളിലൂടെയൊക്കെ (സങ്കീർത്തനം 37:3–4)

ഉദാരമനസ്കനും അനുകമ്പാപൂർണ്ണനുമാണ് നമ്മുടെ ദൈവം. എന്നിരുന്നാലും നമുക്കെല്ലാവർക്കും, നമ്മുടെ ഇടയിലെ ഏറ്റവും വിശ്വാസപൂർണ്ണരായ ശിഷ്യർക്കടക്കം, കാത്തിരിപ്പിന്റെ വേദന സുപരിചിതമാണ്. നമ്മുടെ വിശ്വാസത്തിന്റെ ചപലത ബോധ്യമായ നിമിഷങ്ങൾ, ദൈവത്തിന്റെ സമയക്രമം ഉൾക്കൊള്ളാൻ കഴിയാതെപോകുന്ന നിമിഷങ്ങൾ; ചിലപ്പോൾ ഇങ്ങനെയൊരു കാലഘട്ടത്തിലൂടെയാകും നിങ്ങൾ ഇപ്പോൾ കടന്നുപോകുന്നത്.

**വിലാപങ്ങൾ 3:19-26**

*19 എന്റെ കഷ്ടവും, എന്റെ ഉഴൽചയും, കയ്പും കാഞ്ഞിരവും ഞാൻ ഓർക്കുന്നു.*
*20 ഞാൻ അവയെ നന്നായി ഓർക്കുന്നു. എന്റെ പ്രാണൻ എന്റെ ഉള്ളിൽ വിഷാദപൂർണ്ണമായി.*
*21 എങ്കിലും ഞാൻ ഇത് ഓർക്കും; അതുകൊണ്ട് എനിക്കു പ്രത്യാശയുണ്ട്.*
*22 യഹോവയുടെ മഹാസ്നേഹം നിമിത്തം ഞാൻ നശിപ്പിക്കപ്പെട്ടില്ല. അവന്റെ കരുണകൾ തീർന്നു പോകുന്നില്ല.*
*23 അവ പ്രഭാതംതോറും പുതിയതാകുന്നു; അവിടുത്തെ വിശ്വസ്തത വലിയതും ആകുന്നു.*
*24 ഞാൻ എന്നോടുതന്നെ, യഹോവ എന്റെ ഓഹരി; അതുകൊണ്ട് ഞാൻ അവിടുത്തെ തന്നെ കാത്തിരിക്കും എന്നു പറയുന്നു.*
*25 തന്നിൽ പ്രത്യാശവച്ചിരിക്കുന്നവർക്കും, തന്നെ അന്വേഷിക്കുന്നവർക്കും യഹോവ നല്ലവൻ;*
*26 യഹോവയുടെ രക്ഷയ്ക്കായി ക്ഷമയോടെ കാത്തിരിക്കുന്നതു നല്ലത്.*

കൃപാപൂർണ്ണമായി എങ്ങനെ കാത്തിരിക്കണമെന്നു നമ്മെ കാണിച്ചുതരുന്നു ഈ വചനം. തന്റെ ദുഃഖം വിലാപകൻ മറച്ചുവയ്ക്കുന്നില്ല: *എന്റെ കഷ്ടവും, എന്റെ ഉഴൽചയും, കയ്പും കാഞ്ഞിരവും ഞാൻ ഓർക്കുന്നു* (വാ 19); *എന്റെ പ്രാണൻ എന്റെ ഉള്ളിൽ വിഷാദപൂർണ്ണമായി* (വാ 20). ഇത്തരം അവസ്ഥകൾ സുപരിചിതരായവർ നമ്മുടെയിടയിൽ ധാരാളമുണ്ട് - കുടുംബപ്രശ്നങ്ങളാകാം, സാമ്പത്തിക ബുദ്ധിമുട്ടുകളാകാം, ആരോഗ്യവെല്ലുവിളികളാകാം, വിവാഹത്തിനുവേണ്ടിയുള്ളതോ കുട്ടികൾക്കു വേണ്ടിയുള്ളതോ ആയ നീണ്ടകാത്തിരിപ്പാകാം അതൊക്കെ. നമ്മിൽ അർപ്പിക്കപ്പെട്ട പ്രതീക്ഷകൾ വാനോളമുള്ളതും, ഭാരങ്ങൾ ചുമക്കേണ്ടിവരുന്നത് നിശ്ശബ്ദമായതും ആയ ഒരു പശ്ചാത്തലത്തിൽ ആയിരിക്കുമ്പോൾ, കാത്തിരിപ്പിന് ഭാരം ഏറും.

നാം ഉപവസിക്കുകയും പ്രാർത്ഥിക്കുകയും കരഞ്ഞപേക്ഷിക്കുകയും ചെയ്തിട്ടും തിരിച്ച് ഒന്നും കേൾക്കാൻ കഴിയാത്ത സമയങ്ങൾ നമുക്കുണ്ട്. നിശബ്ദത മാത്രം. ആ നിശബ്ദതയിൽ നമ്മുടെ ഹൃദയം നമ്മോടു മന്ത്രിക്കും - “ദൈവം എന്നെ മറന്നോ?” അവിടുന്ന് അരികിലുണ്ടെന്ന് നമുക്കറിയാമെങ്കിലും നമുക്കത് അനുഭവഭേദ്യമാകുന്നില്ല. എന്നാൽ ഈ വേദഭാഗം അടിസ്ഥാനപരമായ ഒരു കാര്യം നമ്മെ പഠിപ്പിക്കുന്നു:

നമ്മുടെ ഹൃദയവികാരങ്ങൾ നമ്മെ ഭാരപ്പെടുത്തുമ്പോൾ, ദൈവം ആരാണെന്നുള്ള സത്യത്തിലേക്ക് നമ്മുടെ മനസ്സിനെ തിരിക്കേണ്ടതുണ്ട്.

നമ്മുടെ വികാരത്തള്ളലുകളിലേക്ക് നാം ചായാതിരിക്കുമ്പോൾ മാത്രമാണ് ദൈവത്തിന്റെ സ്വഭാവത്തെക്കുറിച്ചു പഠിക്കാൻ നമുക്കു കഴിയുന്നത്. *യഹോവയുടെ മഹാസ്നേഹം നിമിത്തം ഞാൻ നശിപ്പിക്കപ്പെട്ടില്ല.* (വാ 22)

നമ്മുടെ കരുത്തെല്ലാം ചോർന്നുപോയ സമയത്തും ദൈവത്തിന്റെ വിശ്വസ്തത നമ്മെ മുറുകെപ്പിടിക്കും. സകല പ്രയാസങ്ങളിലും അവിടുത്തെ മഹാദയ നമ്മെ നിലനിർത്തും - സാമ്പത്തിക ബുദ്ധിമുട്ടായാലും, ഏകാന്തതയായാലും, പദ്ധതികൾ നടപ്പിലാകാത്തതായാലും, അനാരോഗ്യമായാലും, മരണവും വേർപാടുമായാലും.

അവിടുത്തെ കരുണ ഓരോപ്രഭാതത്തിലും പുതുതാണ്; ഓരോ സൂര്യോദയവും സൗമ്യമായി നമ്മെ ഓർമ്മിപ്പിക്കുന്നു - “എന്റെ കുഞ്ഞേ, ഞാൻ നിന്നെ സ്നേഹിക്കുന്നു”

“സമയമായില്ല” എന്നോ “ഇല്ല” എന്നോ ഒക്കെ ദൈവം സംസാരിക്കുമ്പോൾ അവിടുന്ന് നമ്മുടെ ഹൃദയത്തെ കൂടുതലായി രൂപപ്പെടുത്തുകയാണ് - യേശുവിനു സമമായി. *“അവിടുത്തെ ഇഷ്ടം നടക്കട്ടെ”* (മത്തായി 26:42) എന്നുപറഞ്ഞ് യേശു പ്രാർത്ഥിച്ച് ചെയ്തതുപോലെ, കൂടുതൽ ആഴത്തിലുള്ള ഒരു കീഴടങ്ങലിനായി ദൈവം നമ്മെ ക്ഷണിക്കുകയാണ്. ഭയത്തിൽ അധിഷ്ഠിതമായ ഒരു കീഴടങ്ങലല്ല, ആശ്രയത്തിൽ ഉറച്ച ഒരു കീഴടങ്ങൽ.

നമ്മുടെ സാഹചര്യങ്ങൾ നമുക്കുള്ള പ്രത്യാശയെ നിർവ്വചിക്കാതെ, ദൈവത്തിന്റെ സ്വഭാവം നമ്മുടെ പ്രത്യാശയെ രൂപപ്പെടുത്തുമ്പോൾ, നമ്മുടെ കാത്തിരിപ്പ് കൃപാപൂർണ്ണമാകും.

**പ്രതിഫലനത്തിനായി കുറച്ചു നിമിഷങ്ങൾ ചിലവഴിക്കുക:**

എന്റെ കാത്തിരിപ്പ് എപ്രകാരമാണ്?
- നിരാശയോടെയാണോ?
- ഭയത്തോടും ആശ്രയമില്ലായ്മയോടുമാണോ?
- ദൈവം എനിക്ക് ദൈവത്തെക്കുറിച്ചു തെളിയിച്ചു തരണം എന്ന ഹൃദയവികാരത്തോടെയാണോ?

- അതോ ദൈവത്തിന്റെ സമയക്രമത്തിലും അവിടുത്തെ സ്നേഹത്തിലും ശാന്തമായി ആശ്രയിക്കുന്ന കൃപാപൂർണ്ണമായ ഒരു മനസ്സോടെയാണോ?

ദൈവത്തെ കാത്തു നില്ക്കുന്നതിൽ ബുദ്ധിമുട്ടുന്ന ഒരു ഹൃദയത്തിനു ധ്യാനിക്കാൻ ഉപയോഗയോഗ്യമായ ശക്തമായ ഒരു വേദഭാഗമാണ് സങ്കീർത്തനം 73. നമുക്കു ചുറ്റും അനിശ്ചിതത്വം തങ്ങിനിൽക്കുമ്പോൾ, ദൈവംതന്നെയാണ് നമ്മുടെ ബലവും അംശവുമെന്ന് നമ്മെ ഓർമ്മിപ്പിക്കുന്ന ഒരു സങ്കീർത്തനമാണിത്.

- ദൈവസാന്നിധ്യത്തിനായി നിങ്ങൾ കാത്തിരിക്കുമ്പോൾ, ക്ഷമയുടെയും സമാധാനത്തിന്റെയും വിശുദ്ധമായ ആത്മവിശ്വാസത്തിന്റെയും ആത്മാവിനെ ദൈവം നിങ്ങൾക്കു നല്കട്ടെ
- നിങ്ങളുടെ കാത്തിരിപ്പ് ആരാധനയായി മാറട്ടെ.
- കീഴടങ്ങൽ നിങ്ങളുടെ കരുത്തായി മാറട്ടെ.
- ദൈവത്തിന്റെ ഉത്തരം വരുന്നതുവരെ അവിടുത്തെ കൃപ നിങ്ങള സൗമ്യമായി വഹിക്കട്ടെ.

**വിലാപങ്ങൾ 3:22-23 മനഃപാഠമാക്കുക:**

*22 യഹോവയുടെ മഹാസ്നേഹം നിമിത്തം ഞാൻ നശിപ്പിക്കപ്പെട്ടില്ല. അവന്റെ കരുണകൾ തീർന്നു പോകുന്നില്ല.*

*23 അവ പ്രഭാതംതോറും പുതിയതാകുന്നു; അവിടുത്തെ വിശ്വസ്തത വലിയതും ആകുന്നു.*

## ദിനം 17
# കാത്തിരിപ്പിന്റെ ജ്ഞാനം
## (The Wisdom of Waiting)

**സദൃശവാക്യം 3:1**

*“എല്ലാറ്റിനും ഒരു സമയമുണ്ട്; ആകാശത്തിനുകീഴെയുള്ള ഓരോ പ്രവർത്തനത്തിനും ഒരു കാലമുണ്ട്.”*

ഈ പ്രപഞ്ചത്തെ സൃഷ്ടിക്കാൻ ദൈവം പാകപ്പെടുത്തിവച്ച ഒരു കാലമുണ്ടായിരുന്നു; സമയത്തിന്റെ പൂർത്തീകരണത്തിൽ ദൈവം സംസാരിച്ചു, പ്രപഞ്ചം മുഴുവനും രൂപപ്പെടുകയും ചെയ്തു.

ഭൂമിയിലെ സകലതും സൃഷ്ടിച്ചതിനു ശേഷം ദൈവം തന്റെ സ്വരുപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു. തന്റെ സൃഷ്ടികളിൽ ഏറ്റവും ശ്രേഷ്ഠമായതിനെ ഉരുവാക്കാൻ ബന്ധിതമായ ഒരു സമയം ദൈവം നിയമിച്ചു വച്ചു. തന്റെ മകനെ ഈ ലോകത്തിലേക്ക് അയച്ച് അതിനെ വീണ്ടെടുക്കാനുള്ള സമയവും ദൈവം മുൻകൂട്ടി നിശ്ചയിച്ചു വച്ചു. ദൈവീകമായ തന്റെ അതുല്യജ്ഞാനത്താൽ യേശുവിന്റെ രണ്ടാം വരവിനുള്ള സമയവും ദൈവം നിശ്ചയിച്ചുവച്ചിരിക്കുന്നു - ന്യായവിധിയുടെ ദിവസമായിരിക്കും അത്.

അത്യുന്നതനായ നമ്മുടെ ദൈവത്തിന്റെ ജ്ഞാനപൂർണ്ണതയും ശക്തിപൂർണ്ണതയും നമ്മെ ഓർമ്മിപ്പിക്കുന്ന സത്യങ്ങളാണിവ. ഈ പ്രപഞ്ചത്തിലെ സകലപ്രവൃത്തിയും നിറവേറേണ്ടതിനുള്ള കൃത്യമായ സമയവും കാലവും പരമാധികാരിയായ നമ്മുടെ ദൈവത്തിന്റെ കയ്യിലാണ്.

പഴയനിയമത്തിൽ നാം നോക്കുമ്പോൾ, തന്റെ ജനതയുടെ ജീവിതത്തിൽ തക്കസമയത്ത് അതിശയകരമായി ഇടപെട്ടുപ്രവർത്തിക്കുന്ന ദൈവത്തെ നമുക്കു കാണാം. ഇസഹാക്കിനുവേണ്ടി നീണ്ട 25വർഷം കാത്തിരിക്കേണ്ടിവന്ന അബ്രാഹാമിനെ നോക്കുമ്പോൾ, ആ കാത്തിരിപ്പ് വൃഥാവിലായില്ല എന്നു നമുക്കു കാണാം; പകരം അബ്രാഹാമിന്റെ വിശ്വാസത്തെ അതു ശക്തിപ്പെടുത്തുകയും ആഴമുള്ളതാക്കുകയും ചെയ്തു. ഉല്പത്തി 15:6ൽ ഇപ്രകാരം പറയുന്നു: *“അബ്രാം യഹോവയിൽ വിശ്വസിച്ചു; അത് അവന് നീതിയായി കണക്കാക്കി”*.

ദൈവം ഇസ്രായേൽമക്കളെ ഈജിപ്തിലെ അടിമത്തത്തിൽനിന്നും അതിശയകരമായി വിടുവിച്ചു കൊണ്ടുവന്നെങ്കിലും, നാല്പതുവർഷം മരുഭൂമിയിലെ വന്യതയിൽ അവർ കാത്തിരിക്കേണ്ടിവന്നു; കാനാൻ ദേശത്തു പ്രവേശിക്കുന്നതിനായി. ഇക്കാലയളവിൽ ദൈവം അവരെ നേർവഴി നടത്തി, ദീർഘക്ഷമയും അനുസരണയും പഠിപ്പിച്ചു, അനുദിനഭോജ്യത്തിനുവേണ്ടിപോലും ദൈവത്തെ ആശ്രയിക്കണമെന്നു അവരെ പഠിപ്പിച്ചു. ദൈവവാഗ്ദാനങ്ങളിൽ മാത്രം ആശ്രയിക്കാനും സംശയമില്ലാതെ

മുന്നോട്ടു പോകാനും ദൈവം അവരെ വിളിച്ചു. പുറപ്പാട് 3:8ൽ ദൈവം അവരോടു പറയുന്നതു നോക്കുക: *"അതുകൊണ്ട് ഈജിപ്തുകാരുടെ കയ്യിൽനിന്ന് അവരെ വിടുവിക്കുന്നതിന്, അവരെ ദേശത്തുനിന്നും പുറപ്പെടുവിച്ച് നല്ലതും വിശാലവുമായ ദേശത്തേക്ക്, പാലും തേനും ഒഴുകുന്ന ദേശത്തേക്ക് - കനാന്യർ, ഹിത്യർ, അമോര്യർ, പെരിസ്യർ, ഹിവ്യർ, യെബൂസ്യർ എന്നിവരുടെ സ്ഥലത്തേക്കു കൊണ്ടുപോകുന്നതിനു ഞാൻ ഇറങ്ങിവന്നിരിക്കുന്നു".*

രാജാവായി അഭിഷേകം ചെയ്തിട്ടും ഏകദേശം 14-15 വർഷത്തോളം കാത്തിരുന്നതിനുശേഷമാണ് ദാവീദിന് സിംഹാസനത്തിൽ വാഴാൻ സാധിച്ചത്. ഇക്കാലമത്രയും നിരന്തരമായ കഠിനതകൾ ദാവീദിനെ പിന്തുടർന്നുവന്നു; എങ്കിലും ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് അവിടുത്തെ സമയത്തിനായി ദാവീദ് കാത്തിരുന്നു. അതുകൊണ്ടുതന്നെ ദാവീദിന് ഇപ്രകാരം എഴുതാനും കഴിഞ്ഞു:

**സങ്കീർത്തനം 27:14**
*"യഹോവയ്ക്കായി കാത്തിരിക്കുക; ധൈര്യപ്പെടുക; നിന്റെ ഹൃദയം ഉറച്ചിരിക്കട്ടെ. അതേ, യഹോവയ്ക്കായി കാത്തിരിക്കുക".*

**സങ്കീർത്തനം 37:7**
*"യഹോവയുടെ മുമ്പിൽ മൗനമായിരുന്നു അവിടുത്തേക്കായി ക്ഷമയോടെ കാത്തിരിക്കുക; മനുഷ്യർ തങ്ങളുടേതായ വഴികളിൽ വിജയം നേടുന്നതും തങ്ങളുടെ കുതന്ത്രങ്ങൾ നടപ്പിൽ വരുത്തുന്നതും കണ്ട് അസ്വസ്ഥനാകരുത്".*

ജോസഫ് തന്റെ ജീവിതത്തിൽ ദീർഘകാലം കാത്തിരിക്കാൻ തീരുമാനിച്ചതിന്റെ കാരണം കേൾക്കുമ്പോൾ ആരും ബോധ്യമുള്ളവരും വെല്ലുവിളിക്കപ്പെടുന്നവരുമാകും. പൊട്ടക്കിണറ്റിൽനിന്നും പൊത്തിഫറുടെ വീട്ടിലേക്കും, അവിടെനിന്നു കാരാഗൃഹത്തിലേക്കും, അവിടെനിന്ന് ഫറവോന്റെ കൊട്ടാരത്തിലേക്കുമുള്ള ജോസഫിന്റെ യാത്ര, ദൈവത്തിന്റെ പരിപൂർണ്ണമായ സമയപൂർത്തിക്കുവേണ്ടി കാത്തിരിക്കേണ്ടതിന്റെ മൂല്യം നമ്മെ പഠിപ്പിക്കുകയും ചെയ്യുന്നു. ജ്ഞാനത്തിലും അറിവിലും തികവുള്ള ഒരുവനായി വളർന്ന ജോസഫിനെ പിന്നീടു നമുക്കു കാണാനുമാകും. തന്റെ ജീവിതത്തിൽ നടമാടിയ സകലകാര്യങ്ങളെയും ദൈവീകമായ ഒരു കാഴ്ചപ്പാടിൽ ജോസഫ് കണ്ടതിനെക്കുറിച്ച് അവന്റെ വാക്കുകളിലൂടെ തന്നെ നമുക്കു വായിക്കാനാകും:

**ഉല്പത്തി 45:7**
*"എന്നാൽ ഭൂമുഖത്ത് നിങ്ങൾക്കായി ഒരു ശേഷിപ്പിനെ നിലനിർത്തുവാനും മഹത്തായ ഒരു വിടുതലിലൂടെ നിങ്ങളുടെ പ്രാണനെ രക്ഷിക്കാനുമായി ദൈവം നിങ്ങൾക്കുമുമ്പേ എന്നെ അയച്ചിരിക്കുന്നു."*

കാത്തിരിപ്പ് നമ്മെ മുഷിപ്പിക്കുന്നു. ചെയ്തുതീർക്കേണ്ട കാര്യങ്ങൾക്കുവേണ്ടിയായാലും, ബുദ്ധിമുട്ടേറിയ സാഹചര്യങ്ങൾ മാറാൻ വേണ്ടിയായാലും, കുട്ടികളും മറ്റുള്ളവരും നേർദിശയിലേക്കു വരുവാൻ വേണ്ടിയായാലും, ജോലിയിൽ കാര്യങ്ങൾ അനുകൂലമാകാൻ വേണ്ടിയായാലും, സാമ്പത്തിക പ്രയാസങ്ങൾ അവസാനിക്കാൻ വേണ്ടിയായാലും, മാറാരോഗം ശമിക്കാൻ വേണ്ടിയായാലും പുതിയ മിനിസ്ട്രി തുടങ്ങാൻ വാതിൽ തുറക്കാൻ വേണ്ടിയായാലും, എന്തിനുവേണ്ടിയായാലും, കാത്തിരിക്കുന്നത് നമ്മെ മുഷിപ്പിക്കും.

കാത്തിരിപ്പ് നമ്മിൽ കയ്പുനിറയ്ക്കാനും, നമ്മെ അസ്വസ്ഥരാക്കാനും, വിശ്വാസം വെടിയാനും, പ്രത്യാശ കൈവിടാനുമൊക്കെ കാരണമായേക്കാം; അതല്ലെങ്കിൽ ക്ഷമയുടെ ശ്രേഷ്ഠഭാവം ഉൾക്കൊള്ളുന്നതും പ്രത്യാശയിൽ നിറയുന്നതും പഠിക്കാൻ കാരണമായേക്കാം.

കണ്ണൂരിൽനിന്നും കോട്ടയത്തേക്ക് സഭ നയിക്കാനായി ഞങ്ങൾ വന്നപ്പോൾ, വിശ്വനാഥന്റെ സ്ഥലംമാറ്റം ഉടനെയുണ്ടാകുമെന്നു പ്രതീക്ഷിച്ചു. എന്നാൽ ഞങ്ങൾ പ്രതീക്ഷിച്ചതുപോലെയല്ല കാര്യങ്ങൾ പോയത്, രണ്ടുവർഷത്തെ നീണ്ട കാത്തിരിപ്പിനുശേഷമാണ് ആ സ്ഥലംമാറ്റം കിട്ടിയത്. കോട്ടയത്തെ മിനിസ്ട്രിയും കണ്ണൂരിലെ ജോലിയും ഒരുമിച്ചു കൊണ്ടുപോകാനായി എന്റെ ഭർത്താവ് എല്ലാ ആഴ്ചവട്ടത്തിലും യാത്രചെയ്യേണ്ടിവന്നു; വളരെ കഷ്ടത അനുഭവിച്ച രണ്ടു വർഷമായിരുന്നു അത്. പുതിയ സ്ഥലത്തിന്റെയും ചുറ്റുപാടുകളുടെയും ആളുകളുടെയും നടുവിൽ നിന്നുകൊണ്ട് ഉത്തരവാദിത്വങ്ങൾ നിറവേറ്റാൻ ദൈവത്തിൽ ധാരാളമായി ആശ്രയിക്കേണ്ടി വന്ന ഒരു സമയമായിരുന്നു എനിക്ക് അത്. ഒരു സ്ഥലംമാറ്റത്തിനായി അനേകം വാതിലുകളിൽ മുട്ടിയിട്ടും സാദ്ധ്യമല്ല എന്ന മറുപടിയായിരുന്നു ലഭിച്ചുകൊണ്ടിരുന്നത്. ദൈവത്തിന്റെ സമയത്തിനും ഹിതത്തിനും വേണ്ടി കീഴടങ്ങി കാത്തിരിക്കാനും നിരന്തരമായി പ്രാർത്ഥിക്കാനും ഞങ്ങൾ തീരുമാനിച്ചു; ദൈവത്തിന്റെ സമയത്ത് അവിടുന്ന് ഞങ്ങളെ അനുഗ്രഹിച്ചു.

കാത്തിരിപ്പിന്റെ കാലങ്ങളിൽ നമ്മൾ പഠിക്കുന്ന വിലയേറിയ കുറേ കാര്യങ്ങളുണ്ട്. ദൈവത്തിന്റെ സ്വരം

കേൾക്കാൻ ഒരുങ്ങുക എന്നതാണ് ഒന്ന്. ദൈവത്തിന്റെ സമയത്തിൽ അവിടുത്തെ ഹിതം നിറവേറാൻ കീഴടങ്ങി കാത്തിരിക്കുകയാണ് മറ്റൊന്ന്. ദൈവത്തിന്റെ ഹിതവും ജ്ഞാനവും നമ്മുടെ ഹൃദയങ്ങളിലും മനസ്സിലും നിറയട്ടെ, പ്രത്യാശാപൂർണ്ണരായും ക്ഷമാപൂർണ്ണരായും വർത്തിക്കാൻ അതു നമ്മെ സഹായിക്കട്ടെ.

**ഇയ്യോബ് 12:13**
*"ജ്ഞാനവും ശക്തിയും അവിടുത്തെ പക്കൽ ആകുന്നു; ആലോചനയും വിവേകവും അവിടുത്തേക്കുള്ളത്."*

**പ്രതിഫലന ചിന്തകൾ:**

- കാര്യങ്ങൾ നടന്നുകാണാനായി ദീർഘകാലം കാത്തിരിക്കേണ്ടി വരുമ്പോൾ നിങ്ങൾ ആ കാത്തിരിപ്പിനെ എങ്ങനെയാണ് കൈകാര്യം ചെയ്യുന്നതെന്ന് ചിന്തിച്ച് എഴുതി സൂക്ഷിക്കുക.

- ദീർഘമായ കാത്തിരിപ്പുകാലങ്ങളിൽ വിശ്വസ്തതയോടും ക്ഷമയോടും കൂടെ കാത്തിരിക്കാൻ നിങ്ങളെ സഹായിച്ച ചില ശീലങ്ങൾ എന്തൊക്കെയാണ്?

- സങ്കീർത്തനം 37:7 ധ്യാനിക്കുക, ഈ വചനം മനഃപാഠമാക്കുക
  *"യഹോവയുടെ മുമ്പിൽ മൗനമായിരുന്നു അവിടുത്തേക്കായി ക്ഷമയോടെ കാത്തിരിക്കുക; മനുഷ്യർ തങ്ങളുടേതായ വഴികളിൽ വിജയം നേടുന്നതും തങ്ങളുടെ കുതന്ത്രങ്ങൾ നടപ്പിൽ വരുത്തുന്നതും കണ്ട് അസ്വസ്ഥനാകരുത്".*

ദിനം 18

# കൃപയെന്ന വരത്തിലുള്ള ആശ്രയം
## (Trusting the Gift of Grace)

**2 കൊരിന്ത്യർ 12:9**
*"എന്നാൽ അവിടുന്ന് എന്നോട്, എന്റെ കൃപ നിനക്കുമതി, എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞുവരുന്നു എന്നു പറഞ്ഞു. അതുകൊണ്ടു ക്രിസ്തുവിന്റെ ശക്തി എന്റെമേൽ ആവസിക്കേണ്ടതിനു ഞാൻ അധികം സന്തോഷത്തോടെ എന്റെ ബലഹീനതകളെപ്പറ്റി പ്രശംസിക്കും."*

2 കൊരിന്ത്യർ 11, 12 അദ്ധ്യായങ്ങൾ ബുദ്ധിമുട്ടേറിയ ഒരു സാഹചര്യത്തിൽ പൗലോസിന് എഴുതേണ്ടിവന്ന അദ്ധ്യായങ്ങളാണ്. തനിക്ക് അസൗകര്യവും പരിചയമില്ലാത്തതുമായ ഒരു സാഹചര്യത്തിലേക്ക് പൗലോസിനെ തള്ളിവിടപ്പെടുകയാണിവിടെ - വമ്പുപറച്ചിലിലേക്ക്. സാധാരണഗതിയിൽ തന്റെ അനുഭവങ്ങളെയോ നേട്ടങ്ങളെയോ ഉയർത്തിപ്പറയുന്ന ഒരാളല്ല പൗലോസ്. അത്തരം വമ്പുപറച്ചിലുകളെ ബുദ്ധിശൂന്യതയായാണ് അദ്ദേഹം കണക്കാക്കുന്നത്. എന്നാൽ ഇവിടെ, കൊരിന്ത്യയിലെ സഭയിൽ ചില ദുരുപദേശകർ കടന്നുകൂടിയിട്ട്, പുറമേയുള്ള കുറച്ചു മേനികളെ - വിജയവും, പ്രസംഗപ്രാവീണ്യവും, കേൾക്കുന്നവരുടെ മനസ്സിൽ ചാഞ്ചല്യമുണ്ടാക്കുന്ന അനുഭങ്ങളുമൊക്കെ - ഉയർത്തിക്കാട്ടി, അവയാണ് ആത്മീയതയുടെ അളവുകോലുകൾ എന്നചിന്ത സഭയിലേക്കു കടത്തിവിട്ടു. സഭയെയും സുവിശേഷ സത്യത്തെയും സംരക്ഷിക്കാനായി, താൻ അതിജീവിച്ച പീഡനങ്ങളെയും, തനിക്കുലഭിച്ച വലിയൊരു ദർശനത്തെയുംകുറിച്ച് മനസ്സില്ലാമനസ്സോടെ ഇവിടെ പൗലോസ് സംസാരിക്കുന്നു. ആത്മീയ അഹന്തയെക്കുറിച്ച് തനിക്കുള്ള ഭയവും, തന്റെ വിനയവും വെളിവാക്കുന്ന ഒരു കാര്യമാണ് വമ്പുപറയുന്നതിൽ പൗലോസിനുള്ള വിമുഖത കാണിക്കുന്നത്.

മറ്റൊരു വ്യക്തിയെക്കുറിച്ച് സംസാരിക്കുന്നതുപോലെയാണ് പൗലോസ് തന്റെ സ്വർഗ്ഗീയാനുഭവത്തെക്കുറിച്ചു പറയുന്നത്, സ്വയം മഹത്വം നല്കുന്ന നിലപാടിൽനിന്ന് പൗലോസ് തന്നെത്തന്നെ മാറ്റിനിർത്തുന്നു. ഇത്തരത്തിലുള്ള നിഗൂഢമായ അനുഭവങ്ങളെക്കുറിച്ചു പറഞ്ഞ് തന്റെ അധികാരം വളർത്തുന്നകാര്യത്തിൽ പൗലോസ് വിമുഖത കാണിക്കുന്നു. എന്നാൽ ഇതിലുമൊക്കെ എത്രയോ നിറംകെട്ട ഒരു കാര്യത്തെക്കുറിച്ചു വമ്പുപറയാനാണ് പൗലോസ് ഇച്ഛിച്ചത് - തന്റെ ബലഹീനതകളെക്കുറിച്ച്. തനിക്കു ലഭിച്ച ദർശനത്തെക്കുറിച്ച് സംസാരിച്ചതിനുപിന്നാലെ, വ്യക്തിപരമായി തന്നെ ഭാരപ്പെടുത്തുന്ന കാര്യത്തെക്കുറിച്ചു പങ്കുവയ്ക്കുകയാണ് പൗലോസ് ചെയ്യുന്നത് - തന്റെ

മാംസത്തിലെ മുള്ളിനെക്കുറിച്ച്. ഈ മുള്ള് എന്താണെന്നതിനെക്കുറിച്ച് പൗലോസ് നമ്മോടു വ്യക്തമാക്കുന്നില്ല. എന്നിരുന്നാലും അതു പൗലോസിന് വേദനയും, ആഴത്തിലുള്ള നിരാശയും, പരിമിതത്വവും നല്കുന്നുണ്ടായിരുന്നു. മൂന്നു പ്രാവശ്യം ഇതു മാറ്റണമേയെന്ന് പൗലോസ് പ്രാർത്ഥിച്ചതായി പറയുന്നു. തനിക്കു ലഭിച്ച വിളിയിലും, തനിക്കു ലഭിച്ച ദാനങ്ങളിലും, തടസ്സംകൂടാതെ ദൈവത്തെ ശുശ്രൂഷിക്കണമെന്ന തന്റെ ആഗ്രഹത്തിനും ഭംഗംവരുത്തുന്ന ഒരു മുള്ളായിരുന്നു അത്. പൗലോസിനെ അലോസരപ്പെടുത്തുകയും, താൻ ബലഹീനനാണ് എന്ന് ഓരോദിവസവും ഓർമ്മിപ്പിക്കുകയും ചെയ്തിരുന്നു ഈ മുള്ള്.

ബലഹീനതയുടെ ഈ ഇടത്തിലാണ് പൗലോസിന്റെ ജീവിതത്തിൽ മാറ്റം നല്കിയ വാക്കുകൾ യേശുവിൽനിന്നും കേട്ടത്: *"എന്റെ കൃപ നിനക്കുമതി"*. ആ മുള്ളു നല്കാനുള്ള കാരണത്തെക്കുറിച്ച് യേശു സംസാരിക്കുന്നില്ല, യേശു അതെടുത്തുമാറ്റുന്നുമില്ല. പകരം, യേശു അതിനെ പുതുക്കി നിർവ്വചിക്കുന്നു. ദൈവകൃപയാണ് പൗലോസിന് ഉത്തരമായി ലഭിച്ചത്; പഴിചാരി രക്ഷപെടാനുള്ള ഒരു ഉപാധിയായിട്ടല്ല, പകരം, ജീവൻ നിലനിർത്താനുള്ള ഒരു പ്രചോദനമായിട്ട്. തന്നിൽനിന്നും എടുത്തുമാറ്റാത്ത ആ കാര്യത്തിൽ തന്നെ മുന്നോട്ടുകൊണ്ടുപോകാനായി താൻ അർഹിക്കാത്ത ദൈവത്തിന്റെ സ്നേഹവും അവിടുന്നു നല്കുന്ന കരുത്തും മതിയായതാണ് എന്നാണ് പൗലോസ് പറയുന്നത്. ദൈവത്തിന്റെ ശക്തിയെ പൂർണ്ണമാക്കുന്ന ഇടമായിട്ടാണ് യേശു നമ്മുടെ ബലഹീനതകളെക്കുറിച്ചു സംസാരിക്കുന്നതും.

വിശ്വാസത്തിൽ നമുക്കുണ്ടാകേണ്ട ശ്രേഷ്ഠമായ ഒരു രൂപാന്തരത്തെക്കുറിച്ചാണ് പൗലോസ് ഇവിടെ വെളിവാക്കുന്നത്. വീണ്ടും വീണ്ടും സൗഖ്യത്തിനും വിടുതലിനുമായി യാചിക്കാതെ, തന്റെ ബലഹീനതയെക്കുറിച്ച് പൗലോസ് ഉയർത്തിപ്പറയുന്നു. ദൈവത്തിൽ ആശ്രയമർപ്പിക്കുന്നത് ഒരു പരാജയമല്ല, പകരം ശരിയായ കരുത്തു നേടുന്നതിനുള്ള ഒരു വാതിലാണ് അതെന്ന് പൗലോസ് മനസ്സിലാക്കി. *"ബലഹീനനായിരിക്കുമ്പോൾത്തന്നേ ഞാൻ ശക്തനാകുന്നു"* - പൗലോസ് ഉറക്കെ പ്രഖ്യാപിക്കുന്നു. തന്റെ വേദനയെ നിഷേധിച്ചു പറയുന്നതല്ല ഇത്, പകരം ദൈവകൃപയിലുള്ള ആശ്രയമാണിത്. ദൈവത്തിന്റെ കൃപയെക്കുറിച്ച് അത്രയും ശക്തമായും ശ്രേഷ്ഠമായും പഠിപ്പിച്ച പൗലോസിനുതന്നെ കൃപയെക്കുറിച്ച് ഒരു വാക്ക് യേശുവിൽ നിന്നും നേരിട്ടു കേൾക്കേണ്ടിയിരുന്നു. കൃപയെക്കുറിച്ചു നമുക്കുള്ള അറിവിനെ പൊളിച്ചു പണിയുന്ന ഒരു ചിന്തയാണിത്. രക്ഷയെക്കുറിച്ചുള്ളതോ പാപപ്പൊറുതിയെക്കുറിച്ചുള്ളതോ ആയ പദ്ധ്യോപദേശം മാത്രമല്ല കൃപയെന്നത്; ജീവിതം ഭാരമേറുമ്പോൾ നമ്മെ അനുദിനം താങ്ങുന്ന ദൈവശക്തിയാണിത്.

നമ്മെസംബന്ധിച്ച്, യേശുവിന്റെ വാക്കുകൾക്ക് അന്നുണ്ടായിരുന്ന ശക്തിതന്നെ ഇന്നുമുണ്ട്. നമുക്കോരോരുത്തർക്കും ഒരു മുള്ളുണ്ട് - പരിഹാരം കാണാത്ത ഒരു പ്രശ്നം, കടിച്ചുതൂങ്ങിക്കിടക്കുന്ന ഒരു വേദന, ഉത്തരം കിട്ടാത്ത ഒരു പ്രാർത്ഥന, നമ്മെ വരുതിയിലാക്കുന്ന ഒരു ഭാരം - എന്തുമാകാമത്. അതുമാറ്റിത്തരണമെന്ന് നാം പലപ്പോഴും പ്രാർത്ഥിക്കും, പൗലോസിനെപ്പോലെ. ചിലസമയത്ത് ദൈവം അതു ചെയ്യും, മറ്റു ചിലസമയത്ത് ദൈവം ഇപ്രകാരം പറയും: *"എന്റെ കൃപ നിനക്കുമതി"*. അവിടുത്തെ കൃപ നമ്മെ നടത്തുകയും വഹിക്കുകയും, ബലപ്പെടുത്തുകയും, നമ്മുടെ ബലഹീനതകളിലൂടെ പ്രവർത്തിക്കുകയും ചെയ്യും എന്നാണ് ഇതിനർത്ഥം. നമ്മുടെ സാഹചര്യങ്ങളെ എപ്പോഴും മാറ്റുന്ന ഒരു കാര്യമല്ല ദൈവകൃപ, പകരം നമ്മുടെ സാഹചര്യങ്ങളിൽ നാം ജീവിക്കുന്നത് എപ്രകാരമെന്നതിനെ മാറ്റിയെഴുതുന്ന ഒരു കാര്യമാണ് ദൈവകൃപ.

ദൈവകൃപയിൽ ആശ്രയിക്കുന്നു എന്നു പറയുമ്പോൾ, നമ്മുടെ സ്വന്തം കരുത്ത് മതിയായതാണ് എന്ന കപടനാട്യം ഉപേക്ഷിക്കുന്നതുമാണ്. നമ്മുടെ ബലഹീനതകളിൽ ദൈവശക്തി പ്രകടമാകുവാനായി നാം അനുവദിക്കുന്നതുമാണിത്. സ്വആശ്രയത്തെ നാം തള്ളിപ്പറയുന്നതും ദൈവത്തിലുള്ള ആശ്രയത്തെ നാം മാറ്റിസ്ഥാപിക്കുന്നതുമാണിത്. നമ്മുടെ യാത്ര ഒറ്റയ്ക്കല്ല എന്ന ഉറപ്പ് ദൈവകൃപ നമുക്കു നല്കുന്നു, സൗഖ്യപ്പെടാത്തതും ഉത്തരം ലഭിക്കാത്തതുമായ കാര്യങ്ങളിൽ പോലും.

പൗലോസിനോട് യേശു പറഞ്ഞ *"എന്റെ കൃപ നിനക്കുമതി"* എന്ന വചനങ്ങളിലേക്ക് നമുക്ക് ശ്രദ്ധയോടെ വീണ്ടും ചെവികൊടുക്കാം. ഈ നിമിഷത്തിലും, ഈ ഇടത്തിലും, അവിടുത്തെ കൃപ മാത്രം മതി നമുക്ക്.

**പ്രതിഫലനചിന്തകൾ:**

- നിങ്ങളെ ഭാരപ്പെടുത്തുന്ന മുള്ളുകൾ ഏതൊക്കെയാണ്?

- *"എന്റെ കൃപ നിനക്കുമതി"* എന്ന് യേശു പറഞ്ഞതനുസരിച്ച് ഈ മുള്ളുകൾ എങ്ങനെ കൈകാര്യം ചെയ്യണമെന്നാണ് ദൈവം നിങ്ങളിൽനിന്നും ആവശ്യപ്പെടുന്നത്?

ദിനം 19

# ആശ്രയിക്കുക, അനുസരിക്കുക
(Trust and Obey)

**1 ശമുവേൽ 13:1-15**

*"1ശൗൽ രാജാവാകുമ്പോൾ അദ്ദേഹത്തിനു മുപ്പതു വയസ്സായിരുന്നു. നാല്പത്തിരണ്ടുവർഷം അദ്ദേഹം യിസ്രായേലിൽ ഭരണം നടത്തി. 2ശൗൽ മൂവായിരം പടയാളികളെ തിരഞ്ഞെടുത്തു; രണ്ടായിരം പേർ അദ്ദേഹത്തോടുകൂടെ മിക്മാസിലും ബേഥേൽ ഗിരിപ്രദേശങ്ങളിലും നിന്നു; ആയിരം പേർ യോനാഥാനോടുകൂടെ ബെന്യാമിൻ ദേശത്തിലെ ഗിബെയയിലും ആയിരുന്നു. ശേഷിച്ചവരെ അദ്ദേഹം താന്താങ്ങളുടെ ഭവനത്തിലേക്കു തിരിച്ചയച്ചു. 3ഗിബെയയിലുണ്ടായിരുന്ന ഫെലിസ്ത്യസേനാകേന്ദ്രം യോനാഥാൻ ആക്രമിച്ചു കീഴടക്കി. ഫെലിസ്ത്യർ അതുകേട്ടു. 'എബ്രായർ കേൾക്കട്ടെ' എന്നു പറഞ്ഞ് ശൗൽ നാടൊട്ടുക്കു കാഹളം ഊതിച്ചു. 4ശൗൽ ഫെലിസ്ത്യരുടെ സേനാകേന്ദ്രം ആക്രമിച്ചു കീഴടക്കിയെന്നും യിസ്രായേൽ ഫെലിസ്ത്യർക്ക് ഒരു ദുർഗന്ധമായി എന്നും ഉള്ള വാർത്തകൾ യിസ്രായേൽക്കാരെല്ലാം കേട്ടു. ജനങ്ങളെല്ലാം ഗിൽഗാലിൽ ശൗലിന്റെ അടുക്കൽ വന്നു ചേരുവാൻ കല്പനയുണ്ടായി. 5മുപ്പതിനായിരം രഥങ്ങളോടും ആറായിരം അശ്വഭടന്മാരോടും, കടൽക്കരയിലെ മണൽപോലെ എണ്ണമറ്റ കാലാൾപ്പടകളോടുംകൂടി ഫെലിസ്ത്യർ യിസ്രായേലിനോടു യുദ്ധംചെയ്യാൻ ഒരുമിച്ചുകൂടി. അവർ വന്ന് ബേത്ത്-ആവേന്നു കിഴക്ക് മിക്-മാസിൽ പാളയമിറങ്ങി. 6ജനം ഞെരുക്കത്തിൽ അകപ്പെട്ടതുകൊണ്ട് തങ്ങളുടെ നില പരുങ്ങലിലാണെന്നു യിസ്രായേല്യർ കണ്ടപ്പോൾ, ജനം ഗുഹകളിലും കാടുകളിലും പാറക്കെട്ടുകളിലും ഗഹ്വരങ്ങളിലും കുഴികളിലുംചെന്ന് ഒളിച്ചു. 7എബ്രായരിൽ ചിലർ യോർദ്ദാൻ നദി കടന്ന് ഗാദ്, ഗിലെയാദ് ദേശങ്ങളിലും ചെന്നെത്തി. ശൗലാകട്ടെ, ഗിൽഗാലിൽത്തന്നെ ഉണ്ടായിരുന്നു. ജനങ്ങളെല്ലാം ഭയചകിതരായി അദ്ദേഹത്തെ പിന്തുടർന്നു. 8ശമുവേൽ അവധിയായി നിശ്ചയിച്ചിരുന്ന ഏഴുദിവസവും ശൗൽ അവിടെത്തന്നെ കാത്തിരുന്നു. എന്നാൽ ശമുവേൽ ഗില്ഗാലിൽ വന്നെത്തിയില്ല. ജനവും ശൗലിനെവിട്ട് ചിതറിപ്പോയി. 9അതുകൊണ്ട് 'ഹോമയാഗങ്ങളും സമാധാനയാഗങ്ങളും ഇവിടെ എന്റെ അടുക്കൽ കൊണ്ടുവരിക' എന്നു ശൗൽ കല്പിച്ചു. അദ്ദേഹംതന്നെ ഹോമയാഗങ്ങൾ അർപ്പിച്ചു. 10യാഗങ്ങൾ ചെയ്തുതീർന്ന ഉടനെ ശമുവേൽ വന്നെത്തി. ശൗൽ അദ്ദേഹത്തെ അഭിവാദനം ചെയ്യാൻ അടുത്തുചെന്നു. 11'താങ്കൾ ചെയ്തതെന്താണ്?' ശമുവേൽ ചോദിച്ചു. 'ജനം എന്നെ വിട്ടു ചിതറിപ്പോയ്ക്കൊണ്ടിരിക്കുന്നുവെന്നും പറഞ്ഞ സമയത്തിനകം അങ്ങു വന്നെത്തിയില്ലെന്നും, ഫെലിസ്ത്യർ മിക്മാസിൽ ഒന്നിച്ചുകൂടിയിരിക്കുന്നുവെന്നും കണ്ടപ്പോൾ 12ഫെലിസ്ത്യർ ഇപ്പോൾ ഗില്ഗാലിൽ വച്ച് എന്റെമേൽ ആക്രമണം തുടങ്ങുമെന്നും, ഞാൻ യഹോവയുടെ അനുഗ്രഹങ്ങൾക്കായി അപേക്ഷിച്ചിട്ടില്ലല്ലോ എന്നും ചിന്തിച്ച് അതിനാൽ ഹോമയാഗങ്ങൾ കഴിക്കാൻ ഞാൻ ധൈര്യപ്പെട്ട് ഈ വിധം ചെയ്തുപോയി' എന്ന് ശൗൽ മറുപടി പറഞ്ഞു. 13ശമുവേൽ പറഞ്ഞു: 'നീ കാണിച്ചതു ഭോഷത്തമാണ്. നിന്റെ ദൈവമായ യഹോവ തന്ന കല്പന നീ പാലിച്ചില്ല. യിസ്രായേലിന്മേൽ നിന്റെ രാജത്വം അവിടുന്ന് എന്നേക്കുമായി സ്ഥിരപ്പെടുത്തുമായിരുന്നു. 14എന്നാൽ, ഇപ്പോൾ, നിന്റെ രാജത്വം നിലനില്ക്കുകയില്ല. നീ യഹോവയുടെ കല്പന പ്രമാണിക്കായ്കയാൽ യഹോവ തന്റെ മനസ്സിനിണങ്ങിയ മറ്റൊരു പുരുഷനെ അന്വേഷിച്ചിട്ടുണ്ട്. അവിടുന്ന് തന്റെ ജനത്തിനു നായകനായി അവനെ നിയമിച്ചിരിക്കുന്നു'. 15അനന്തരം ശമുവേൽ ഗില്ഗാലിൽനിന്ന് ബെന്യാമിൻ ദേശത്തിലെ ഗിബെയയിലേക്കു പോയി, ശൗൽ തന്റെ കൂടെയുള്ള ജനത്തെ എണ്ണി അറുനൂറുപേരെന്നു കണ്ടു."*

നമ്മുടെ കാഴ്ചപ്പാടിനെ കോട്ടിക്കളയുന്ന ഒരു സംഗതിയാണ് സമ്മർദ്ദം. നമ്മുടെ ചുറ്റും മതിലുകൾ ഉയരുമ്പോൾ, ശരിയായ ചിന്ത ഭയമെന്ന മേഘത്താൽ മൂടപ്പെടാം, സാഹചര്യങ്ങൾ ഉയർത്തുന്ന വെല്ലുവിളികളാൽ വിശ്വാസം മറഞ്ഞുപോയേക്കാം. ഇത്തരത്തിലുള്ള പ്രതിസന്ധികളുടെ വറചട്ടിയിലാണ് ദൈവത്തിലുള്ള നമ്മുടെ ആശ്രയം സത്യമായും പരീക്ഷിക്കപ്പെടുന്നത്. ഇത്തരമൊരു സാഹചര്യത്തെ നേരാംവണ്ണം ചിത്രീകരിക്കുന്ന ശക്തമായ ഒരു ഉദാഹരണമാണ് മുകളിൽ നാം കാണുന്നത്.

ശൗൽ രാജാവു കടന്നുപോകുന്നത് ഒരു ഭീതികരമായ സാഹചര്യത്തിലൂടെയാണ്. കടൽത്തീരത്തെ മണൽ എന്ന പോലെ ഫിലിസ്ത്യസൈന്യം വന്നടിഞ്ഞിരിക്കുന്നു. തന്റെ സ്വന്തം സേനകൾ ഭയന്നുവിറച്ചും ഓടിയൊളിച്ചും ചിതറി ഓടിയും കഴിയുന്നു. ഫിലിസ്ത്യരുടെ മുന്നിൽ അവർ വിരലിൽ എണ്ണാൻ പോലുമില്ലാത്തവരും, ഒരുക്കപ്പെടാത്തവരും, ഭയന്നുവിറയ്ക്കുന്നവരുമായിരിക്കുന്നു. കാര്യങ്ങൾ കൂടുതൽ വഷളാക്കാനായി ദൈവപുരുഷനായ ശമുവേൽ പ്രവാചകൻ എത്താൻ വൈകിയുമിരിക്കുന്നു. ശമുവേൽ വന്നിട്ട് യാഗങ്ങൾ അർപ്പിക്കാമെന്ന നിർദ്ദേശമാണ് ശൗൽ രാജാവിനുണ്ടായിരുന്നത്; എന്നാൽ ആ കാത്തിരിപ്പിന്റെ ദിവസങ്ങളിൽ തന്റെ സേന കൂടുതലായി ചിതറപ്പെട്ടവരാകാൻ തുടങ്ങി.

സമ്മർദ്ദത്തിനു കനം കൂടി അസഹനീയമായി. ഉടൻതന്നെ എന്തെങ്കിലും ചെയ്യുകയെന്നതാണ്

മനുഷ്യബുദ്ധിയിൽ തോന്നുന്ന സാധാരണകാര്യം. അതിനാൽ ദൈവകല്പനയോട് അനുസരണക്കേടു കാണിക്കുക എന്ന വഴി ശൗൽ തിരഞ്ഞെടുത്തു. സ്വന്തമായിത്തന്നെ ബലികൾ അർപ്പിക്കാൻ ശൗൽ തയ്യാറായി.

യാഗക്കനലുകളുടെ തിളക്കം തീരുന്നതിനുമുമ്പേതന്നെ ശമുവേൽ രംഗപ്രവേശം ചെയ്തു. ഈ വിഷയത്തിന്റെ കാതലിലേക്കു തുളച്ചിറങ്ങുന്ന ഒരു ചോദ്യവുമായി ശൗലിനെ അഭിമുഖീകരിച്ചു: *'താങ്കൾ ചെയ്തതെന്താണ്?'*

ശൗലിന്റെ മറുപടിയിലൂടെ തെളിയുന്നത് മനുഷ്യമനസ്സിന്റെ പ്രതിരോധചിന്തയുടെ ഉത്തമദൃഷ്ടാന്തമാണ്:

1. ആളുകൾ ചിതറിപ്പോകുന്നു
2. താങ്കൾ വരാൻ വൈകിപ്പോയിരിക്കുന്നു
3. ഫിലിസ്ത്യർ ആക്രമണസജ്ജരായി ഒരുങ്ങിയിരിക്കുന്നു
4. എന്തെങ്കിലും ചെയ്തേ പറ്റൂ എന്ന സാഹചര്യത്തിലേക്ക് എന്നെ തള്ളിവിട്ടു

മാനുഷികമായ യുക്തിചിന്തയിൽ നോക്കുമ്പോൾ ഇതെല്ലാം നിഷേധിക്കാനാകാത്ത യാഥാർത്ഥ്യങ്ങളാണ്. എന്നാൽ ആത്മീയമായ യുക്തിയിൽ ഇതെല്ലാം വിനാശകരമായ പരാജയചിന്തകളാണ്. ശമുവേലിന്റെ ഉത്തരം അതിവേഗത്തിലുള്ളതും, വിനാശകരവുമായിരുന്നു: *'നീ കാണിച്ചതു ഭോഷത്തമാണ്. നിന്റെ ദൈവമായ യഹോവ തന്ന കല്പന നീ പാലിച്ചില്ല. ...നിന്റെ രാജത്വം നിലനില്ക്കുകയില്ല.*

ഭാഗികമായ അനുസരണം അനുസരണക്കേടുതന്നെയാണെന്നാണ് ഈ വചനം പഠിപ്പിക്കുന്നത്. ആത്മീയമായ കാര്യം തന്നെയാണ് ശൗൽ ചെയ്തത്, യഹോവയുടെ പ്രസാദത്തിനായി യാഗങ്ങൾ സമയത്തിന് അർപ്പിച്ചു. എന്നാൽ ദൈവകല്പനയുടെ നേർലംഘനമായ രീതിയിലാണ് അദ്ദേഹമിത് സ്വയം ഏറ്റെടുത്തു ചെയ്തത്. ദൈവകല്പനകളുടെ വെളിച്ചത്തിൽ തന്റെ മുന്നിലുള്ള പ്രതിസന്ധിഘട്ടത്തെ വിശകലനം ചെയ്യാതെ തന്റെ സ്വന്തം നിലയിൽ അവലോകനം ചെയ്തതുകൊണ്ടാണ് ശൗലിന് ഇപ്രകാരം സംഭവിച്ചത്. ദൈവത്തെ അനുസരിക്കുന്നു എന്ന മുഖംമൂടി അണിഞ്ഞുകൊണ്ട് ശൗൽ അനുസരിച്ചത് തന്റെ തന്നെ ഭയങ്ങളെയായിരുന്നു.

നമ്മളും പതിവായി ഇതുപോലെ ചെയ്യാറുണ്ടോ? ദൈവകല്പനകൾ വ്യക്തമാണ്, കാത്തിരിക്കാനും, ക്ഷമിക്കാനും, തുറന്നു സംസാരിക്കാനും, നിശ്ശബ്ദരായിരിക്കാനും; സാമ്പത്തികകാര്യങ്ങളിലും ബന്ധങ്ങളിലും ഭാവിയെസംബന്ധിച്ചുമെല്ലാം ദൈവത്തെ ആശ്രയിക്കാനും ദൈവം ആവശ്യപ്പെടുന്നുണ്ട്. എന്നാൽ സമ്മർദ്ദം ഇരച്ചുകയറുകയും, നമ്മുടെ ഉത്കണ്ഠയ്ക്ക് ചേരുന്നവിധത്തിൽ ദൈവത്തിന്റെ സമയക്രമം വരാതിരിക്കുകയും ചെയ്യുന്ന സാഹചര്യങ്ങളിൽ നാം കാര്യങ്ങൾ നമ്മുടെ കയ്യിലെടുക്കുന്നു. വേറെ ഒരാൾക്കും മറിച്ചു പറയാൻ സാധിക്കാത്ത ഒരു വിശദീകരണം നമ്മുടെ അനുസരണക്കേടിനെ ന്യായീകരിക്കാനായി മുന്നോട്ടുവയ്ക്കുന്നു - ഞാൻ എന്തെങ്കിലും ചെയ്യേണ്ടതുണ്ടായിരുന്നു, സാഹചര്യം അത്രയ്ക്കുകണ്ട് ദുഃസ്സഹമായിരുന്നു, ഞാൻ എന്തെങ്കിലും ചെയ്യാതെ കയ്യും കെട്ടിയിരിക്കാൻ പറ്റുമോ?

നമ്മുടെ സാഹചര്യങ്ങളിൽ ആശ്രയിക്കാതെ ദൈവകല്പനയിൽ ആശ്രയം വയ്ക്കുന്നതാണ് ബുദ്ധിയെന്ന് വിശ്വാസം നിറഞ്ഞ ഒരു ഹൃദയം നമ്മെ ഓർമ്മിപ്പിക്കുന്നു. ദൈവത്തിന്റെ സമയക്രമമാണ് പരിപൂർണ്ണമായത് എന്ന് നമുക്കറിയാം, വളരെ വേദനയുണ്ടാക്കുന്ന രീതിയിൽ മന്ദഗതിയിലാണ് ആ സയമക്രമം പോകുന്നത് എന്നു നമുക്കു തോന്നിയാലും. നമ്മുടെ വേദനയ്ക്കു ശമനം ഉണ്ടാകുമെന്ന കാരണം കൊണ്ടല്ല നാം അനുസരിക്കേണ്ടത്, പകരം കല്പന തന്നവൻ നല്ലവനാണ് എന്ന ബോധ്യത്താലാകണം.

പെട്ടെന്നുള്ള ഒരു ഉൾപ്രേരണയാൽ പ്രവർത്തിച്ചതിനാൽ തന്റെ രാജത്വസ്ഥാനം തന്നെ ശൗലിനു വിലയായി നല്കേണ്ടിവന്നു. ഭയത്താലുള്ള നമ്മുടെ അനുസരണക്കേടിന് നാം ഇതുപോലെ പരസ്യമായ വിലനല്കേണ്ടിവരുന്നില്ലായിരിക്കാം, എന്നിരുന്നാലും ദൈവത്തിന്റെ പരിപൂർണ്ണഹിതത്തിൻ കീഴുള്ള സമാധാന ജീവിതം നാം വിലയായി നല്കേണ്ടിവരും, ചാഞ്ചല്യപ്പെടാത്ത വിശ്വാസത്തിൽനിന്നും ലഭിക്കുന്ന അനുഗ്രഹങ്ങളെയും വിലയായി നല്കേണ്ടിവരും.

**പ്രാർത്ഥന:**

സ്വർഗ്ഗസ്ഥനായ പിതാവേ, ശൗലിനെപ്പോലെ ഞങ്ങൾ പെരുമാറിയ സമയങ്ങളെ നീ പൊറുത്തുതരണമേയെന്ന് അപേക്ഷിക്കുന്നു. നിന്റെ വാഗ്ദാനങ്ങളെക്കാൾ ഉച്ചത്തിൽ ഞങ്ങളുടെ ഭയങ്ങൾ ശബ്ദമുയർത്താൻ ഞങ്ങൾ അനുവദിച്ചുകൊടുത്തതിനെ ക്ഷമിക്കണമേ. നിന്റെ നിത്യജ്ഞാനത്തെയും, പരിപൂർണ്ണമായ നിന്റെ സമയക്രമത്തെയും മാനിക്കാതെ, അപക്വമായ ഞങ്ങളുടെ അറിവിൽ ആശ്രയിച്ചു പെരുമാറിയതു നീ പൊറുക്കണമേ. സമ്മർദ്ദങ്ങൾ ഉയരുകയും, നിയന്ത്രണമേറ്റെടുക്കാനുള്ള ഞങ്ങളുടെ വാസന ഉണരുകയും ചെയ്യുമ്പോൾ, ഞങ്ങളുടെ ഹൃദയത്തെ നിന്റെ സമാധാനത്താൽ ശാന്തമാക്കേണമേ.

നിന്നിലുള്ള ആശ്രയത്തെ ശക്തിപ്പെടുത്തണമേ, അനുസരിക്കാനുള്ള ധൈര്യം ഞങ്ങൾക്കു നല്കേണമേ - അനുസരണം സൗകര്യപൂർവ്വമായ സമയത്തും ബുദ്ധിമുട്ടുണ്ടാക്കുന്ന സമയത്തും. നിന്റെ വഴികളാണ് എപ്പോഴും ഏറ്റവും മികച്ചതെന്ന് മനസ്സിലാക്കിക്കൊണ്ട്, നിന്നെ കാത്തുനില്ക്കാൻ ഞങ്ങളെ സഹായിക്കേണമേ. യേശുവിന്റെ നാമത്തിൽ, ആമേൻ.

**പ്രതിഫലന ചിന്തകൾ:**

- ശൗൽ രാജാവിനെപ്പോലെ എടുത്തുചാടി പെരുമാറിയ സാഹചര്യങ്ങൾ നിങ്ങളുടെ ജീവിതത്തിൽ ഏതൊക്കെയാണ്? അതിന്റെ അനന്തരഫലങ്ങൾ എന്തൊക്കെയായിരുന്നു? അത്തരം അനുഭവങ്ങൾ നിങ്ങളെ പഠിപ്പിച്ച പാഠങ്ങൾ എന്തൊക്കെയായിരുന്നു? ഇനിയങ്ങോട്ട് എങ്ങനെ വ്യത്യസ്തമായി പെരുമാറാൻ കഴിയും?

- ദൈവീക നിയന്ത്രണത്തിനു വിട്ടുകൊടുക്കാതെ, സ്ഥിതിഗതികളുടെ നിയന്ത്രണം സ്വന്തം കയ്യിലെടുക്കണമെന്ന് നിങ്ങൾക്കു തോന്നുന്ന എന്തൊക്കെ കാര്യങ്ങളാണ് ഇപ്പോൾ നിങ്ങളുടെ ജീവിതത്തിൽ ഉള്ളത്?

- എന്തൊക്കെ ഭയങ്ങളാണ് അതിനു നിങ്ങളെ പ്രേരിപ്പിക്കുന്നത്? ആ ഭയമെന്തെന്നു മനസ്സിലാക്കാനും അതിനെ ദൈവത്തിനു കീഴടക്കാനും നിങ്ങൾക്കു കഴിയുന്നുണ്ടോ?

- ദൈവത്തിൽ ആശ്രയിക്കുന്നതും ദൈവത്തെ അനുസരിക്കുന്നതും ഉറപ്പിക്കാവുന്ന ഏതു കാര്യമാണ് ഈ ആഴ്ചയിൽ നിങ്ങളുടെ ജീവിതത്തിലുള്ളത്? (മാനുഷിക വിശകലനത്തിൽ അതൊരു അബദ്ധമാണെന്നു തോന്നിയാലും).

**യോഹന്നാൻ 14:15 മനഃപാഠമാക്കുക:**
*"നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ എന്റെ കല്പനകൾ അനുസരിക്കും"*

## ദിനം 20
# പരീക്ഷകളിൽ ബലപ്പെടുന്ന ആനന്ദം
## (Joy that Stands Strong in Every Trial)

**ഫിലിപ്യർ 4:11-13**
*"11ബുദ്ധിമുട്ടിലിരിക്കുന്നതുകൊണ്ടല്ല ഞാനിതു പറയുന്നത്. ഏതു സാഹചര്യത്തിലും സംതൃപ്തനായിരിക്കുവാൻ ഞാൻ ശീലിച്ചിരിക്കുന്നു. 12ബുദ്ധിമുട്ടിലിരിക്കുവാനും സമൃദ്ധിയിലിരിക്കുവാനും എനിക്കറിയാം. ഏതു സാഹചര്യത്തിലും എപ്പോഴും തൃപ്തനായിരിക്കുന്നതിന്റെ രഹസ്യം ഞാൻ മനസ്സിലാക്കിയിട്ടുണ്ട്. തിന്നു തൃപ്തനായിരിപ്പാനും വിശന്നിരിപ്പാനും സമൃദ്ധിയിലിരിപ്പാനും ദാരിദ്ര്യത്തിലിരിപ്പാനും എനിക്കു പരിശീലനം ലഭിച്ചിരിക്കുന്നു. 13എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം സകലവും ചെയ്യുവാൻ ഞാൻ പ്രാപ്തനാകുന്നു."*

സുഖകരമായും സൗകര്യപ്രദമായും കഴിയുന്ന ഒരു സാഹചര്യത്തിലല്ല ഈ വാക്കുകൾ പൗലോസ് എഴുതുന്നത്. കാരാഗൃഹത്തിലിരുന്നുകൊണ്ടാണ് പൗലോസ് ഇതെഴുതുന്നത്. എങ്കിലും നിരാശപ്പെടാതെ സന്തോഷം നിറഞ്ഞുകവിയുന്ന ഒരു ലേഖനമാണ് പൗലോസ് എഴുതിവച്ചിരിക്കുന്നത്. മാറ്റപ്പെടാത്ത ഒരു സത്യമാണ് ഈ വാക്കുകൾ നമ്മെ പഠിപ്പിക്കുന്നത്: സൗകര്യങ്ങളും, വിജയവും, സുഖകരമായ ചുറ്റുപാടുകളും സമ്മാനിക്കുന്ന ഒരു കാര്യമല്ല ക്രിസ്തീയ സന്തോഷം, പകരം അതു ക്രിസ്തുവിൽ നങ്കൂരമിടുന്നതിലൂടെ ലഭിക്കുന്നതാണ്.

യേശു നമുക്കായി ഒരുക്കിയിരിക്കുന്ന ജീവിതം സഹനങ്ങൾ കൂടെയുള്ള ഒന്നാണ്. **യോഹന്നാൻ 16:33**ൽ യേശു ഇപ്രകാരം പറഞ്ഞിരിക്കുന്നു: *"നിങ്ങൾക്ക് എന്നിൽ സമാധാനം ഉണ്ടാകേണ്ടതിനു ഞാൻ ഇതെല്ലാം നിങ്ങളോടു സംസാരിച്ചിരിക്കുന്നു. ഈ ലോകത്തിൽ നിങ്ങൾക്കു കഷ്ടത ഉണ്ട് എങ്കിലും ധൈര്യപ്പെടുവിൻ; ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു"*. വിശ്വാസിയുടെ ജീവിതത്തിൽ അന്യമായ ഒരു കാര്യമല്ല പരീക്ഷകൾ എന്നത്; അത് അവരുടെ ജീവിതയാത്രയിലെ സഹചാരികളാണ്. എന്നിരുന്നാലും

വിജയം നമുക്കായി യേശു ഒരുക്കിയിരിക്കുന്നു എന്ന വാഗ്ദാനം ആഴത്തിൽ കുടികൊള്ളുന്ന ധൈര്യവും സമാധാനവും നമുക്കു പ്രദാനം ചെയ്യുന്നു. ഇതുതന്നെയാണ് നമ്മുടെ ആനന്ദത്തിന്റെ അടിസ്ഥാനം.

സംതൃപ്തിയുടെ രഹസ്യം പൗലോസ് കണ്ടെത്തിയിരുന്നു - ദുർഘടങ്ങൾ മാറിപ്പോകുന്നതിലല്ല, അതിനപ്പുറം ദുർഘടങ്ങളുടെ മദ്ധ്യത്തിലും യേശുവിൽ ആശ്രയിക്കാൻ പഠിച്ചുകൊണ്ടാണ് ഇതു സാധ്യമാകുന്നത്. വൈകാരികമായ ഒരു സന്തോഷപ്രകടനമല്ല പൗലോസ് അനുഭവിക്കുന്ന ആനന്ദം; ദൈവത്തിന്റെ സാന്നിധ്യത്തിലും ശക്തിയിലും ലഭിക്കുന്ന സുസ്ഥിരമായ ആത്മവിശ്വാസമാണിത്. ഉള്ളപ്പോഴായാലും ഇല്ലാത്തപ്പോഴായാലും, ആദരിക്കപ്പെടുമ്പോഴായാലും അവഹേളിക്കപ്പെടുമ്പോഴായാലും പൗലോസിന്റെ ഹൃദയം നങ്കൂരമിട്ടുതന്നെ തുടർന്നു. അതുകൊണ്ടുതന്നെയാണ് പൗലോസിന് ഇപ്രകാരം പ്രഖ്യാപിക്കാൻ സാധിച്ചത്: *"എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം സകലവും ചെയ്യുവാൻ ഞാൻ പ്രാപ്തനാകുന്നു"* (വാക്യം 13). നമ്മുടെ കരുത്ത് ക്രിസ്തുവിലായിരിക്കുമ്പോൾ (നമ്മുടെ ചുറ്റുപാടുകളിലല്ലാതെ) ഏതു കാലഘട്ടത്തിലും നമുക്ക് ആനന്ദത്തോടെ കഴിയാൻ സാധിക്കുന്നു.

ഇത്തരത്തിലുള്ള ആനന്ദം എവിടെനിന്നാണു വരുന്നത്? ആനന്ദം പുറപ്പെടുന്നത് ദൈവസന്നിധിയിൽ നിന്നുമാണെന്ന് **സങ്കീർത്തനം 16:11**ൽ കാണുന്നു: "ജീവന്റെ മാർഗ്ഗം അങ്ങ് എന്നെ അറിയിക്കുന്നു; അങ്ങയുടെ സന്നിധിയിൽ സന്തോഷപൂർണ്ണതയും, അവിടുത്തെ വലതുഭാഗത്ത് എന്നും പ്രമോദങ്ങളുമുണ്ട്. പുറമേയുള്ളകാര്യങ്ങൾ മാറുമ്പോഴല്ല നാം ആനന്ദം അനുഭവിക്കുന്നത്, ദൈവത്തിൽ നാം വസിക്കുമ്പോഴാണ്. **1 ദിനവൃത്താന്തം 16:27**ഉം ഇക്കാര്യം നമ്മെ ഓർമ്മിപ്പിക്കുന്നു: *"തേജസ്സും പ്രൗഢിയും അവിടുത്തെ സന്നിധിയിലുണ്ട്. ശക്തിയും ആനന്ദവും അവിടുത്തെ വാസസ്ഥലത്തുണ്ട്"*. മനപ്പൂർവ്വം നാം ദൈവത്തെ അന്വേഷിക്കുമ്പോൾ, ഉള്ളിൽനിന്നും പുറത്തേക്കു പടരുന്ന രീതിയിൽ നാം കരുത്തരാകും - നമ്മുടെ ആത്മാവിനെ ആനന്ദംകൊള്ളിക്കുന്ന ഒരു കരുത്ത്

**സങ്കീർത്തനം 46:4**ലും ഇത്തരമൊരു ആനന്ദം സുന്ദരമായി വരച്ചു കാണിക്കുന്നു: *"ഒരു നദിയുണ്ട്, അതിന്റെ പ്രവാഹങ്ങൾ ദൈവനഗരത്തെ അത്യുന്നതന്റെ വിശുദ്ധനിവാസത്തെത്തന്നേ സന്തുഷ്ടമാക്കുന്നു. ആ നഗരമാണ് അത്യുന്നതൻ വസിക്കുന്ന വിശുദ്ധസ്ഥലം"*. ദൈവദാനമായി ലഭിക്കുന്ന ആനന്ദം കെട്ടിക്കിടക്കുന്ന വെള്ളംപോലെ വിരസമായ ഒന്നല്ല, ഒഴുകുന്ന ഒരു നീരരുവിപോലെയാണ് - നിരന്തരമായ ചലനമുള്ളതും, പുതുമനശിക്കാത്തതും, ജീവൻ നല്കുന്നതും. സാഹചര്യങ്ങളെ അടിസ്ഥാനമാക്കി നമ്മിലെ സന്തോഷം ഉയരുകയും താഴുകയും ചെയ്യുമ്പോൾ, ആനന്ദം സ്ഥിരതയോടെ നിലനില്ക്കുന്നു, കാരണം അതിന്റെ ഉറവയ്ക്ക് ഒരുമാറ്റവും വരുന്നില്ല.

ഈ ആനന്ദം ആഴത്തിലുള്ള ഒരു സംതൃപ്തി നമുക്കു നല്കുന്നു: *"എന്നാൽ സംതൃപ്തിയോടുകൂടിയ ദൈവഭക്തി വലിയ ആദായംതന്നെ"* (**1 തിമോത്തി 6:6**). ദൈവത്തിൽനാം പൂർണ്ണമായി ആശ്രയിക്കുമ്പോൾ വർദ്ധിച്ചുവരുന്ന ഒരു സംതൃപ്തി നമ്മിൽ നിറയുന്നു, ജീവിതം അസ്ഥിരമായിരുന്നാലും. ദുർഘടസാഹചര്യങ്ങളുടെ അഭാവമല്ല ഈ ആനന്ദത്തെ ഉളവാക്കുന്നത്, പകരം അത്തരം സാഹചര്യങ്ങളിലും വിശ്വസ്തനായ ദൈവം സന്നിഹിതനാണെന്ന ആത്മവിശ്വാസത്തിൽനിന്നും ഉടലെടുക്കുന്നതാണിത്.

രാജ്യഭ്രഷ്ടരാക്കിയ ശേഷം തങ്ങളുടെ രാജ്യത്തേക്കു തിരിച്ചുവന്ന ഇസ്രായേൽ ജനത ഈ ആനന്ദം അനുഭവിച്ചറിഞ്ഞവരാണ്. അവരുടെ സാഹചര്യം ദുഷ്കരമായിരുന്നെങ്കിലും നെഹെമിയാവ് അവരോട് ഇപ്രകാരം ഉപദേശിക്കുന്നു: *"ഇന്നു വിലപിക്കരുത്, കാരണം യഹോവയിലുള്ള ആനന്ദം നമ്മുടെ ബലമാകുന്നുവല്ലോ"* (**നെഹെമിയ 8:10**). ദൈവത്തിൽ നിന്നുമുള്ള ആനന്ദം അവരുടെ ദുർഘടങ്ങളെ ക്ഷണനേരത്തിൽ ഇല്ലാതെയാക്കിയില്ല, എഴുന്നേറ്റുവന്ന് ദേശം പുതുക്കിപ്പണിയാൻ അത് അവരെ ശക്തരാക്കി. വേദനയെ കണ്ടില്ലെന്നു നടിക്കുന്നതല്ല ആനന്ദം എന്നുപറയുന്നത്, ദൈവീകമായ കരുത്തിനാൽ വേദനയെ മറികടക്കുന്നതാണ്.

ഈ ഒരു യാഥാർത്ഥ്യം ഉൾക്കൊണ്ടുതന്നെയാണ് യേശു ജീവിച്ചു കാണിച്ചത്. തള്ളിപ്പറയലും സഹനവും കുരിശുമെല്ലാം നേരിട്ടപ്പോഴും അവിടുന്ന് പിതാവായ ദൈവത്തിന്റെ സ്നേഹത്തിൽ സുരക്ഷിതത്വം കണ്ടെത്തി. ദൈവവുമായുള്ള ബന്ധത്തിലാണ് യേശു ആനന്ദം കണ്ടെത്തിയത്, സാഹചര്യങ്ങളുടെ അനുകൂലനം കൊണ്ടല്ല. പൗലോസ് പിന്തുടർന്നതും അതേപാത തന്നെയാണ്, അതേപാതയിലൂടെ നടക്കുവാനാണ് ഇപ്പോൾ നമുക്കും ക്ഷണമുള്ളത്.

**യാക്കോബ് 1:2**ലെ പ്രചോദനവാക്കുകൾ നോക്കുക: *"എന്റെ സഹോദരരേ, വിവിധ പരീക്ഷകൾ നേരിടുമ്പോൾ അതു തികച്ചും സന്തോഷകരമെന്നു കരുതുവിൻ"*. പരീക്ഷകൾ സന്തോഷം നല്കുന്നതുകൊണ്ടല്ല, പകരം നമ്മുടെ വിശ്വാസം ശക്തിപ്പെടാനും, സ്വഭാവം ശ്രേഷ്ഠമാകാനും, ദൈവത്തോടു നമ്മെ കൂടുതൽ അടുപ്പിക്കാനും പരീക്ഷകളെ ദൈവം ഉപയോഗിക്കുന്നതു കൊണ്ടാണ്

ഇത്.

ഇന്നു നിങ്ങൾ കടന്നു പോകുന്ന പരീക്ഷകൾ ഏതു തന്നെയായാലും ഇക്കാര്യം ഓർമ്മിച്ചുവയ്ക്കുക: നമുക്കു ചുറ്റുമുള്ള കാര്യങ്ങളിൽ നിന്നുമല്ല നാം ആനന്ദം കണ്ടെത്തേണ്ടത്, ഉള്ളിൽനിന്നും നമുക്കു ശക്തി നല്കുന്നവനിൽനിന്നുമാണ് അതു കണ്ടെത്തേണ്ടത്, യേശു ക്രിസ്തുവിൽനിന്നുതന്നേ. അവിടുത്തെ സന്നിധിയിൽ നാം വസിക്കുമ്പോൾ, ആനന്ദം നമ്മുടെ കരുത്താകും, സംതൃപ്തി നമ്മുടെ സമാധാനമാകും.

**പ്രതിഫലനചിന്തകൾ:**

- നിത്യമായ ആനന്ദം അന്വേഷിക്കുന്നതിനു പകരം സന്തോഷം തേടിനടക്കുന്നത് എന്തിലൊക്കെയാണ്?
- സംതൃപ്തിക്കുവേണ്ടി ക്രിസ്തുവിൽ ആശ്രയിക്കേണ്ട ചില മേഖലകൾ എന്റെ ജീവിതത്തിൽ ഏതൊക്കെയാണ്?
- കഴിഞ്ഞകാല പരീക്ഷകളിൽ ദൈവം തന്റെ ശക്തി എനിക്കു വെളിപ്പെടുത്തി തന്നത് എങ്ങനെയൊക്കെയാണ്?

## ദിനം 21

# ഹൃദയവികാരങ്ങൾക്കുമേലെ ദൈവാശ്രയം തിരഞ്ഞെടുക്കുന്നത്

## (Choosing Trust Over Feelings)

**ഫിലിപ്യർ 4:4–7**

*"4കർത്താവിൽ എപ്പോഴും സന്തോഷിക്കുവിൻ; അതുതന്നെ ഞാൻ വീണ്ടും പറയുന്നു, സന്തോഷിക്കുവിൻ. 5നിങ്ങളുടെ സൗമ്യത സകലമനുഷ്യരും അറിയട്ടെ. കർത്താവു അടുത്തായിരിക്കുന്നു. 6ഒന്നിനെക്കുറിച്ചും വ്യാകുലപ്പെടരുത്. എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടുകൂടെ ദൈവത്തിനു സമർപ്പിക്കയത്രേ വേണ്ടത്. 7അങ്ങനെയെങ്കിൽ സകല അറിവിനെയും കവിയുന്ന ദൈവീകസമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും മനസ്സുകളെയും ക്രിസ്തുയേശുവിൽ കാത്തുകൊള്ളും."*

നമുക്ക് അനുഭവപ്പെടുന്ന വികാരങ്ങൾ നമ്മെ സംബന്ധിച്ച യാഥാർത്ഥ്യമാണ്. എന്നിരുന്നാലും ആശ്രയംവയ്ക്കാൻ സാധിക്കാത്ത നങ്കൂരമാണത്. നമ്മുടെ സാഹചര്യങ്ങളെയും ഉറക്കത്തിന്റെ ഗുണമേന്മയെയും അതുപോലുള്ള മറ്റനേകം ഘടകങ്ങളെയും ആശ്രയിച്ചാണ് നമ്മിലെ വികാരങ്ങൾ രൂപപ്പെടുന്നത്, തെന്നിക്കളിക്കുന്ന ഒരു കാര്യവുമാണത്. ആത്മവിശ്വാസപൂർണ്ണമായി ഒരു നിമിഷം നമുക്ക് അനുഭവപ്പെടാം, അതേ കാര്യത്തെക്കുറിച്ചുതന്നെ അടുത്തനിമിഷം ഭാരപ്പെടുന്നതായും അനുഭവപ്പെടാം. ഈ വേദഭാഗം കൂടുതൽ ഉറപ്പാർന്ന ഒരു കാര്യം നമുക്കു വാഗ്ദാനം ചെയ്യുന്നു: ദൈവത്തെ സംബന്ധിച്ച സത്യം നമ്മുടെ അടിത്തറയാകുന്നതിനെക്കുറിച്ചുതന്നെ.

**പ്രതിഫലന ചിന്തകൾ:**

- *സന്തോഷിക്കുക എന്നത് നാം തിരഞ്ഞെടുക്കുന്ന ഒരു കാര്യമാണ്, അതൊരു വികാരമല്ല.* കാരാഗൃഹത്തിൽ നിന്നുമാണ് പൗലോസ് ഈ വേദഭാഗം എഴുതുന്നത്. നമുക്കു തോന്നുമ്പോൾ സന്തോഷിപ്പിൻ എന്നല്ല പൗലോസ് എഴുതിയത്, കർത്താവിൽ സദാ സന്തോഷിക്കുക എന്നാണ്. ദൈവത്തിന്റെ അന്തഃസത്തയെക്കുറിച്ച് ആനന്ദിക്കുക എന്നതാണ് ഇതിന്റെ അർത്ഥം, കടന്നുപോകുന്ന കാര്യങ്ങളെക്കുറിച്ച് നമുക്കെന്തു വികാരം അനുഭവപ്പെടുന്നു എന്നതിനെ അടിസ്ഥാനപ്പെടുത്തിയല്ല.
- *ദൈവസാമീപ്യം സകലതിനെയും മാറ്റിമറിക്കുന്നു.* ദൈവം സമീപസ്ഥനാണ് എന്ന വാസ്തവമാണ് മറ്റെല്ലാറ്റിന്റെയും അടിത്തറ. നമ്മിലെ വികാരങ്ങൾ കുന്നുകൂടുമ്പോൾ, വൈകാരികമായ ഒരു സ്വാസ്ഥ്യം

കണ്ടെത്താൻ ശ്രമിക്കുകയല്ല നാം ചെയ്യേണ്ടത്, ദൈവത്തിന്റെ സാന്നിധ്യത്തെ ഓർക്കുക എന്നതാണ്. അവൻ സമീപസ്ഥനാണ്, അവൻ എല്ലാം കാണുന്നു, അവൻ നമ്മെ ഉപേക്ഷിച്ചു പോയിട്ടില്ല.

- *ഉത്കണ്ഠയ്ക്ക് ഒരു പ്രതിവിധിയുണ്ട്.* ആധിയോ ഉത്കണ്ഠയോ തോന്നേണ്ടതില്ല എന്ന കല്പനയല്ല നമുക്കു നല്കിയിരിക്കുന്നത്, വേറെ ഒരു രീതിയിൽ പ്രതികരിക്കാനുള്ള ക്ഷണമാണിത്. ഉത്കണ്ഠാകുലമായ തോന്നലുകൾ നമ്മെ കീഴടക്കാൻ നോക്കുമ്പോൾ അവയെ കൊണ്ടുപോയി തള്ളുന്നതിന് ഒരു ഇടമുണ്ട് - പ്രാർത്ഥനയിലൂടെ ദൈവത്തിൽ സമർപ്പിക്കുക. ഉത്കണ്ഠയ്ക്കുള്ള പ്രതിവിധി ഇച്ഛാശക്തിയല്ല, പ്രാർത്ഥനയിലൂടെ ദൈവത്തിന്റെ ശക്തിയിലേക്കു തിരിയുക എന്നതാണ്.

- *നന്ദി പ്രകടനം നമ്മുടെ കാഴ്ചപ്പാടിനെ മെച്ചപ്പെടുത്തുന്നു.* നന്ദിയോടുകൂടി നിങ്ങളുടെ അപേക്ഷകൾ ദൈവസന്നിധിയിൽ ഏല്പിക്കുക എന്നു പറയുമ്പോൾ കഴിഞ്ഞകാലത്തിൽ ദൈവം കാണിച്ച വിശ്വസ്തയെ ഓർക്കുകയും ഇപ്പോഴത്തെ അവസ്ഥയിൽ സഹായത്തിനായി ചോദിക്കുകയുമാണ്.

- *സമാധാനം ഒരു സമ്മാനമാണ്, നേട്ടമല്ല.* നമുക്കു തിരിച്ചറിയാൻ സാധിക്കാത്ത സമാധാനമാണ് ദൈവം വാഗ്ദാനം ചെയ്യുന്നത്. സാഹചര്യങ്ങൾ മാറ്റംവരാതെ തുടരുമ്പോഴും ആ സമാധാനം നമ്മുടെ ഹൃദയത്തെ ഭരിക്കുന്നു. കാര്യങ്ങളുടെ പരിസമാപ്തി എന്തെന്ന് നമുക്കറിയുകയുമില്ല. അതിനെ നാം സ്വീകരിക്കുകയാണു ചെയ്യുന്നത്, നാം രൂപപ്പെടുത്തി എടുക്കുന്നതല്ല.

**പ്രായോഗികമായി:**

- *നിങ്ങളുടെ ഹൃദയവികാരങ്ങൾ എന്തെന്നു കണ്ടെത്തുക.* ആത്മീയമായ ഒരു പരിവേഷം കൊടുക്കാതെ അതുമുഴുവൻ ദൈവത്തോടു പകരുക.

- *സത്യത്തിലേക്കു തിരിയുക.* ദൈവത്തെക്കുറിച്ചു നിങ്ങൾക്കറിയാവുന്ന സത്യങ്ങൾ എന്തൊക്കെയാണ്, നിങ്ങളുടെ ഹൃദയവികാരങ്ങൾ ഇക്കാര്യം അംഗീകരിച്ചു തരുന്നില്ലെങ്കിൽ പോലും? (അവൻ സമീപസ്ഥനാണ്, അവൻ വിശ്വസ്തനാണ്, അവൻ നിങ്ങളെ കേൾക്കുന്നു...)

- *വ്യക്തതയോടുകൂടി പ്രാർത്ഥിക്കുക.* നിങ്ങളുടെ യാചനകൾ ദൈവത്തിങ്കലേക്കു നല്കുക - യഥാർത്ഥമായുള്ള രീതിയിൽ, മിനുസപ്പെടുത്തി ഭംഗിയാക്കിയ രീതിയിലല്ല. കഴിഞ്ഞകാലത്തിൽ നിങ്ങൾ അനുഭവിച്ച നന്മകൾക്കായി നന്ദി പ്രകാശിപ്പിക്കുകയും ചെയ്യുക.

- *സമാധാനം സ്വീകരിക്കുക.* വികാരങ്ങളെ ശാന്തമാക്കാൻ മനഃപൂർവ്വം ശ്രമിക്കേണ്ടതില്ല. ദൈവത്തിന്റെ സമാധാനം നിങ്ങളുടെ ഹൃദയങ്ങളെ സംരക്ഷിക്കാനായി അപേക്ഷിക്കുക, അവിടുത്തെ സമയക്രമത്തിൽ അതു ചെയ്തുതരുമെന്ന് ആശ്രയിക്കുക.

**വ്യക്തിപരമായ പരിശോധനയ്ക്ക്:**

- നിങ്ങളുടെ ഹൃദയത്തെ ഇപ്പോൾ ഭരിക്കുന്ന വികാരങ്ങൾ എന്തൊക്കെയാണ്?

- കർത്താവു സമീപസ്ഥനാണ് എന്ന കാര്യം മറന്നുകളയുന്ന പ്രധാന സാഹചര്യങ്ങൾ ഏതാണ്?

- പ്രാർത്ഥനയിൽ ദൈവത്തിനു സമർപ്പിക്കേണ്ട ഇന്നത്തെ ആകുലത എന്താണ്?

- ദൈവത്തോടു നന്ദിപറയേണ്ട നന്മകൾ ഏതാണ്, ഇപ്പോൾ നേരിടുന്നത് അനിശ്ചിതാവസ്ഥയാണെങ്കിൽപോലും?

**ഫിലിപ്യർ 4:6-7 മനഃപാഠമാക്കുക:**

*"6ഒന്നിനെക്കുറിച്ചും വ്യാകുലപ്പെടരുത്. എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടുകൂടെ ദൈവത്തിനു സമർപ്പിക്കയത്രേ വേണ്ടത്. 7അങ്ങനെയെങ്കിൽ സകല അറിവിനെയും കവിയുന്ന ദൈവീകസമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും മനസ്സുകളെയും ക്രിസ്തുയേശുവിൽ കാത്തുകൊള്ളും."*

ദിനം 22

# ക്ഷമയും ആശ്രയവും
## (Forgiveness and Trust)

**സങ്കീർത്തനം 103:2–3**

*2 എൻ മനമേ, യഹോവയെ വാഴ്ത്തുക; അവിടുത്തെ ഉപകാരങ്ങളൊന്നും മറക്കരുത്.*
*3 അവിടുന്നു നിന്റെ സകല പാപവും ക്ഷമിക്കുന്നു; നിന്റെ സർവ്വരോഗവും സൗഖ്യമാക്കുന്നു.*

ദൈവത്തിന്റെ ശ്രേഷ്ടതരമായ സ്വഭാവസവിശേഷതകളെക്കുറിച്ചു ദാവീദ് ഈ സങ്കീർത്തനത്തിൽ വിവരിക്കുന്നു. ദൈവം നമ്മുടെ സകലപാപവും ലംഘനങ്ങളും ക്ഷമിക്കുന്നുവെന്നത് അവിടുത്തെ സ്വഭാവത്തിലെ വലിയ ഒരു കാര്യമാണ്. നമ്മുടെ ചില പാപങ്ങൾ ക്ഷമിക്കത്തക്കതല്ല എന്ന ചിന്തയിൽ വളർന്നുവന്നവരാണ് നമ്മിൽ പലരും. എന്നാൽ ദൈവത്തിന്റെ പ്രകൃതം നാം തിരിച്ചറിയുമ്പോൾ, ചെറുതായാലും വലുതായാലും ദൈവം ക്ഷമിക്കാത്ത പാപങ്ങൾ ഇല്ല എന്ന ഉൾക്കാഴ്ച നമ്മുടെ ഹൃദയത്തിന്റെ ആഴങ്ങളെ ചലിപ്പിക്കുന്നു. നമ്മുടെ പാപങ്ങൾ ക്ഷമിക്കാനുള്ള താത്പര്യം ദൈവത്തിനുണ്ട്, നമ്മുടെ ചില പാപങ്ങൾ ഈ ലോകം മുഴുവൻ നമുക്കെതിരെ തിരിയത്തക്കവിധമുള്ളതായാലും. ദൈവം അങ്ങനെയാണ്. ഇതുപോലെയുള്ള ഒരു പൂർണ്ണക്ഷമ നമുക്കു ലഭിച്ചതുകൊണ്ട്, നാം മറ്റുള്ളവരോട് അതുപോലെതന്നെ ക്ഷമിക്കണമെന്നും ദൈവം കാംക്ഷിക്കുന്നു. നമുക്കു ലഭിച്ചത് മുന്നോട്ടു നല്കണമെന്നതാണ് ദൈവത്തിന്റെ പ്രതീക്ഷ. അപ്പസ്തോലൻ പൗലോസ് എഴുതിയിരിക്കുന്നതു നോക്കുക:

**കൊലോസ്യർ 3:13**

*"അന്യോന്യം ക്ഷമിക്കുകയും സഹിക്കുകയും ചെയ്‌വിൻ; ഒരാൾക്കു മറ്റൊരാൾക്കെതിരേ പരാതി ഉണ്ടായാൽ ക്രിസ്തു നിങ്ങളോടു ക്ഷമിച്ചതുപോലെ നിങ്ങളും ക്ഷമിപ്പിൻ."*

- കർത്താവു നമ്മോടു ക്ഷമിച്ചതുപോലെ നാമും പരസ്പരം ക്ഷമിക്കണം. ദൈവം നമ്മോടു ക്ഷമിച്ചതെങ്ങനെയാണ്? നമ്മുടെ മുഴുവൻ പാപങ്ങളും ക്ഷമിച്ചുകൊണ്ട്. ക്ഷമിച്ചുതരില്ല എന്നു ദൈവം പറയുന്ന യാതൊരു പാപവുമില്ല. പാപം ക്ഷമിച്ചുകഴിഞ്ഞ്, നാം ചെയ്ത പാപത്തിന്റെ ഒരു പട്ടിക കാത്തു സൂക്ഷിക്കുന്നുമില്ല. അതുപോലെതന്നെയാണ് നമ്മോടു പാപം ചെയ്തവരോടു നാം ക്ഷമിക്കേണ്ടതും.

മറ്റുള്ളവരോടു ക്ഷമിക്കുന്ന കാര്യത്തിൽ ദൈവാശ്രയത്തിന്റെ പങ്ക് എന്താണ്?

1. ദൈവം നമ്മുടെ സകലപാപങ്ങളും ക്ഷമിക്കുമെന്ന ആശ്രയം നമുക്കുണ്ടാകണം, കാരണം ദൈവം അങ്ങനെയുള്ളവനാണ്.

2. തന്റെ സദൃശത്തിലേക്ക് ദൈവം നമ്മെ രൂപാന്തരപ്പെടുത്തുന്നുവെന്നതിൽ നാം ആശ്രയിക്കണം; ആയതിനാൽ ദൈവം ചെയ്തതുപോലെ മറ്റുള്ളവരോടു ക്ഷമിക്കാനുള്ള കഴിവ് നമുക്കും നല്കപ്പെട്ടിട്ടുണ്ട്

3. നമ്മിൽ വസിക്കുന്ന പരിശുദ്ധാത്മാവിനെ നാം ആശ്രയിക്കണം, ദൈവം ക്ഷമിച്ചതുപോലെ മറ്റുള്ളവരോടു ക്ഷമിക്കാൻ ആത്മാവു നമ്മെ സജ്ജമാക്കുന്നു.

4. ദൈവത്തിന്റെ കരങ്ങളിൽ നമ്മെ കൊടുത്തേല്പിക്കണം, ന്യായമായി വിധിക്കുന്നവനാണ് അവിടുന്ന്. ദൈവം സത്യമായും നീതിയുള്ളവനാണെന്ന ആശ്രയം നമുക്കുണ്ടാകേണ്ടത് ഇക്കാര്യത്തിന് ആവശ്യമാണ്.

**1 പത്രോസ് 2:21–23**

*"21ഇതിനായിട്ടല്ലോ നിങ്ങളെ വിളിച്ചിരിക്കുന്നത്. ക്രിസ്തു നിങ്ങൾക്കുവേണ്ടി പീഡനം സഹിക്കുകയും നിങ്ങൾ അവിടുത്തെ കാൽച്ചുവടു പിന്തുടരുവാൻ ഒരു മാതൃക നല്കുകയും ചെയ്തിരിക്കുന്നു. 22അദ്ദേഹം ഒരു പാപവും ചെയ്തില്ല, അവിടുത്തെ വായിൽ വഞ്ചനയൊന്നും ഉണ്ടായിരുന്നുമില്ല. 23തന്നെശകാരിച്ചിട്ട് അദ്ദേഹം പകരം ശകാരിച്ചില്ല. പീഡനം സഹിക്കുമ്പോൾ അദ്ദേഹം ഭീഷണിപ്പെടുത്തിയില്ല; ന്യായമായി വിധിക്കുന്നവന്റെ പക്കൽ സ്വയം ഭരമേൽപ്പിക്കുകയാണ് അദ്ദേഹം ചെയ്തത്."*

- അക്കാലത്തെ യജമാനന്മാരിൽ പലരും തങ്ങളുടെ അടിമകളോട് ദയയോടും നീതിയോടും കൂടെ പ്രവർത്തിക്കുന്നില്ലായിരുന്നു, അങ്ങനെയൊരു പശ്ചാത്തലത്തിലാണ് അപ്പസ്തോലൻ പത്രോസ് ഇതെഴുതുന്നത്. എന്നാൽ ക്രിസ്ത്യാനികളായ ദാസന്മാരോട്/അടിമകളോട് അദ്ദേഹം ഇപ്രകാരം കല്പിക്കുന്നു: *"ദാസരേ, നിങ്ങളുടെ യജമാനന്മാർക്ക്, നല്ലവരും ദയാശീലരുമായവർക്കു മാത്രമല്ല, ക്രൂരന്മാർക്കും കൂടെ പൂർണ്ണബഹുമാനത്തോടെ കീഴടങ്ങിയിരിപ്പിൻ"* (1 പത്രോസ് 2:18).

- ഈ കല്പനയ്ക്കുശേഷമാണ് പത്രോസ് യേശുകർത്താവിന്റെ മാതൃകയിലേക്കു വിരൽചൂണ്ടുന്നതും അവിടുത്തെ അനുസരിക്കാൻ നമ്മെ വിളിക്കുന്നതും. ന്യായമല്ലാത്ത രീതിയിലുള്ള പരിഗണന നമുക്കു ലഭിക്കുമ്പോൾ, പാപമില്ലാഞ്ഞിട്ടും പരിഹാസവും നഗ്നനാക്കലും ചാട്ടവാറടിയും മർദ്ദനവും മുഖത്തു തുപ്പലും സഹിച്ച യേശുവിനെ ഓർക്കുവിൻ എന്ന് പത്രോസ് നമ്മോടു പറയുന്നു. തന്നെ മർദ്ദിച്ചവരോടു പകയും കയ്പും വയ്ക്കാതെ അവർക്കുവേണ്ടി പ്രാർത്ഥിക്കാൻ സാധിക്കുന്ന വിധത്തിൽ അതെല്ലാം പൊറുക്കാൻ യേശുവിനു സാധിച്ചതെങ്ങനെയാണ്? വാക്യം 23ൽ പതോസിന്റെ മറുപടി നമുക്കു കാണാം: *"തന്നെ ശകാരിച്ചിട്ട് അദ്ദേഹം പകരം ശകാരിച്ചില്ല. പീഡനം സഹിക്കുമ്പോൾ അദ്ദേഹം ഭീഷണിപ്പെടുത്തിയില്ല; ന്യായമായി വിധിക്കുന്നവന്റെ പക്കൽ സ്വയം ഭരമേൽപ്പിക്കുകയാണ് അദ്ദേഹം ചെയ്തത്."*

- ദൈവം നീതിമാനെന്നു നിങ്ങൾക്ക് ഉറപ്പുണ്ടോ? ദൈവം നീതിമാനാണെങ്കിൽ മറ്റുള്ളവർ നമ്മോട് അന്യായമായി പെരുമാറുമ്പോൾ ആരെയാണ് നാം നമ്മെ ഭരമേൽപ്പിക്കേണ്ടത്? ന്യായവും നീതിയും നാം കയ്യിലെടുക്കുമ്പോൾ, ശിക്ഷയും വേദനയും നമ്മെ ഉപദ്രവിക്കുന്നവർക്ക് അർഹതപ്പെട്ടതാണെന്ന ചിന്തയാലും, അവർക്കതു നല്കാൻ മറ്റാരുമില്ല എന്ന ചിന്തയാലും നാം നയിക്കപ്പെടുകയാണു ചെയ്യുന്നത്. ഇങ്ങനെ ചിന്തിക്കുമ്പോൾ ദൈവം നീതിമാനല്ല എന്നു നാം പ്രഖ്യാപിക്കുകയല്ലേ ചെയ്യുന്നത്? ദൈവനിന്ദയ്ക്കു തുല്യമായ ഒരു ചിന്തയല്ലേ അത്? നമ്മെ പീഡിപ്പിച്ചവരെ ശിക്ഷിക്കുക എന്നു പറയുമ്പോൾ, ഭൗതികമായ ഒരു ശിക്ഷ അവർക്കു നാം കൊടുത്തെന്നു വരുന്നില്ല, പകരം അവരോടു ക്ഷമിക്കാതെയും അവർക്കെതിരെ കയ്പ് ഉള്ളിൽ വയ്ക്കുകയും ചെയ്തുകൊണ്ട് അവർക്കു ശിക്ഷ സ്വയം നല്കുകയാണ് നാം ചെയ്യുന്നത്. അവരോടു നാം എപ്രകാരം പെരുമാറുന്നു എന്നു നോക്കിയാൽ മതി ഇതിന്റെ നിജസ്ഥിതി മനസ്സിലാകാൻ. തന്നെ ഒറ്റിക്കൊടുത്ത യൂദാസിനോടും, തള്ളിപ്പറഞ്ഞ പത്രോസിനോടും, ഉപേക്ഷിച്ചുപോയ ശിഷ്യഗണങ്ങളോടും യേശു പെരുമാറിയത് എപ്രകാരമാണെന്നു ചിന്തിക്കുക. ഒരു മനുഷ്യനും അനുഭവിക്കാത്ത വേദനയുടെ കൊടുമുടി കയറിയിരിക്കുമ്പോഴും തന്നെ ആ സ്ഥാനത്തെത്തിച്ചവരോട് യേശു പ്രതികരിച്ചത് എപ്രകാരമായിരുന്നുവെന്നും ഓർക്കുക: *"പിതാവേ, തങ്ങൾ ചെയ്യുന്നത് എന്താണെന്ന് ഇവർ അറിയായ്കയാൽ ഇവരോടു ക്ഷമിക്കേണമേ"* (ലൂക്കോസ് 23:24)

താഴെ നല്കിയിരിക്കുന്ന വചനങ്ങൾ മനഃപാഠമാക്കുക. ആരെങ്കിലും എപ്പോഴെങ്കിലും നിങ്ങളോട് അന്യായമായി പെരുമാറുന്നെങ്കിൽ അവയെ മനസ്സിലേക്കു കൊണ്ടുവരിക, വചനത്തിൽ പറയുന്നതുപോലെ പെരുമാറുക:

**കൊലോസ്യർ 3:13**
*"അന്യോന്യം ക്ഷമിക്കുകയും സഹിക്കുകയും ചെയ്‌വിൻ; ഒരാൾക്കു മറ്റൊരാൾക്കെതിരേ പരാതി ഉണ്ടായാൽ ക്രിസ്തു നിങ്ങളോടു ക്ഷമിച്ചതുപോലെ നിങ്ങളും ക്ഷമിപ്പിൻ."*

**1 പത്രോസ് 2:23**
*തന്നെശകാരിച്ചിട്ട് അദ്ദേഹം പകരം ശകാരിച്ചില്ല. പീഡനം സഹിക്കുമ്പോൾ അദ്ദേഹം ഭീഷണിപ്പെടുത്തിയില്ല; ന്യായമായി വിധിക്കുന്നവന്റെ പക്കൽ സ്വയം ഭരമേൽപ്പിക്കുകയാണ് അദ്ദേഹം ചെയ്തത്."*

നിങ്ങളുടെ പാപം പൂർണ്ണമായി ക്ഷമിച്ചതിന് യേശുവിന് ഒരു നന്ദിസൂചക കത്തെഴുതുക.

ഹൃദയത്തിൽനിന്നും ക്ഷമിക്കാത്ത ആരെങ്കിലും ഇപ്പോഴുണ്ടോ എന്നു പരിശോധിക്കുക, ക്രിസ്തു നിങ്ങളോടു പൊറുത്തതുപോലെ അവരോടു പൊറുക്കാൻ പറ്റുന്നവിധത്തിൽ നിങ്ങളെ ഒരുക്കാൻ പരിശുദ്ധാത്മാവിന്റെ സഹായം തേടുക.

ദിനം 23

# പരീക്ഷാഘട്ടങ്ങളിൽ നാം തേടേണ്ടത്

(Our Purpose in Trials)

**1 പത്രോസ് 1:6–7**

*"6ഇപ്പോൾ അല്പകാലത്തേക്കു പലവിധ പരിശോധനകളാൽ നിങ്ങൾ ദുഃഖിക്കുന്നുവെങ്കിലും ഈ രക്ഷയിൽ ആനന്ദിക്കുന്നു. 7തീയിൽ ശുദ്ധീകരിക്കപ്പെടുന്നതെങ്കിലും നശ്വരമായ സ്വർണ്ണത്തേക്കാൾ, പരിശോധനയെ അതിജീവിക്കുന്ന നിങ്ങളുടെ വിശ്വാസം അധികം വിലയേറിയതെന്ന് യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ പുകഴ്ചയ്ക്കും തേജസ്സിനും ബഹുമാനത്തിനുമായി കാണുവാൻ ഇടയാകും."*

പരീക്ഷാഘട്ടങ്ങളിൽ യേശുവിനെ തള്ളിപ്പറയുന്ന രീതിയിൽ തീരുമാനങ്ങളിൽ ഉറപ്പില്ലാത്ത പെരുമാറ്റം പലപ്രാവശ്യം ഉണ്ടായ ഒരു വ്യക്തിയാണു താനെന്നും, തന്നോടുതന്നെ പലപ്രാവശ്യം ക്ഷമിക്കേണ്ട വ്യക്തിയാണെന്നും നന്നായി അറിയാവുന്നവനായിരുന്നു ഇതെഴുതുന്ന പത്രോസ്. അത്തരം പരീക്ഷാഘട്ടങ്ങളിൽ യേശുവുമായുള്ള അടുപ്പം നിഷേധിക്കാനാണ് പത്രോസിനു കഴിഞ്ഞത്.

പരീക്ഷകളും പ്രലോഭനങ്ങളും നിരാശയും നിഷേധവുമെല്ലാം നമുക്കു വേദനയും കോപവും ഉണ്ടാക്കുന്നു, അതു നല്കുന്ന വ്യക്തികൾ നമ്മിൽ ഹൃദയവേദനയും സൃഷ്ടിക്കുന്നു. എന്നാൽ അത്തരം ഘട്ടങ്ങളിൽ ദൈവത്തിലുള്ള ആശ്രയം നാം തെളിയിക്കുമ്പോൾ നമ്മുടെ വിശ്വാസം നിർമ്മലമായതും ഊതിക്കാച്ചിയ തങ്കത്തെപ്പോലെയായതുമാകും.

ഇതെഴുതുന്ന പ്രഭാതത്തിൽ, പ്രാർത്ഥനയിൽ മല്ലടിക്കുന്ന ഒരു ഹൃദയവുമായാണ് ഞാൻ ഇരുന്നത്. എന്നോടു വളരെയധികം അടുപ്പമുള്ള ഒരാൾ എന്നെ അവഹേളിക്കുകയും നിഷേധിക്കുകയും അനാദരമായി പെരുമാറുകയും ചെയ്തു. ഇന്നലെ രാത്രിയിൽ കോപത്തോടും സങ്കടത്തോടും കൂടിയാണ് ഞാൻ ഉറങ്ങാൻ കിടന്നത്. പ്രാർത്ഥിച്ചപ്പോൾ പോലും അയാളോട് എപ്രകാരം പ്രതികരിക്കണമെന്ന വാക്കുകളായിരുന്നു ഞാൻ ദൈവവുമായി സംവദിച്ചത്. അയാളെ ഒഴിവാക്കണമെന്നും, ദൈവം അയാളെ മാറ്റുകയോ ശിക്ഷിക്കുകയോ ചെയ്യണമെന്നും, അയാളെ സഹനത്തിലേക്കു തള്ളിവിടണമെന്നുമൊക്കെ.

എന്റെ ദുഃഖ വിലാപത്തിൽ ഞാൻ **ദൈവം സ്നേഹമാണ്** (1 യോഹന്നാൻ 4:8) എന്ന വാക്കുകളെക്കുറിച്ചു ധ്യാനിച്ചു. കൂടുതൽ വായിച്ചപ്പോൾ, ദൈവത്തെ സ്നേഹിക്കുന്നുവെങ്കിൽ (1 യോഹന്നാൻ 4:16) ഞാൻ *സ്നേഹത്തിൽ ജീവിക്കണം* എന്നും, *സ്നേഹത്തിൽ പ്രതികരിക്കണം* എന്നും കണ്ടു. ഞാൻ ക്ഷമചോദിക്കുമ്പോഴെല്ലാം ദൈവം എന്നോട് എപ്രകാരം ക്ഷമിക്കുന്നുവോ, അതുപോലെതന്നെയായിരിക്കണം എന്റെയും പെരുമാറ്റം എന്ന് എനിക്കു മനസ്സിലായി. എന്റെ കോപം അലിഞ്ഞുപോയി; വീണ്ടും ആ വ്യക്തിയെ കണ്ടുമുട്ടുന്നതിനു മുമ്പുതന്നെ ആ വ്യക്തിയോടു ക്ഷമിക്കാനും, ഉള്ളിൽ കയ്പ് വച്ചുകൊണ്ടിരിക്കാതിരിക്കാനും ഞാൻ തീരുമാനിച്ചു.

പലതരത്തിലുള്ള പരീക്ഷകളിലൂടെ നാം കടന്നുപോകാറുണ്ട്. നമ്മിൽ ചിലർക്കാകട്ടെ കൂടുതൽ ദുർഘടമായ പ്രയാസങ്ങൾ നേരിടേണ്ടിവരുന്നു, കടവും ജോലിയില്ലായ്മയും തള്ളിപ്പറയലും അവഹേളനവും ബന്ധങ്ങളിലുള്ള മുറിവുകളും മോശംപെരുമാറ്റവും പങ്കാളിയിൽനിന്നുമുള്ള സ്നേഹരാഹിത്യവും നീണ്ടുനിൽക്കുന്ന അസുഖങ്ങളും ചികിത്സയുമെല്ലാം.

ഒരു വിശ്വാസിയായിരുന്നിട്ടും എന്തുകൊണ്ട് ഞാൻ ഇത്തരം കാര്യങ്ങളിലൂടെ കടന്നുപോകുന്നു എന്ന ചോദ്യത്തിന് ഉത്തരമില്ല എന്നു പറയാം. എന്നിരുന്നാലും നമ്മുടെ ലക്ഷ്യം നമുക്ക് തിരിച്ചറിയാൻ സാധിക്കും. ഞാൻ എന്താണു ചെയ്യേണ്ടത്? എന്നിൽനിന്നും എന്താണു പ്രതീക്ഷിക്കുന്നത്? ഇത്തരം കഠിനതകളിൽ ദൈവം എന്നിൽനിന്നും ആവശ്യപ്പെടുന്നത് എന്താണ്?

ദൈവത്തിലേക്കു നോക്കൂ! **ദൈവം എല്ലായ്പോഴും സ്നേഹം തന്നെയാണ്.** അവിടുത്തെ പ്രകൃതം സ്നേഹമാണ്. അവിടുന്ന് ചിന്തിക്കുന്നത് സ്നേഹത്തിലൂടെയാണ്. സ്നേഹത്തിൽ ഞാൻ പ്രതികരിക്കുമ്പോഴാണ് എന്റെ വിശ്വാസം സത്യമായതാകുന്നത്. ഇതുതന്നെയാണ് ദൈവം എന്നിൽനിന്നും ആവശ്യപ്പെടുന്നത്. വിശ്വസ്തമായ എന്റെ ജീവിതം സ്വർണ്ണത്തേക്കാൾ വിലയേറിയതായി മാറുന്നു. മറ്റുള്ളവർ എന്റെ സ്നേഹത്താലാണ് നോവനുഭവിക്കേണ്ടത്, എന്റെ കോപത്താലല്ല. പരീക്ഷകളോടുള്ള എന്റെ സമീപനം ദൈവത്തിനു മഹത്വം വർദ്ധിപ്പിക്കുന്നു. ശരിയായ രീതിയിൽ ഞാൻ പ്രതികരിക്കുമ്പോൾ ദൈവം എന്നിൽ പ്രസാദിക്കുന്നു, എന്നെ നോക്കി പുഞ്ചിരിക്കുന്നു. നിങ്ങളെത്തന്നെ കുറ്റമറ്റവരായി സൂക്ഷിക്കുക, കർത്താവു നിങ്ങളെ വിശുദ്ധീകരിക്കട്ടെ, അവിടുത്തെ വരവുവരെ നിങ്ങളിൽ

സമാധാനം നിറയ്ക്കട്ടെ (1 തെസ്സലോനികൃർ 5:23).

ദൈവത്തിന്റെ സ്നേഹത്തെക്കുറിച്ചു നാം ചിന്തിക്കുമ്പോൾ, നമ്മുടെ ലക്ഷ്യത്തെക്കുറിച്ചു നമുക്കു ചിന്തിക്കാൻ കഴിയുന്നു. നിങ്ങളോടു ക്ഷമിക്കാനും, മറ്റുള്ളവരോടു ക്ഷമിക്കാനും; ദൈവം നിങ്ങൾക്കു വാഗ്ദാനം ചെയ്തിരിക്കുന്ന കരുത്തു നേടുന്നതുവരെ ക്ഷമയോടെ കാത്തിരിക്കാനും കഴിയട്ടെ

**1 പത്രോസ് 1:6 മനഃപാഠമാക്കുക:**
*"ഇപ്പോൾ അല്പകാലത്തേക്കു പലവിധ പരിശോധനകളാൽ നിങ്ങൾ ദുഃഖിക്കുന്നുവെങ്കിലും ഈ രക്ഷയിൽ ആനന്ദിക്കുന്നു."*

## ദിനം 24

# കൊടുങ്കാറ്റിലും സമാധാനം കണ്ടെത്തുന്നത്

## (Finding Peace in the Storm)

**മത്തായി 4:35–41**
*"35അന്നു വൈകുന്നേരം അദ്ദേഹം ശിഷ്യന്മാരോട്: "നമുക്ക് മറുകരയ്ക്കു പോകാം" എന്നു പറഞ്ഞു. 36ജനക്കൂട്ടത്തെ വിട്ട് അവർ ഇരുന്ന വഞ്ചിയിൽത്തന്നേ അദ്ദേഹത്തെ മറുകരയിലേക്കു കൊണ്ടുപോയി. മറ്റുവഞ്ചികളും ഒപ്പം ഉണ്ടായിരുന്നു. 37അപ്പോൾ ഉഗ്രമായ ഒരു കൊടുങ്കാറ്റ് ഉണ്ടായി; തിരകൾ വഞ്ചിയിൽ ആഞ്ഞടിച്ചു; അതു മുങ്ങാറായി. 38യേശു അമരത്തു തലയണവച്ച് ഉറങ്ങുകയായിരുന്നു. ശിഷ്യന്മാർ അദ്ദേഹത്തെ ഉണർത്തിയിട്ട്: "ഗുരോ, ഞങ്ങൾ നശിക്കുന്നതിൽ അങ്ങേയ്ക്കു വിചാരം ഇല്ലേ?" എന്നു ചോദിച്ചു. 39അദ്ദേഹം എഴുന്നേറ്റു കാറ്റിനെ ശാസിച്ചു, തിരകളോട്: "അടങ്ങുക, ശാന്തമാകുക" എന്നു കല്പിച്ചു. അപ്പോൾ കാറ്റു നിലച്ചു; വലിയ ശാന്തത ഉണ്ടായി. 40അദ്ദേഹം ശിഷ്യന്മാരോട്: "നിങ്ങൾ ഇങ്ങനെ ഭയപ്പെടുന്നതെന്ത്? നിങ്ങൾക്ക് ഇപ്പോഴും വിശ്വാസം ഇല്ലേ?" എന്നു ചോദിച്ചു. 41അവർ വളരെ ഭയപ്പെട്ടു. "ഇദ്ദേഹം ആരാണ്? കാറ്റും കടലുംപോലും ഇദ്ദേഹത്തെ അനുസരിക്കുന്നുവല്ലോ" എന്നു തമ്മിൽ പറഞ്ഞു."*

നമ്മുടെ ബുദ്ധിമുട്ടുകളിൽ ദൈവം നമ്മുടെ അടുത്തുതന്നെയുണ്ട്. കാറ്റും കോളുമെല്ലാം നമ്മുടെ ജീവിതത്തിലേക്കു കടന്നുവരുന്നത് അവിചാരിതമായും വളരെപെട്ടെന്നുമാകും – രോഗമായും, സാമ്പത്തിക പ്രതിസന്ധിയായും, മിനിസ്ട്രിയിലെ സമ്മർദ്ദങ്ങളായും, ബന്ധങ്ങളിലെ ദുർഘടമായും, വ്യക്തിപരമായ പരീക്ഷണഘട്ടങ്ങളായുമൊക്കെ. ആ സമയത്ത് നാം യേശുവിനോടു ചോദിക്കുകയും ചെയ്യും, വഞ്ചിയിലിരുന്ന ശിഷ്യന്മാർ ചോദിച്ചതുപോലെ: *"കർത്താവേ, അങ്ങേയ്ക്ക് ഒരു വിചാരവുമില്ലേ?"*

പ്രധാനപ്പെട്ട സത്യമെന്തെന്നാൽ യേശു സകലസമയത്തും നമ്മോടൊപ്പമുണ്ട്. നമ്മുടെ പടകിന്റെ അറ്റത്തു തന്നെയുണ്ട്.

അപകടകരമായ കൊടുങ്കാറ്റുകൾ പെട്ടെന്നുണ്ടാകുന്നതിൽ ഗലീലീ തടാകം പേരുകേട്ടതാണ്. വളരെ പരിചയസമ്പന്നരായ പത്രോസും യോഹന്നാൻപോലും ഭയന്നു പോയ ഒരു കൊടുങ്കാറ്റിനെയാണ് അവർ അപ്പോൾ അഭിമുഖീകരിച്ചത്.

**ഏശയ്യ 41:10**
*"നീ ഭയപ്പെടേണ്ടാ; ഞാൻ നിന്നോടുകൂടെയുണ്ട്; ഉൽക്കണ്ഠയോടെ ചുറ്റും നോക്കേണ്ടാ; ഞാൻ നിന്റെ ദൈവമാകുന്നു; ഞാൻ നിന്നെ ബലപ്പെടുത്തും, ഞാൻ നിന്നെ തീർച്ചയായും സഹായിക്കും; എന്റെ നീതിയുള്ള വലംകരത്താൽ ഞാൻ നിന്നെ താങ്ങിക്കൊള്ളും."*

ദൈവജനം ഭയപരവശരായിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് ദൈവം ഈ വാഗ്ദാനം അവർക്കു നല്കിയത് – അവർ ശത്രുക്കളാൽ ചൂഴ്ന്നു നില്ക്കുകയും, ഭാവിയെക്കുറിച്ചുള്ള അനിശ്ചിതത്വം കനംതിങ്ങി നില്ക്കുകയും ചെയ്യുന്ന അവസ്ഥ. എന്നാൽ ദൈവം അവരോടു പറഞ്ഞു: *"ഞാൻ നിന്നോടുകൂടെയുണ്ട്; ഞാൻ നിന്നെ തീർച്ചയായും സഹായിക്കും"*. ഇന്നു നമ്മെ സംബന്ധിച്ചും സത്യമായ ഒരു വാഗ്ദാനമാണിത്.

**1. ദൈവത്തിന്റെ സാന്നിധ്യം നമ്മുടെ പരിഭ്രാന്തിയെക്കാൾ വലുതാണ്**

ശിഷ്യന്മാർ കണ്ടത് കൊടുങ്കാറ്റിനെയാണെങ്കിൽ, യേശു കണ്ടത് ശാന്തതയെയാണ്. അവരെ കരുതാത്തതിനാലല്ല യേശു ഉറങ്ങിയത്; താൻ ആരാണെന്നും ഇനിയെന്താണു സംഭവിക്കാൻ പോകുന്നതെന്നുമുള്ള ഉറപ്പ് യേശുവിൽ ഉണ്ടായിരുന്നതിനാലാണ് യേശുവിന് ഉറങ്ങാൻ കഴിഞ്ഞത്. നമ്മുടെ ഭയങ്ങൾ ദൈവത്തിന്റെ ശക്തിയെ ബാധിക്കുന്നില്ലായെന്നും, അവന്റെ ഭുജബലത്തെ കുറയ്ക്കുകയില്ലായെന്നും നാം മനസ്സിലാക്കേണ്ട കാര്യമാണ്. നമ്മെ ഭയപ്പെടുത്തുന്ന പ്രയാസങ്ങളാണു നാം നേരിടുന്നതെങ്കിലും, ദൈവം നമ്മെ വിട്ടുപോയിയിരിക്കുന്നു എന്നു നാം കരുതരുത്.

ക്ഷോഭിക്കുന്ന കടലിനെ യേശു ശാന്തമാക്കി കഴിഞ്ഞപ്പോൾ ശിഷ്യന്മാർക്ക് ഒരു കാര്യം മനസ്സിലായി – തങ്ങൾ നേരിട്ട കടൽക്ഷോഭത്തെക്കാൾ വലിയ ഒരാളാണ് തങ്ങളോടൊപ്പമുള്ളത്. അതേ യേശുതന്നെയാണ് ഇന്നു നമ്മുടെ പ്രതിസന്ധിഘട്ടങ്ങളിലും നമ്മോടൊപ്പമുള്ളത് – നിങ്ങൾ ഇതു വിശ്വസിക്കുന്നുവോ?

**2. ദൈവവചനം സമാധാനം കൊണ്ടുവരുന്നു**

യേശുവിന്റെ കല്പന വളരെ ലളിതമായിരുന്നു: *"അടങ്ങുക, ശാന്തമാകുക"*. "അടങ്ങുക" എന്ന വാക്കിന് "സമാധാനിക്കുക" എന്നും അർത്ഥമുണ്ട്. ഇതുകേട്ടമാത്രയിൽ കൊടുങ്കാറ്റു ശമിച്ചു. യേശുവിനുമാത്രം കഴിയുന്ന ഒരു കാര്യമാണിതെന്ന് നമുക്കറിയാം; കാരണം യേശു സൃഷ്ടാവാണ്. അവിടുന്ന് നമ്മുടെയും സൃഷ്ടാവാണ്. അതേ യേശുതന്നെയാണ് ഇന്നു നമ്മുടെ ഹൃദയത്തിലേക്കും സമാധാനം കല്പിക്കുന്നത് – ബൈബിൾ വചനങ്ങളിലൂടെയും, നമ്മുടെ കൂടെയുള്ളവരോടൊത്തുള്ള കൂട്ടായ്മയിൽ നിന്നും ലഭിക്കുന്ന പ്രചോദന വാക്കുകളിലൂടെയും, നമ്മുടെ പ്രാർത്ഥനയിലൂടെയും, കൂട്ടായ്മയൊന്നിച്ചുള്ള പ്രാർത്ഥനയിലൂടെയുമൊക്കെ; നാം ആരാധിക്കുമ്പോൾ അവിടുന്ന് നമ്മോടു സംസാരിക്കുന്നു, കൂട്ടായ്മയിലൂടെയും ദൈവം നമ്മോടു സംസാരിക്കുന്നു. അധികാരമുള്ള സ്വരത്തോടെയാണ് യേശു സംസാരിക്കുന്നത്. അവിടുന്നു സംസാരിക്കുമ്പോൾ ഭയത്തിന് അതിന്റെ ശക്തി ചോർന്നുപോകുന്നു. നമുക്കു ചുറ്റുമുള്ള ശബ്ദകോലാഹലങ്ങളുടെയും ശ്രദ്ധചിതറലിന്റെയും മദ്ധ്യേ നിന്നുകൊണ്ടുതന്നെ, യേശുവിനെ കേൾക്കുകയെന്നത് നമ്മുടെ ഉത്തരവാദിത്വമാണ്.

**3. സ്നേഹത്തിൽ പൊതിഞ്ഞ ദൈവത്തിന്റെ ശക്തി നമ്മെ ചേർത്തുപിടിക്കുന്നു.**

**ഏശയ്യ 41:10**ൽ ദൈവം ഇപ്രകാരം പറയുന്നു: *"ഞാൻ നിന്നെ ബലപ്പെടുത്തും, ഞാൻ നിന്നെ തീർച്ചയായും സഹായിക്കും"*

കാറ്റും കോളും നമ്മെ കുലുക്കുമായിരിക്കും; പ്രത്യാശ നഷ്ടപ്പെട്ടവരും, ഭയത്താൽ ശ്രദ്ധചിതറിയവരുമൊക്കെ ആക്കിയേക്കാം; എന്നാലും ദൈവം നമ്മെ നേരെ നിർത്തുന്നു. നാം ബലഹീനപ്പെട്ടും പ്രത്യാശാരഹിതരായും കഴിയുമ്പോഴും അവിടുത്തെ കരം നമ്മെ നിരന്തരം താങ്ങുന്നു. ദൂരെനിന്നും നമ്മെ നോക്കിക്കൊണ്ടിരിക്കുകയല്ല, പകരം നമ്മുടെ ചാരത്തുതന്നെ അവിടുന്നു നിലകൊള്ളുന്നു; മൂല്യമളക്കാൻ പറ്റാത്ത തങ്ങളുടെ കുട്ടിയെ ചേർത്തു പിടിച്ചിരിക്കുന്ന ഒരു മാതാവിനേയോ പിതാവിനെയോ പോലെതന്നെ.

**4. ദൈവത്തിന്റെ പദ്ധതികൾ കൊടുങ്കാറ്റിനിടയിലും പ്രവർത്തിക്കുന്നു**

ഈ പരീക്ഷണഘട്ടത്തിലൂടെ കടന്നുപോകുന്നതിലൂടെ യേശു തന്റെ ശിഷ്യന്മാരുടെ വിശ്വാസത്തെ വളർത്തി. അതിലൂടെ കടന്നുപോയതിനുശേഷം അവർ കൊടുങ്കാറ്റിനുമുന്നിൽ ഭയപ്പെട്ടു നിന്നില്ല, യേശുവിനുമുന്നിൽ ഭയാദരങ്ങളോടെ നിൽക്കുകയായിരുന്നു ചെയ്തത്.

ദൈവത്തെ ആഴത്തിൽ അറിയാനായി ദൈവം ചിലപ്പോൾ നമ്മെ കാറ്റിലും കോളിലും കൂടെയെല്ലാം കടത്തി വിടുന്നു. നമ്മുടെ വിശ്വാസം തഴച്ചുവളരാനുള്ള വിളനിലമായി ആ സാഹചര്യങ്ങൾ മാറുകയും ചെയ്യുന്നു.

**പ്രതിഫലന ചിന്തകൾ:**

- യേശുവിനെ കൂട്ടത്തിലേക്കു ക്ഷണിക്കേണ്ടതായ ഏതു കൊടുങ്കാറ്റിലൂടെയാണ് ഞാനിപ്പോൾ കടന്നുപോകുന്നത്?

- എന്റെ സാഹചര്യങ്ങളിൽ ഞാൻ ശ്രദ്ധ കേന്ദ്രീകരിക്കുന്നത് എന്റെ ഭയത്തിലാണോ അതോ

അവിടുത്തെ സാന്നിധ്യത്തിലാണോ?

- ഈ പരീക്ഷണഘട്ടത്തിലൂടെ യേശു എന്നെ പഠിപ്പിക്കുന്നത് എന്താണ്?
- ഭാവിയിൽ വന്നേക്കാവുന്ന കൊടുങ്കാറ്റുകളെ ഇടറാതെ നേരിടുവാൻ ഞാൻ എങ്ങനെയാണ് എന്നെ തയ്യാറാക്കേണ്ടത്?

ദിനം 25

# പ്രതിസന്ധികളിൽ നിന്നും പാഠം പഠിക്കുന്നത്

## (Learning from Difficulties)

**എബ്രായർ 5:8; ഇയ്യോബ് 42:1-6**

**നല്ല ഇടി പഠിപ്പിക്കുന്ന സ്കൂളിലെ പഠനം**

ജീവിതത്തിലെ ബുദ്ധിമുട്ടുകളെ നാം പലപ്പോഴും സമീപിക്കുന്നത് ശല്യമായും നിരാശയുളവാക്കുന്നതായും ദുഃസ്സഹമായും ശിക്ഷയായുമൊക്കെയാണ്. വിഘ്നങ്ങളില്ലാതെയും എളുപ്പമായും എല്ലാക്കാര്യങ്ങളും നടക്കണമെന്നാണ് നാം ആഗ്രഹിക്കുന്നത്; എന്നിരുന്നാലും നമ്മുടെ ജീവിതത്തിലെ തടസ്സങ്ങളെ സംബന്ധിച്ച വലിയൊരു സത്യം തിരുവചനങ്ങൾ നമുക്കു മുന്നിൽ വെളിപ്പെടുത്തുന്നുണ്ട്. സഹനങ്ങളെക്കുറിച്ച് മികച്ച ഒരു കാഴ്ചപ്പാട് ബൈബിൾ നമുക്കു കാണിച്ചു തരുന്നു - നാം അതിനെ അതിജീവിക്കണം എന്നു മാത്രമല്ല, നമ്മുടെ ആത്മീയ വളർച്ചയും ഹൃദയ ശുദ്ധീകരണവും മികച്ചതാക്കാൻ ദൈവം രൂപകല്പനചെയ്ത ഒരു ക്ലാസ്സ് മുറിയാണ് അവ.

**ദൈവം നിഷ്കർഷിക്കുന്ന ജീവിത പാഠങ്ങൾ**

യേശുവിന്റെ ജീവിതത്തെക്കുറിച്ച് എബ്രായലേഖകൻ ശക്തമായ ഒരു ദൃഷ്ടാന്തം നമുക്കു മുന്നിലേക്കു വയ്ക്കുന്നു: *"പുത്രനെങ്കിലും താൻ അനുഭവിച്ച കഷ്ടങ്ങളാൽ അനുസരണം പഠിച്ചു തികഞ്ഞവനായി"* (എബ്രായർ 5:8)

ചിന്തിച്ചുനോക്കുക: പാപരഹിതനായ ദൈവപുത്രൻ, അനുസരണയിൽ പരിപൂർണ്ണൻ, എന്നിട്ടും യേശുവിന് താൻ കടന്നുപോയ പീഡനങ്ങളുടെ കഠിനവേദനയിലൂടെ അനുസരണം അഭ്യസിക്കേണ്ടിവന്നു അല്ലെങ്കിൽ അനുഭവിച്ചറിയേണ്ടിവന്നു. ഇതിനുമുമ്പ് യേശു അനുസരണക്കേടു കാണിച്ചുവെന്ന യാതൊരു ലാഞ്ചനയും ഇപ്പറഞ്ഞതിന് അർത്ഥമാകുന്നില്ല. അതിനുപകരം, തന്റെ അനുസരണശീലം കഠിനപരീക്ഷയ്ക്കു വിധേയമായി, തെളിയിക്കപ്പെട്ടു, മനുഷ്യനെന്ന രീതിയിൽ ഉണ്ടായ അനുഭവങ്ങൾ വച്ച് അനുസരണയിൽ പരിപൂർണ്ണനാക്കപ്പെട്ടു എന്നാണ് ഇതിനർത്ഥം - മരണത്തിലും, കുരിശിലെ ക്രൂരമരണത്തിലും, ഇതു തെളിയിക്കപ്പെട്ടു. (ഫിലിപ്യർ 2:8). ഇത്തരത്തിലുള്ള ഒരു "ദൈവീക പാഠ്യപദ്ധതി"യിലൂടെയാണ് യേശുവിനു കടന്നുപോകേണ്ടിയിരുന്നതെങ്കിൽ നാം എങ്ങനെ അതിൽനിന്നു വ്യത്യസ്തരാകും?

നമ്മുടെ വിശ്വാസത്തിന്റെ പരീക്ഷയും ശുദ്ധീകരണവുമാണ് ഓരോ പരീക്ഷയും നമുക്കു നല്കുന്നത്; അതിലൂടെ നമ്മുടെ സ്വഭാവം രൂപീകരിക്കപ്പെടുന്നു. നമ്മിലുള്ള ആശ്രയം മാറിപ്പോകുന്നു, എന്തിലാണ് നാം ആശ്രയം വയ്ക്കുന്നതെന്നത് മറനീക്കി പുറത്തുവരുന്നു. വളരെ ഉയർന്ന താപത്തിലൂടെ കടന്നുപോയി സ്വർണ്ണം ശുദ്ധീകരിക്കപ്പെടുന്ന പ്രക്രിയ പോലെ, പരീക്ഷകളുടെ ചൂടും സമ്മർദ്ദവും ഉപയോഗിച്ച് ദൈവം നമ്മുടെ ഹൃദയത്തെ ശുദ്ധീകരിക്കുന്നു - കൂടുതൽ മികച്ച രീതിയിൽ യേശുവിനെ നാം പ്രതിഫലിപ്പിക്കുന്നതിനായി.

**കാഴ്ചപ്പാടിലെ മാറ്റം**

ഇയ്യോബ് കടന്നുപോയ സഹനങ്ങളെ ഓർക്കുക. തനിക്കുണ്ടായിരുന്നതെല്ലാം നഷ്ടപ്പെട്ടു - മക്കളും, സമ്പത്തും, ആരോഗ്യവും, എല്ലാം - എന്നിട്ടുപോലും ഇയ്യോബ് തന്റെ നിർദ്ദോഷത കൈവിട്ടില്ല, ദൈവത്തെ തള്ളിപ്പറഞ്ഞുമില്ല. ഒന്നിനുപിന്നാലെ മറ്റൊന്നായി വന്ന ദുരന്തങ്ങളും, തന്റെ

സുഹൃത്തുക്കളിൽനിന്നും ലഭിച്ച തെറ്റായ ഉപദേശങ്ങളുമെല്ലാം അതിജീവിച്ചതിനുശേഷം ദൈവം അവനോടു സംസാരിച്ചു. വിനയപൂർവ്വമായ തന്റെ തിരിച്ചറിവിനെയും തന്നിലുണ്ടായ രൂപാന്തരീകരണത്തെയും സൂചിപ്പിക്കുന്ന ഒരു പ്രതികരണമാണ് ഇയ്യോബിൽ നിന്നുണ്ടായത്: *"1അപ്പോൾ ഇയ്യോബ് യഹോവയോട് ഉത്തരം പറഞ്ഞത്: അങ്ങേയ്ക്ക് എല്ലാം സാദ്ധ്യമെന്നും അങ്ങയുടെ ഉദ്ദേശമൊന്നും തടയാനാവുകയില്ലെന്നും ഞാൻ അറിയുന്നു. 3അറിവില്ലാതെ ആലോചനയെ മറച്ചു വയ്ക്കുന്ന ഇവനാര്? അതിനാൽ എനിക്കറിഞ്ഞുകൂടാത്തത് ഞാൻ പ്രസ്താവിച്ചു, അത് എനിക്കു അത്യന്തം ആശ്ചര്യകരവും അജ്ഞാതവും തന്നെ. 4ഇപ്പോൾ കേട്ടാലും; ഞാൻ സംസാരിക്കും. ഞാൻ അങ്ങയോടു ചോദിക്കും; അങ്ങ് എനിക്ക് ഉപദേശിച്ചുതന്നാലും. 5അങ്ങയെക്കുറിച്ച് ഒരു കേൾവി മാത്രമേ ഞാൻ കേട്ടിരുന്നുള്ളു; എന്നാലിപ്പോൾ എന്റെ കണ്ണുകൾ അങ്ങയെ കാണുന്നു.. 6അതിനാൽ ഞാൻ എന്നെത്തന്നെ വെറുത്ത് പൊടിയിലും ചാരത്തിലും കിടന്ന് അനുതപിക്കുന്നു."* (ഇയ്യോബ് 42:1–6)

ഇയ്യോബിന്റെ അഗ്നിപരീക്ഷകൾ അവനെ അവിശ്വസനീയമായ ഉയരങ്ങളിലേക്കു നയിച്ചിരിക്കുന്നു. അദ്ദേഹത്തിന്റെ കഥയുടെ സമാപനം നമുക്കെല്ലാം അറിയാവുന്നതാണ്. തനിക്കു നഷ്ടമായതിനേക്കാൾ ഉപരിയായി തിരിച്ചുനല്കപ്പെട്ടു. എന്നാൽ അതിലുമുപരിയായ ഒരു കാര്യം ഇയ്യോബ് നേടിയെടുത്തു. ദൈവത്തെക്കുറിച്ചുള്ള കുറച്ച് അറിവുമാത്രമുണ്ടായതിൽനിന്നും, വ്യക്തിപരമായി ദൈവത്തെ അനുഭവിച്ചറിഞ്ഞ ഒരാളായി അദ്ദേഹം മാറി. ഇയ്യോബിന്റെ സഹനങ്ങൾ അദ്ദേഹത്തെ മാറ്റി. തന്റെ ലഘുത്വവും ദൈവത്തിന്റെ വലുപ്പവും തിരിച്ചറിഞ്ഞു. ഇയ്യോബിന്റെ സഹനങ്ങളുടെ അന്തിമഫലം അദ്ദേഹത്തിന്റെ ജീവിതം തിരിച്ചു ലഭിച്ചതല്ല, ദൈവത്തെക്കുറിച്ചുള്ള വ്യക്തമായതും ആഴമായതുമായ ഒരു ദർശനം ലഭിച്ചു എന്നതാണ്.

**പ്രായോഗികമായി:**

നിങ്ങൾ പ്രയാസഘട്ടങ്ങളിലൂടെ കടന്നുപോകുമ്പോൾ - അതു ബന്ധങ്ങളിലായാലും, സാമ്പത്തികമേഖലയിലായാലും, ആരോഗ്യകാര്യത്തിലായാലും, ജോലിക്കാര്യത്തിലായാലും - രണ്ടു ചോദ്യങ്ങൾ സ്വയം ചോദിക്കുക:

- ഞാൻ എന്തു വിട്ടുകളയണമെന്നാണ് ഈ ദുർഘടസാഹചര്യം എന്നോട് ആവശ്യപ്പെടുന്നത്? (നിയന്ത്രണ മനോഭാവമോ, അഹങ്കാരമോ, ഭയമോ, എന്റെ കരുത്തിലുള്ള ആശ്രയമോ ആണോ?)

- ദൈവത്തെക്കുറിച്ച് ഈ സാഹചര്യം എന്നെ പഠിപ്പിക്കുന്നതെന്താണ്? (ദൈവത്തിന്റെ വിശ്വസ്തതയോ, ദൈവം മതിയായതാണ് എന്നതോ, ദൈവത്തിന്റെ സമാശ്വാസമോ, ദൈവകരത്തിന്റെ ശക്തിയോ ഒക്കെയാണോ, ഞാൻ ഇതുവരെ അനുഭവിച്ചറിയാത്ത രീതിയിൽ?)

പ്രയാസഘട്ടങ്ങൾ നിങ്ങളെ വിട്ടുപോകണം എന്നുമാത്രം പ്രാർത്ഥിക്കാതെ, ഈ ഘട്ടത്തിൽ ദൈവം നിങ്ങളെ പഠിപ്പിക്കാൻ ആഗ്രഹിക്കുന്നത് എന്തെന്നു ഗ്രഹിക്കാനുള്ള കൃപയ്ക്കുവേണ്ടിയും പ്രാർത്ഥിക്കുക. കടന്നു പോകുന്ന സമ്മർദ്ദത്തെ ഉൾക്കൊള്ളുക, സഹനത്തെ അതിജീവിക്കുമ്പോഴല്ല നാ ഏറ്റവും മൂല്യമേറിയ പാഠങ്ങൾ പഠിക്കുന്നത്, സഹനത്തിലൂടെ കടന്നുപോകുമ്പോഴാണ്.

**റോമർ 5:3–4 മനഃപാഠമാക്കുക**
*"3അതുമാത്രമല്ല, നമ്മുടെ കഷ്ടതയിലും നാം ആനന്ദിക്കുന്നു. 4എന്തുകൊണ്ടെന്നാൽ കഷ്ടത സഹിഷ്ണുതയെയും സഹിഷ്ണുത പരിപക്വതയെയും പരിപക്വത പ്രത്യാശയെയും ഉളവാക്കുന്നു എന്നും നാം അറിയുന്നു."*

ദിനം 26

# അവനിൽ വിശ്രമം

## (Rest in Him)

**മത്തായി 11:28–30**

*"28ക്ഷീണിതരും അദ്ധ്വാനിക്കുന്നവരുമായ ഏവരുമേ, നിങ്ങൾ എന്റെ അടുക്കൽ വരുവിൻ, ഞാൻ നിങ്ങൾക്ക് ആശ്വാസം നല്കും. 29ഞാൻ സൗമ്യനും വിനയശീലനുമാകയാൽ എന്റെ നുകം ഏറ്റുകൊണ്ട് എന്നോടു പഠിക്കുവിൻ, എന്നാൽ നിങ്ങളുടെ ആത്മാക്കൾക്കു നിങ്ങൾ വിശ്രമം കണ്ടെത്തും. 30എന്റെ നുകം മൃദുവും എന്റെ ചുമടു ലഘുവും ആകുന്നു."*

ദൈവസന്നിധിയിൽ നമ്മുടെ ആത്മാക്കൾക്കു വിശ്രമം കണ്ടെത്തുന്നതും ദൈവഹിതം ഗ്രഹിക്കാനായി അവിടുത്തെ മുന്നിൽ ശാന്തമായിരിക്കുന്നതുമാണ് ഇന്നു നമ്മൾ ശ്രദ്ധിക്കുന്നത്.

വിശ്രമമേ ഇല്ലാത്ത ഒരു ജീവിതശൈലിയാണ് ഇന്നത്തെ ലോകത്തിന്റേത്. സദാസമയവും നാം മറ്റുള്ളവരുമായി ബന്ധപ്പെട്ടിരിക്കുന്നു; സദാനേരവും പ്രയത്നിച്ചുകൊണ്ടിരിക്കുകയും നിരന്തരമായും ശക്തിചോർന്ന അവസ്ഥയെ നേരിടുകയും ചെയ്യുന്നു. ആശ്വാസത്തിനും വിശ്രമത്തിനുമായി ആഴ്ചവട്ടങ്ങളോ, വിനോദയാത്രകളോ, മറ്റു ഉല്ലാസങ്ങളോ നാം തിരഞ്ഞുകൊണ്ടിരിക്കുന്നു; എന്നാൽ നമ്മുടെ ഉള്ളിലെ ക്ഷീണാവസ്ഥ ആഴത്തിൽതന്നെ ഇരിപ്പുറപ്പിച്ചിരിക്കുന്നു, നമ്മെ വിട്ടുമാറാതെ. നമ്മുടെ ആത്മാക്കൾ ക്ഷീണിതമാണ്. ക്ഷീണിതവും കാലിയായിക്കിടക്കുന്നതുമായ ഈ ലോകത്തോടാണ് യേശു കർത്താവ് തിരുവചനങ്ങളിലെ ഏറ്റവും സമാശ്വാസകരമായ വാക്യങ്ങളിലൊന്ന് അരുളിച്ചെയ്തത്: *"28ക്ഷീണിതരും അദ്ധ്വാനിക്കുന്നവരുമായ ഏവരുമേ, നിങ്ങൾ എന്റെ അടുക്കൽ വരുവിൻ, ഞാൻ നിങ്ങൾക്ക് ആശ്വാസം നല്കും. 29ഞാൻ സൗമ്യനും വിനയശീലനുമാകയാൽ എന്റെ നുകം ഏറ്റുകൊണ്ട് എന്നോടു പഠിക്കുവിൻ, എന്നാൽ നിങ്ങളുടെ ആത്മാക്കൾക്കു നിങ്ങൾ വിശ്രമം കണ്ടെത്തും. 30എന്റെ നുകം മൃദുവും എന്റെ ചുമടു ലഘുവും ആകുന്നു."*

**എക്സ്ചേഞ്ച് ഓഫർ**

*"ക്ഷീണിതരും അദ്ധ്വാനിക്കുന്നവരുമായ ഏവരുമേ, നിങ്ങൾ എന്റെ അടുക്കൽ വരുവിൻ"* എന്ന് യേശു വിളിക്കുമ്പോൾ രണ്ടു തരത്തിലുള്ള ഭാരങ്ങൾ ചുമക്കുന്നവരെയാണ് യേശു ക്ഷണിക്കുന്നത്:

**1. പാപത്തിന്റെയും, ബാദ്ധ്യതകൾനിറവേറ്റുന്നു എന്നരീതിയിൽ ജീവിക്കുന്നതിന്റെയും ഭാരം**

ആത്മീക ആചാര്യന്മാർ തങ്ങളുടെ ജനങ്ങളുടെ മേൽ നൂറുകണക്കിന് നിയമനിബന്ധനകൾ അട്ടിയിട്ടു വച്ചിരുന്ന ഒരു കാലഘട്ടത്തിലാണ് യേശു ജീവിച്ചിരുന്നത്; പ്രവൃത്തികളിലൂടെ നീതി നേടിയെടുക്കേണ്ടതിന്റെ ഞെരുക്കുന്ന ബാധ്യതയായിരുന്നു അത്. ഇത്തരത്തിൽ കൂട്ടിവയ്ക്കുന്ന കുറ്റബോധത്തെയും, പ്രവൃത്തികളാൽ നീതീകരിക്കപ്പെടേണ്ട ബാധ്യതയെയും മാറ്റിയിട്ട് യേശു അവർക്ക് സ്വാതന്ത്ര്യം വാഗ്ദാനം ചെയ്തു.

**2. ജീവിതത്തിന്റെയും ആകുലതയുടെയും ഭാരം**

ഉത്കണ്ഠയും ദുഃഖഭാരവും നിരന്തരമായ അഭിലാഷവും സാമ്പത്തിക സമ്മർദ്ദവും സ്വ-ആശ്രയമനോഭാവുമൊക്കെ നല്കുന്ന സമ്മർദ്ദം ഇതിൽ ഉൾപ്പെടുന്നു. നാം സ്വന്തമായി കൈകാര്യം ചെയ്യുന്ന സകലകാര്യങ്ങളുടെയും ഭാരമാണിത്.

ഭാരങ്ങളുടെ ഒരു 'വച്ചുമാറ്റം' യേശു നമുക്കു മുന്നിൽ വയ്ക്കുന്നു. പ്രയത്നമൊന്നും ചെലുത്താതെയുള്ള ഒരു ജീവിതമല്ല യേശു ഇവിടെ നമുക്കു വാഗ്ദാനം ചെയ്യുന്നത്, നമുക്കു യോജിക്കാത്തതും കനമേറിയതുമായ ഭാരമെല്ലാം ഏറ്റെടുത്ത് അവിടുത്തെ ലഘുവായ ഭാരം നമുക്കു നല്കാമെന്ന വാഗ്ദാനമാണിത്. രണ്ടു കാളകൾ തമ്മിൽ യോജിച്ചു പണിയെടുക്കാനായി അവരെ ചേർത്തുനിർത്തുന്ന ഒരു ഉപകരണമാണ് നുകം എന്നു പറയുന്നത്. യേശുവുമായി നുകക്കയറിൽ ബന്ധിക്കപ്പെടാനാണ് അവിടുന്നു നമ്മെ ക്ഷണിക്കുന്നത്. യേശുവുമായി നുകംചേർത്തുകഴിഞ്ഞാൽ, നമ്മുടെ ഭാരത്തിന്റെ വലിയഭാഗം യേശു വഹിക്കും, കാരണം അവിടുത്തെ ശക്തി വലുതാണ്; അവിടുത്തെ നടത്തിപ്പ് പരിപൂർണ്ണവുമാണ്. യേശുവിന്റെ നുകം മൃദുവാണെന്ന് നമുക്കു ഉറപ്പുനല്കുന്നു (നമുക്കു ചേരുന്നതാണെന്ന്); യേശുവിന്റെ നുകം ഭാരരഹിതവുമാണ്.

**സ്വസ്ഥതയും ആത്മാവിന്റെ വിശ്രമവും നാം പരിശീലിക്കണം.**

പരസ്പരമുള്ള ഈ വച്ചുമാറലിലൂടെ നമ്മുടെ ആത്മാക്കൾക്കു വിശ്രമം ലഭിക്കും എന്ന വാഗ്ദാനമാണ് യേശു നല്കുന്നത്. സാധാരണമായ നമ്മുടെ ഉറക്കത്തെക്കുറിച്ചല്ല ഇവിടെ പരാമർശിക്കുന്നത്; ആഴത്തിലുള്ളതും ആന്തരികമായതുമായ ഒരു സമാധാനത്തെക്കുറിച്ചാണിത്. ദൈവത്തിന്റെ പരമാധികാരം നാം തിരിച്ചറിഞ്ഞ് അംഗീകരിക്കുമ്പോൾ നമ്മിലേക്കു കടന്നുവന്നുചേരുന്ന ഒരു ശാന്തതയാണിത്. ശരിയായ രീതിയിലുള്ള ഒരു ദൈവാശ്രയമാണിത്.

അവനിൽ വിശ്രമം കണ്ടെത്തുന്നതിന് നാം അവനിൽനിന്നും പഠിക്കേണ്ടതുണ്ട്. താൻ സൗമ്യനും ഹൃദയത്തിൽ വിനയമുള്ളവനുമാണെന്നും യേശു പറയുന്നു. അവനിൽ നിന്നും നാം പഠിക്കുമ്പോൾ, രണ്ടുകാര്യങ്ങൾ നാം സ്വായത്തമാക്കുന്നു:

**വിനയം:** നമ്മുടെ മൂല്യം പ്രവൃത്തികളിലൂടെ തെളിയിക്കാനുള്ള വ്യഗ്രത നാം കൈവെടിയുന്നു; ദൈവത്തിന്റെ പ്രിയ പൈതലാണെന്ന വ്യക്തിത്വം നാം സ്വീകരിക്കുന്നു.

**ആശ്രയം:** നമ്മുടെ അഭിരുചിക്കനുസരിച്ച ഒരു പര്യവസാനമുണ്ടാകണം എന്ന രീതിയിൽ കാര്യങ്ങളെ കൈകാര്യം ചെയ്യാതെ, പരിപൂർണ്ണമായ അവിടുത്തെ പദ്ധതിയിൽ നാം ചാരിനിൽക്കുന്നു.

ഇവിടെയാണ് ദൈവത്തിനു മുന്നിൽ സ്വസ്ഥമാകേണ്ടത് അത്യന്താപേക്ഷിതമാകുന്നത്. മനഃപൂർവ്വമായ രീതിയിൽ നമ്മുടെ ഹൃദയവ്യാപാരങ്ങളിൽ ശാന്തരാവുകയും, നമ്മുടെ അനുദിനചര്യകളുടെ സമ്മർദ്ദത്തിൽനിന്നും മാറിനില്ക്കുകയും ചെയ്യുമ്പോഴാണ്, സൗമ്യമായ ദൈവഹിതം നമുക്കു തിരിച്ചറിയാൻ സാധിക്കുന്നത്. നമ്മുടെ ഹിതം നിറവേറ്റാനായി ഒന്നുംചെയ്യാതെ, ദൈവത്തിനുവേണ്ടി കാത്തിരിക്കുന്നതിനെയാണ് ഇത്തരത്തിലുള്ള സ്വസ്ഥത എന്നു പറയുന്നത്. ആന്തരികമായി മെച്ചപ്പെടുന്നതിനുവേണ്ടി തീരുമാനിച്ചുറച്ച് എല്ലാറ്റിൽനിന്നും വിട്ടുനിന്ന്, ദൈവത്തെ കേൾക്കാനും ദൈവത്തിന് ഇടം കൊടുക്കാനുമായി നമ്മെ വിട്ടുകൊടുക്കുന്നതാണിത്. സ്വസ്ഥരായിരിക്കുമ്പോൾ നാം നിയന്ത്രിതാവിന്റെ പദവിയിലല്ല എന്നു നമ്മെ സ്വയം ബോധ്യപ്പെടുത്തുന്നു. ആ സ്വസ്ഥനിമിഷങ്ങളിൽ ദൈവാത്മാവിനു നമ്മെ നിയന്ത്രിക്കാൻ സാധിക്കുമെന്ന് പരിശുദ്ധാത്മാവു നമ്മോടു മന്ത്രിക്കുന്നു.

**പ്രായോഗിക നിർദ്ദേശം: 5 മിനുട്ട് സാബത്ത്**

സ്വസ്ഥത പരിശീലിക്കാനായി ഞായറാഴ്ചയോ അവധിദിവസങ്ങളോ വരാനായി കാത്തുനിൽക്കേണ്ടതില്ല. എല്ലാദിവസവും 5 മിനുട്ടു സമയം സാബത്തായി ആചരിക്കാൻ തീരുമാനിക്കുക, തിരക്കുകളാൽ മൂടപ്പെടാത്ത പ്രഭാതസമയമാണ് ഏറ്റവും ഉചിതമായത്.

1. **ശാന്തമായ ഒരു സ്ഥലം കണ്ടെത്തുക**
2. **കണ്ണുകൾ അടയ്ക്കുക**
3. **ദീർഘമായി ശ്വാസോച്ഛ്വാസം ചെയ്യുക** (ശരീരത്തെ ശാന്തമാക്കാനായി)
4. **ലളിതമായ രീതിയിൽ പ്രാർത്ഥിക്കുക** (ഉദാഹരണം: യേശുവേ, ഞാൻ നിന്റെ മുന്നിൽ വരുന്നു. ജീവിതത്തിൽ ഇപ്പോൾ ഞാൻ കടന്നുപോകുന്ന ......... ഈ ഭാരം ഞാൻ നിന്റെ മുന്നിൽ വയ്ക്കുന്നു. നിന്റെ സാന്നിധ്യത്തിൽ സ്വസ്ഥമാകാനായി എന്നെ പഠിപ്പിക്കണമേ. നിന്റെ ഹിതത്തിനോടു അനുരൂപമായി എന്റെ ഹിതം ചേർക്കാൻ എന്നെ പഠിപ്പിക്കണമേ)
5. **പിന്നീടുള്ള കുറച്ചു സമയം സ്വസ്ഥതയോടെ ഇരിക്കുക.** നിങ്ങളുടെ ശ്വാസത്തിൽ ശ്രദ്ധിക്കുക. "എന്റെ ആത്മാവ് കർത്താവിൽമാത്രം വിശ്രമിക്കുന്നു" എന്ന പോലെയുള്ള ഒരു വാക്യം ഉരുവിടുക.

നിങ്ങളുടെ കഠിനഭാരം ദൈവത്തിന്റെ മൃദുവായ ഭാരവുമായി വച്ചുമാറുന്നതിന് ഈ ചെറിയ പരിശീലനം ഉപകരിക്കും.

**സങ്കീർത്തനം 62:5 മനഃപാഠമാക്കുക:**
*"എന്റെ ആത്മാവേ, ദൈവത്തെ നോക്കി മൗനമായിരിക്കുക; എന്റെ പ്രത്യാശ അവിടുത്തെ പക്കൽനിന്നു വരുന്നു."*

ദിനം 27

# സ്വസ്ഥമാവുക, അവൻ ദൈവമെന്നറിയുക
## (Being Still and Knowing that He is God)

**സങ്കീർത്തനം 46:10**
*"സ്വസ്ഥരായിരിക്കുവിൻ, ഞാൻ ദൈവം എന്ന് അറിഞ്ഞുകൊൾവിൻ; ഞാൻ ജാതികൾക്കിടയിൽ ഉന്നത നാകും; ഞാൻ ഭൂമിയിൽ ഉന്നതനാകും."*

ഒന്നും ചെയ്യാതെ സ്വസ്ഥമായി ഇരിക്കുകയെന്നത് ഏറ്റവും ശ്രേഷ്ഠമായ ആത്മീയ നേട്ടങ്ങളിൽ ഒന്നാണ് – ഡാലസ് വില്ലാർഡ്

സ്വസ്ഥതയോടെയിരിക്കുക എന്നത് നമുക്ക് പരിചയമില്ലാത്ത ഒരു ആശയമാണ്. ക്രിസ്തീയ ചിന്തകനായ പാസ്കൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു: 'മനുഷ്യരുടെ സന്തോഷമില്ലായ്മയ്ക്ക് ഒരേ ഒരു കാരണമേ ഉള്ളൂവെന്ന് ഞാൻ മനസ്സിലാക്കിയിരിക്കുന്നു, സ്വന്തം മുറിയിൽ സ്വസ്ഥതയോടെ ഇരിക്കാൻ അവർക്കു കഴിയുന്നില്ല എന്നതാണിത്'.

അങ്ങനെയെങ്കിൽ എന്താണ് സ്വസ്ഥമായ ഈ അവസ്ഥ?

നമ്മിൽ പലരും ആകുലപ്പെടുന്നത്, 'സ്വസ്ഥതയോടെ ഇരിക്കുമ്പോൾ ഞാൻ എന്താണു ചെയ്യേണ്ടത്' എന്നാണ്. 'ശാന്തസമയം' എന്നു നമ്മൾ വിളിക്കുന്ന പ്രാർത്ഥനാസമയം പ്രവർത്തനോന്മുഖമാണ്, നാം ഉറക്കെ പ്രാർത്ഥിക്കുകയോ, മറ്റുള്ളവരുമായി പ്രാർത്ഥിക്കുകയോ, വചനം പഠിക്കുകയോ, കുറിപ്പുകൾ എഴുതുകയോ ഒക്കെ ചെയ്യുന്ന സമയമാണിത്.

'സ്വസ്ഥസമയം' എന്നു പറഞ്ഞാൽ 'നിശ്ചലമായ സമയം', 'നിശ്ശബ്ദമായ സമയം' എന്നൊക്കെയാണ് നിഘണ്ടുവിൽ നാം കാണുന്ന അർത്ഥം.

മുകളിൽ നാം വായിച്ച വേദഭാഗത്തിന്റെ അർത്ഥം മനസ്സിലാക്കണമെങ്കിൽ, സങ്കീർത്തനം 46 മുഴുവനായും വായിക്കേണ്ടതുണ്ട്. വാക്യം 1-3 വരെ ഇപ്രകാരമാണ്:
1 *ദൈവം നമ്മുടെ സങ്കേതവും ബലവും ആകുന്നു; കഷ്ടങ്ങളിൽ അവിടുന്ന് ഏറ്റവും അടുത്ത തുണ യാകുന്നു.*
2 *അതുകൊണ്ട് ഭൂമി നീങ്ങിപ്പോയാലും പർവ്വതങ്ങൾ സമുദ്രമദ്ധ്യത്തിൽ വീണാലും*
3 *അതിലെ വെള്ളം ഇരച്ചു കലങ്ങിയാലും അവയുടെ ഇളക്കംകൊണ്ടു പർവ്വതങ്ങൾ വിറകൊണ്ടാലും നാം ഭയപ്പെടുകയില്ല.*

ഭൂമിയുടെ പ്രകമ്പനം കൊണ്ട് പർവ്വതങ്ങൾ ഇളകുമ്പോൾ നാം എങ്ങനെയാണ് സ്വസ്ഥമായിരിക്കുന്നത്?

ദൈവം ആരെന്നു നാം അറിയുകയും അവനോട് അടുക്കുകയും ചെയ്യുമ്പോൾ, നമ്മൾ കൂടുതൽ മികച്ചയാളായി മാറും. വലിയ ദുർഘടങ്ങൾ അഭിമുഖീകരിക്കുമ്പോൾ അവയുടെ ഭീകരതയിൽ മുഴുകിപ്പോവുകയോ, ഭയന്നുവിറയ്ക്കുകയോ, കരഞ്ഞുവിളിക്കുകയോ ചെയ്യുന്നതിനു പകരം, സർവ്വശക്തനായ ദൈവത്തിൽ നാം ശ്രദ്ധയർപ്പിക്കുന്നു. അപ്പോഴാണ് ഒരാൾക്ക് സ്വസ്ഥമാകാൻ കഴിയുന്നത്.

അത്യുന്നതനെക്കുറിച്ചുള്ള അറിവിൽ നാം വളരുന്നു എന്നു വിചാരിക്കുന്നുണ്ടെങ്കിലും, പ്രയാസങ്ങളോടും ആഗ്രഹങ്ങളോടുമുള്ള നമ്മുടെ സ്വാഭാവിക പ്രതികരണങ്ങൾ മാറ്റമില്ലാതെ തുടരുകയാണെങ്കിൽ, നാം ഒന്നിരുന്നു ചിന്തിക്കേണ്ട സമയമായിരിക്കുന്നു. ദൈവത്തെ അറിയുക എന്ന കാര്യത്തെയും ദൈവത്തിനുമുന്നിൽ സ്വസ്ഥമായി വ്യാപരിക്കുക എന്ന കാര്യത്തെയും ഗുരുതരമായ ഒന്നായി പരിഗണിക്കേണ്ടിയിരിക്കുന്നു.

നമ്മെ മാറ്റാത്ത ആരാധന യഥാർത്ഥത്തിൽ ആരാധനയല്ല. സ്വസ്ഥതയിലായിരിക്കുമ്പോൾ ഉള്ളിൽനിന്നും മാറ്റം വരുന്ന ഒരു ആരാധനാസ്ഥാനത്തേക്ക് നാം എത്തിച്ചേരുന്നു.

**സ്വസ്ഥതയിലേക്ക് എപ്രകാരം എത്തിച്ചേരാം?**

- **നമ്മുടെ പരിമിതികൾ അംഗീകരിക്കുക**

നമ്മുടെ പരിമിതികൾ അംഗീകരിക്കുമ്പോൾ നാം നമ്മെത്തന്നെ സ്വസ്ഥതയിലേക്കു കടന്നുവരാൻ അനുവദിക്കുന്നു എന്ന് പീറ്റ് സ്കാസ്സെറോ എഴുതിയിരിക്കുന്നു. തങ്ങളുടെ പരിമിതികൾ സ്വീകരിക്കാനുള്ള ഒരു മനസ്സില്ലായ്മയാണ് ആദ്യപാപത്തിനു കാരണമായത്. ദൈവം വച്ച പരിമിതികൾ ചാടിക്കടക്കുമ്പോൾ നാം ശത്രുവിന്റെ പ്രദേശത്ത് എത്തിച്ചേരുന്നു. മനുഷ്യരെ പ്രസാദിപ്പിക്കലിലും, മറ്റൊരാളായി നടിച്ചുകൊണ്ടിരിക്കുമ്പോഴുമെല്ലാം, ദൈവരാജ്യത്തിലല്ല നാം ഉള്ളതെന്നും, ശത്രുവിന്റെ ഭൂപ്രദേശത്താണ് നാം നിലയുറപ്പിച്ചിരിക്കുന്നതെന്നും മനസ്സിലാക്കാം.

നാം ബലഹീനരാണ്, ദൈവം ശക്തനും കരുത്തുറ്റവനുമാണ്. എന്നിരുന്നാലും തന്നെ അനുസരിക്കുന്നതിലേക്ക് അവിടുന്നു നമ്മെ ബലപ്രയോഗത്തിലൂടെ കൊണ്ടുവരുന്നില്ല. നാം സ്വയമായി ദൈവത്തിലേക്കു ചെല്ലണമെന്ന് ദൈവം ആഗ്രഹിക്കുന്നു. അതുകൊണ്ടുതന്നെയാണ് വേദപുസ്തകത്തിൽ അതിനെ സൂചിപ്പിക്കുന്ന ധാരാളം ക്ഷണം നാം കാണുന്നത്. 'വന്നു കാണുവിൻ', 'വന്നു വിശ്രമിക്കുവിൻ', 'വന്നു കേൾക്കുവിൻ', 'വന്നു ജീവനുള്ളവരാകുവിൻ', 'വന്നു മരിക്കുവിൻ' എന്നിങ്ങനെയുള്ള ക്ഷണം. ഇതെല്ലാം ക്ഷണമാണ്. 'അവനുമുന്നിൽ സ്വസ്ഥരാകുവിൻ' എന്ന ക്ഷണം വളരെ സുന്ദരമായ ഒന്നാണ്. നമ്മുടെ ഹൃദയത്തിന്റെ കണ്ണുകൾ തുറപ്പിക്കുകയും ദൈവത്തെ മികച്ചരീതിയിൽ അറിയാൻ ഇടയാക്കുകയും ചെയ്യുന്ന ഒന്ന്.

- **ദൈവത്തെ കൂടുതൽ ആഴത്തിൽ അറിയുക**

ദൈവത്തെക്കുറിച്ചുള്ള അറിവിലുള്ള കുറവ്, സ്വസ്ഥതയിലുള്ള കുറവുമാകും. നിത്യജീവിതത്തെക്കുറിച്ചു യേശു പറഞ്ഞിരിക്കുന്നത് നാം മനസ്സിലാക്കേണ്ട ഒരു വസ്തുതയാണ്: "ദൈവത്തെ അറിയുക, യേശുവിനെയും അറിയുക" (യോഹന്നാൻ 17:3). ദൈവത്തിന്റെ ജീവിതം നമ്മിൽ ആഴപ്പെടാനുള്ള ഒരു വിശപ്പ് നമുക്കുണ്ടാകേണ്ടതുണ്ട്. ലൊയോളയിലെ സെയ്ന്റ് ഇഗ്നേഷ്യസ് ഇപ്രകാരം പറയുന്നു: 'ആരോഗ്യത്തിലോ, രോഗത്തിലോ, സമ്പത്തിലോ ദാരിദ്ര്യത്തിലോ, വിജയത്തിലോ പരാജയത്തിലോ, ദീർഘകാലജീവിതത്തിലോ ഹ്രസ്വകാലജീവിതത്തിലോ അല്ല നാം നമ്മുടെ ആഗ്രഹങ്ങളെ ഉറപ്പിക്കേണ്ടത്. ഇത്തരം കാര്യങ്ങൾക്കെല്ലാം ദൈവത്തിലൂള്ള നമ്മുടെ ജീവിതത്തെ ആഴത്തിലേക്കു വിളിക്കാനുള്ള അന്തർലീനകഴിവുണ്ട്. നാം ആഗ്രഹിക്കേണ്ടതും നാം തിരഞ്ഞെടുക്കേണ്ടതുമായ ഒരേ ഒരു കാര്യം ഇതാണ്: 'ദൈവം തന്റെ ജീവിതത്തെ എന്നിൽ ആഴപ്പെടുത്താനുള്ള കാര്യങ്ങൾ മാത്രമാണ് നാം ആവശ്യപ്പെടേണ്ടതും തിരഞ്ഞെടുക്കേണ്ടതും.''

ഇവിടത്തെ സുപ്രധാന ചോദ്യമെന്തെന്നാൽ: 'നാം ശരിക്കും ആഗ്രഹിക്കുന്നതെന്താണ്'? ബുദ്ധിപരമായ ഒരു രീതിയിൽ ദൈവത്തെ അറിയാനാണോ അതോ ദൈവത്തിന്റെ വിശുദ്ധിയിലും നീതിയിലും അനുരൂപപ്പെടുന്ന രീതിയിൽ, അവനിൽ വസിക്കുന്ന രീതിയിൽ, വ്യക്തിപരമായും ആഴത്തിലും ദൈവത്തെ അറിയാനാണോ ഞാൻ ആഗ്രഹിക്കുന്നത്? ഇത്തരത്തിലുള്ള അറിവാണ് നമ്മെ സ്നേഹമുള്ള ജനതയാക്കുന്നത്.

- **നിശബ്ദതയും ഏകാന്തതയും ശീലമാക്കുക**

സ്വസ്ഥമായിരിക്കാൻ നിശ്ശബ്ദതയും ഏകാന്തതയും ആവശ്യമാണ്. എല്ലാം മന്ദഗതിയിലാക്കി ശാന്തതയിലേക്കു വരുവിൻ, തന്റെ മാതാപിതാക്കൾ വിശ്വാസയോഗ്യരും സ്നേഹമുള്ളവരും ദയാവായ്പ്പുള്ളവരും, യോഗ്യരുമാണെന്ന ഉറച്ചവിശ്വാസത്താൽ ഒരു കുട്ടി തന്റെ മാതാപിതാക്കളുടെ സന്നിധിയിലേക്ക് സമാധാനപരമായും സന്തോഷകരമായും കീഴ്‌വഴങ്ങാൻ സന്നദ്ധമാകുന്നതുപോലെ വരുവിൻ. ദൈവമക്കളെന്ന് നാം അവകാശപ്പെടുമ്പോൾ, സ്വർഗ്ഗീയനായ നമ്മുടെ പിതാവിനെ ആഴത്തിൽ അറിയുന്നവരാവുകയും വേണം. അവനെ കൂടുതലായി അറിയുന്തോറും അവനിൽ കൂടുതലായി സ്വസ്ഥത കണ്ടെത്താൻ നമുക്കു കഴിയും.

'ഡിവൈൻ കോൺസ്പിരസി' എന്ന പുസ്തകത്തിൽ ഡലാസ് വില്ലാർഡ് ചൂണ്ടിക്കാണിക്കുന്നു: 'ദൈവമുമ്പിൽ സ്വസ്ഥമായിരിക്കാൻ നമുക്ക് ശാന്തതയും നിശ്ശബ്ദതയും ആവശ്യമുണ്ട്. സ്വസ്ഥമാകുന്നതുമാത്രമല്ല, നമ്മുടെ കഴിവുകളിൽ ആശ്രയിക്കാതെ ദൈവം നല്കുന്ന ശക്തിയിൽ കരുത്തുനേടുവാൻ തക്ക രീതിയിൽ ദൈവത്തോടു അടുക്കുന്നതിന് അത് അനിവാര്യമാണ്'. 'മറ്റുള്ളവരിൽ നിന്നുമുള്ള പുകഴ്ചയുടെ ആവശ്യം നിങ്ങൾക്കില്ല എന്നും, മറ്റുള്ളവരുടെ ഇഷ്ടക്കേടും കുറ്റപ്പെടുത്തലുമെല്ലാം നിങ്ങളെ മരവിപ്പിക്കുന്നില്ല എന്നുമുള്ള നിലയിൽ എത്താൻ നിങ്ങൾക്ക് ഇഷ്ടമാണോ? മറ്റുള്ളവർക്ക് നിരന്തരം ചിന്തിച്ചു നന്മചെയ്യാനുള്ള പ്രചോദനം നിങ്ങൾക്ക്

വേണമെന്നുണ്ടോ?' വില്ലാർഡ് ചോദിക്കുന്നു.

നമ്മെ ശപിക്കുന്നവരെയും ചതിക്കുന്നവരെയും പരിഹസിക്കുന്നവരെയും പരമാർത്ഥഹൃദയത്തോടെ അനുഗ്രഹിക്കാൻ നമ്മുടെ ഉള്ളിലെ ചിന്തകളും വികാരങ്ങളുമെല്ലാം ആകമാനം രൂപാന്തരപ്പെടേണ്ടതുണ്ട്. നമ്മുടെ ഹൃദയത്തിന്റെ ഉള്ളിൽ പതിയിരിക്കുന്നതാണ് യഥാർത്ഥത്തിലുള്ള നമ്മുടെ വ്യക്തിത്വം. അവിടെനിന്നുമാണ് സന്തോഷകരമായതും നന്ദിയുറ്റതുമായ അനുസരണത്തിന്റെ സദ്ഫലങ്ങളോ, അല്ലെങ്കിൽ നാട്യംനിറഞ്ഞതും ഉപരിതലത്തിലുള്ളതുമായ ചീത്ത ഫലങ്ങളോ പുറപ്പെടുന്നത്.

സ്വസ്ഥമായിരിക്കുമ്പോഴാണ് നമ്മെക്കുറിച്ചും ദൈവത്തെക്കുറിച്ചുമുള്ള തിരിച്ചറിവ് നമ്മിൽ നിറയുന്നത്. നമ്മുടെ വിശ്വാസം ശക്തിപ്പെടും, ദൈവശക്തി നമ്മിൽ വ്യാപരിക്കുന്നത് ശക്തിപ്പെടും. അങ്ങനെ നാം പാപകരമായ ആഗ്രഹങ്ങളിൽനിന്നും ബന്ധനങ്ങളിൽനിന്നുമെല്ലാം വിടുവിക്കപ്പെടും. ദൈവത്തെയും മനുഷ്യരെയും സ്നേഹിക്കാനുള്ള കഴിവു വർദ്ധിക്കും. ഇതെല്ലാമല്ലേ നമ്മൾ ആഗ്രഹിക്കുന്നത്?

ആകയാൽ നമുക്കു സ്വസ്ഥതയിലേക്കു വരാം. ശാന്തതയുടെയും നിശ്ശബ്ദതയുടെയും താളക്രമം വളർത്തിയെടുക്കാം. നമ്മുടെ അനുഭവങ്ങളുടെ കെട്ടുപാടിൽ പെട്ടുപോകാതിരിക്കാം, നാം എവിടെയാണോ നില്ക്കുന്നത് അവിടെനിന്നു തുടങ്ങാം. രാവിലെ ഉണരുമ്പോൾ കുറച്ചു നിമിഷം നമുക്ക് യേശുവിനുമുന്നിൽ നിശ്ശബ്ദമായി നിലകൊള്ളാം. ബൈബിൾ വായിക്കുന്നതിനുമുമ്പ് കുറച്ചു നിമിഷങ്ങൾ നിശ്ശബ്ദമായി ദൈവത്തിന്റെ സന്നിധിയിൽ ചിലവിടാം. പ്രാർത്ഥിക്കുന്നതിനുമുമ്പ് കുറച്ചു ദീർഘശ്വാസം എടുത്ത് നമ്മുടെ മനസ്സിനെയും ആത്മാവിനെയും ദൈവവുമായി സംസാരിക്കുന്നതിന് ഒരുക്കാം.

ഇതുപോലുള്ള സ്വസ്ഥതയിൽ നാം വ്യാപരിക്കുമ്പോൾ ദൈവം നമ്മെ പച്ചപ്പുല്പ്പുറങ്ങളിലും പ്രശാന്തജലാശയങ്ങളിലും നീതിപാതകളിലും നയിക്കും. നമ്മെ അഭിഷേകം ചെയ്യുകയും നമുക്കു മുന്നിൽ ഒരു വിരുന്നുമേശ ഒരുക്കുകയും ചെയ്യും. നമ്മുടെ പാനപാത്രം കവിഞ്ഞൊഴുകും, നാം പുതുക്കപ്പെടുന്നവരായി മാറും. ഇരുണ്ടതാഴ്വരകൾ ദൈവീക സമാശ്വാസം കൊണ്ടു നിറയും. ദൈവത്തിന്റെ നന്മയും കരുണയും അറിയപ്പെട്ടവരാകും. പഴയപടിയിൽ നില്ക്കാതെ മഹത്വത്തിൽ വളരുന്നവരുമാകും. നമ്മുടെ മനസ്സിന്റെ പുതുക്കം സംഭവിക്കും, അറിയപ്പെടാത്ത തിരിച്ചറിവുകൾ ഉള്ളവരാകും. ദൈവത്തോടുള്ള ഗാഢബന്ധവും നിത്യജീവിതവും നാം രുചിച്ചറിയും.

ഇന്നുമുതൽ, നാം ഏത് അവസ്ഥയിലായിരുന്നാലും ഒരു തുടക്കം കുറിക്കാം. കുറച്ചു സമയം മാറ്റിവയ്ക്കാം. സ്വസ്ഥതിലേക്കു വരാം. സകലവിധ ശബ്ദവും മാറ്റാം, ഫോണും മാറ്റിവയ്ക്കാം. പതുക്കെയാക്കാൻ തീരുമാനിക്കാം, ധൃതിവയ്ക്കാതെ. ശ്രദ്ധചിതറുന്ന എല്ലാ കാര്യങ്ങളും മാറ്റിവച്ച് ദൈവത്തിലേക്കു കടന്നു ചെല്ലാം. 'ഇതാ ഞാൻ, എനിക്കു നിന്നെ അറിയണം, നിന്നോടൊപ്പം ഇരിക്കണം, നിന്നിൽ വസിക്കണം' എന്നു പറയാം.

**കൂടുതൽ വചനങ്ങൾ:**
എഫേസ്യർ 1:17-18, എഫേസ്യർ 4:23-24, 2 കൊരിന്ത്യർ 3:18

ജീവിതത്തിൽ ഇനിയൊരു പ്രതിസന്ധിഘട്ടമുണ്ടാകുമ്പോൾ, ശാന്തമാകാൻ തീരുമാനിക്കുക, സർവ്വശക്തനായ ദൈവം സകലതും നിയന്ത്രിക്കാനായുണ്ട് എന്ന് അറിയുക

## ദിനം 28

# ആകുലതയിൽ നിന്നും ആരാധനയിലേക്ക്

## (From Worry to Worship)

**സങ്കീർത്തനം 37:1-9**

1 *ദുഷ്ടജനങ്ങൾനിമിത്തം നീ അസ്വസ്ഥനാകരുത്; ദുഷ്കർമ്മികളോട് അസൂയാലുവായിത്തീരുകയുമരുത്.*
2 *പച്ചപ്പുല്ലുപോലെ അവർ വേഗത്തിൽ വാടിപ്പോകും; പച്ചച്ചെടികൾപോലെ വേഗത്തിൽ പട്ടുപോകയും ചെയ്യും.*
3 *യഹോവയിൽ ശരണം പ്രാപിച്ച് നന്മ ചെയ്യുക; ദേശത്തുവസിച്ച് വിശ്വസ്തതയിൽ വർദ്ധിച്ചു വരിക.*
4 *യഹോവയിൽ തന്നെ ആനന്ദിക്കുക. അപ്പോൾ നിന്റെ ഹൃദയത്തിലെ ആഗ്രഹങ്ങൾ അവിടുന്നു*

*സാധിച്ചുതരും.*
5 *നിന്റെ വഴി യഹോവയെ ഭരമേല്പിക്കുക. കർത്താവിൽത്തന്നെ ശരണം വച്ചുകൊൾക; അവിടുന്ന് അതു സാധിച്ചു തരും.*
6 *അവിടുന്നു നിന്റെ നീതിയെ പ്രഭാതംപോലെയും നിന്റെ ന്യായമായ അവകാശത്തെ മദ്ധ്യാഹ്നസൂര്യനെപ്പോലെയും പ്രകാശിപ്പിക്കും.*
7 *യഹോവയുടെ മുമ്പിൽ മൗനമായിരുന്നു അവിടുത്തേക്കായി ക്ഷമയോടെ കാത്തിരിക്കുക; മനുഷ്യർ തങ്ങളുടേതായ വഴികളിൽ വിജയം നേടുന്നതും തങ്ങളുടെ കുതന്ത്രങ്ങൾ നടപ്പിൽ വരുത്തുന്നതും കണ്ട് അസ്വസ്ഥനാകരുത്.*
8 *കോപം വെടിയുകയും ക്രോധത്തിൽനിന്ന് അകന്നുനില്ക്കുകയും ചെയ്യുക. മുഷിഞ്ഞുപോകരുത്. അതു ദോഷത്തിലേക്കേ നയിക്കുകയുള്ളു.*
9 *ദുഷ്ടജനങ്ങൾ ഛേദിക്കപ്പെടും; യഹോവയിൽ പ്രത്യാശയർപ്പിക്കുന്നവരോ ദേശത്തെ അവകാശമാക്കും.*

*അസ്വസ്ഥനാകരുത്* എന്ന വാക്കിന്റെ അർത്ഥം, 'കോപത്താൽ ചൂടുകൂട്ടരുത്' അല്ലെങ്കിൽ 'ജ്വലിക്കരുത്'; 'അസൂയയാൽ നീററരുത്' എന്നൊക്കെയാണ്. ദുഷ്ടരായ വ്യക്തികൾ മേൽക്കുമേൽ അഭിവൃദ്ധി പ്രാപിക്കുന്നതു കാണുമ്പോൾ നമ്മുടെ ഉള്ളിൽ അസൂയയും, അസംതൃപ്തിയുമെല്ലാം വളരാൻ എളുപ്പമാണ്. ധനികരും രാഷ്ട്രീയ സ്വാധീനമുള്ളവരുമായ ചിലയാളുകൾ ഹീനമായ ചിലപ്രവൃത്തികൾ ചെയ്തതിനുശേഷം, അവരുടെ പണവും സ്വാധീനവുമുപയോഗിച്ച് നീതിയുടെ നാവിനെ നിശ്ശബ്ദമാക്കി, ഒന്നും സംഭവിക്കാത്തതുപോലെ പുറത്തേക്കു വരുന്നതു കാണുമ്പോൾ എനിക്ക് മുകളിൽ പറഞ്ഞ ചിന്തയുണ്ടായിട്ടുണ്ട്. ഇത്തരം കാര്യങ്ങളിലേക്കു നാം വീണുപോകരുതെന്ന് ദൈവം നമ്മെ ഉദ്ബോധിപ്പിക്കുന്നു, കാരണം അത്തരക്കാരുടെ വിജയവും അഭിവൃദ്ധിയുമെല്ലാം താത്കാലികം മാത്രമാണ്. ഈ സങ്കീർത്തനത്തിലൂടെയും ഇതുപോലുള്ള മറ്റനേകം വചനങ്ങളിലൂടെയും കൂടി ആകുലപ്പെടുന്നതിൽ നിന്നും ആരാധനയിലേക്കു മാറാൻ ദൈവം നമ്മെ നിരന്തരായി വിളിക്കുന്നു. എങ്ങനെയാണ് നാം അതു ചെയ്യുന്നത്? ആ മാറ്റം സാദ്ധ്യമാക്കുന്നതിനുവേണ്ട ചില വഴികൾ നമുക്കു നോക്കാം:

**1. ദൈവത്തിൽ ആശ്രയിക്കുക** (വാക്യം 3-6)

ദൈവത്തിൽ ആശ്രയിക്കുക എന്നുപറയുമ്പോൾ അതിന്റെ അർത്ഥമെന്താണ്? നമ്മുടെ പ്രത്യാശയും നമ്മുടെ വിശ്വാസവും ദൈവത്തിൽ അർപ്പിക്കുക എന്നാണ് അതിന്റെ അർത്ഥം. നമ്മുടെ കരുത്തിലും, സ്ഥാനമാനത്തിലും, ജീവിത നിലവാരത്തിലും, അനുഭവസമ്പത്തിലും, അറിവിലും, നേട്ടങ്ങളിലും, സാമ്പത്തികഭദ്രതയിലുമൊന്നുമല്ല നാം വിശ്വാസം കണ്ടത്തേണ്ടത്. നമ്മുടെ വിശ്വാസവും, ആശ്രയവും, പ്രത്യാശയുമെല്ലാം കർത്താവിൽതന്നെയാണ് നാം ഉറപ്പിക്കേണ്ടത്. അവൻ നമ്മെ പരാജയപ്പെടാൻ അനുവദിക്കുകയില്ല എന്ന് നമുക്കറിയാം, അതിനാലാണ് നാം നല്ലതു ചെയ്യേണ്ടത്. അസ്വസ്ഥമാകുമ്പോൾ നാം ആശ്രയിക്കുന്നില്ല. ദൈവത്തിൽ ആശ്രയിക്കാനും, അവനിൽ ആനന്ദിക്കാനും, നമ്മുടെ വഴികൾ അവനിൽ സമർപ്പിക്കാനുമാണ് ദൈവം ആവശ്യപ്പെടുന്നത്. അങ്ങനെയാകുമ്പോൾ അവൻ നമ്മുടെ ചുറ്റും സുരക്ഷിത മേച്ചിൽപ്പുറങ്ങൾ ഒരുക്കുകയും; നമ്മുടെ ഹൃദയാഭിലാഷങ്ങൾ നിറവേറ്റുകയും, അവർണ്ണനീയമായ അനുഗ്രഹങ്ങൾ ചൊരിയുകയും ചെയ്യും.

**2. ദൈവമുന്നിൽ ശാന്തനായിരിക്കുക** (വാ 7-8)

അന്യായമായ പ്രവൃത്തികളിലൂടെയും, ചതിയിലൂടെയും വഞ്ചനയിലൂടെയും, നമ്മെ കൊച്ചാക്കുന്നതിലൂടെയുമൊക്കെ ചില നേരങ്ങളിൽ നമ്മെ ഉപദ്രവിക്കുകയും നമ്മെ ഉപയോഗപ്പെടുത്തുകയും ചെയ്യുന്നവർക്കു യാതൊരു പോറലും ഏല്ക്കാതെ അവരുടെ ദുഷ്ടപ്രവൃത്തികൾ ചെയ്യാനാകുമ്പോൾ നമുക്കുണ്ടാകുന്നത് രോഷവും, പ്രതികാരചിന്തയും, നിരാശയുമൊക്കെയാണ്; നീതി നടപ്പാക്കുന്നത് നമ്മുടെ കൈകൊണ്ടുതന്നെ വേണം എന്ന രീതിയിൽ നാം പെരുമാറും. എന്നാൽ, ദൈവസന്നിധിയിൽ ശാന്തമായിരിക്കാനും, ദൈവത്തിന്റെ പ്രവൃത്തികൾക്കായി കാത്തിരിക്കാനും, കോപത്തിൽനിന്നും പ്രതികാരത്തിൽനിന്നുമൊക്കെ നമ്മെതന്നെ മാറ്റിനിർത്താനുമാണ് നമുക്കു ലഭിച്ചിരിക്കുന്ന വിളി. കോപിക്കുമ്പോൾ നാം പാപത്തിൽ അകപ്പെടുന്നു; നമുക്കെതിരെ ദുഷ്ടത പ്രവർത്തിച്ചവരിൽനിന്നും യാതൊരു വ്യത്യാസവുമില്ലാത്തവരായി ദൈവതിരുമുന്നിൽ കാണപ്പെടുകയും ചെയ്യുന്നു.

ഇതിനുള്ള പരിഹാരമെന്തെന്നാൽ, നമ്മുടെ വേദനയും വിഷമവും കോപവുമെല്ലാം ദൈവത്തിനുമുന്നിൽ നിരത്തുകയെന്നതാണ്; കാരണം അവിടുന്നാണ് പരമമായ ന്യായാധിപൻ, അവന്റെ ഹിതത്തിനു കാര്യങ്ങൾ വിട്ടുകൊടുത്ത് അവിടുത്തെ നീതിയിൽ ആശ്രയം വയ്ക്കണം. ദൈവം നിയന്ത്രണത്തിലൂണ്ട് എന്ന ചിന്ത നമുക്കുള്ളപ്പോൾ നമുക്ക് ശാന്തത അനുഭവിക്കാൻ സാധിക്കും. ദൈവം നമുക്ക് സ്വസ്ഥത

നല്കും, ക്ഷമിക്കാനും പൊറുക്കാനും ശക്തി നല്കും, നമ്മെ സൗഖ്യപ്പെടുത്തും, നമ്മെ സമാശ്വസിപ്പിക്കുകയും ചെയ്യും; നീതിമാനായ ന്യായാധിപനാണ് അവൻ. യേശു ചെയ്തതും ഇതുതന്നെയാണ്.

**1 പത്രോസ് 2:19–23**

*"19അന്യായമായി ഉപദ്രവമേൽക്കുന്നവൻ, ദൈവബോധം നിമിത്തം വേദന സഹിക്കുന്നുവെങ്കിൽ അത് പ്രശംസാർഹമാണ്. 20തെറ്റുചെയ്തിട്ട് അടികൊള്ളുന്നതിൽ സഹിഷ്ണുത കാണിച്ചാൽ പ്രശംസിപ്പാൻ എന്തുള്ളൂ? എന്നാൽ നന്മചെയ്തിട്ടു പീഡനം ഏല്ക്കുകയും അതു ക്ഷമയോടെ സഹിക്കുകയും ചെയ്യുന്നുവെങ്കിൽ അതു ദൈവത്തിനു പ്രസാദകരം. 21ഇതിനായിട്ടല്ലോ നിങ്ങളെ വിളിച്ചിരിക്കുന്നത്. ക്രിസ്തു നിങ്ങൾക്കുവേണ്ടി പീഡനം സഹിക്കുകയും നിങ്ങൾ അവിടുത്തെ കാൽച്ചുവടു പിന്തുടരുവാൻ ഒരു മാതൃക നല്കുകയും ചെയ്തിരിക്കുന്നു. 22അദ്ദേഹം ഒരു പാപവും ചെയ്തില്ല, അവിടുത്തെ വായിൽ വഞ്ചനയൊന്നും ഉണ്ടായിരുന്നുമില്ല. 23തന്നെശകാരിച്ചിട്ട് അദ്ദേഹം പകരം ശകാരിച്ചില്ല. പീഡനം സഹിക്കുമ്പോൾ അദ്ദേഹം ഭീഷണിപ്പെടുത്തിയില്ല; ന്യായമായി വിധിക്കുന്നവന്റെ പക്കൽ സ്വയം ഭരമേൽപ്പിക്കുകയാണ് അദ്ദേഹം ചെയ്തത്."*

**ഫിലിപ്യർ 4:6–7**

*"6ഒന്നിനെക്കുറിച്ചും വ്യാകുലപ്പെടരുത്. എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടുകൂടെ ദൈവത്തിനു സമർപ്പിക്കയത്രേ വേണ്ടത്. 7അങ്ങനെയെങ്കിൽ സകല അറിവിനെയും കവിയുന്ന ദൈവീകസമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും മനസ്സുകളെയും ക്രിസ്തുയേശുവിൽ കാത്തുകൊള്ളും."*

**3. കർത്താവിൽനിന്നുമുള്ള പ്രതിഫലം വലുതായതിൽ ആനന്ദിക്കുക:**

**സങ്കീർത്തനം 37:9**

*"ദുഷ്ടജനങ്ങൾ ഛേദിക്കപ്പെടും; യഹോവയിൽ പ്രത്യാശയർപ്പിക്കുന്നവരോ ദേശത്തെ അവകാശമാക്കും."*

**കൊലോസ്യർ 3:24**

*"അവകാശം എന്ന പ്രതിഫലം കർത്താവിൽനിന്നു ലഭിക്കുമെന്ന് അറിഞ്ഞുകൊൾവിൻ. കർത്താവായ ക്രിസ്തുവിനെയാണല്ലോ നിങ്ങൾ സേവിക്കുന്നത്."*

**2 തെസ്സലോനിക്യർ 1:5–10**

*"5നിങ്ങൾ കഷ്ടം അനുഭവിക്കുവാൻ ഹേതുവായിരിക്കുന്ന ദൈവരാജ്യത്തിനു നിങ്ങൾ യോഗ്യരായിത്തീരും എന്നിങ്ങനെ ദൈവത്തിന്റെ നീതിപൂർവ്വമായ വിധിക്ക് ഇതു വ്യക്തമായ തെളിവാണ്. 6കർത്താവായ യേശു തന്റെ ശക്തിയുള്ള ദൂതന്മാരുമായി സ്വർഗ്ഗത്തിൽനിന്ന്, അഗ്നിജ്വാലയിൽ പ്രത്യക്ഷനാകുമ്പോൾ, 7നിങ്ങളെ പീഡിപ്പിക്കുന്നവർക്കു പീഡയും പീഡിതരായ നിങ്ങൾക്കു ഞങ്ങളോടുകൂടെ ആശ്വാസവും പകരം നല്കും എന്നതു ദൈവത്തിന്റെ നീതിതന്നേ. 8ദൈവത്തെ അറിയാത്തവരോടും നമ്മുടെ കർത്താവായ യേശുവിന്റെ സുവിശേഷം അനുസരിക്കാത്തവരോടും അവിടുന്ന് പ്രതികാരം ചെയ്യും. 9ഞങ്ങളുട സാക്ഷ്യം നിങ്ങൽ വിശ്വസിച്ചതുപോലെ, വിശ്വസിച്ച എല്ലാവരിലും താൻ ഒരു ആശ്ചര്യവിഷയം ആകേണ്ടതിനും തന്റെ വിശുദ്ധരിൽ മഹത്ത്വപ്പെടേണ്ടതിനും അവിടുന്നു പ്രത്യക്ഷനാകുമ്പോൾ, 10ഇക്കൂട്ടർ കർത്താവിന്റെ സന്നിധിയിൽനിന്നും അവിടുത്തെ മഹത്ത്വകരമായ തേജസ്സിൽനിന്നും അകന്നു നിത്യനാശം എന്ന ശിക്ഷ അനുഭവിക്കും."*

**1 പത്രോസ് 1:3–9**

*"3നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പിതാവായ ദൈവത്തിനു സ്തോത്രം. അവിടുന്ന് തന്റെ മഹാകരുണയാൽ, മരിച്ചവരിൽനിന്നുള്ള യേശുക്രിസ്തുവിന്റെ ഉയിർത്തെഴുന്നേല്പിലൂടെ, ജീവനുള്ള പ്രത്യാശയ്ക്കായും, 4നിങ്ങൾക്കുവേണ്ടി സ്വർഗ്ഗത്തിൽ സൂക്ഷിച്ചിരിക്കുന്നതും ക്ഷയം, മാലിന്യം, വാട്ടം, എന്നിവ ഇല്ലാത്തതുമായ അവകാശത്തിനായും നമ്മെ വീണ്ടും ജനിപ്പിച്ചിരിക്കുന്നു. 5അന്ത്യകാലത്തു വെളിപ്പെടുവാൻ പോകുന്ന രക്ഷയ്ക്കായി, വിശ്വാസത്തിലൂടെ നിങ്ങൾ ദൈവശക്തിയാൽ കാത്തുസൂക്ഷിക്കപ്പെടുന്നു. 6ഇപ്പോൾ അല്പകാലത്തേക്കു പലവിധ പരിശോധനകളാൽ നിങ്ങൾ ദുഃഖിക്കുന്നുവെങ്കിലും ഈ രക്ഷയിൽ ആനന്ദിക്കുന്നു. 7തീയിൽ ശുദ്ധീകരിക്കപ്പെടുന്നതെങ്കിലും നശ്വരമായ സ്വർണ്ണത്തേക്കാൾ, പരിശോധനയെ അതിജീവിക്കുന്ന നിങ്ങളുടെ വിശ്വാസം അധികം വിലയേറിയതെന്ന് യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ പുകഴ്ചയ്ക്കും തേജസ്സിനും ബഹുമാനത്തിനുമായി കാണുവാൻ ഇടയാകും. 8അവിടുത്തെ നിങ്ങൾ കണ്ടിട്ടില്ലെങ്കിലും സ്നേഹിക്കുകയും ഇപ്പോൾ കാണാതെതന്നെ വിശ്വസിക്കുകയും ചെയ്യുന്നു. 9വിശ്വാസത്തിന്റെ ഫലമായ ആത്മരക്ഷ പ്രാപിക്കുമെന്നതിനാൽ നിങ്ങൾ അവർണ്ണനീയവും മഹിമയുള്ളതുമായ സന്തോഷത്തോടെ ആനന്ദിക്കുന്നു."*

**2 തിമോത്തി 4:8**
*"8ഇനി, നീതിയുടെ കിരീടം എനിക്കായി സൂക്ഷിച്ചിരിക്കുന്നു. അതു നീതിയുള്ള ന്യായാധിപതിയായ കർത്താവ് ആ നാളിൽ എനിക്കു നല്കും. എനിക്കു മാത്രമല്ല, അവിടുത്തെ പ്രത്യക്ഷതയ്ക്കായി വാഞ്ഛിച്ചിട്ടുള്ള എല്ലാവർക്കും കൂടെ."*

ഈ ലോകത്തിൽ നാം കടന്നുപോകുന്ന നീതിനിഷേധം എന്തുതന്നെയായാലും ദൈവസാന്നിദ്ധ്യത്തിൽ നമുക്കു ആനന്ദിക്കാൻ കഴിയും; ദൈവം കൃപാലുവും ഉറവ വറ്റാത്ത സ്നേഹമുള്ളവനുമാണ്; നമ്മുടെ സഹനങ്ങൾ താത്കാലികവുമാണ്. ദൈവം നമുക്കായി ആത്മരക്ഷ നല്കിയിരിക്കുന്നു, കൂട്ടത്തിൽ പരിശുദ്ധാത്മാവിനെയും ദൈവരാജ്യത്തെയും ദൈവവചനത്തെയും, അവിടത്തോടൊത്തുള്ള നിത്യാനന്ദവാസത്തെയും നല്കിയിരിക്കുന്നു. ആകയാൽ ദൈവത്തിന്റെ നന്മയിലും നീതിയിലും നമുക്ക് ആനന്ദിക്കുകയും, സകലസമയത്തും വിശ്വാസത്താൽ ആരാധിക്കുകയും ചെയ്യാം.

**പ്രതിഫലന ചിന്തകൾ:**

- കഴിഞ്ഞ ആഴ്ചയിലെ പ്രധാനപ്പെട്ട ആകുലത എന്തായിരുന്നു? നിങ്ങൾ അനുഭവിച്ച വികാരം എന്തായിരുന്നു - കോപമോ, നിരാശയോ, പരാജയമെന്ന തോന്നലോ?

- ഇത്തരം സന്ദർഭങ്ങളിൽ നിങ്ങൾക്ക് സഹായകമാണെന്നു തോന്നു വചനങ്ങൾ എഴുതി സൂക്ഷിക്കുക, അതിലൂടെ ദൈവാശ്രവും പ്രത്യാശയും ദൈവത്തിലുള്ള സന്തോഷവും കണ്ടെത്തുക.

- കർത്താവിൽ ആനന്ദിക്കാനും, നിങ്ങളുടെ വഴികൾ കർത്താവിൽ സമർപ്പിക്കാനും എങ്ങനെ കഴിയും?

- കർത്താവിനുമുന്നിൽ സ്വസ്ഥമായിരിക്കുന്നതു ശീലിക്കുക.

ദിനം 29

# ആശ്രയവും സമൂഹവും
## (Community and Trust)

**ആമുഖം:**

സ്നാനം സ്വീകരിച്ച സമയത്ത് പാപമോചനം മാത്രമല്ല നമുക്കു ലഭിച്ചത്, പരിശുദ്ധാത്മാവ് എന്ന ദാനവും കൂടിയാണ് (അപ്പ 2:38). ആ ഒരേ ആത്മാവിനാൽ ദൈവം നമ്മെ ക്രിസ്തുവിന്റെ ശരീരത്തിന്റെ ഭാഗമാക്കിത്തീർത്തു (1 കൊരിന്ത്യർ 12:13).

വർഷങ്ങളോളം എന്നെ ചിന്തിപ്പിച്ച ചില ചോദ്യങ്ങളുണ്ടായിരുന്നു:
- എന്തിനാണ് പരിശുദ്ധാത്മാവിനെ നല്കിയത്?
- എന്തുകൊണ്ട് മറ്റുചില ദാനങ്ങൾ നല്കിയില്ല?
- എന്തിനാണ് എന്നെ ദൈവത്തിന്റെ കുടുംബത്തിലേക്കു ചേർത്തത് - ഞാൻ ആയിരിക്കുന്ന കുടുംബം തന്നെ മതിയായതല്ലെ?

ജീവിതത്തിലെ പരീക്ഷകളിലൂടെയും പ്രലോഭനങ്ങളിലൂടെയും കടന്നുപോയപ്പോൾ ഉത്തരം എനിക്കു വ്യക്തമായി:

ജീവിതത്തെ ഒറ്റയ്ക്കു നേരിടാതിരിക്കാനാണ് എനിക്കു പരിശുദ്ധാത്മാവിനെയും സഭയെയും നല്കിയത്. ആകസ്മികമായി സംഭവിച്ച ഒരു കാര്യമല്ല ഇത്, ദൈവം പദ്ധതിയൊരുക്കി നടപ്പാക്കിയതാണ്. നാം ആയിരിക്കുന്ന സമൂഹത്തിന്റെ ഉദ്ദേശം വചനങ്ങളിലൂടെ ദൈവം നമുക്കു വ്യക്തമാക്കി തരുന്നു.

**എബ്രായർ 10:24-25**
24സ്നേഹത്തിനും സൽപ്രവൃത്തികൾക്കും വേണ്ടി പരസ്പരം പ്രേരിപ്പിക്കുവാൻ നമുക്കു തീക്ഷ്ണത കാണിക്കാം. 25ചിലർ പതിവാക്കിയിട്ടുള്ളതുപോലെ സഭായോഗങ്ങളെ ഉപേക്ഷിക്കാതെ, നമുക്കു

തമ്മിൽത്തമ്മിൽ പ്രബോധിപ്പിക്കാം, നാൾ സമീപിക്കുന്നു എന്നു കാണുന്തോറും അത് അധികമധികം ചെയ്യേണ്ടതാണ്.

സഭായോഗങ്ങളിൽ പങ്കെടുക്കണം എന്ന ഒരു കല്പനയല്ല ഇവിടെ നാം വായിക്കുന്നത്. ദൈവത്തിന്റെ ഹൃദയം നമുക്കിവിടെ കാണാനാകും: സ്ഥിരോത്സാഹമെന്നത് യേശുവിന്റെ ശരീരവുമായി നമുക്കുള്ള ബന്ധവുമായി ആഴത്തിൽ ചേർന്നിരിക്കുന്ന ഒരു കാര്യമാണ്. സഹോദരസമൂഹത്തിലുള്ള സ്നേഹം സുവിശേഷത്തോടുള്ള നമ്മുടെ പ്രതികരണത്തിന്റെ സംശുദ്ധിയെ കാണിക്കുന്ന ഒരു കാര്യമാണെന്ന് ജോൺ മക്ആർതർ പറയുന്നു. എന്നുവച്ചാൽ, നമുക്കു വേണമെങ്കിൽ സ്വീകരിക്കാം എന്ന ഒരു കാര്യമല്ല സഹോദരസമൂഹം, നമ്മുടെ ഹൃദയത്തിന്റെ രൂപാന്തരത്തെ കാണിക്കുന്ന ഒന്നാണ്.

**വചന പശ്ചാത്തലം: യഹൂദക്രിസ്ത്യാനികളോട് ഇക്കാര്യം പറഞ്ഞതെന്തുകൊണ്ടാണ്?**

പഴയനിയമ കല്പനകൾ ഉപേക്ഷിക്കാൻ യഹൂദപശ്ചാത്തലത്തിൽനിന്നുമുള്ള ക്രിസ്ത്യാനികൾക്കു കഴിയുന്നില്ലായിരുന്നു. ദേവാലയ സമ്പ്രദായങ്ങളും, ആചാരശീലങ്ങളും, അനുഷ്ഠാനവിധികളും, അവയിലൂടെ നടപ്പാക്കിയ ഉപരിതലത്തിലുള്ള ആരാധനാ രീതികളുമൊന്നും. ദൈവത്തെസംബന്ധിച്ച വാസ്തവങ്ങളിൽ നാം മുറുകെപ്പിടിക്കണമെങ്കിൽ, നിശ്ചയമായും പുതിയനിയമത്തെ നാം മുറുകെപ്പിടിക്കേണ്ടതുണ്ടെന്ന് എബ്രായലേഖകൻ അവരോടു പറഞ്ഞു. കാരണം ദൈവസമൂഹമെന്നത് ദൈവജനതതന്നെയാണ്. ഇവിടെ നമുക്കു സ്നേഹം നല്കാനും സ്വീകരിക്കാനും സാധിക്കും, ശുശ്രൂഷിക്കാനും ശുശ്രൂഷിക്കപ്പെടാനും സാധിക്കും; കരുത്താർജ്ജിക്കാനും, സ്ഥിരമാനസരാകാനും, പരീക്ഷകളിൽ സ്ഥിരോത്സാഹം കണ്ടെത്താനും, പ്രത്യാശയിൽ ജീവനുള്ളവരാകാനും കഴിയും. ക്രിസ്തുവിനോടുള്ള വിശ്വസ്തതയിൽ കഴിയാൻ നമ്മെ സഹായിക്കുന്ന മറ്റൊരു മികച്ചയിടമില്ല - ദൈവമക്കളോടൊത്തുള്ള കൂട്ടായ്മ മാത്രമാണത്.

എന്റെ മകൾക്ക് എട്ടുവയസ്സുള്ളപ്പോൾ ഗുരുതരമായ അസുഖം ബാധിച്ചു, ഡോക്ടർമാർ കയ്യൊഴിഞ്ഞു, എന്റെ ജീവിതത്തിലെ ഏറ്റവും ഇരുട്ടേറിയ ഒരു സമയമായിരുന്നു അത്. വിശ്വാസസമൂഹത്തെ ദൈവം എന്തിനു നല്കിയെന്ന ചോദ്യത്തിനുള്ള ഉത്തരം അനുഭവിച്ചറിഞ്ഞ സമയവുമായിരുന്നു അത്. ആശുപത്രിയിൽ ഞാൻ ഒറ്റയ്ക്കായിരുന്നില്ല, എന്റെ ചുറ്റുമുള്ള ദേശത്തുനിന്നെല്ലാം സഹോദരങ്ങൾ അവിടെ വന്നു പ്രാർത്ഥിച്ചു. ഒരു രാത്രിമുഴുവൻ കൂടെയിരുന്ന് എന്നോടൊപ്പം പ്രാർത്ഥിച്ചു, എന്റെ വിശ്വാസത്തെ ശക്തിപ്പെടുത്തി, ദൈവത്തിൽ ആശ്രയിക്കാൻ എന്നെ ഓർമ്മിപ്പിച്ചു. പിറ്റേ ദിവസം രാവിലെ ഡോക്ടർ വന്ന് ഒരു അത്ഭുതം സംഭവിച്ചിരിക്കുന്നു എന്ന് ഞങ്ങളോടു പറഞ്ഞു. എന്റെ മകളുടെ നില മെച്ചപ്പെടുകയും അവളെ സാധാരണ വാർഡിലേക്കു മാറ്റുകയും ചെയ്തു. ദൈവമക്കളിലൂടെ വ്യാപരിച്ച ദൈവശക്തിയാണ് ഞങ്ങളെ നിലനിർത്തയതെന്ന് സംശയം ഒട്ടുമില്ലാതെ ഞാൻ അറിയുന്നു. നമുക്കെല്ലാവർക്കും ഇത്തരം കാര്യങ്ങൾ ഓർത്തിരിക്കാനുണ്ടാകും; ദൈവത്തിലുള്ള നമ്മുടെ ആശ്രയം കൈവിടാൻ അനുവദിക്കാതെ സഹോദരങ്ങൾ നമ്മെ ചേർത്തുപിടിച്ച ഓർമ്മകൾ. ഇതിനുവേണ്ടിയാണ് ദൈവം തന്റെ ആത്മാവിനെയും സഭയെയും നമുക്കായി നല്കിയത്. ഒറ്റയ്ക്കായാൽ നാം വീഴുമെന്നും ഒരുമിച്ചു നിന്നാൽ നാം വാഴുമെന്നും നമ്മുടെ ദൈവത്തിനറിയാം.

**1 കൊരിന്ത്യർ 12:21**
*"'എനിക്കു നിന്നെ ആവശ്യമില്ല' എന്നു കണ്ണിനു കൈയോടു പറയുവാൻ സാധ്യമല്ല. തലയ്ക്കു കാലുകളോട്, 'എനിക്കു നിങ്ങളെ ആവശ്യമില്ല' എന്നു പറയുവാനും സാധിക്കുകയില്ല."*

ക്രിസ്തീയ വിശ്വാസമെന്നത് ഒരു ഒറ്റയാൾ തീർത്ഥാടനമല്ല. ദൈവാത്മാവ് നമ്മെ ഒരു ശരീരത്തിൽ ആക്കിയിരിക്കുന്നു, കാരണം വിശ്വാസം വളരുന്നത് സമൂഹശരീരത്തിലാണ്.

**സഭാപ്രസംഗി 4:9-10**
*"9ഒരുവനേക്കാൾ ഇരുവർ നല്ലത്. അവർക്ക് അവരുടെ അദ്ധ്വാനത്തിന് നല്ല പ്രതിഫലം ലഭിക്കും. 10ഒരുവൻ വീണാൽ, അവന്റെ സ്നേഹിതന് അവനെ എഴുന്നേല്പിക്കാൻ കഴിയും. വീഴുമ്പോൾ എഴുന്നേല്പിക്കുവാൻ ആരുമില്ലാത്ത മനുഷ്യന്റെ അവസ്ഥ കഷ്ടം തന്നെ."*

പരീക്ഷാ കാലഘട്ടങ്ങൾ നമ്മെ വൈകാരികമായും ആത്മീകമായും ബലഹീനമാക്കുന്ന ഘടകങ്ങളാണ്. നമ്മെ സ്വയം ഉയർത്താൻ സാധിക്കാത്ത സമയങ്ങളിൽ നമ്മെ താങ്ങി ഉയർത്താൻ മറ്റുള്ളവരുടെ സഹായം നമുക്ക് ആവശ്യമുണ്ട്.

**എബ്രായർ 3:13**
*"പാപത്തിന്റെ വഞ്ചനയാൽ നിങ്ങളിൽ ആരും കഠിനപ്പെട്ടുപോകാതിരിപ്പാൻ ഇന്ന് എന്നുപറയുന്നേടത്തോളം ദിനംതോറും പരസ്പരം പ്രബോധിപ്പിച്ചുകൊള്ളുവിൻ."*

അനുദിന പ്രചോദനത്തിലൂടെ ആത്മീയമായ ഒരു തെന്നിമാറൽ തടയാൻ സാധിക്കും. ദൈവത്തിൽ നിന്നുമുള്ള സമാശ്വാസവും, മാർഗ്ഗനിർദ്ദേശവും, വീര്യപ്രവൃത്തികളും നമ്മിലേക്കു വന്നുചേരുന്നത് ചിലപ്പോഴെല്ലാം നാം ആയിരിക്കുന്ന വിശ്വാസസമൂഹത്തിന്റെ കരങ്ങളിലൂടെയാണ്.

**ഉപസംഹാരമായി:**

കാറ്റും കോളും നിറഞ്ഞ നമ്മുടെ ജീവിതത്തിൽ ദൈവം നമുക്കായി രണ്ടു നങ്കൂരങ്ങൾ നല്കിയിരിക്കുന്നു - നമ്മിൽ വസിക്കുന്ന പരിശുദ്ധാത്മാവും, നമ്മുടെ ചുറ്റുമുള്ള ദൈവമക്കളും. ഒറ്റയ്ക്കൊരു പന്ഥാവിൽ അലയാൻ വിളിക്കപ്പെട്ടവരല്ല നമ്മൾ. ക്രിസ്തുവിന്റെ ശരീരത്തിൽ നാം ചാരുമ്പോൾ, ദൈവത്തിൽ തന്നെയാണ് നാം ചാരുന്നത്; തനിക്കായി പ്രവർത്തിക്കുന്ന തന്റെ ജനത്തിലൂടെ. ആകയാൽ, നാം കടന്നുപോകുന്ന എല്ലാ സമയങ്ങളിലും, ഏകനായിരിക്കുന്നതിനുപകരം കൂട്ടായ്മയിലായിരിക്കുക, ഒളിച്ചിരിക്കുന്നതിനു പകരം തുറന്നമനോഭാവത്തോടെയിരിക്കുക, ഭയചകിതരായിരിക്കുന്നതിനു പകരം ബന്ധത്തിലായിരിക്കുക.

**പ്രതിഫലന ചിന്തകൾ:**

- ക്രിസ്തുവിന്റെ ശരീരം എനിക്ക് ആവശ്യമുണ്ടെന്ന ആത്മാർത്ഥമായ വിശ്വാസം എനിക്കുണ്ടോ? പരീക്ഷാഘട്ടങ്ങളിൽ ഞാൻ നടക്കുന്നത് ഒറ്റയ്ക്കാണോ?

- നിങ്ങളുടെ ചുറ്റും ദൈവം വച്ചിരിക്കുന്ന സഹോദരങ്ങൾ ആരൊക്കെയാണ്? നിങ്ങൾ അവരിൽ ചാരുന്നുണ്ടോ, അതോ തുറന്ന മനോഭാവം കാണിക്കാതെ അവരെ ഒഴിവാക്കുകയാണോ?

- ദൈവമക്കളിലൂടെ പ്രവർത്തിച്ചതുവഴി ദൈവം നിങ്ങളെ നേരെനിൽക്കാൻ സഹായിച്ച അനുഭവങ്ങൾ ഏതൊക്കെയാണ്?

- കൂട്ടായ്മയുമായി ഇഴുകിച്ചേരുന്നതിന് എനിക്കു തടസ്സമായി നിൽക്കുന്ന ഘടകങ്ങൾ എന്തൊക്കെയാണ് (മുൻകാലങ്ങളിലെ മുറിവുകളോ, അഹങ്കാരമോ, അപകർഷതാബോധമോ...)?

**ഈ ആഴ്ചയിൽ വിശ്വാസത്താൽ എടുക്കാവുന്ന ചില പ്രായോഗിക ചുവടുകൾ:**

- വിശ്വാസയോഗ്യമായ ഒരു സഹോദരനോട്/സഹോദരിയോട് നിങ്ങൾ ഇപ്പോൾ കടന്നു പോകുന്ന പ്രയാസത്തെക്കുറിച്ചു തുറന്നു സംസാരിക്കുക.

- എല്ലാദിവസവും ആ വ്യക്തിയുമായി ഒരുമിച്ചു പ്രാർത്ഥിക്കുക

- പ്രയാസഘട്ടത്തിലൂടെ പോകുന്ന മൂന്നു പേർക്കെങ്കിലും ഒരു പ്രോത്സാഹന സന്ദേശം അയക്കുക.

- എല്ലാ കൂട്ടായ്മകളിലും പങ്കെടുക്കുക - കടമയായിട്ടല്ല, കരുത്തുനേടുവാനായി.

- നിങ്ങളുടെ പ്രാർത്ഥനയിലോ, ബൈബിൾ പഠനത്തിലോ വേറൊരാളെ കൂടെക്കൂടാൻ ക്ഷണിക്കുക, ആ വ്യക്തിയുമായി ആഴത്തിലുള്ള ബന്ധം സ്ഥാപിക്കുന്നതിനുവേണ്ടി.

> “സഭ ഒരു സ്ഥലം മാത്രമല്ല, നിങ്ങളെ ചുറ്റിയുള്ള ദൈവകരമാണ്. അവൻ തിരിച്ചുവരുന്നതുവരെ ആ കരങ്ങൾ നിങ്ങളെ മുറുകെപ്പിടിക്കും.” (അജ്ഞാത ലേഖകൻ)

ദിനം 30

# ആത്മവിശ്വാസത്തിൽ വേരൂന്നിയ ജീവിതം

## (Life Rooted in Confidence)

**യിരമ്യ 17:7-8**

*"7യഹോവയിൽ ആശ്രയിക്കുകയും യഹോവയെത്തന്നേ ആശ്രയമാക്കിയിരിക്കയും ചെയ്യുന്ന മനുഷ്യൻ ഭാഗ്യവാൻ; 8അയാൾ വെള്ളത്തിനരികെ നട്ടിരിക്കുന്നതും ആറ്ററികത്തു വേരൂന്നിയിരിക്കുന്നതുമായ വൃക്ഷം പോലെയാകും. ഉഷ്ണം വരുമ്പോൾ അതു പേടിക്കുകയില്ല. അതിന്റെ ഇല എപ്പോഴും പച്ചയായിരിക്കും. വരൾച്ചയുള്ള വത്സരത്തിലും അത് വാട്ടം തട്ടാതെ ഫലം കായിച്ചുകൊണ്ടിരിക്കും."*

നാം ഓരോരുത്തരും സുസ്ഥിരത ആഗ്രഹിക്കുന്ന ആളുകളാണ്. പ്രയാസഘട്ടങ്ങൾ വന്നാലും അവ നമ്മെ കുലുക്കാത്ത, ഉള്ളിൽനിന്നുമുള്ള ആത്മവിശ്വാസമുള്ളവരാകാൻ ആഗ്രഹിക്കുന്നവർ. ആവശ്യഘട്ടങ്ങളിൽ ദൈവത്തെ അന്വേഷിക്കുന്ന ആളുകൾ ആകാതെ, ദൈവത്തിൽ സുസ്ഥിരമായി വേരൂന്നിയ ആത്മവിശ്വാസമുള്ളവരാകണം നാമെന്നതാണ് ദൈവം ആഗ്രഹിക്കുന്നത്. സുസ്ഥിരപ്രകൃതമുള്ള ദൈവത്തിൽ നാം സ്ഥിരപ്രജ്ഞരായി ഉറച്ചുനില്ക്കുമ്പോൾ, നമ്മുടെ ജീവിതവും സുസ്ഥിരപ്രകൃതമുള്ളതാകും. നമ്മുടെ വേരുകൾ ദൈവത്തിലേക്ക് ആഴത്തിൽ ഉറച്ചുനില്ക്കുമ്പോൾ നമ്മുടെ വിശ്വാസം പ്രകടമായ രീതിയിൽ ശക്തമായി വർദ്ധിക്കും.

അത്തരത്തിലുള്ള ഒരു ജീവിതം എപ്രകാരമുള്ളതാണെന്ന് ഒരു സുന്ദരചിത്രത്തിലൂടെ യിരമ്യ പ്രവാചകൻ വരച്ചു കാണിക്കുന്നു - "ആറ്റിനരികെ നട്ട വൃക്ഷമായി". കാലാവസ്ഥയുടെ മാറ്റമായി ഉണ്ടാകുന്ന ചൂടും വരൾച്ചയും പരുഷമായ ചുറ്റുപാടുമെല്ലാം ഈ വൃക്ഷത്തിനു നേരിടേണ്ടിവരും. ആ വൃക്ഷത്തിനുചുറ്റമുള്ള സകലതും ഉണങ്ങിവരണ്ട കാഴ്ചയും നമുക്കു കാണാനാകും; എന്നിരുന്നാലും ആ വൃക്ഷത്തിന്റെ വേരുകൾ നിരന്തരമായി പരിപോഷിപ്പിക്കുന്ന ഒരു ഉറവയിലേക്കു ഊന്നിയിരിക്കുന്നു - ഒരിക്കലും വെള്ളം വറ്റാത്ത ഒരു നദിയിലേക്ക്. നമ്മുടെ ജീവിതത്തിലും പലസമയത്തും ഇതുപോലെതന്നെ വരൾച്ചയുടെ അവസ്ഥയിലൂടെ കടന്നുപോകേണ്ടിവരും; എന്നാൽ നമ്മുടെ ശക്തിയുടെ ഉറവിടം എവിടെയാണ് എന്നതാണ് നമ്മെ വ്യത്യസ്തമാക്കുന്നത്.

"ജീവജലത്തിന്റെ ഉറവയെന്നാണ്" ദൈവം സ്വയം വിശേഷിപ്പിക്കുന്നത് (യിരമ്യ 2:13). നമ്മിൽ വസിക്കുന്ന പരിശുദ്ധാത്മാവിനെ "അകമേനിന്നു പ്രവഹിക്കുന്ന ജീവന്റെ നദി"യെന്ന് പരാമർശിക്കുന്നു (യോഹന്നാൻ 7:38). ഈ ജീവനീരുറവയിൽനിന്നും അനുനിമിഷം പാനം ചെയ്യുന്നവരായി നമ്മെ സങ്കൽപ്പിച്ചു നോക്കുക. നമ്മുടെ ജീവിതം എപ്രകാരമായിരിക്കും?

നമ്മുടെ ചുറ്റുപാടുകളിലും, നമുക്കു ബന്ധമുള്ള ആളുകളിലും, നമ്മുടെ വികാരങ്ങളിലും, നമ്മെത്തന്നെയും ആശ്രയിക്കാതെ ദൈവത്തെ അടിസ്ഥാനമാക്കിയ ആത്മവിശ്വാസമുള്ള ഒരു ജീവിതത്തിലേക്കാണ് ദൈവം നമ്മെ ക്ഷണിക്കുന്നത്. അത്തരത്തിലുള്ള ആത്മവിശ്വാസത്തിൽ വേരൂന്നിയ ജീവിതം പ്രയാസരഹിതമായിരിക്കും എന്നല്ല, പകരം പ്രയാസങ്ങളിൽ സുസ്ഥിരത കണ്ടെത്തുന്ന ഒരു ജീവിതമായിരിക്കും അത്.

- *"ഉഷ്ണം വരുമ്പോൾ അതു പേടിക്കുകയില്ല".* ക്രിസ്തുവിൽ വേരൂന്നിയവർക്കും പരീക്ഷണങ്ങൾ വരും, എന്നിരുന്നാലും അവർ ഭയപ്പെടുകയില്ല. കാരണം പ്രയാസരഹിതമായ ഒരു ജീവിതമല്ല അവർ പ്രതീക്ഷിക്കുന്നത് പകരം അത്തരം പ്രയാസങ്ങളിലൂടെയെല്ലാം ദൈവം അവരെ രക്ഷിക്കും എന്ന ആത്മവിശ്വാസം ഉള്ളതിനാലാണ്.

- *"അതിന്റെ ഇല എപ്പോഴും പച്ചയായിരിക്കും".* പരിശോധനകൾ വരും എന്നാലും അവയൊന്നും അവരെ കരിയിച്ചുകളയുകയോ, ഭയത്തിന് അടിമപ്പെടുത്തുകയോ ചെയ്യുകയില്ല; ജീവജലത്താൽ പരിപോഷിപ്പിക്കപ്പെടുന്നതിനാൽ അവർ പച്ചയായിത്തന്നെ നിലനില്ക്കും.

- *"അത് വാട്ടം തട്ടാതെ ഫലം കായിച്ചുകൊണ്ടിരിക്കും".* അവരുടെ സാഹചര്യങ്ങളിലോ, അവസ്ഥകളിലോ ആശ്രയിച്ചല്ല അവർ ഫലംകായ്ക്കുന്നത്; സകല കാലങ്ങളിലും - നല്ലകാലങ്ങളിലും ചീത്തകാലങ്ങളിലും - അവർ ഒരുപോലെ കായ്ചുനില്ക്കും; പരിശുദ്ധാത്മാവിന്റെ ഫലം.

പ്രയാസങ്ങൾക്കുമീതെ പ്രാർത്ഥനയെയും, ഭയത്തിനുമീതെ വചനങ്ങളെയും, സൗകര്യങ്ങൾക്കുമീതെ അനുസരണയെയും, നിയന്ത്രണത്തിനുമീതെ കീഴടങ്ങലിനെയും സ്ഥാപിച്ചുകൊണ്ടും, ദൈവത്തിൽ

നിരന്തരമായി ആശ്രയിച്ചുകൊണ്ടും, കർത്താവിലുള്ള നമ്മുടെ ആത്മവിശ്വാസം നിരന്തരമായി വളർത്താനാകും. മുകളിൽപ്പറഞ്ഞ കാര്യങ്ങൾ തിരഞ്ഞെടുക്കുമ്പോൾ, നമ്മൾ ശ്രദ്ധിക്കാതെതന്നെ നമ്മിൽ വേരുകൾ വളരും. നിങ്ങളുടെ ജീവിതം ഉറപ്പാർന്നരീതിയിൽ വേരൂന്നിയതും, ഇളകാത്തതും, സദാകാലത്തും ഫലം പുറപ്പെടുവിക്കുന്നതുമായി ഒന്നു സങ്കൽപിച്ചു നോക്കുക! ഇത്തരത്തിലൊരു ജീവിതമാണ് ദൈവം നിങ്ങൾക്കുണ്ടാകണമെന്ന് ആഗ്രഹിക്കുന്നത്. അത്തരത്തിലുള്ള ഒരു ജീവിതം സ്വായത്തമാക്കാൻ നാം ഒരു തീരുമാനമെടുക്കേണ്ടതുണ്ട്: നമ്മുടെ ആത്മവിശ്വാസം പൂർണ്ണമായും ദൈവത്തിൽ അർപ്പിക്കാനുള്ള തീരുമാനമാണിത്. *"എന്നാൽ അവർക്കു ജീവൻ ഉണ്ടാകുവാനും അതു സമൃദ്ധിയായി ഉണ്ടാകുവാനുമത്രേ ഞാൻ വന്നിരിക്കുന്നത്"* (യോഹന്നാൻ 10:10b) എന്ന് യേശു പറഞ്ഞതിലൂടെ അവിടുന്നു നമുക്കു വാഗ്ദാനം ചെയ്ത ജീവിതം ഇതാണ്.

കർത്താവിൽ നാം പൂർണ്ണമായും ആത്മവിശ്വാസമർപ്പിക്കുമ്പോൾ ഭാവിയെസംബന്ധിച്ച ഭയം നമ്മെ മുറുകെ പിടിക്കില്ല, എന്തുകൊണ്ടെന്നാൽ നമുക്കു ലഭ്യമായ ജീവജല ഉറവ ഒരിക്കലും വറ്റിപ്പോകുന്നില്ല.

- ഇന്നു നിങ്ങളുടെ ജീവിതം പോകുന്നത് എപ്രകാരമാണ്?

- കർത്താവിലുള്ള ഉറപ്പിൽ വേരൂന്നിയതാണ് നിങ്ങളുടെ അനുദിനജീവിതമെന്ന് ആത്മവിശ്വാസത്തോടെ പറയാൻ നിങ്ങൾക്കു കഴിയുമോ?

- നിങ്ങളിൽതന്നെയോ മറ്റുള്ളവരിലോ ആശ്രയം വയ്ക്കുന്ന ചില മേഖലകൾ ഏതാണെന്നു പരിശോധിക്കുക.

- അക്കാര്യങ്ങളെല്ലാം എപ്രകാരം ദൈവത്തിനു കീഴടക്കാൻ കഴിയും?

  ഇതെക്കുറിച്ചെല്ലാം എഴുതി സൂക്ഷിക്കുക, പ്രാർത്ഥിക്കുക, പരിശുദ്ധാത്മാവിൽ ആശ്രയിക്കുക, ദൈവത്തിൽ ആത്മവിശ്വാസം വളർത്തിയെടുത്തിട്ടുള്ള ആളുകളിൽനിന്നും സഹായം തേടുക.

**യിരമ്യ 17:7 മനഃപാഠമാക്കുക:**
*"യഹോവയിൽ ആശ്രയിക്കുകയും യഹോവയെത്തന്നേ ആശ്രയമാക്കിയിരിക്കയും ചെയ്യുന്ന മനുഷ്യൻ ഭാഗ്യവാൻ"*

### ദിനം 31

# എല്ലാം നന്നായിരിക്കുമ്പോൾ ദൈവത്തിലുള്ള ആശ്രയം

## (Trusting God when All is Well)

ഈ പരമ്പരയിലെ കുറേ ദിവസങ്ങളിൽ വിവിധങ്ങളായ പ്രയാസഘട്ടത്തിൽ കൂടി കടന്നുപോകുമ്പോൾ എപ്രകാരം ദൈവത്തിൽ ആശ്രയം വയ്ക്കണമെന്ന് നാം പഠിച്ചു. പരീക്ഷണഘട്ടങ്ങളിൽ കൂടി കടന്നുപോകുമ്പോഴാണ് നമ്മുടെ വിശ്വാസം പരിശോധനയ്ക്കു വിധേയമാകുന്നത് എന്ന കാരണത്താലിത്. എന്നാൽ ജീവിതത്തിൽ എല്ലാം സുഗമമായി മുന്നോട്ടു പോയിക്കൊണ്ടിരിക്കുമ്പോഴോ? അത്തരം സമയങ്ങളിൽ ദൈവത്തിൽ ആശ്രയം വയ്ക്കാതിരിക്കാൻ സാദ്ധ്യമാണോ?

സകലതും ശരിയായ ദിശയിൽ പോയിക്കൊണ്ടിരിക്കുമ്പോൾ നാം ദൈവത്തെ മറക്കരുതെന്ന് ദൈവം നമുക്കു മുന്നറിയിപ്പു നല്കിയിരിക്കുന്നു. ശക്തമായ ഒരു മുന്നറിയിപ്പുമാണത്. വാസ്തവം പറഞ്ഞാൽ, നൂറ്റാണ്ടുകളായുള്ള ഇസ്രായേലിന്റെ ചരിത്രം നോക്കുമ്പോൾ, ഈജിപ്തിലെ അടിമത്തത്തിൽനിന്നും അവരെ രക്ഷിച്ചതുമുതൽ, അവരുടെ ഉയർച്ചയും താഴ്ചയുമെല്ലാം സമൃദ്ധിയുടെ കാലഘട്ടത്തിൽ അവർ ദൈവത്തിൽ ആശ്രയിക്കാതിരുന്നതിന്റെ ഭാഗമായുണ്ടായവയാണ്. വാഗ്ദത്തനാട്ടിലേക്ക് പ്രവേശിക്കുന്നതിനുമുമ്പ് ദൈവം അവർക്കു നല്കിയ മുന്നറിയിപ്പ് **ആവർത്തനം** 8-ാം അദ്ധ്യായത്തിൽ നമുക്കു കാണാൻ കഴിയും. ഈ അദ്ധ്യായം മുഴുവനും വായിച്ച് കുറിപ്പുകൾ തയ്യാറാക്കുക.

ദൈവത്തിന് അവരുടെമേലുണ്ടായിരുന്ന പ്രതീക്ഷയെക്കുറിച്ച് വാക്യം 10ൽ നമുക്കു കാണാനാകും: *"നീ ഭക്ഷിച്ചു തൃപ്തനായശേഷം നിന്റെ ദൈവമായ യഹോവ നിനക്കു നല്കിയ മനോഹരദേശത്തിനുവേണ്ടി അവിടുത്തേക്ക് സ്തോത്രം ചെയ്യണം"*. ഇതു വായിക്കുമ്പോൾ ന്യായമായും നമുക്കുണ്ടാകുന്ന ഒരു ചോദ്യമെന്നത് ഇപ്രകാരം ഒരു കല്പന ദൈവം പുറപ്പെടുവിക്കേണ്ടതിന്റെ ആവശ്യമുണ്ടോ? എന്നായിരിക്കും. ദൈവത്തിന്റെ അനുഗ്രഹങ്ങൾ നമ്മിൽ നിറഞ്ഞുനില്ക്കുമ്പോൾ ദൈവത്തെ സ്തുതിക്കുമെന്നതിൽ സംശയം വയ്ക്കേണ്ടതുണ്ടോ? വേറെയാരെക്കാളും നമ്മുടെ പ്രകൃതം അറിയുന്നത് ദൈവത്തിനാണ്. മനുഷ്യന്റെ പാപപ്രകൃതിയിലെ ഒഴിവാക്കാൻ പറ്റാത്ത ഭാഗമാണ് നന്ദിയില്ലായ്മയെന്നത്. ഇതെക്കുറിച്ച് ബോധവാന്മായിരിക്കണമെന്നും ഇതിനെ നാം മറികടക്കണമെന്നുമാണ് ദൈവം ആഗ്രഹിക്കുന്നത്. ഇസ്രായേൽ ദേശം, മറ്റേതു ജനതയെയും പോലെ തങ്ങളുടെ സമൃദ്ധിയിൽ ദൈവത്തോടു നന്ദികെട്ടവരായിമാറി. അവരുടെ വായിൽനിന്നും വന്ന വാക്കുകൾ ദൈവം നേരത്തെതന്നെ എഴുതിവച്ചു: *"എന്റെ ശക്തിയും കൈബലവും ഈ സമ്പത്തുണ്ടാക്കി എന്നു നീ നിന്റെ ഹൃദയത്തിൽ പറയരുത്"* (വാക്യം 17).

'അവർക്കെങ്ങനെ ഇപ്രകാരം പറയാൻ കഴിഞ്ഞു' എന്നു ചോദിക്കുന്നതിനുമുമ്പ്, ഇത്തരം ചിന്തകൾ നിങ്ങളുടെ ഹൃദയത്തിൽനിന്നും പൊങ്ങിവന്നിട്ടുണ്ടോ എന്ന് സ്വയം ചോദിക്കേണ്ടതുണ്ട്. എന്റെ ഹൃദയത്തിൽ അതുയർന്നിട്ടുണ്ടെന്ന് എനിക്ക് ഏറ്റുപറയേണ്ടതുണ്ട്, പല സമയങ്ങളിലും, പ്രത്യേകിച്ച് വിജയനിമിഷങ്ങളിൽ. നമുക്കെല്ലാവർക്കും ഉള്ളത് ഇതേപോലുള്ള പാപപ്രകൃതിയാണ്. അവസരങ്ങൾ സൃഷ്ടിച്ചു തന്നതെല്ലാം ദൈവമാണെന്നും, വിജയങ്ങൾ സമ്മാനിച്ചതു ദൈവമാണെന്നുമുള്ള കാര്യം നാ എളുപ്പം മറന്നുപോകും. രണ്ടു കാര്യങ്ങളാണ് ദൈവം നമ്മിൽ നിന്നും ആവശ്യപ്പെടുന്നത്: ദൈവമാണ് ഇതു ചെയ്തതെന്ന് ഏറ്റുപറയുക, സ്തുതികളാലും സ്തോത്രത്താലും അവിടുത്തെ മഹത്വപ്പെടുത്തുക. പലസമയത്തും 'ദൈവമാണ് ഇതെല്ലാം ചെയ്തത്, ഞാനല്ല' എന്നൊക്കെ പറയുമെങ്കിലും, എത്ര ആത്മാർത്ഥത ആ പ്രസ്താവനയിലുണ്ടെന്നത് പരിശോധിക്കേണ്ട കാര്യമാണ്. ക്രെഡിറ്റ് അവകാശപ്പെടുന്ന ഒരുഭാഗം പലപ്പോഴും നമ്മുടെ ഹൃദയത്തിലുണ്ട്. റോമർ 1:21ൽ ഇപ്രകാരം പറയുന്നു: *"അവർ ദൈവത്തെ അറിഞ്ഞിട്ടും ദൈവമെന്ന നിലയിൽ അവിടുത്തെ മഹത്വപ്പെടുത്തുകയോ നന്ദികാണിക്കുകയോ ചെയ്തില്ല; അവരുടെ യുക്തിചിന്ത ഫലശൂന്യമായി; അവരുടെ മൂഢഹൃദയം ഇരുളടഞ്ഞതായി"*.

തന്റെ സൃഷ്ടികളിൽനിന്നും നന്ദിയും മഹത്വം കരേറ്റലും ദൈവം പ്രതീക്ഷിക്കുന്നു, നന്ദിനിറഞ്ഞ ഹൃദയത്തിൽനിന്നുമാണ് അതു പുറപ്പെടുന്നത്, അതിന്റെ ഫലമെന്നത് വിജയത്തിന്റെ ഉറവിടമായ ദൈവത്തെ പ്രത്യഭിവാദ്യം ചെയ്യുന്നതാണ്. ആവർത്തനം 8:18 ഇപ്രകാരം പറയുന്നു: *"നിന്റെ ദൈവമായ യഹോവയെ നീ ഓർക്കണം. നിന്റെ പിതാക്കന്മാരോടു സത്യം ചെയ്ത തന്റെ നിയമം ഉറപ്പിക്കേണ്ടതിന് അവിടുന്നാണല്ലോ നിനക്കു സമ്പത്തുനേടാൻ പ്രാപ്തി നല്കുന്നത്"*.

നമ്മുടെ ജീവനും, ശാരീരികമായും ബൗദ്ധികമായും, കലാപരമായും, സൃഷ്ടിപരമായും നമുക്കുള്ള കഴിവുകളും; നമുക്കു ലഭ്യമായ സകല ഉറവിടങ്ങളും നല്കിയതു ദൈവമാണ് – പിന്നെ ഇതിൽ നമ്മുടെ ഭാഗമെന്താണ്? ദൈവം നമുക്കു നല്കിയ സകല വരങ്ങളുടെയും നല്ല കാര്യസ്ഥന്മാരായി, അവയെ നല്ലവണ്ണം വിനിയോഗിക്കണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത്. ഈ യാഥാർത്ഥ്യം നാം പരിഗണിക്കുമ്പോൾ 'ഞാനാണ് ഇതു ചെയതത്' എന്നോ 'ഞങ്ങൾ ഇതു സാധിച്ചെടുത്തു' എന്നോ നമുക്കു പറയാൻ കഴിയുമോ? അത്തരത്തിലുള്ള വ്യാജ അവകാശപ്രഖ്യാപനങ്ങളുടെ അനന്തരഫലത്തെക്കുറിച്ച് ആവർത്തനം 8:19–20 പ്രഖ്യാപിക്കുന്നു: *"19നിന്റെ ദൈവമായ യഹോവയെ നീ മറന്ന് അന്യദേവന്മാരുടെ പിന്നാലെ പോകുകയും അവയെ വണങ്ങി നമസ്കരിക്കുകയും ചെയ്താൽ നീ നിശ്ചയമായും നശിച്ചുപോകുമെന്നു ഞാൻ നിനക്കെതിരെ സാക്ഷ്യം പറയുന്നു. 20നിങ്ങളുടെ ദൈവമായ യഹോവയുടെ വചനം നിങ്ങൾ അനുസരിക്കാതിരുന്നാൽ യഹോവ നിങ്ങളുടെ മുമ്പിൽനിന്നു നിർമ്മൂലമാക്കുന്ന ജാതികളെപ്പോലെതന്നെ നിങ്ങളും നശിച്ചുപോകും"*.

ഇസ്രായേൽ ജനത ദൈവത്തെ മഹത്വപ്പെടുത്താതിരുന്നതിനെക്കുറിച്ചും, ദൈവം അവരുടെമേൽ ന്യായവിധികൊണ്ടുവന്നതിനെക്കുറിച്ചുമെല്ലാം 1 കൊരിന്ത്യർ 10:6ൽ പൗലോസ് ഓർമ്മിപ്പിക്കുന്നു: *"6ഈ കാര്യങ്ങൾ നമുക്കു ദൃഷ്ടാന്തമായിത്തീർന്നിരിക്കുന്നു. അവരെപ്പോലെ നാമും ദുർമ്മോഹികളാകാതിരിക്കേണ്ടതിനുതന്നേ"*. വാക്യം 11–12ൽ പൗലോസ് അവരോട് ഇപ്രകാരവും പറയുന്നു: *"11ഈ കാര്യങ്ങൾ അവർക്കു ദൃഷ്ടാന്തങ്ങളായി സംഭവിച്ചു; യുഗാന്ത്യത്തിലെത്തിയിരിക്കുന്ന നമുക്കു പ്രബോധനത്തിനായി എഴുതപ്പെട്ടിരിക്കുന്നു. 12അതുകൊണ്ട്, താനുറച്ചുനില്ക്കുന്നുവെന്നു കരുതുന്നവൻ വീഴാതിരിക്കുവാൻ സൂക്ഷിച്ചുകൊള്ളട്ടെ"*. പൗലോസിന്റെ ഉദ്ബോധനം നമുക്കും ഹൃദയത്തിൽ സംഗ്രഹിക്കാം.

ദൈവത്തിലുള്ള ആശ്രയം വർത്തമാനകാലത്തെയും ഭാവികാലത്തെയും സംബന്ധിച്ചുള്ളതു മാത്രമല്ല, കഴിഞ്ഞുപോയകാലത്തിൽനിന്ന് ഇത്രവരെ നമ്മെ കൊണ്ടുവന്നത് ദൈവമാണെന്നും, നമുക്കുണ്ടായ

വിജയമെല്ലാം അവിടുത്തെ കൃപയാൽ ലഭിച്ചതാണെന്നും ഏറ്റുപറയുന്നതും, അതിനെല്ലാം ഹൃദ്യമായ നന്ദി പ്രകടിപ്പിക്കുന്നതുമാണ്. ഇതിലൂടെയെല്ലാം നാം ദൈവത്തിനു മഹത്വം കരേറ്റുന്നു. ഇതിനെത്തന്നെയാണ് ദൈവാശ്രയം എന്നു പറയുന്നതും; നാം നമ്മിൽ ആശ്രയിക്കുന്നില്ല, പകരം ദൈവത്തിൽ ആശ്രയിക്കുന്നു.

*"എന്റെ ശക്തിയും കൈബലവും* (കഴിവും ചിന്താശക്തിയും മനശ്ശക്തിയും) *ഈ സമ്പത്തുണ്ടാക്കി"* എന്നു ചിന്തിക്കാൻ പോലും മുതിരാതിരിക്കാം നമുക്ക്. അതിനുപകരം അപ്പ 17:28ൽ അപ്പസ്തോലൻ പൗലോസ് മനോഹരമായി എഴുതിവച്ചതുപോലെ ഏറ്റുപറയാം: *"നാം ജീവിക്കുന്നതും ചലിക്കുന്നതും നിലനിൽക്കുന്നതും ദൈവത്തിൽത്തന്നേ"*. 1 കൊരിന്ത്യർ 15:9-10ൽ തന്റെ ജീവിതത്തെക്കുറിച്ച് അദ്ദേഹം പറയുന്നതും ഉൾക്കൊള്ളാം: *"9ഞാൻ അപ്പസ്തോലന്മാരിൽ ഏറ്റവും ചെറിയവനാണ്. ദൈവസഭയെ പീഡിപ്പിച്ചതുകൊണ്ട് അപ്പൊസ്തോലൻ എന്ന പേരിനു യോഗ്യനുമല്ല. 10എന്നാൽ ഞാൻ ആയിരിക്കുന്നതു ദൈവകൃപയാൽ ആകുന്നു. എന്നോടുള്ള അവിടുത്തെ കൃപ നിഷ്ഫലമായില്ല. ഞാൻ അവരെക്കാളെല്ലാം അധികം അധ്വാനിച്ചു. എങ്കിലും ഞാൻ അല്ല, എന്നോടു കൂടെയുള്ള ദൈവകൃപയത്രേ"*.

**പ്രതിഫലന ചിന്തകൾ:**

- നിങ്ങളുടെ ജീവിതത്തിൽ അനുഭവിച്ച വിജയങ്ങളുടെ ഒരു പട്ടിക എഴുതുക, അതിന്റെയെല്ലാം പിറകിൽ ദൈവകരം പ്രവർത്തിച്ച രീതികളെക്കുറിച്ചു പരിശോധിക്കുക.

- ദൈവത്തിൽ ആശ്രയിക്കാനും, ഭൂതകാലത്തിലും വർത്തമാനകാലത്തിലും ഭാവികാലത്തിലുമുള്ള വിജയങ്ങൾക്കു ദൈവത്തിനു മഹത്വം നല്കാനും കഴിയുന്ന രീതിയിൽ ദൈവത്തിൽ നങ്കൂരമുറപ്പിക്കാൻ എങ്ങനെ കഴിയും?

- **1 കൊരിന്ത്യർ 1:26-31** വചനങ്ങളിലൂടെ ധ്യാനിക്കുക. വാക്യം 31 മനഃപാഠമാക്കുകയും ചെയ്യുക: *"അതുകൊണ്ട്, എഴുതപ്പെട്ടിരിക്കുന്നതുപോലെ "പ്രശംസിക്കുന്നവൻ കർത്താവിൽ പ്രശംസിക്കട്ടെ""*

## ഉപസംഹാരം

# ദൈവാശ്രയത്തിന്റെ താളം നിലനിർത്തുക
## (Epilogue)

നമ്മുടെ കർത്താവായ ദൈവത്തിൽ നിരന്തരമായി ആശ്രയംവയ്ക്കാൻ ഈ പ്രഭാതപ്രാർത്ഥനാ പരമ്പര നിങ്ങളെ സഹായിച്ചുവെന്നു പ്രത്യാശിക്കുന്നു.

ദൈവത്തിലുള്ള ആശ്രയം എന്ന വിഷയത്തിൽ അടങ്ങിയിരിക്കുന്ന സംഗതികളെക്കുറിച്ച് വിശകലനം ചെയ്യുന്ന ഈ 31 ദിവസങ്ങൾക്കു പരിസമാപ്തിയായെങ്കിലും, ദൈവത്തിൽ ആശ്രയിച്ചു ജീവിക്കുക എന്നത് ഏറെ ദൂരെ നമുക്കായി കാത്തിരിക്കുന്ന ലക്ഷ്യസ്ഥാനമാണ്. എന്നാൽ അതിനുള്ള വേരോട്ടം ആരംഭിച്ചു കഴിഞ്ഞു.

സുപ്രധാനമായ ഒരു ആത്മീയശീലം വളർത്താൻ ഈ മാസത്തിൽ നിങ്ങൾക്കു കഴിഞ്ഞു; നിങ്ങളുടെ ഉൽകണ്ഠയ്ക്കു മുകളിൽ ദൈവാശ്രയം തിരഞ്ഞെടുക്കാനും, ഭയത്തിനുമീതെ വിശ്വാസം തിരഞ്ഞെടുക്കാനും; നമ്മെ കാണുകയും അറിയുകയും സകലരീതിയിലും കൂട്ടിപ്പിടിക്കുകയും ചെയ്യുന്ന സർവ്വശക്തനായ ദൈവത്തിൽ വിശ്രമം കണ്ടെത്താനും ഇതു നിങ്ങളെ സഹായിച്ചു. പലവിധ വചനങ്ങളിലൂടെ കടന്നുപോവുകയും, ദൈവമുന്നിൽ സ്വസ്ഥതയോടെ വ്യാപരിക്കുകയും ചെയ്തുകൊണ്ടിരുന്നപ്പോൾ, പ്രയാസഘട്ടങ്ങളിൽ സദാ സന്നിഹിതനായ സർവ്വശക്തനാണ് നമ്മുടെ അഭയസ്ഥാനവും കരുത്തുമെന്ന ബോദ്ധ്യം നമ്മിൽ വർദ്ധിച്ചു.

ഹൃദയസ്പർശിയായ ഒരു സമാധാനം അനുഭവപ്പെട്ടുകൊണ്ടാണ് ഈ പരമ്പര നിങ്ങൾ പൂർത്തിയാക്കുന്നത്, ഒരു പക്ഷേ നിങ്ങൾ കടന്നുപോയ്ക്കൊണ്ടിരുന്ന സാഹചര്യങ്ങൾ അതുപോലെതന്നെ തുടരുകയും ചെയ്യുന്നുണ്ടാകും. ഇതു രണ്ടും സംഭവിക്കാൻ സാദ്ധ്യതയുണ്ട്. ശാന്തമായിരിക്കുന്ന ഒരു സമയത്ത് നാം കൈക്കൊള്ളുന്ന ഒറ്റ ഒരു തീരുമാനമല്ല, ദൈവത്തിലുള്ള ആശ്രയം എന്നത്. അനുദിനം നമ്മൾ നേരിടുന്ന കാറ്റിലും കോളിലുമെല്ലാം കൈക്കൊള്ളുന്ന നിരന്തരമായ തീരുമാനമാണത്. നമ്മുടെ നിയന്ത്രണങ്ങൾ

വിട്ടുകൊടുത്ത് ദൈവകൃപയെ ഉൾക്കൊള്ളുന്ന നിരന്തരപ്രക്രിയയാണ്.

**ഈ താളം മുന്നോട്ടുകൊണ്ടുപോകാനുള്ള വിളി**

ഈ പരമ്പരയിലൂടെ നിങ്ങൾ എഴുതിവച്ച ഉൾക്കാഴ്ചകളോ, ഈ പരമ്പര വിജയകരമായി ചെയ്തു തീർത്തതോ അല്ല ശരിക്കുമുള്ള ഫലമെന്നു പറയുന്നത് - കാറ്റിന്റെയും കോളിന്റെ ഇരമ്പം നിങ്ങളെ തേടിയെത്തുമ്പോഴെല്ലാം ഈ മൂല്യങ്ങൾ നിങ്ങൾ പ്രതിഫലിപ്പിക്കുന്നതെങ്ങനെയെന്നതിലാണ്. ചിട്ടപ്പെടുത്തി തയ്യാറാക്കിയ ഈ പരമ്പരയിലൂടെ കടന്നുപോകുമ്പോൾ, മൂന്നു കാര്യങ്ങൾ നിങ്ങൾ സ്വായത്തമാക്കേണ്ടതുണ്ട്:

**ആശ്രയം എന്നത് സജീവപ്രക്രിയയാണ്, നിശ്ചലമായ ഒരു അറിവല്ല:** സംശയങ്ങളുടെ മുന്നിൽ നില്ക്കുമ്പോഴും, മനഃപൂർവ്വമായ ഒരു ശ്രമത്തിലൂടെ ദൈവത്തിന്റെ വിശ്വസ്തതയെ ഓർമ്മയിലേക്കു കൊണ്ടുവരുന്നതാണ്.

**ദൈവത്തിന്റെ സമയക്രമം പരമമാണ്:** അവിടുന്നു കാലതാമസം കാണിക്കുന്നു എന്നതിന്റെ അർത്ഥം നിഷേധിക്കുന്നു എന്നല്ല. ആഴത്തിലുള്ളതും ശ്രേഷ്ഠ നന്മയുടേതുമായിട്ടുള്ള ഒരു രൂപാന്തരം നിങ്ങളുടെ ഹൃദയത്തിൽ ദൈവം പണിയുന്നതാകും.

**കൂട്ടായ്മ പ്രധാനമാണ്:** ഒറ്റയ്ക്കു സഞ്ചരിക്കാൻ വേണ്ടി ഒരുക്കിയിട്ടുള്ള ഒരു മത്സരപാതയല്ല ഇത്. സഹോദരങ്ങളായ ശിഷ്യരെ താങ്ങിനും പ്രാർത്ഥനയ്ക്കുമായി ആശ്രയിക്കുക.

ഈ ലോകത്തിന്റെ തിക്കിനും തിരക്കിനും മദ്ധ്യത്തിൽ, കർത്താവിൽ ആഴത്തിൽ വസിക്കുന്ന ആശ്രയത്തിൽ നങ്കൂരമിട്ടുകൊണ്ട്, പ്രശാന്തമായ ഒരു പവിത്രസ്ഥാനമായി നിങ്ങളുടെ ഹൃദയം മാറട്ടെയെന്ന് ആശിക്കുന്നു. കർത്താവു വിശ്വസ്തനാണ്. സൃഷ്ടികൾക്കുമുമ്പുതന്നേ അവിടുന്നു വിശ്വസ്തനാണ്, ഇപ്പോഴും വിശ്വസ്തനാണ്, നാളെയും തന്റെ വിശ്വസ്തത തുടരും. (എബ്രായർ 13:8 *"യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നേക്കും മാറ്റമില്ലാത്തവൻതന്നേ"*.)

ആകയാൽ വിശ്വാസത്തോടെ മുന്നോട്ടുപോവുക, കാഴ്ചയാൽ ജീവിക്കാതെ വിശ്വാസത്തിൽ തന്നെ ജീവിക്കുക.

**കൂടുതൽ പ്രതിഫലനത്തിലും പ്രക്രിയകൾക്കുമായി:**

**പുനഃസന്ദർശനം നടത്തുക:** ഈ പരമ്പരയിലൂടെ വീണ്ടും കടന്നുപോവുക, നിങ്ങളുടെ സാഹചര്യത്തിന് അനുയോജ്യമായ ഒരു വാക്യമോ ഉൾക്കാഴ്ചയോ പ്രത്യേകമായി ശ്രദ്ധിച്ചുകൊണ്ട്.

**കുറിപ്പെഴുതുക:** അതേ ദിവസം നിങ്ങൾ പഠിച്ച കാര്യത്തെ കുറിപ്പിലൂടെ കാത്തുസൂക്ഷിച്ചുവയ്ക്കുക. നിങ്ങൾ കടന്നു പോകുന്ന ആകുലതയും ഭാവിപ്രത്യാശയുമെല്ലാം ദൈവത്തിനു സമർപ്പിക്കുക.

**തുടരുക:** എല്ലാ പ്രഭാതത്തിലും ദൈവവചനത്തോടൊപ്പം സമയം ചിലവഴിക്കാനും പ്രാർത്ഥിക്കാനുമായി പ്രയത്നിക്കുക എന്നത് ശീലമാക്കുക. ദൈവവാഗ്ദാനങ്ങൾ മനഃപാഠമാക്കുക, അതിശവാനും സ്നേഹനിധിയും സകലസമയത്തും സന്നിഹിതനുമായ നമ്മുടെ ദൈവത്തിൽ ആശ്രയമർപ്പിക്കാൻ ഇതു നമ്മെ സഹായിക്കും.

അവസാന നാളുവരെ നിങ്ങളുടെ ആത്മീയ പ്രയാണം തുടരാൻ ദൈവം നിങ്ങളെ സഹായിക്കട്ടെ. പൗലോസ് പങ്കുവയ്ക്കുന്ന അതേ ആത്മവിശ്വാസം ഞങ്ങളും നിങ്ങളെക്കുറിച്ചു പങ്കുവയ്ക്കുന്നു: *"നിങ്ങളിൽ നല്ലപ്രവൃത്തി ആരംഭിച്ചവൻ ക്രിസ്തുയേശുവിന്റെ നാൾവരെ അതു തുടരുമെന്നും പൂർത്തിയാക്കുമെന്നും ഞാൻ ഉറപ്പായി വിശ്വസിക്കുന്നു"* (ഫിലിപ്യർ 1:6).

ദൈവാശ്രയത്തിൽ നിങ്ങൾ വളരുമ്പോൾ, കൂടുതൽ ഫലംകായ്ക്കാൻ ദൈവം നിങ്ങൾക്കു കരുത്തു പകരും.

ഈ പരമ്പരയിലെ പാഠഭാഗങ്ങൾ തയ്യാറാക്കിയവരോടും, പിശകുതിരുത്തുകയും പരിഭാഷപ്പെടുത്തുകയും എല്ലാവരുടെയും കൈകളിൽ എത്തിക്കുകയും ചെയ്തവരോടുമുള്ള നന്ദി അറിയിക്കുന്നു.

അവരുടെ പേരുകൾ ചുവടെ ചേർക്കുന്നു:

**Quiet Time Series - Trust in the Lord**

| Day | Theme | Name of the person who prepared |
|---|---|---|
| | Introduction | Shaijus Philip |
| 1 | Definition of Trust | Shaijus Philip |
| 2 | God is Trustworthy | Beena Philip |
| 3 | God's provision | Christy Varghese |
| 4 | Power of God's word | Sheeba Alex |
| 5 | God's faithfulness | Benny Soza |
| 6 | God our rock and fortress | Rajimol Soza |
| 7 | God' s unfailing love | John Britto |
| 8 | God's protection | Jasmine Britto |
| 9 | Letting go of control | Sachin JS |
| 10 | Trusting God's plan | Monica Sachin |
| 11 | Choosing to trust - Overcome doubt | Felix Francis |
| 12 | Honesty with God | Anjitha Felix |
| 13 | Trusting when life hurts | Suma Viswanath |
| 14 | Trusting the unseen God | Dr. Viswanath |
| 15 | Building trust through prayer | Scott Davis |
| 16 | When prayer seem unanswered | Dionne Davis |
| 17 | The wisdom of waiting | Suma Viswanath |
| 18 | Trusting the gift of grace | Dinesh George |
| 19 | Trust and obey | Kingston Singh |
| 20 | Joy That Stands Strong in Every Trial | Caroline George |
| 21 | Trust over feelings | Abraham Rajkumar |
| 22 | Forgiveness and trust | Shaijus Philip |
| 23 | Our purpose in trials | Andrew Santhanaraj |
| 24 | Finding peace in the storm | Thyagarajan |
| 25 | Learning from the difficulties | Roger Mathew |
| 26 | Rest in him | Susan Mathew |
| 27 | Being still and knowing that He is God | Toli Emmanuel |
| 28 | From worry to worship | Beena Philip |
| 29 | Community and trust | Praseetha Nishanth |
| 30 | Life rooted in confidence | Malu Saji |
| 31 | Trusting God when all is well | Shaijus Philip |
| | Epilogue | Shaijus Philip |

ഇതു പ്രസിദ്ധീകരണയോഗ്യമാക്കാൻ സഹായിച്ച സഹോദരീ-സഹോദരന്മാർക്കും നന്ദിയറിയിക്കുന്നു: ഷൈജുസ് ഫിലിപ്പ്, ബെന്നി സോസ, രേഖ എബ്രഹാം, ബീന ഫിലിപ്പ്, ജാസ്മിൻ ബ്രിട്ടോ, മോനിക്ക സച്ചിൻ, സുമ വിശ്വനാഥ്.